
കൗമുദി
ആഴ്ചപ്പതിപ്പ്



Sreedhara Tailoring Works
P. O. Perinad Quilon
Prop: P. N. S. Dharan.
KOTTAKKARAM.



ഈ ലക്കത്തിൽ

കുറിപ്പുകൾ — കെ. ബാലകൃഷ്ണൻ

പത്രാധിപരോടു സംസാരിക്കുക — പത്രാധിപർ.

ധൃതരാഷ്ട്രാലിംഗനം — (കിടക്കുകൾ)

കഴിഞ്ഞയാഴ്ച — (എൻ രാമചന്ദ്രൻ)

കാഷ്മീർ കുറിപ്പുകൾ iii — ഇർമർഗ്ഗം വഴിഗാമും — ടി. പത്മനാഭൻ

കയമുരിലീഗ് — ഉഷാച്ചേച്ചി

കുടികൂടൽ പാട്ട് (കവിത) — റ്റി. എൻ. മൈഥിലി

ഉദ്യോഗം (ചെറുകഥ) — പി. സോമശേഖരൻനായർ

അന്വേഷണം (ചെറുകഥ) — തകഴി

സോവിയറ്റ് സാഹിത്യം — എം. കെ. കുമാരൻ

ചരിത്രകാരന്റെ ശംഖനാദം — കളങ്ങര ഡി. അരവിന്ദൻ

ചിരിക്കുമ്പോൾ (കവിത) — കെ. ആർ. ഡി. പിള്ള

ശ്രീ. ഇപ്പൻനായർ സോവിയറ്റ് സാഹിത്യത്തെ നിറമുള്ള കണ്ണടവച്ചുകൊണ്ട് നോക്കുന്നു — (ജി. ബി. മോഹനൻ)

കലാലയസമ്മേളനം — ജി. എൻ. കെ.

മാവോസെതുംഗ് വാൻസായ് — ചൈനയിലെ റെയിൽവേകൾ

എൻ. ശ്രീകണ്ഠൻനായർ എം. പി.

ജീവിതസമരം — സി. കേശവൻ

വേദനകളുടെ കഥ (കവിത) — എം. കെ. ഭാസി

വനിതാപംക്തി (കോളേജ് കുമാരി അടുക്കളയിൽ) — രേവതികുമാരി

സ്പോർട്ട്സ് — നമ്മുടെ പതിനൊന്നു ടെൻസിംഗുകൾ — ശ്യാമകൃഷ്ണൻ

മുഖചിത്രം:

സൈക്കിംയജ്ഞത്തിൽ തിരു-കൊച്ചി റിക്കാർഡു ഭേദിച്ച ഏ. മുഹമ്മദ് കാസിം. ഇദ്ദേഹം തുടർച്ചയായി 86 മണിക്കൂർ 32 മിനിട്ട് സൈക്കിൾ സവാരി നടത്തുകയുണ്ടായി.



Sreedhara Tailoring Works
P. O. Perinad, Quilon
Prop: P. N. S. Dharan
KOTTAKKAKAM.

പത്രാധിപർ—കെ. ബാലകൃഷ്ണൻ
Reg. M. 5661 Phone No- 2128 സഹപത്രാധിപർ സി. എൻ. ശ്രീകണ്ഠൻനായർ


ആഴ്ചവട്ടം

പുസ്തകം 4 1129 വൃശ്ചികം 22 തിങ്കൾ ലക്കം 37

പി. എസ്. പി. കൈതിരായ പ്രചരണങ്ങൾ

ഐക്യമുന്നണി പി. എസ്. പി യുമായി യോജിച്ചു അടുത്ത പൊതുതിരഞ്ഞെടുപ്പിനെ നേരിടണമെന്നു തീരുമാനിച്ചതിനെ തുടർന്നു പല കുടിയാലോചനകളും നടന്നുവരികയാണു് ഈ കുടിയാലോചനകൾ നടന്നുകൊണ്ടിരിക്കുമ്പോൾ കുടിയാലോചനകളുടെ വിജയത്തിനു ബാധകമാകത്തക്കവണ്ണം എന്തെങ്കിലും എഴുതുന്നതു ശരിയല്ലെന്നു ഞങ്ങൾക്കറിയാം. പക്ഷേ കുടിയാലോചനകൾക്കു ബാധകമാകത്തക്കവണ്ണമുള്ള പ്രചരണങ്ങൾ പ്ലാറ്റ്ഫാറങ്ങളിൽ കൂടിയും പാർട്ടി അണികൾവഴിയും പാർട്ടി പത്രങ്ങൾവഴിയും കലശലായി നടന്നുകൊണ്ടിരിക്കുന്നതുകൊണ്ടു ചില കാര്യങ്ങൾ ഇവിടെപറയുന്നതുനന്നായിരിക്കുമെന്നു തോന്നുന്നു. ഇതു് ആരെയെങ്കിലും കുറ്റപ്പെടുത്താനോ ആരുടെയെങ്കിലും നിലപാടു സാധൂകരിക്കാനോ ആയി എഴുതുന്നതല്ല. ഐക്യമുന്നണി ഒരു പൊതുപരിപാടിയുടെയും ചിഹ്നത്തിന്റെയും അടിസ്ഥാനത്തിൽ മത്സരിക്കുവാനും ആ അടിസ്ഥാനത്തിൽ പി. എസ് പി. യുമായി സഹകരിക്കാനുള്ള മാർഗ്ഗങ്ങളായാനും തീരുമാനിച്ചതിനെ തുടർന്നാണു് ആലോചനകൾ കാര്യമായി ആരംഭിച്ചതു്. ഈ ആലോചനകൾ ഏകദേശം ഫലവത്തായിത്തന്നു. ഐക്യമുന്നണിയുമായി യോജിച്ചു ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാമെന്നവരെ ശ്രീ. പട്ടം പി. എസ്. പി. ക്കുവേണ്ടി സമ്മതിച്ചുന്നതായാണു് അറിയുന്നതു്. ഈ സമ്മതത്തോടുകൂടിയാണത്രെ അദ്ദേഹം ഡൽഹിയിലേയ്ക്കു പോയതു്. ഡൽഹിയിൽ പി എസ്. പി നാഷണൽ എക്സിക്യൂട്ടീവു് ഈ പ്രശ്നത്തെപ്പറ്റി ആലോചനകൾ നടത്തി. പൊതുപരിപാടിയുടെയും ചിഹ്നത്തിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിനെ നേരിടാൻ പി. എസ്. പി. തയ്യാറായില്ല. മറിച്ചു് ഐക്യമുന്നണിയുമായി ഒരു ത്രികോണ മത്സരം ഒഴിവാക്കാം എന്ന നിലയാണു്. പി. എസ്. പി. സ്വീകരിച്ചതു്. ഐക്യമുന്നണിയ്ക്കു വേണ്ടി ആലോചനകൾ നടത്തിയവരെ സംബന്ധിച്ചിടത്തോളം ഈ തീരുമാനം വേണ്ടിടത്തോളം തൃപ്തികരമായിരുന്നില്ല. അവിടെ മുതൽ കുഴപ്പങ്ങൾ ആരംഭിച്ചു ഐക്യമുന്നണിക്കുവേണ്ടി ആലോചനകൾക്കായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുള്ള കാര്യം വിസ്മരിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റുപാർട്ടിയിലെ അത്യന്തതന്ത്രശാലികളായ നേതാക്കന്മാർ പി. എസ് പി യുടെ നിലപാടു് ചോദ്യം ചെയ്തുകൊണ്ടു് പ്രസ്താവനകളിറക്കി. ഒരു മിനിമം പരിപാടിയിൽ യോജിക്കുകയും കമ്മ്യൂണിസ്റ്റുകാരുമായി കൂടി സഹകരിച്ചു് ഒരിടതുപക്ഷ ഗവൺമെൻറു് രൂപീകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടു പി.എസ്. പി. യുമായി സഹകരിക്കുവാൻ സാധ്യമല്ലെന്ന നിലയാണു് അവരെടുത്തതു്. ഈ നില ഐക്യമുന്നണിയെ സംബന്ധിച്ചിടത്തോളം ശരിയാണെങ്കിൽകൂടി കമ്മ്യൂണിസ്റ്റുകാർ ഒറ്റയ്ക്കുനിന്നു അധികാരത്തിലെത്തുന്നതിനെ പറഞ്ഞതു് ശരിയായില്ല. ആർ. എസ്. പി. യും, കെ എസ്. പി. യും അക്കാരണത്താൽ തന്നെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നിലപാടു് ചോദ്യം ചെയ്തു. വീണ്ടും ഐക്യകമ്മിറ്റിക്കൂടി മിനിമംപരിപാടിയിൽ യോജിക്കണം എന്ന നിർദ്ദേശം ഐക്യകമ്മിറ്റി പിൻവലിച്ചു ഇതു കാതലായ ഒരു വിട്ടുവീഴ്ചയായിരുന്നു എന്നു് ഞങ്ങൾ കരുതുന്നു. രണ്ടാമത്തെ വിഭാഗമായ ഗവൺമെൻറു് രൂപീകരണപ്രശ്നം പി. എസ്. പി. യുടെ കായ്കളം കൺവെൻഷൻ വ്യക്തമായും അനുകൂലമായ ഒരു നിലപാടു സ്വീകരിച്ചു് പരിഹരിക്കണമെന്നും ഐക്യകമ്മറ്റി അപേക്ഷിച്ചു. പി. എസ്. പി. കായ്കളം കൺവെൻഷൻ അനിശ്ചിതമായി ഇപ്പോഴും മാറ്റിവെച്ചിരിക്കയാണു്. പി എസ്. പി. ക്കുവേണ്ടി ഇവിടുത്തെ കാര്യങ്ങളിൽ അഭിപ്രായം പറയേണ്ടതു് ശ്രീ. പട്ടംതാണുപിള്ളയാണെന്ന കൃപാനിധിയുടെ പ്രഖ്യാപനം സ്വീകാര്യമാണെങ്കിൽ ഐക്യകമ്മിറ്റി ആവശ്യപ്പെട്ട മറുപടി പി എസ്. പി. നൽകിക്കഴിഞ്ഞിട്ടുണ്ടു്. പക്ഷേ, ഐക്യകമ്മിറ്റി ഈ പ്രശ്നം പാസ്സാക്കുമ്പോഴേക്കുമെന്നു കമ്മ്യൂണിസ്റ്റുപത്രങ്ങൾ പി എസ്. പി. ഐക്യം തകർക്കുന്നു എന്ന അർത്ഥം വരത്തക്ക പ്രചരണങ്ങൾ നടത്തിത്തുടങ്ങി. ഞങ്ങൾക്കു് പി. എസ്. പി യോടു് പ്രത്യേക അനുരാഗമൊന്നുമില്ല അവരെ കുറേമുമ്പു കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പു നേരിടാൻ ഐക്യമുന്നണിക്കു കഴിഞ്ഞെങ്കിൽ, ഇപ്പോഴും അതു കഴിയുന്നതേയുള്ളു. പ്രശ്നം ഇതല്ല അവരെക്കൂടി യോജിപ്പിക്കാൻ ഐക്യകമ്മറ്റി തീരുമാനിച്ചു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടി ആലോചനകൾ തുടങ്ങി. കൂടിയാലോചനകൾ അവസാനിച്ചുമില്ല. അതിനിടയിൽ പി എസ്. പി യെ തെരിപ്പാഞ്ഞു നേടാവുന്ന കാര്യം ഒന്നേയുള്ളു. ഞങ്ങൾ കുറ്റക്കാരല്ലെന്നു പൊതുജനത്തെ ബോധ്യം വരുത്തി പി. എസ് പി യുമായി പിണങ്ങുക അതാണു ലക്ഷ്യമെങ്കിൽ പരിപാടിയെല്ലാം ശരിയാണു്. അതല്ല ലക്ഷ്യമെങ്കിൽ ഈ പി. എസ്. പി. വഴിമുന്നണി പ്രസ്ഥാനം എന്തിനാണെന്നു മനസ്സിലാക്കുവാൻ വിഷമമാണു്. കമ്മ്യൂണിസ്റ്റുകാർക്കു് പി എസ്. പി. യുടെ നിലപാടിനെപ്പറ്റി ആശങ്ക ഉണ്ടാകുന്നു

പത്രാധിപർക്കൊരു സംസാരിക്കുക



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപർക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അടുത്ത ലക്കത്തിൽ കൃപാ സമ്മാനം ലഭിക്കും.

പത്രാധിപർ]

റവി. ഡി. സഭാശിപൻ, പെരിനാട്ട്

താങ്കൾ സുന്ദരനുള്ള പുഷ്പത്തേയോ സുന്ദരിയുള്ള പുഷ്പത്തേയോ കൂടുതൽ ഇഷ്ടപ്പെടുന്നതു?

സുന്ദരനുള്ളതും സുന്ദരനില്ലാത്തതുമായ ഒരു പുഷ്പത്തിന്റെ പേരു പറയാമോ?

എസ്. പത്മനാഭൻ, നാഗർകോവിൽ

നല്ല ബലമുള്ള സ്ത്രീകളെ "അബല" എന്നു വിളിക്കുന്നതു ശരിയാണോ?

നല്ല ബലമില്ലാത്തവരെ വിളിക്കുന്നതും അപകടകരമാണു്.

സി. എസ്. കനകമ്മായി, മാവേലിക്കര

കറുത്ത മനുഷ്യർക്കു ബാലറ്റൻ മുൻഗണന നൽകും എന്നു പറഞ്ഞുപ്പോൾ എന്റെ അമ്മ പറയുന്നു വാലുമുറിഞ്ഞ കറുക്കന്റെ കഥ നിനക്കറിഞ്ഞുകൂടെയോടീ എന്നു്. ഇതെന്താണു് ബാലറ്റ്?

ഒരു കറുക്കന്റെ വാലുമുറിഞ്ഞുപോയി. അയാൾ അതൊരു സൗന്ദര്യമാണെന്നു പ്രചരിപ്പിച്ചു മറ്റുള്ള കറുക്കന്മാരുടെ വാലുകൂടി മുറിപ്പിച്ചെടുക്കാൻ ശ്രമിച്ചു. ഞാൻ കറുത്തിരിക്കയാണു്. അമ്മ പറയുന്നതു ഞാൻ മറ്റുള്ളവരെയും കറുക്കാൻ പ്രേരിപ്പിക്കുന്നു എന്നാണു്. ശരി, നിറുത്തിയേക്കാം. മറ്റുള്ളവരെ വെളുക്കാൻ പ്രേരിപ്പിക്കട്ടോ എന്നു അമ്മയോടു ചോദിച്ചു എനിക്കു എഴുതി അയക്കുമോ?

കെ. എം. അബ്ദുള്ള പാനായിക്കുളം

ജീവിക്കാൻ അതെങ്കിലും മറന്നുപോകാറുണ്ടോ?

ഞാൻ ചിലപ്പോഴൊക്കെ മറക്കാറുണ്ടു്. മറ്റുള്ളവരുടെ കാര്യം എനിക്കു നിശ്ചയമില്ല. വെള്ളരിക്കാന്റെ ഒരു നായിക മറന്നുപോകുന്നതായി പുസ്തകത്തിൽ വായിച്ചിട്ടുണ്ടു്.

എൻ. സുകുമാരൻ, ചേർത്തല

സമയത്തിനും സുകൃതത്തിനുമനുസരിച്ചു യാ

മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ അതിൽതന്നെ ഞങ്ങൾക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു കാര്യമുണ്ടു്. വേണ്ടിവന്നാൽ ഒരു ഗവൺമെന്റു പ്രീകരിക്കാൻ പി. എസ്. പി. കക്ഷ്യണിസ്റ്റു് പാർട്ടിയുമായി സഹകരിക്കുമോ എന്ന കാര്യത്തിലാണു് അതു്. അങ്ങനെയെങ്കിൽ അതിലർത്ഥമുണ്ടു്, ന്യായമുണ്ടു്. അതിനു് ആവശ്യമായ ഉറപ്പു് ചോദിക്കുന്നതിനു് അർത്ഥമുണ്ടു്. പക്ഷേ പ്രചരണ കോലാഹലം കണ്ടിട്ടു് തർക്കമറിയാതെയല്ല സീറ്റിലാണെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ഉറപ്പു് വേണമെന്നും ഉറപ്പു നൽകുകയില്ലെന്നുമുള്ള രണ്ടു നിലപാടും അയഥാർത്ഥമാണു്. ശ്രീ പട്ടം പറഞ്ഞു ഉറപ്പുവേണമെന്നു അതു രാഷ്ട്രീയ അജ്ഞതയാണെന്നു്. ഞങ്ങൾക്കു തോന്നുന്നതു് ഉറപ്പു നൽകാതിരിക്കുന്നതും അതുപോലെതന്നെ രാഷ്ട്രീയ അജ്ഞതയാണെന്നാണു്. ഉറപ്പുള്ള കാര്യമാണെങ്കിൽ എന്തുകൊണ്ടു് ഉറപ്പിച്ചു പറഞ്ഞുകൂടാ. അപ്പോൾ ഏതിലോ ഉറപ്പില്ലായ്മയുണ്ടു്. അതു പറയാതെ ഒരു നിഴൽയുദ്ധം നടത്തുന്നതാണു് ഇന്നത്തെ പ്രശ്നം. ഞങ്ങൾക്കു തോന്നുന്നതു് ഈ രണ്ടിച്ചേരലിനും ഒരു കക്ഷിക്കും പ്രയോജനമുണ്ടാക്കുകയില്ലെന്നാണു്. വിവിധ പാർട്ടികൾക്കു സീറ്റു വിഭജനത്തിൽ യോജിക്കാൻ കഴിഞ്ഞാൽ മറ്റെല്ലാ കാര്യത്തിലും സ്വാഭാവികമായിത്തന്നെ യോജിപ്പുണ്ടാകുമെന്നാണു് ഞങ്ങളുടെ വിശ്വാസം. ഉറപ്പു ചോദിപ്പും ഉറപ്പു കൊടുക്കാതിരിപ്പുമല്ല അടിയന്തിരപ്രാധാന്യമുള്ള പ്രശ്നങ്ങൾ. ഒന്നിച്ചുനിൽക്കുന്നു എന്നു പറയുന്നതു നേരാണെങ്കിൽ ഒന്നിച്ചു മരിക്കും എന്നു പറയാൻ ബന്ധപ്പെട്ട കക്ഷികളെ ബോദ്ധ്യപ്പെടുത്തണം. ഒന്നിച്ചു ജീവിക്കുന്നതിനെ സംബന്ധിച്ചാണു് ഇന്നു കാണുന്ന പല ബുദ്ധിമുട്ടുകളും താനെ തീരാവുന്നതേയുള്ളു. കുറേക്കൂടി യാഥാർത്ഥ്യബോധത്തോടെ പ്രശ്നങ്ങളെ സമീപിച്ചു് സീറ്റു വിഭജന കാര്യത്തിൽ ഒരു യോജിപ്പിലെത്താൻ മുമ്പിയും കക്ഷികളും താത്പര്യപ്പെടുന്നതായി വിനീതമായിട്ടു തന്നെ ഞങ്ങൾ ഐക്യമുന്നണിയോട്ടം പി. എസ്. പി. യോടും അപേക്ഷിക്കുന്നു.

തൊട്ടു നു തൃദീക്ഷയുമില്ലാതെ നയം മാറ്റം നടത്തുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി മറ്റുള്ളവരോട് ഉറപ്പു ചോദിക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ?

മറ്റുള്ളവർ ആ ഉറപ്പു നൽകാതിരിക്കുന്നതിലുള്ള അർത്ഥശൂന്യത അവർ ചോദിക്കുന്നതിലുമുണ്ട്.

ഇന്ദിരാദേവി, പാലാ.

ആത്മസഖിയായ മദനൻ ഉണ്ടായിരിക്കേ ആ രമണൻ എന്തിനു ഒരു പെണ്ണിനുവേണ്ടി ആത്മഹത്യചെയ്തു?

മദനനു മരിക്കുവാൻ ചന്ദ്രികയാകാൻ സാധിക്കാത്തതുകൊണ്ട്. അവിടെയാണ് ഫ്രായിഡ് വരുന്നതു്.

എൻ. നാരായണപ്പണിക്കർ, കോട്ടയം.

എസ്. എൻ. ഡി. പി. യോഗം പ്രസിഡൻറും ജനറൽ സെക്രട്ടറിയും സജീവരാഷ്ട്രീയ രംഗത്തു നിന്നു പിന്മാറി യോഗകാര്യങ്ങൾ മാത്രം വ്യാപൃതരാകണമെന്ന സ്വാഗതാർഹമായ ചിന്താഗതി ആരാണ് ബീജാവാപം ചെയ്തതു്?

എൻ എസ്. പി. പണിക്കരാണെന്നതോന്നുന്നു.

സി. വി. സുഗതൻ, തിരുവനന്തപുരം.

നിങ്ങൾ നിങ്ങളുടെ സാമ്രാജ്യമായ കുമുദിയിൽ സോഷ്യലിസ്റ്റ് ഭരണമാരംഭിച്ചിരിക്കുകയാണ് എന്നു ഞാൻ കേട്ടു. ഇതു വാസ്തവമാണോ?

എനിക്കു അധികാരം കിട്ടിയതു ജനാധിപത്യപരമായ ഒരു വോട്ടെടുപ്പിൻറെ ഫലമായാണോ?

എം. കെ. ശാന്താദേവി, കാലടി.

കമ്മ്യൂണിസ്റ്റ് വിരുദ്ധനുന്നണിക്കാരും പി. എസ്. പി. ക്കാരുമായി ഒരു ഐക്യമുന്നണി സൃഷ്ടിക്കുവാൻ ആലോചിച്ചുവരുന്നതായി വിരുദ്ധമുന്നണിക്കാരുടെ ചില ലഘുലേഖകളിൽ കാണുന്നു. അതിനെപ്പറ്റി പത്രാധിപരുടെ അഭിപ്രായമെന്താണ്?

ആ ലഘുലേഖകൾ എനിക്കയച്ചുതരൂ.

എസ്. എൻ. നമ്പൂതിരി, ആലങ്ങാട്.

ആർ. എസ്. പി. ഒരു ആനയാണെങ്കിൽ അതിൻറെ വാലിലെ ഒരു നാരല്ലേ കെ. ബാലകൃഷ്ണൻ?

അത്ഭുതകരമായ വലിപ്പമുണ്ടെങ്കിലും നിസ്സാരനെപ്പോലെ നടന്നുപോകുന്ന ആ രൂപം നോക്കി അത്ഭുതസ്തബ്ധരായി നിൽക്കുന്ന കാഴ്ചക്കാരുടെ കൂട്ടത്തിലാണ് ഞാൻ.

ഗൗതമൻ എൻ. വെണ്ണിയൂർ.

ഒരു സ്ത്രീ അവളുടെ ഭർത്താവിനെ എങ്ങനെ സ്നേഹിക്കണം?

നിങ്ങളും ഇതറിഞ്ഞിട്ടു കാര്യമെന്താണ്?

വെള്ളായണി പരമേശ്വരൻപിള്ള, കാൺപൂർ.

സ്നേഹിതന്മാർ എൻറെ ഒരുപാടു സമയം അപഹരിച്ചുകളയുന്നു. എന്താണു നിവൃത്തിമാർഗ്ഗം?

നിവൃത്തിമാർഗ്ഗമായില്ലേ? പക്ഷേ കാൺപൂരിൽ കുമുദി വളരെ കുറച്ചേ പ്രചാരമുള്ളൂ.

കെ. എ. ബാലകൃഷ്ണൻ എഴുത്തശ്ശൻ, തൃശ്ശൂർ.

തൻറെ ഭർത്താവിൽനിന്നു തനിക്കു ഒരു കുട്ടിയെ ലഭിക്കുകയില്ലെന്ന പരമാർത്ഥമറിഞ്ഞ ഒരു സ്ത്രീ മാതാവാകുവാനുള്ള അതിയായ ആഗ്രഹത്താൽ സന്താനം ചാരിത്ര്യം ബലികഴിക്കുന്നുവെങ്കിൽ ആ സ്ത്രീയെ കുറ്റപ്പെടുത്താമോ?

ഈ വിഷയം അതിവിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്ന ഒരു നോവൽ ശ്രീ. ടി. എൻ. ഗോപിനാഥൻനായർ എഴുതിയിട്ടുണ്ട്—"സുധ".

വി. കുഞ്ഞുകൃഷ്ണൻ, അവനവഞ്ചേരി.

മാർക്സിസ്റ്റ് ലെനിനിസ്റ്റ് തത്വത്തിൽ വിശ്വസിക്കുന്ന ജനാധിപത്യ ഇടതുപക്ഷകക്ഷികൾ യാതൊരു നിർദ്ദിഷ്ടപരിപാടിയുമില്ലാത്ത സ്വതന്ത്രന്മാരെ സഹായിക്കുന്നതു ഏതടിസ്ഥാനത്തിലാണ്?

ഒരു പരിപാടിയുമില്ലാത്ത സ്വതന്ത്രനെ കമ്മ്യൂണിസ്റ്റുകാർ സഹായിക്കുകയില്ല.

പി. പി. നായർ, അട്ടക്കുളങ്ങര.

ഞാൻ ഒരു കമ്മ്യൂണിസ്റ്റ് അനുഭാവിയാണ്. ഞാൻ താമസിക്കുന്നതു ഒരു പി. എസ്. പി. ക്കാരൻറെ സ്ഥാപനത്തിലാണ്. എന്നാൽ വരുന്ന പൊതുതിരഞ്ഞെടുപ്പിൽ ഞാൻ ആർക്കാണു വോട്ടു ചെയ്യേണ്ടതു്?

നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റ് അനുഭാവിയാണെന്നു പറയുന്നതിൻറെ അർത്ഥമെന്താണെന്നു മനസ്സിലായില്ല.

പിന്നെയും മഞ്ഞു പെയ്യുന്നു

ഡി. എം. പൊറ്റക്കാട്ടിൻറെ പുതിയ കഥ

അടുത്തലക്കം കുമുദിയിൽ

ബി. എസ്. കുമാരി, തൈയ്ക്കാട്.

നാട്ടിൻെറ യഥാർത്ഥകാവൽക്കാരൻ ആരാണ്?

നാട്ടിനെ കാവൽക്കാർ മാത്രമുണ്ടായതുകൊണ്ടു പ്രയോജനമില്ല. ഉള്ളതുപോകാതെ സൂക്ഷിക്കയല്ലേ കവൽക്കാരൻെറ ജോലി. നമുക്ക് അവരെ ആവശ്യമാണ്. പക്ഷെ നാട്ടിനെ അതിലേറെ ആവശ്യമായുള്ളതു ഉള്ളതു വർദ്ധിപ്പിക്കാനും വളർത്താനും കഴിയുന്നവരെയാണ്. നാട്ടിൻെറ യഥാർത്ഥ കാവൽക്കാരനും ഒരു പ്രകാരത്തിൽ അവനാണ്.

പൂക്കളുടെയും ഗാനങ്ങളുടെയും മർത്ത്യമനസ്സിനെ ഏകാന്തത ലഭിക്കാത്തതെന്തുകൊണ്ടാണ്?

ഗാനങ്ങളും ആരു പാടണമെന്നാണ് കുമാരി ആഗ്രഹിക്കുന്നതു? പൂക്കളും പൂടി പാട്ടുകേട്ട ഏകാന്തമായി രസിക്കുന്നതു ഏകാന്തതയല്ലെന്നു തീർച്ച.

എസ്. പരമേശ്വരൻ, ജഗതി.

നിങ്ങൾക്കു മറുപടി അറിയാൻ പാടില്ലാത്ത ചോദ്യങ്ങൾ ഏതെങ്കിലുമുണ്ടോ?

മറുപടി അറിയാൻ പാടില്ലാത്ത ഒരു ചോദ്യവും ലോകത്താർക്കും മറ്റാരോടും ചോദിക്കാൻ സാധ്യമല്ലെന്നാണ് എൻെറ പക്ഷം. മറുപടിയെല്ലാം ശരിയായിരിക്കണമെന്നില്ല.

എസ്. പ്രഭാകരൻ, ആലുവാ.

കാൺഗ്രസ്സിനെ തോല്പിക്കുന്നതിൽ ഇത്രയധികം ആഹ്ലാദം പത്രാധിപർക്കെന്താണ്?

അതിൽ നിങ്ങൾക്കു ആശ്ചര്യം തോന്നാത്തതിലാണ് എനിക്കുൽക്കർഷം. നിങ്ങളും ഞാനും പടപൊരുതി നേടിയ സ്വാതന്ത്ര്യം കുറെ ബാങ്കുടമകൾക്കും പാതിരിമാർക്കും അവരുടെ താളത്തിനു തുള്ളുന്ന മരപ്പാവകൾക്കും ആജന്മമുണ്ടാക്കാനുള്ള ഒരു വ്യവസായമായി അധഃപതിച്ചു കണ്ടാലും നിങ്ങൾക്കു ആശ്ചര്യം തോന്നുന്നില്ലേ?

ഖിം നാരായണൻ, വൈയ്ക്കം.

ഈ ഴവരുടെയിടയിലുള്ള തൻെറ സ്വാധീനശക്തി നഷ്ടപ്പെട്ടുമെന്നു ബോദ്ധ്യമായശേഷവും ശങ്കർ കാൺഗ്രസ്സിൽതന്നെ നില്ക്കുന്നതു ഒരു ധീരതയല്ലേ?

ശങ്കർ രാഷ്ട്രീയം ഞാൻ പറഞ്ഞു തരാം. ശങ്കറിനു ഇപ്പോൾ എസ്. എൻ. ഡി. പി. യോഗത്തിൽനിന്നു പോയാൽ കൊള്ളാമെന്നുണ്ട്. ജനറൽ സെക്രട്ടറി തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു പോകുന്നതും മറ്റൊരിടത്തുമെത്താതെ പുറത്തു പോകുന്നതും അദ്ദേഹത്തിൻെറ ജാതകത്തിലില്ല. കാൺഗ്രസ് വീണ്ടും അധികാരത്തിൽ വരുമെന്നു ശങ്കർ വിശ്വസിക്കുന്നു. കാൺഗ്രസ് അധികാരത്തിൽ വരികയും ശങ്കർ എം. എൽ. എ ആകുകയും ചെയ്താൽ മന്ത്രിയാകാമെന്നു തീർച്ച. അപ്പോൾ യോഗത്തിൽ നിന്നു മാറാൻ കാരണവുമായി. ഇതിനപ്പുറമൊന്നും രാഷ്ട്രീയവും ശങ്കറിനില്ല.

എൻ. ബാഹുലേയൻ, മൺറോതുരുത്തു്.

ഓരോപ്രകൃതികളിലും നിങ്ങളുടെ കൗമുദി ആദ്യം എത്ര വിലസി പിന്നീടു ക്രമേണയിടിഞ്ഞുവെന്നറിയാമോ? കാരണമെന്തായിരിക്കും?

കൗമുദിക്കു രണ്ടണ വിലയായ്ക്കുന്നപ്പോൾ ഇരുപത്തിരായിരംവരെ പ്രതികം അടിച്ചു. മൂന്നണ വിലയാക്കിയപ്പോൾ അതു ഏഴായിരമായി താണു. മൂന്നണയാക്കിയശേഷം ഇപ്പോൾ മൂന്നു വർഷമായി. ഈ ആഴ്ച കൗമുദി പതിനാറായിരം പ്രതികം അടിക്കുന്നുണ്ട്. കൗമുദി ക്രമേണയോ വളർന്നോ എന്നു അതിൽ നിന്നു കണക്കെടുത്തുകൊള്ളുക.

കെ. കെ. സരോജിനി. ചിങ്ങവനം.

മനുഷ്യൻെറ മനസ്സു അറിയുന്നതിനുള്ള ഏറ്റവും നല്ല ഉരകല്ലേതാണെന്നു പറയാമോ?

തല്ക്കാലത്തേക്കൊന്നും പറഞ്ഞുതരാം. അടുത്ത തിരഞ്ഞെടുപ്പിൽ അവൻ ആർക്കാണു വോട്ടു ചെയ്യുന്നതെന്നു ചോദിക്കുക.

സി. ഡി. ആൻറണി, ആലപ്പുഴ

ഇവിടത്തെ നിയമസഭ പിരിച്ചുവിട്ടതിനുശേഷം മന്ത്രിസഭ ഭരണം തുടരുന്നതു തെറ്റായതിനാൽ മ

(ശേഷം പത്താംപേജിൽ)

R. S. P. TIMBER DEPOT,


EAST TAMPANOOR

TRIVANDRUM 1

തേക്ക്, ഈട്ടി, വേങ്ങ, തേന്മാവു്, മരുതു് ആഞ്ഞലി, മുതലായ എല്ലാത്തരം ഉരുപ്പടികളും അറുത്ത ടൈസ് ഉരുപ്പടികളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

N. B. ഓർഡർപ്രകാരം ഏതിനം ടൈസസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണു്,

Phone 2743. Prop: ശങ്കർ, R. ശ്രീധരപ്പണിക്കർ



ധൃതരാഷ്ട്രാലിംഗനം

★

ധൃതരാഷ്ട്രർ – അല്ലയോ സഞ്ജയ! ധർമ്മക്ഷേത്രമായ ഈ കുരുക്ഷേത്രത്തിൽ എന്റെ മക്കളും പാണ്ഡുവിന്റെ മക്കളും തമ്മിൽ സംഗരത്തിനൊരുങ്ങി നിൽക്കയാണല്ലോ. അവിടെ എന്തൊക്കെ നടക്കുന്നുവെന്ന് കണ്ണുകാണാൻ പാടില്ലാത്ത ഈ കുരുടനു വിശദമായി പറഞ്ഞു മനസ്സിലാക്കിത്തരൂ.

സഞ്ജയൻ – അല്ലയോ മഹാരാജാവെ! രാജ്യരക്ഷണത്തിനുവേണ്ടി കൗരവന്മാരും പാണ്ഡവന്മാരും സകല സന്നാഹങ്ങളോടുംകൂടി സംഘംചേർന്നു കഴിഞ്ഞിരിക്കുന്നു. വില്ലാളിവീരന്മാർ, ഗദാസജ്ജധാരികൾ, കരിങ്കുരശസാദി സേനകൾ എന്നുവേണ്ട എല്ലാ വിധത്തിലുള്ള ആയുധവിശേഷങ്ങളോടും ചതുരംഗസേനയോടുംകൂടി രണ്ടുകക്ഷികളും യുദ്ധഭൂമിയിൽ അണിനിരന്നിരിക്കുന്നു. ശംഖനാദങ്ങളും മദകരികളുടെ ചിന്നംവിളികളും ഞാണൊലികളുംകൊണ്ട് സമരരംഗം മുഖരിതമാകുന്നു. ഇനി ഏതുനിമിഷവും യുദ്ധം തുടങ്ങുകയായി.

ധൃതരാഷ്ട്രർ സഞ്ജയാ! ഈ യുദ്ധത്തിൽ ഇരുകൂട്ടരുടെയും പ്രധാനത്തിന്റെ വിശദരൂപം എന്താണ്? കൗരവന്മാർ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നവരാണല്ലോ. ബന്ധുക്കളും സാമന്തന്മാരും പുരോഹിതന്മാരും മറ്റുമായി നാട്ടിൽ പ്രാമാണ്യമുള്ളവരെല്ലാം അവരുടെ പക്ഷത്തല്ലേ നിൽക്കൂ. കൂടുകുടുംബസ്ഥാനം ധനസ്സെടുത്തവരിൽ മുഖ്യനും ആജീവനാന്ത ബ്രഹ്മചര്യംകൊണ്ടു അജയ്യനായിത്തീർന്നിട്ടുള്ള യോദ്ധാവും വിശ്വവിശ്രുതനുമായ ഭീഷ്മപിതാമഹൻ നമ്മുടെ പക്ഷത്തല്ലേ നിൽക്കുന്നത്? ദ്രോണർ, കൃപർ, അശ്വത്ഥാമാവ്, കർണ്ണൻ, ശല്യർ, വിദുരർ, ബലഭദ്രനായ ബലരാമൻ, യാദവർ എന്നിവരെല്ലാം നമ്മുടെ കൂടെയല്ലേ? പാണ്ഡുസുതന്മാർക്കൂട്ടിനു പിടിക്കുന്നതാരൊക്കെ? നിരായുധനായ കൃഷ്ണൻ മാത്രമല്ലേ അവിടെയുള്ളൂ? പിന്നെങ്ങിനെ സംഗരം കൊഴുക്കും?

സഞ്ജയൻ: — പ്രഭോ! അങ്ങ് ഭാരപരയുദ്ധത്തിന്റെ അവസാനത്തെ നടന്ന കുരുക്ഷേത്ര യുദ്ധത്തെപ്പറ്റിയാണ് സ്മരിക്കുന്നത്. ഇപ്പോൾ യുഗം മാറി കലി മുററിയിരിക്കയാണ്. എങ്കിലും അങ്ങു പേർ പറഞ്ഞ പരാക്രമികളെല്ലാം യുദ്ധപ്പകർച്ചയ്ക്കൊത്തവണ്ണം നൂതനമായ പേരുകളോടെ ഇവിടെ അണിനിരന്നിട്ടുണ്ട്.

ധൃതരാഷ്ട്രർ—യുദ്ധപ്പകർച്ചയും പേരു മാറ്റങ്ങളും എന്നെ അത്ഭുതപ്പെടുത്തുന്നില്ല എന്നാലും സംഗരം തന്നല്ലോ. ആരാണി പുതിയ അതിരഥർ?

സഞ്ജയൻ: — മഹാരാജാവെ! അവിടത്തെ ചിരഞ്ജീവിയാണ്. അന്നത്തെയും ഇന്നത്തെയും അവസ്ഥകൾ മനസ്സിൽ തട്ടിച്ചുനോക്കുവാൽ അവിടത്തേയ്ക്കറിയാം. അതിനാൽ കേട്ടുകൊണ്ടാലും.

ഭാരതം അന്നും ഇന്നുമുണ്ടായതാണ്. ഭാരതസാർവ്വഭൗമനായി ഇന്നു വാഴുന്നതു നെഹ്രുവാണെന്നുമാത്രം. ആശാംശേയനാണിന്നത്തെ ഭീഷ്മാചാര്യൻ. പക്ഷെ കുരുക്ഷേത്രം ധർമ്മക്ഷേത്രമായ തിരുകൊച്ചി സംസ്ഥാനമായി മാറിയിരിക്കുന്നു. കാൺഗ്രസ്സെന്ന യാദവസൈന്യം മുഴുവനും കൗരവപക്ഷത്താണ്. ഹലായുധനായ ദ്രോണാർജ്ജിയും യാദവസേനാനായകനായ പട്ടീലും, അംഗം വംഗം കലിംഗം മാഗധം എന്നിങ്ങനെയുള്ള അന്ധത്തിന്റെ രാജ്യങ്ങളിലെ രാജാക്കന്മാരും പാണ്ഡുശരനായ രാജാജിയും ഒക്കെ നമ്മുടെ പക്ഷത്തു കൂടിയിട്ടുണ്ട്. എന്നാൽ പാണ്ഡവപക്ഷത്തു ആരുമില്ലായല്ല. അന്ധത്തിന്റെ രാജ്യങ്ങളിൽനിന്നും നമ്മുടെ ഇന്ത്യൻ പൂരിയിൽനിന്നുപോലും ജനങ്ങൾ പതാതി നിരയായി അവരുടെ പക്ഷത്തു അണിനിരന്നിരിക്കുന്നു. വീരന്മാരും ആയുധശക്തിയും സേനാബലവും നമുക്കാണ്. ധർമ്മവും അധർമ്മവും തമ്മിലുള്ള ബലപരീക്ഷയിൽ ധർമ്മം ജയിക്കുമെന്നാണല്ലോ വേദവ്യാസൻ മഹാഭാരതത്തിൽ പ്രകീർത്തിച്ചിരിക്കുന്നത് ധർമ്മം എവിടെ അവിടം ജയിക്കും എന്നാ മഹാഭാരതത്തിൽ വ്യാസൻ അനുശാസിച്ച ഭീഷ്മരെ പരാജിതനാക്കാൻ മർത്യനു സാധ്യമല്ല; ദ്രോണരെ ജയിച്ചു ആയുധിഷ്ഠിരനുവില്ല; കർണ്ണനെ ജയിച്ച വില്ലാളിവീരനില്ല എന്നിട്ടും അന്നത്തെ കുരുക്ഷേത്ര യുദ്ധത്തിൽ ബലഹീനരായപാണ്ഡവർ ജയിച്ചു. അതായതു ധർമ്മം ജയിച്ച ഈ വസ്തുത കൂടി അവിടത്തെ ഓർമ്മിക്കണം

ധൃതരാഷ്ട്രർ: — അന്നത്തെ മഹാഭാരതയുദ്ധത്തിൽ ആര് ജയിച്ചു ആരതോറ്റു? എല്ലാം തുലഞ്ഞില്ലേ? ബന്ധുക്കളെന്നും ശത്രുക്കളെന്നും ഉള്ള ഭേദമില്ലാതെ സകലതും തുലഞ്ഞു യുദ്ധം തീർന്നപ്പോൾ പാണ്ഡവന്മാർ അഞ്ചുപേരും അവരുടെ തേരാളിയായ കൃഷ്ണനുമാത്രം അവശേഷിച്ചു. മറവരുടെയും ഉടയവരുടെയും ചുടലക്കളത്തിൽനിന്നു

അറിഞ്ഞോ-?

ജൂലിയസ്സ് സീസർ

(ഷേക്സ്പീയർ)

വിശ്വവിഖ്യാതമായ ഈ വിപ്ലവനാടകത്തിന്റെ അഴമേറിയ നിരീക്ഷണപരിശോധന. ഇൻറർമീഡിയറ്റ് വിദ്യാർത്ഥികൾക്ക് വളരെ ഉപയോഗമുള്ളതു്!

വിവ: ഡാ പി. എസ്സ്. നായർ

വില ക്രൂ. 1-8.

രണ്ടായിരം കൺകെട്ടുവിദ്യകൾ

(By പ്രൊഫസ്സർ വിദ്യാരംഭം)

ഇന്ദ്രജാലം, മഹേന്ദ്രജാലം, മായാജാലം, മന്ത്രജാലം മുതലായ തുടങ്ങിയ 2000 അഖിലലോക കൺകെട്ടുവിദ്യകൾ അടങ്ങിയതു് 105 ചിത്രങ്ങളും. 500-ൽപരം പേജു്! വില ക്രൂപാ 3

സഹധർമ്മിണി

(By. മേക്കൊല്ല പരമേശ്വരൻപിള്ള)

അത്യന്തം ഹൃദയാവർജ്ജകമായ അദ്ധ്യായങ്ങളിൽ സജീവ പാത്രങ്ങളെ നിരത്തിയിട്ടുള്ളതും, സംഭവബഹുലവുമായ നവീന സാമൂഹ്യികനോവൽ. വില ക്രൂപാ 2.

അയൽക്കാരി

(By. എയ്യൂർ, സി. കെ.)

ഇന്നു് നായർ തറവാട്ടുകളിൽ ഞെളിഞ്ഞു നിവൻന നടക്കുന്ന അഭിമാനക്ഷുദ്രന്മാരെ വെകിളിപിടിപ്പിക്കുന്ന ചൂടുള്ള സാമൂഹ്യികനോവൽ.

വില. ക്രൂ. 1-8.

അമ്മാവന്റെ മകൾ

(By എയ്യൂർ, സി. കെ)

നായർ തറവാട്ടുകളിൽ നിലവിലുള്ള ചിന്താശൂന്യപ്പണികളുടെ ഒരു സന്ധിയില്ലാസ്സംഘട്ടനമാണു ഈ പരമാസ്കികൻ നോവൽ. വില ക്രൂ. 1-8

വീരഭദ്രൻ

അഥവാ

പാതാളലോകത്തിലെ രഹസ്യങ്ങൾ

(By. ടാറാപുരം ഭാസ്കരൻ)

അത്യന്തം വിസ്മയകരവും, അത്ഭുതകരവുമായ പുതിയ ഡിറ്റക്ടീവുനോവൽ.

വില ക്രൂപാ 1-8.

APPLY TO:

V DYARAMBHAM

PRESS & BOOK DEPOT

Mullakkal, Alleppey P O.

നും പാണ്ഡവന്മാരും ഉടനെ തെ
ക്കോട്ട് യാത്രയായി ഇതറിയുക്ക
പ്പോൾ വൃഷ്ണികുലവും അതോടെ
ചേർന്നു. അങ്ങനെ സർവ്വം സജ്ജമാ
യപ്പോൾ, അതുകൊണ്ടും ശേഷിച്ചാൽ
ഈ മുഷ്ടിയിൽ അവൻ ചൊടിയുടെ
ചിത്രമായിരിക്കണം. അതാണ് നമ്മുടെ
അഭിവാഞ്ഛ.

സഞ്ജയൻ: ധർമ്മവും അധർമ്മവും
തമ്മിലുള്ള സംഗരമായിരുന്നു മഹാ
ഭാരതയുദ്ധം എന്നുള്ള സംഗതി അ
വിടുന്നു വിസ്മരിക്കുന്നതുപോലെ
തോന്നുന്നു.

ധൃതരാഷ്ട്രർ—ധർമ്മവും അധർമ്മവും
കൊണ്ടു ചൂട്ട്. ഈ കലികാലത്തു്
ധർമ്മത്തിനു സ്ഥാനമുണ്ടോ? അല്ലെ
കിൽതന്നെ പൂർവ്വയുഗങ്ങളിലും ധ
ർമ്മം പുലർന്നിട്ടുണ്ടോ? ത്രേതായുഗ
ത്തിൽ രാമൻ ബാലിയെ ഒളിയ
മ്പെയ്തു കൊന്നില്ലേ? കണ്ണടച്ചു ധ്യാ
നിച്ചുകൊണ്ടിരുന്ന ശൂദ്രകനെ ഒരു
ഭീതവിനെപ്പോലെ പൊന്നു രാമൻ
വെട്ടിക്കൊന്നില്ലേ? ദ്വാപരയുഗ
ത്തിലെ കഥയെന്താണ്? നിരാ
യുധനായി നിന്നുകൊള്ളാമെന്നു്
സത്യം ചെയ്ത കൃഷ്ണൻ ചക്രായുധം
എടുത്തില്ലേ? കള്ളം വിളിച്ചുപറ
ഞ്ഞു ദ്രോണാചാര്യനെ നിരായു
ധനാക്കി വധിച്ചില്ലേ? നിങ്ങളൊ
ക്കെ ഒട്ടേറെ കൊട്ടഘോഷിക്കുന്ന
സത്യയുഗമായ കൃതയുഗത്തിൽ
എന്താണു നടന്നതു്? അഹല്യയു
ടെ ശീലവൃത്താന്തവും പരശുരാമ
ന്റെ മാതൃഹത്യയും ഒക്കെ വിളി
ച്ചുപറയുന്നതു് അന്നത്തെ വ്യഭി
ചാരത്തിന്റെയും കൊലപാതക
ത്തിന്റെയും കഥകളല്ലേ? എടോ?
ധർമ്മം ഒരിക്കലും ജയിച്ചിട്ടില്ല
ബലം ജയിച്ചു; ആയുധം ജയിച്ചു.
അക്കഥ വിട്ടു. ജയിക്കുന്നവൻ ധ
ർമ്മിഷ്ഠൻ—സത്യവാദി രാമരാവ
ണയുദ്ധത്തിൽ രാവണൻ ജയിച്ചി
രുന്നെങ്കിൽ ധർമ്മം അവന്റെ വശ
ത്താകുമായിരുന്നു. മഹാഭാരതയുദ്ധ
ത്തിൽ കൗരവർ ജയിച്ചിരുന്നെ
ങ്കിൽ ധർമ്മം അവരുടെ വശത്താകു
മായിരുന്നു. ഇന്നത്തെ കേശവ
ദേവിനെപ്പോലെ അന്നത്തെ
വേദവ്യാസനും ഉണ്ടുള്ളിടത്തുചേ
ർന്നു; ജയിച്ചെടുത്തു ചേർന്നു അതെ
യുള്ളൂ. ഈ കഥയെഴുത്തുകാരെപ്പ
റ്റി നിനക്കിതുമതിയ്പ്പോ? അവസ
രസേവകരായ അപ്പരിഷയെ വിട്ടു.

സഞ്ജയൻ കേശവദേവിനെപ്പ
റ്റി പറഞ്ഞപ്പോഴാണു് ഒരു കാ
ര്യം ഓർമ്മവരുന്നതു്. അതാണു് ഇ
പ്പോൾ നടക്കൻപോകുന്ന ഭാരതയു
ദ്ധത്തിന്റെ വ്യാസനാകാൻ പോ
കയാണത്രെ. ഐക്യമുന്നണിയും
കാൺഗ്രസ്സുമായിട്ടാണല്ലോ ഇവിടെ
സംഗരം? ഐക്യമുന്നണിയിൽ ജ
യപ്രദനായ ഭീമസേനനെ സ്നേഹ
ത്തിന്റെ പേരിൽ ആലിംഗനംചെ
യ്തു അയാളെ ഞെരിച്ചു കൊല്ലാനാ
ണത്രെ കമ്മ്യൂണിസ്റ്റുകാരും തക്കം
പാർത്തിരിക്കുന്നതെന്നു് ആ അഭിനവവ്യാസൻ പ്രവചി
ച്ചിരിക്കുന്നു. ദേവിന്റെ ഈ പ്രവ
ചനം പണ്ടിപ്പിള്ളിപ്പ്രഭൃതികളായ
കാൺഗ്രസ്സുവീരന്മാർ തൊണ്ടതൊ
ടാതെ വിഴുങ്ങിക്കൊണ്ടു കണ്ട
തൊക്കെ അതു് ഛർദ്ദിച്ചുകൊണ്ടു
നടക്കുന്ന ധൃതരാഷ്ട്രാലിംഗനത്തി
ന്റെ പ്രണേതാവും പ്രയോക്താ
വും അവിടുന്നാണല്ലോ. അതിന്റെ
രഹസ്യം എന്താണെന്നു് ഉണർത്തി
ക്കുമോ?

ധൃതരാഷ്ട്രർ—അപ്പോൾ അവൻ
കരുവറിഞ്ഞ കന്നനാണല്ലോ ശ
രി—അതു പറയാം. അത്യന്തം ഗ
ഹനമാണ് സംഗതി. ചെവിക്കു
ചെവി അറിയരുതു്. അങ്ങിനെ
സത്യം ചെയ്യാമോ?

സഞ്ജയൻ—അവിടുത്തെ കണ്ണു
രണ്ടാണെ ഞാൻ അത്യന്തം ഗോ
പ്യമായി സൂക്ഷിച്ചുകൊള്ളാം.

ധൃതരാഷ്ട്രൻ—നീ സത്യം ലം
ഘിച്ചാൽ എന്റെ കണ്ണുരണ്ടും പൊ
ട്ടിപ്പോകും: സത്യം ഭോഷ്യോ. ഞാ
ൻ ജന്മനാ കുരുടനാണ്. അതി
നാൻ എനിയ്ക്കു നഷ്ടപ്പെടാനൊന്നു
മില്ല. എന്നാലും ഞാൻ പറയാം.
നീതന്നെയാണ് ഈ ധൃതരാഷ്ട്രക്കു
ചേർന്ന മന്ത്രി.

സഞ്ജയൻ—അവിടുത്തെ കണ്ണുക
ളുടെ കൃത്യം നിർവ്വഹിക്കുന്നതു എ
ന്റെ കണ്ണുകളാണല്ലോ അതിനാൽ
സത്യലംഘനം എന്നുള്ളതെന്നെയ
ല്ലെ ബാധിക്കുന്നതു?

ധൃതരാഷ്ട്രർ എന്തായാലും ഞാ
ൻപറയാം അതിനുമുമ്പായി നീ
ഈ സംഗരത്തിന്റെ ഇന്നത്തെ
രൂപം ഒന്നു വർണ്ണിക്ക.

സഞ്ജയൻ രംഗവും സംവിധാ
നങ്ങളും പഴയതുതന്നെ എന്നു സ
ങ്കല്പിച്ചുകൊള്ളൂ. കൗരവരുടെ സ്ഥാ
നത്തു കാൺഗ്രസ്സാണിന്നു്, പാ
ണ്ഡവപക്ഷത്തു ഐക്യമുന്നണിയും.

ധൃതരാഷ്ട്രർ—എന്താണീ ഐക്യ
മുന്നണി? വല്ലബ്രഹ്മണരുടെയോ മ
റ്റൊ ആണോ?

സഞ്ജയൻ—കമ്മ്യൂണിസ്റ്റ്; എർ.
എസ്. പി; കെ എസ്, പി. എ
ന്ന കഷായത്തിൽ പി. എസ്. പി.
എന്ന മേമ്പൊടി ചേർത്തു സേവിക്ക
ന്നയോഗം. ഇപ്പോഴത്തെ ഫാ
ഷം കയ്യടനെ.

ധൃതരാഷ്ട്രർ—രണ്ടു ചേരിയിലും
വീരന്മാരായി ആരൊക്കെയാണ്
അണിനിരന്നിരിക്കുന്നതു്?

സഞ്ജയൻ—കൗരവപക്ഷം—നെ
ഹ്റു, രാജാജി, മാമ്മൻമാപ്പിള,
മന്നത്തുപത്മനാഭൻ, ഒക. പി.
മാധവൻനായർ, കുമ്പളത്തു ശങ്കു
പ്പിള്ള, ടി. എം വറുഗീസ്, പന
മ്പിള്ളി ഗോവിന്ദമേനോൻ പി
ന്നെ ശങ്കർ, കുളത്തിൽ, റഹിം,
സ്റ്റീഫൻ എന്നു തുടങ്ങി കോ ക്കുളി
പ്പിള്ളേരുമുണ്ട്. ഭീഷ്മർ, കൃപർ,
ദ്രോണർ, കർണ്ണൻ, ശകുനി, ദുര്യോ
ധനൻ, ദുശ്ശാസനൻ എന്നിങ്ങനെ
യുള്ളവരുടെ സ്ഥാനങ്ങളാണവർ
വഹിക്കുന്നതു്.

പാണ്ഡവപക്ഷം കൃപലാനി,
പട്ടം, കൈനിക്കര, ശ്രീകണ്ഠൻ,
മത്തായി, ടി വി തോമസ്, ഏം.
എൻ ഗോവിന്ദൻനായർ, ടി. കെ.
ദിവാകരൻ, കെ. ബാലകൃഷ്ണൻ
എന്നിങ്ങനെയാണവിടത്തെ സന്നാ
ഹങ്ങൾ.

ധൃതരാഷ്ട്രർ—അപ്പോൾ സംഗരം
കൊള്ളാമല്ലോ. ഇലക്ഷനലയന്മാ
രായിട്ടാണല്ലോ പുറപ്പാടു്.

സഞ്ജയൻ—അതാ ശംഖനാദം
മുഴങ്ങുന്നു. വില്ലാളിവീരന്മാർ ഞാ
ണൊലിയിടുന്നു. ഭീമസേന ദുര്യോ
ധനപ്രഭൃതികളെ സംഹരങ്ങളെപ്പോ
ലെയും മത്തഗജങ്ങളെപ്പോലെയും
അലറിവിളിക്കുന്നു. നാരദർ നഭം
ചൊറിയുന്നു. യക്ഷകിന്നര
കിംപുരുഷവൃന്ദം കളികണ്ടു രസി
പ്പാൻ ആകാശത്തു അണിനിരക്കു
ന്നു അതാ യുദ്ധം തുടങ്ങുന്നു

ധൃതരാഷ്ട്രർ—യുദ്ധം നടക്കട്ടെ.
യുദ്ധാവസാനമല്ലേ ധൃതരാഷ്ട്രാലിം
ഗനം. അതുവഴിയെ കണ്ടുകൊള്ളു
കയേവേണ്ടു.

സഞ്ജയൻ—അതാ ഭീമനും ദുര്യോ
ധനനും മത്തഗജങ്ങളെപ്പോലെ ത
മ്മിലിടയുന്നു അതാ കണ്ണനും അർ
ജ്ജുനനും ഏറ്റു മുട്ടുന്നു. ഭീഷ്മരും
ദ്രോണരും കൃപരും അശ്വത്ഥാമാ വും
കൗരവസൈന്യത്തെ കൊന്നൊടു
ക്കുന്നു. അഭിമന്യുകുമാരൻ പദ്മ
വ്യൂഹത്തിലകപ്പെട്ട ബാലോൽക
ചൻ ഇതറിയുക്ക മുഴുവനുമ്പെ
ഗ്രഹൻ തടയുവാൻ വീണ ദുശ്ശാസ
നൻ കുടൽമാലചാടി വീണതെല്ലാം
ദുര്യോധനന്റെ തുട പൊളി
ഞ്ഞു ഭീഷ്മർ ശരശയ്യയിലായി
ശകുനി പടകുടിയിൽ ഒളിക്കുന്നു.
സൂര്യൻ മറയുന്നു ഇരുട്ടു നിറയുന്നു
അതാ കൃഷ്ണൻ ചക്രായുധം
എടുക്കുന്നു. കേ ടി
സൂര്യരശ്മിയോടെ രണഭൂമി വീ
ണ്ടും പ്രകാശിക്കുന്നു. ഇടിനാദം,
സിംഹഗർജ്ജനം, ഭീമരോദനം—
എല്ലാം ശാന്തം—സർവ്വത്ര ചോരക്ക
ളി. കബന്ധങ്ങളും ഉരുണ്ടെഴുന്നേ
ൽക്കുന്ന ചെണ്ണങ്ങളുടെ നിലവിളി—
ഇരട്ടി—ചിലപ്പോൾ മൂളലും ഞരങ്ങ
ലും—അല്ലും നിശ്ചലം. സ്വാഗത
ക്കാർ ഓലിയിടുന്നു. നായ്ക്കൾ ത
മ്മിൽ കടിപിടികൂടുന്നു.

ധൃതരാഷ്ട്രൻ:—എല്ലാം തുല
ഞ്ഞോ? ഒരു ശബ്ദവും കേൾക്കുന്നി
ല്ലല്ലോ. സന്തോഷം—സന്തോഷം
അങ്ങനെ തുലയട്ടെ

സഞ്ജയൻ: പ്രഭോ! ജേതാ
വായി ഭീമൻമാത്രം അവശേഷി
ച്ചിരിക്കുന്നുവത്രെ.

ധൃതരാഷ്ട്രർ എന്നാൽ അവനെ
യും വകവരുത്തണം. (ഉച്ചത്തിൽ)
മകനേ! ഭീമാ! നീ മാത്രമേ എനി
ക്കിനി തുണയുള്ളു. നീ എന്റെ അ
ടുത്തുവാ. നിന്നെ ഞാനൊന്നു ത
ലോടട്ടെ അങ്ങനെ ആ ശരീര
ത്തിലെ വേദനകൾക്കു ആശ്വാ
സം കിട്ടട്ടെ.

കൃഷ്ണൻ—മഹാരാജാവേ! ഇതാ
അങ്ങയുടെ പുത്രൻ ഭീമൻ. അവ
നെ അനുഗ്രഹിച്ചാലും.

ധൃതരാഷ്ട്രർ (എന്റെ പൊന്നു
മകൻ എന്നുച്ചരിച്ചുകൊണ്ടു് ഭീമ
നെ ആഞ്ഞുപുൽകുന്നു. ഭീമൻ പക
രം നിർത്തിയിരുന്ന ഉരുക്കുകൊണ്ടു
ണ്ടാക്കിയ ഭീമപ്രതിമ ധൃതരാഷ്ട്ര
ടെ ആലിംഗനത്തിൽ തവിടുപൊ
ടിയാകുന്നു.)

സഞ്ജയൻ—പ്രഭോ! ഇതാണോ
ധൃതരാഷ്ട്രാലിംഗനം? ഭീമനെന്നു
നിനച്ചു ഭീമപ്രതിമയെ ധ്വംസി
ക്കുകയോ?

ധൃതരാഷ്ട്രർ—സഞ്ജയാ! ഇതു ത
ന്നെയാണ് ധൃതരാഷ്ട്രാലിംഗനം. അ
തുകൊണ്ടു് ആർക്കും ഒരു ദുഃഖം വ
രാനില്ല. ഇല്ലാത്തതിനെ ഉള്ളതെ
ന്നു സങ്കല്പിച്ചു ഞെരിച്ചു കൊല്ലുക.

കഴിഞ്ഞയാഴ്ച

അമേരിക്ക സാമ്പത്തിക തകർച്ചയിലേക്ക്

★

എൻ. രാമചന്ദ്രൻ

ഒരു മൂന്നാം മഹായുദ്ധത്തെപ്പോലെതന്നെ കമ്മ്യൂ: ബ്ലോക്കിനെ വെല്ലിക്കുള്ള രാഷ്ട്രങ്ങൾ മുഴുപ്പെട്ടുന്ന ഒരു സംഭവമാണ് അമേരിക്കയിൽ ഉണ്ടായേക്കാവുന്ന സാമ്പത്തിക തകർച്ച. 1946 മുതൽ ഈ തകർച്ചയെപ്പറ്റി ഉൽക്കണ്ഠാപൂർണ്ണമായ ചർച്ചകൾ ആരംഭിച്ചതാണ്. ഇപ്പോൾ അടുത്തകൊല്ലം മദ്ധ്യത്തിൽ ഈ അത്യാഹിതം സംഭവിച്ചേക്കുമെന്ന സാമ്പത്തിക ശാസ്ത്രജ്ഞന്മാർ മുറപ്പിച്ചു പറഞ്ഞുതുടങ്ങിയിരിക്കുന്നു. പ്രൊഫസർ കോളിൻ ക്ലാർക്ക മാഞ്ചസ്റ്റർ ഗാർഡിയനിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു ലേഖനത്തിൽ 1954 മദ്ധ്യത്തിൽ അമേരിക്കയിൽ വെച്ചുതോതിലുള്ള ഒരു സാമ്പത്തികതകർച്ചയുണ്ടാകുമെന്നും അതു ലോകത്തെ മുഴുവനും ബാധിക്കുമെന്നും മുന്നറിയിച്ചിരിക്കുന്നു.

ഇന്നു സകല സാമ്പത്തികശാസ്ത്രജ്ഞന്മാരുടെയും വ്യവസായപ്രമുഖരുടെയും കണ്ണുകളും അമേരിക്കൻ മാർക്കറ്റിൽ വച്ചിരിക്കുകയാണ്. സാധനവിലയുടെനിലവാരം പൊങ്ങുന്നതും താഴുന്നതും അവർ ഉൽകണ്ഠയോടുകൂടി നോക്കിക്കൊണ്ടിരിക്കുകയാണ്.

എന്തുകൊണ്ടാണ് അമേരിക്കയിലെ വ്യാപാരസ്ഥിതിയിലെ ചലനങ്ങൾ ലോകമാകമാനം ഇത്രയധികം അമ്പരപ്പുണ്ടാക്കുന്നത്? 1929-ൽ അമേരിക്കയിൽ അതിഭയങ്കരമായ ഒരു സാമ്പത്തികതകർച്ചയുണ്ടായി. വാൾസ്ട്രീറ്റിലെ ഷെയർമാർക്കറ്റ് അടച്ചിടപ്പെട്ട അമേരിക്കയുടെ സിരാകേന്ദ്രമെന്നറിയപ്പെടുന്ന 'മാൻഹാട്ടൻ' മരവിച്ചു നിന്നുപോയി. അമേരിക്കയിൽ ഈ തകർച്ചയുണ്ടായതിനെ തുടർന്ന് ലോകത്താകമാനം ഒരു സാമ്പത്തിക തകർച്ചയുണ്ടായി. ഇന്നത്തെ സ്ഥിതിഗതികളും അന്നത്തേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. കമ്മ്യൂണിസ്റ്റ രാഷ്ട്രങ്ങളെഴികെയുള്ള ലോകരാഷ്ട്രങ്ങളും ഇന്നു സാമ്പത്തികമായി അമേരിക്കയോടു് ബന്ധപ്പെട്ടുകിടക്കുന്നുവെന്നു പറയുന്നതിനെക്കാൾ അമേരിക്കയെ ആശ്രയിച്ചാണ് കഴിയുന്നതെന്നു പറയുകയായിരിക്കും കൂടുതൽ ശരി. ഇംഗ്ലണ്ടും ഫ്രാൻസും ഉൾപ്പെടെയുള്ള യൂറോപ്യൻ രാഷ്ട്രങ്ങളും ഇന്ത്യയും പാകിസ്ഥാനും ഉൾപ്പെടെയുള്ള ഏഷ്യൻരാഷ്ട്രങ്ങളും പല പദ്ധതികളുടെയും പരിപാടികളുടെയും പേരിൽ അമേരിക്കയിൽ നിന്നു ഡാളർ സഹായം സ്വീകരിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതുമാത്രവുമല്ല. കാനഡയൊഴിച്ചുള്ള രാഷ്ട്രങ്ങളുടെ സാമ്പത്തികസ്ഥിതി ഉയരണമെങ്കിൽ അമേരിക്ക കാനഡയിൽ നിന്നു മേഖലയിൽ നിന്നു ധാരാളം ഡാളർ സാധനങ്ങൾ വാങ്ങേണ്ടിയിരിക്കുകയുമാണ്. അമേരിക്കയ്ക്കു സാധനങ്ങളും ആവശ്യമില്ലെങ്കിൽ ടൂറിസ്റ്റുകളും വഴിയോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിൽകൂടിയോ അമേരിക്ക സ്റ്റെർലിംഗ് മേഖലയിൽ ധാരാളം ഡാളർ ചിലവഴിക്കേണ്ടിയിരിക്കുകയാണ്. ഇങ്ങനെ സ്റ്റെർലിംഗ് മേഖലയുടെ സുസ്ഥിരത അമേരിക്ക നൽകുന്ന സഹായസഹകരണങ്ങളെ ആശ്രയിച്ചിരിക്കുന്ന ഒരു ഘട്ടത്തിൽ അമേരിക്ക തന്നെ സാമ്പത്തികമായി തകരുകയെന്നുവന്നാൽ അതു ലോകത്തിനൊട്ടാകെ നേരിടുന്ന ഭീഷണമായ ഒരു തകർച്ചയായിരിക്കുമെന്നതു തീർച്ചയാണ്.

ഈ അപകടം മുഴുവനാകുന്നതിനുവേണ്ടി രോഗം മൂർദ്ധന്യത്തിലെത്തിയിരിക്കുന്ന രോഗിയെ ഡാക്ടറന്മാർ പരിശോധിക്കുന്നതുപോലെ സാമ്പത്തികശാസ്ത്രജ്ഞന്മാർ അമേരിക്കയുടെ സാമ്പത്തികശരീരം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. തകർച്ചയുടെ പ്രധാന സൂചനയായി ഇപ്പോൾ കണ്ടുവരുന്ന ലക്ഷണം കച്ചവടക്കാരുടെ സ്റ്റോക്ക് വെട്ടിക്കുറയ്ക്കുവാണ്. 1929-ൽ തകർച്ചയുണ്ടായപ്പോൾ ആദ്യംകണ്ട ലക്ഷണമിതാണ്. കച്ചവടക്കാർ സ്റ്റോക്കുവെട്ടിക്കുറക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ കയറ്റുമതിയിൽ വരുന്ന കുറവും അമേരിക്കയിലെ ജനങ്ങളുടെ ക്രയശക്തിയുടെ ദൗർബല്യവുമാണ്. ഈ പരിതസ്ഥിതിയിൽ തകർച്ചയുണ്ടാകുമെന്നു ഭീതി കച്ചവടക്കാരെ ബാധിക്കുകയും അവർ സ്റ്റോക്ക് വെട്ടിക്കുറക്കുകയും ചെയ്യുന്നു. അതിന്റെ ഫലം ഉല്പാദനകേന്ദ്രങ്ങളിൽ സ്റ്റോക്ക് കെട്ടികിടക്കുമെന്നതാണ്. അങ്ങനെ സ്തംഭനവും തകർച്ചയും അനിവാര്യമായിത്തീരുന്നു. തകർച്ചയുണ്ടാകുന്നതോടുകൂടി ജനങ്ങളുടെ ക്രയശക്തി സ്വാഭാവികമായി വീണ്ടും കുറയുന്നു.

ഈ ദുഷിതവലയം മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ കുറ്റങ്ങാത്ത ദുരിതമാണ്. ഉല്പാദനത്തിൽ സഹകരിച്ചവ്യക്തികൾക്കും അവർ ചേർന്നുള്ള "കാർട്ട"ലുകൾക്കും അനിയന്ത്രിതമായ സ്വാതന്ത്ര്യം നൽകിയിരിക്കുന്നതിന്റെ അനിവാര്യഫലമാണ് അമേരിക്കയിൽ അടിക്കടി സാമ്പത്തികതകർച്ചയുടെഭീഷണി ഉണ്ടാകുന്നതിനുള്ള കാരണമെന്നു അമേരിക്കയിലെ സാമ്പത്തികക്കഴുകന്മാരിൽ ഒരാളായ ബെർണാർഡ് ബാറൂച്ച് ഈയിടെ എഴുതിയിരിക്കുന്ന ഒരു ലേഖനത്തിലും സൂചിപ്പിച്ചിരിക്കുന്നതു കണ്ട പക്ഷം അടിസ്ഥാനപരമായ ഈ തകരാറിനെ അറുതി വരുത്തുന്നതിനുള്ളസ്ഥായിയായ മാർഗ്ഗം സ്വീകരിക്കുന്നതിനു മുതലാളിത്തത്തിന്റെ തറവാടായിത്തീർന്നിരിക്കുന്ന അമേരിക്കയ്ക്കു സാധ്യമല്ലെന്നു്.

ഇത്തരമായി തീർന്നിരിക്കുന്ന ഈ

ടി നവഭാരത് ബാങ്ക്

★ നിക്ഷേപപദ്ധതി ★

ഒരോ തവണയും അടയ്ക്കുന്ന തുച്ഛമായ സംഖ്യ
ലാഭസഹിതം മൊത്തമായി ലഭിക്കുന്നു

15-നും 30-നും നമ്പർ ഒന്നിന്


1 രൂപാ അടയ്ക്കണം

നറുക്കു കിട്ടുന്നവർക്ക് ഓരോതവണക്കും 50 രൂപാ സമ്മാനം
ഏതു താലൂക്കിലും നിക്ഷേപം സ്വീകരിക്കും
എല്ലാസ്ഥലത്തും ഏജൻറന്മാരെ ആവശ്യമുണ്ട്.

വി. കെ. കരുണാകരൻ,
നവഭാരത് ബാങ്ക് & ചിട്ടിഫണ്ട് ആലപ്പുഴ.

പ്പോഴത്തെ പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിന് രണ്ടുമാർഗ്ഗങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഒന്നു നികുതി വെട്ടിക്കുറയ്ക്കലാണ് ഉപഭോക്താവിനു പെട്ടെന്നു അനുഭവപ്പെടത്തക്ക രീതിയിൽ ഏതെക്സസ്സ് നികുതിയിലും മറ്റും ഉടനടി കുറവു വരുത്തണമെന്നാണ് വാദിക്കുന്നത്. ക്രമേണ ആദായനികുതിയിലും മറ്റു കുറവുവരുത്തുകയും വേണം ഈ നടപടികൊണ്ടു ആഭ്യന്തര മാർക്കറ്റുകളിൽ സാധനങ്ങളുടെ വില്പന വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

പക്ഷേ കാര്യമായ ഉപശാന്തിക്കുള്ളമാർഗ്ഗം കയറ്റുമതി വർദ്ധിപ്പിക്കുകയാണെന്നു മുണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. അമേരിക്കയെ ഇന്നു ഏറ്റവും ബുദ്ധിമുട്ടിക്കുന്ന പ്രശ്നം ഇതാണ്. ഡാളർമേഖലയിൽനിന്നുള്ള ഇറക്കുമതി കഴിയുന്നത്ര കുറയ്ക്കുകയെന്നുള്ളതാണ് സ്റ്റർലിംഗ്രാഷ്ട്രങ്ങളുടെ പ്രഖ്യാപിത സാമ്പത്തികനയം. ഓരോ രാഷ്ട്രവും കഴിയുന്നത്ര ഡാളർ സമ്പാദിക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പരിതസ്ഥിതിയിൽ അന്യരാജ്യങ്ങളും അമേരിക്കയിൽനിന്നു സാധനങ്ങളും വിദ്യയും വാങ്ങണമെങ്കിൽ ആ രാഷ്ട്രങ്ങൾക്കു അമേരിക്കതന്നെ ഡാളർ കടംകൊടുക്കേണ്ടിയിരിക്കുന്നു. മാർഷൻ പ്ലാൻ തുടങ്ങിയുള്ള അമേരിക്കയുടെ സഹായപദ്ധതികൾക്കു പിന്നിലുള്ള രഹസ്യം ഇതാണ്. അമേരിക്കയുടെ ഉല്പന്നങ്ങൾ കഴിയുന്ന രീതിയിലെല്ലാം അന്യരാജ്യങ്ങളിലേയ്ക്കു കയറ്റിഅയയ്ക്കുക അമേരിക്കയുടെ സാമ്പത്തികഭദ്രതയ്ക്കു അത്യാവശ്യമായിത്തീർന്നിട്ടുണ്ട്. പഴയകാലത്തെപ്പോലെ മാർക്കറ്റുകൾ വെട്ടിപ്പിടിക്കുക ഇന്നു തീരെ അപരിഷ്കൃതവും അപകടകരവുമായിത്തീർന്നിട്ടുണ്ട് അതുകൊണ്ടു മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ചു അന്തർദ്ദേശീയ മാർക്കറ്റുകൾ സ്വായത്തമാക്കുന്നതിനു അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഓരോരോ രാജ്യങ്ങളിലായി അമേരിക്കയുടെ രാഷ്ട്രീയ സ്വാധീനം വർദ്ധിപ്പിക്കുക ഈ ശ്രമത്തിന്റെ പ്രധാനഭാഗമാണ്. അമേരിക്കയെ സാമ്പത്തികമായി കൂടുതൽ കൂടുതൽ ഭീഷണിപ്പെടുത്തുംതോറും ലോകത്തിന്റെ ഇതരഭാഗങ്ങളിൽ സ്വാധീനം വർദ്ധിപ്പിക്കുന്നതിനുള്ള അമേരിക്കയുടെ ഉൽക്കണ്ഠയും വർദ്ധിച്ചുവരും. അതിന്റെ പരിണതഫലം ഇന്നു അമേരിക്കയുമായി സൗഹൃദബന്ധത്തിൻ കഴിയുന്ന പല രാഷ്ട്രങ്ങളും അമേരിക്കയുടെ സാമ്പത്തികമേധാവിത്വത്തിൻ കീഴിലാകുകയോ അല്ലെങ്കിൽ അമേരിക്കയുമായി പിണങ്ങിപ്പിരിയുകയോ ആയിരിക്കും.



കസ്മൽ

കേരളത്തിലെ സുപ്രസിദ്ധ ജലാഭ്യാസി. തിരു-കൊച്ചി അക്വാട്ടിക് അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ ശ്രീ കസ്മൽ ഈ നവംബർ 20, 21, 22 എന്നീ തീയതികളിൽ തിരുവനന്തപുരത്തുവച്ചു ജലാഭ്യാസപ്രകടനങ്ങളും നടത്തുകയുണ്ടായി. അയിരത്തിരുന്നൂറിപതിമൂന്നാമാണ്ടു തിരുനാൾ ദിവസത്തിൽ ഇരുപതു മൈൽദൂരം തുടർച്ചയായി നീന്തുകയുണ്ടായി.

(ആറാംപേജിൽനിന്നും തുടർച്ച)

ശ്രീ. സഭ രാജിവച്ചു പിരിഞ്ഞിട്ടു ഇടക്കാല അഖില കക്ഷി ഗവൺമെന്റുണ്ടാക്കണമെന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയും, മുന്നു സുപ്രീംകോടതി ജഡ്ജിമാർ ചേർന്നു ഒരിക്കണമെന്നു അങ്കുരംകൂടി ചേർന്ന ആർ. എസ്. പി. യും, പ്രസിഡന്റു ഭരണം മതിയെന്നു കെ. എസ്. പി. യും വ്യക്തമായി, രാജ്യവ്യാപകമായി പ്രചരണം നടത്തിയിട്ടില്ല? അടുത്ത പൊതുതെരഞ്ഞെടുപ്പിൽക്കൂടി ഭരണഭാരമൊഴിക്കാൻ പോകുന്ന ഈ പാർട്ടികളുടെ അഭിപ്രായവൈരുദ്ധ്യത്തെപ്പറ്റി അങ്കുരംക്കെന്താണു പറയാനുള്ളതു"?

കോൺഗ്രസ്സിനകത്തെ അഭിപ്രായഭിന്നതകളെപ്പറ്റി പറഞ്ഞതാൻ ഇതു പറയാത്തതെന്താണെന്നാണ് നിങ്ങളുടെ ചോദ്യമെന്നു മനസ്സിലായി. ഐക്യമുന്നണിയിലെ പാർട്ടികളും തമ്മിൽ അഭിപ്രായഭിന്നത പല കാര്യത്തിലുമുണ്ടെന്നുള്ളതു നേരാണ്. പക്ഷേ അവർ യോജിച്ചുകഴിഞ്ഞ കാര്യങ്ങളിൽ പിന്നെ തർക്കിക്കാറില്ല. കോൺഗ്രസ്സിനകത്തു ഇങ്ങനെ അഭിപ്രായഭിന്നതകളും ശേഖികങ്ങളായ കാര്യങ്ങളിൽ ഉണ്ടാകുന്നതെങ്കിൽ കോൺഗ്രസ്സ് പല പാർട്ടികളുടെ ഫെഡറേഷനായിരിക്കണം. കോൺഗ്രസ് അതല്ല അതുകൊണ്ടു് അവരുടെ അഭിപ്രായഭിന്നത സംഘടനയുടെ തകർച്ചമാത്രമാണ്. കുറിക്കുന്നതു്.

എൻ. വിശ്വംഭരൻ, കുന്നുകഴി.

നിങ്ങളും തിരുവനന്തപുരത്തു ഒരു സ്ഥാനാർത്ഥിയായി നിന്നു അടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോകുന്നു എന്നൊരു വാർത്ത കാട്ടുതീപോലെ പ്രചരിച്ചിരിക്കുന്നു. അതു ശരിയാണോ?

കാടിനു തീകൊളുത്തിയതു ഞാനല്ല. ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന അനുഭവസമ്പന്നരായ ചില നേതാക്കന്മാർ എന്നോടു തിരഞ്ഞെടുപ്പിനു മത്സരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ മൽസരിക്കണമെന്നാഗ്രഹിക്കാത്തതു എന്തുകൊണ്ടാണെന്നു അവരെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുകയാണു. എന്നെ ഒരുപാടു കളഞ്ഞതുകൊണ്ടു അവർക്കോ രാജ്യത്തിനോ ഒരു നഷ്ടവും വരാൻ പോകുന്നില്ലെന്നാണ് എന്റെ ദൃഢമായ വിശ്വാസം.

പി. രാഘവൻ, തലശ്ശേരി.

കുറുമുടിയെപ്പറ്റി തങ്കളുടെ അഭിപ്രായമെന്താണ്?

തരക്കേടില്ലാത്ത ഒരു വാരികയാണ്. അച്ചടി കുറച്ചുകൂടി മെച്ചമാകണം. കുറേ ബ്ലോക്കുകൾകൂടിയായാൽ നന്നു. ഇന്നത്തെ രീതിയിൽ ഒരു ആധുനികവാരികയുടെ ലക്ഷണമില്ല.

എം. കെ കൃഷ്ണൻ, ചവറ.

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ദിനപത്രവും ആഴ്ചപതിപ്പും ഏതാണ്?

രണ്ടും "മാതൃഭൂമി" യാണെന്നു തോന്നുന്നു

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം ഉസ്താദ് കെ. എം. ബാലകൃഷ്ണൻ എഴുത്തുശ്രീ നൽകുന്നു.

കാശ്മീർ കുറിപ്പുകൾ III

ഗുൽമർഗ്ഗ്
വഹൽഗാമം



Sreedhara Tailoring Works.
P. O. Perinad, Quilon.
Prop:- P. N. S. Dharan.
KOTTAKKAKAM.
: ടി. പത്മനാഭൻ :

ശ്രീനഗറിൽനിന്ന് പ്രാതലും കഴിച്ച് പുറപ്പെട്ട ഞങ്ങൾ വെയിലിനു് മൂട്ട് മൂക്കുന്നതിനു മുമ്പായി ഗുൽമർഗ്ഗ് അടിവാരത്തിലെത്തി. അന്നും 'മക്കൻസിംഗ്'തന്നെയായിരുന്നു ഞങ്ങളുടെ ഡ്രൈവർ. നല്ലവനായ ആ 'സർദാ'ജി'യുടെ 'വേനി'ൽ അത്രയാവിലെ കാശ്മീരിലെ നാട്ടിൻപുറത്തൂടെ ഒരിരുപത്തഞ്ചു നാഴിക സഞ്ചരിക്കുകയെന്നതു് വളരെ രസകരമായ ഒരു അനുഭവമാണ്. [മദിരാശിയിലെ കൊതുനിറഞ്ഞ ഈ 'കോഡമ്പാക്ക്'അിനെ അതിനേപ്പറ്റി ആലോചിക്കുമ്പോൾ.....എനിക്ക് എന്തെന്നില്ലാത്ത ഒരു വിഷാദം തോന്നുന്നു]

വണ്ടിയിൽനിന്ന് ഇറങ്ങിയ ഉടനെ ഞങ്ങളെ ഏതാണ്ട് ഒരമ്പതോളം കുതിരക്കാർ വളയുകയുണ്ടായി. "സാബ്, ഇതാ നോക്കൂ, എന്തൊരു ശീതുള്ള കുതിരയാണ് ഇതു്! ഇതിന്റെ മുകളിൽ കയറിയാൽ.....' അങ്ങിനെ അവർ തങ്ങളുടെ കുതിരകളുടെ ഒമ്പും വർണ്ണിക്കുവാൻ തുടങ്ങി അതിനിടയിൽ അവർ അന്യോന്യം കലഹിക്കുകയും ഞങ്ങളിൽ ചിലരെ പിടിച്ച് കുതിരപ്പുറത്തിരുത്തുവാൻ ശ്രമിക്കുകയും ചെയ്തുണ്ടായിരുന്നു! പക്ഷേ ആ 'കൺഫ്യൂഷൻ' അധികനേരം നീണ്ടു നിൽക്കുകയുണ്ടായില്ല. യാത്രക്കാരെ ഒരുതരത്തിലും അലമ്പാക്കരുതെന്നു് കാശ്മീരിൽ നിയമമുണ്ട്. ഞങ്ങളുടെ വിഷമം കണ്ടപ്പോൾ പോലീസുകാർ മുരളുമായിവന്നു. ഉടനെ തോതിൽ ഒരു ചാഴ്ച്ച് തന്നെ നടത്തി. അവർ തന്നെ ഞങ്ങൾക്കുവേണ്ട കുതിരകളെ തിരഞ്ഞെടുത്തു തരികയും ചെയ്തു വളരെപ്പേക്ക് നിരാശ തോന്നിയിരിക്കണം.

ഈ കുതിരകളൊന്നുംതന്നെ ആ പാവങ്ങളുടെ സ്വന്തമല്ല. നമ്മുടെ റിക്ഷാക്കാരെപ്പോലെ അവരും ഒരു മുതലാളിയിൽനിന്ന് വാടകക്കെടുക്കുകയാണ്. കുതിരയേയുംകൊണ്ട് അവർ അടിവാരത്തിൽവന്ന് കാത്തുനിൽക്കുന്ന ശ്രീനഗറിൽനിന്നും ആരെങ്കിലുമായി വരാതിരിക്കുമോ-? വലിയ സാഹേബുമാരാരെങ്കിലുംവന്നാൽ ക്ലച്ചിക്ക പൂമേ! 'ലക്ഷ്മീസും' മറിക്കും ദൈവമേ, വരട്ടെ-! പക്ഷേ പ്രാർത്ഥന മിക്കപ്പോഴും ചലിച്ചെന്നുവരില്ല. 'ഡൽ' നദിയുടെ കരയിൽനിന്ന് സഞ്ചാരികൾ എന്നുംവരും; അതിന്നൊരു മുടക്കവുമുണ്ടാകാറില്ല. പക്ഷെ അവരുടെ എണ്ണം കുതിരകളുടെ എണ്ണംവളരെ ഇൻസ്റ്റിയുമാകുമ്പോൾ ജീവിതത്തിന്റെ മറ്റെല്ലാ തുറകളിലുമെന്നപോലെ അവിടെയും ഭയങ്കരമായ മാത്സര്യം നടക്കുന്നു. അതിനാൽ വൈകുന്നേരം വെറും കൈയോടെ മടങ്ങാനായിരിക്കും മിക്ക കുതിരക്കാരുടേയും യോഗം പക്ഷേ എങ്ങിനെയായാലും അവർ മുതലാളിയുടെ വാടകപ്പണം അടച്ചേതീരൂ

8700 അടി ഉയരത്തിലാണ് ഗുൽമർഗ്ഗ്. നാലുനാഴിക യാത്ര ചെയ്തിട്ടുവേണം അവിടെയെത്താൻ അതിനിടയിൽ ഒരിടത്തു് അല്പനേരം വിശ്രമിക്കുകയും ചെയ്യും. മലഞ്ചെരിവിലുള്ള കാട്ടിലൂടെയാണ് വഴി. പല്ലിളിച്ചുകാട്ടി ഭയപ്പെടുത്തുവാൻ ശ്രമിക്കുന്ന കരങ്കന്മാരും പാട്ടുപാടി നമ്മെ അനന്ദിപ്പിക്കുന്ന പക്ഷികളും വഴിയിൽ ധാരാളമുണ്ട്. കുതിരപ്പുറത്തു നിങ്ങളും പേടിക്കുടാതെ ഇരിക്കുകയാണെങ്കിൽ ഇതൊക്കെ നോക്കി ആനന്ദിക്കാം. ഇടയ്ക്കൊന്നു തിരിഞ്ഞുനോക്കിയാൽ അകലെയുള്ള കുന്നുകളും താഴ്വരകളും പുഴകളും നിങ്ങളിലുള്ള സഹൃദയനെ പിടിച്ചുനിത്താതിരിക്കില്ല. ഗുൽമർഗ്ഗിലേക്കു പോകുമ്പോഴും മടങ്ങുമ്പോഴും ഏറെയും പിറകിൽ ഞാനായിരുന്നു. ഞാനൊരു സഹൃദയനായതായിരുന്നില്ല കാരണം, കുതിരയെക്കുറിച്ചുള്ള പേടി എനിക്കല്പം കൂടുതലായിരുന്നു. പിന്നെ, ഞാൻ കയറിയ 'ജന്തു'വാണെങ്കിൽ വഴിയുടെ ഒരറ്റത്തുടെ മാത്രമെ നടക്കുകയുള്ളു, കീഴെ നോക്കിയാൽ ഞാൻ കാണുന്നതു് അഗാധമായ താഴ്വരകളാണ്. കുതിര ഏന്നെ കുടഞ്ഞു തൊഴിച്ചിട്ടുപോ—! അതാലോചിക്കുമ്പോൾ തന്നെ തല ചുറ്റുവാൻ തുടങ്ങുകയായി ഏതായാലും, പതുക്കെയെത്തിയാൽ മതിയെന്ന് ഞാൻ തീച്ചപ്പെടുത്തി. പക്ഷേ ഞാൻ അറിയാതെതന്നെ പുതിയൊരുപകടം സൃഷ്ടിക്കുകയായിരുന്നു. എന്റെ പേടിയെക്കുറിച്ചുള്ള യക്ഷിക്കഥകൾ ഇന്നും കുട്ടികളുടെയിടയിൽ പ്രചരിക്കുന്നുണ്ട്.!

ഗുൽമർഗ്ഗിലെത്തിയപ്പോൾ ഞാൻ എന്റെ നട്ടുവേദനയും ശ്വാസംമുട്ടലുമൊക്കെ മറന്നുപോയി. 'പൂവ്വിദേശത്തിലെ സുഖവാസസ്ഥലങ്ങളുടെ ആറങ്ങി' ഏതുമാത്രം സുന്ദരിയാണെന്നോ-! 'വെൽവെറ്റ്' പുതച്ചുകിടക്കുന്ന വിശാലമായ മൈതാനങ്ങളും, കൊച്ചുതോട്ടകളും, പൈൻമരങ്ങളും ഫർമരങ്ങളും ഇടതിങ്ങിവളരുന്ന കാടുകളും, അവയുടെ പിറകിൽ മഞ്ഞിന്റെ വെള്ളത്തലപ്പാവണിഞ്ഞു്, ശാന്തഗംഭീരന്മാരായി നിലകൊള്ളുന്ന പർവ്വതങ്ങളും— ഗുൽമർഗ്ഗിലെത്തുന്ന ഒരു സഞ്ചാരിയെ അത്ഭുതമായെതിരേൽക്കുന്ന കാഴ്ചകളാണ്.

'വീർവഞ്ചോലി'ന്റെ വടക്കൻ ചരിവിലുള്ള ഒരു വലിയ മൈതാനമാണ് ഗുൽമർഗ്ഗ്. കൊല്ലത്തിൽ ഏഴുമാസവും മഞ്ഞുമൂടിക്കിടക്കുന്ന ഈ സ്ഥലം ജൂണിന്റെ ആരംഭത്തിൽ ജീവിതത്തിന്റെ മിടിപ്പ് വീണ്ടും ആസ്വദിക്കുവാൻ തുടങ്ങുകയായി. ഇന്ത്യയിൽനിന്നു മാത്രമല്ല ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഞ്ചാരികൾ ഇവിടെ വരാറുണ്ട്. ഞങ്ങൾ പോകുന്നതിനു കുറച്ചു മുമ്പാണ് 'ഹോറസ് അലക്സാണ്ടർ' ഗുൽമർഗ്ഗ് പഹൽഗാമും സന്ദർശിച്ചു മടങ്ങിയതു്. ദൽഹിയിൽവച്ച് അദ്ദേഹം ചെയ്ത ഒരു റേഡിയോ പ്രഭാഷണത്തിൽ ഈ സ്ഥലങ്ങളെക്കുറിച്ച് പറയുകയുണ്ടായി.

"ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതിവിടെയാണ്, ഇവിടെയാണ്, ഇവിടെയാണ്—!'

ഗുൽമർഗ്ഗ്—ഇന്ത്യയിലെ മികച്ച സുഖവാസസ്ഥലം





Sreedhara Tailoring Works.
P. O. Perinad, Quilon.
Prop:- P. N. S. Dharan.

—കുമുദി ആഴ്ചപ്പതിപ്പ്—

ഗുൽമർഗ്ഗിന്റെ നാലുദേശവും സുന്ദരങ്ങളായ ഒട്ടേറെ സ്ഥലങ്ങളുണ്ട്. മുക്കൽമണിക്കൂർ വേണ്ട ഖിലൻമർഗ്ഗിലെത്തുവാൻ ഖിലൻമർഗ്ഗ് നിങ്ങളുടെ ഭാവനയെപ്പോലും വഞ്ചിക്കും. ഇവിടെ എന്നും പൂക്കളുടെ ഉത്സവമാണ്. അകലെ പൂലാറിലേയും ദാലിലേയും ജലപ്പരപ്പ് വെയിലിൽ രത്നമിഴിപോലെ രത്നം തിളങ്ങുന്നതു് നിങ്ങൾക്കിവിടെനിന്ന് നോക്കിയാൽ കാണുവാൻ കഴിയും. നങ്കപർബ്ബതത്തിന്റെയും 'ഹർമുഖി'ന്റെയും ഉത്തുംഗങ്ങളായ കൊടുമുടികളും ഖിലൻമർഗ്ഗിലെത്തിയ സഞ്ചാരികളെ അഭിവാദ്യംചെയ്യുന്നുണ്ടാകും അവരറിയാതെ പുളകംകൊള്ളാതിരിക്കും—?

ഗുൽമർഗ്ഗിനെ വലയംചെയ്തുകൊണ്ടു് ഏഴു നാഴിക നീളത്തിൽ ഒരു പാതയുണ്ടു്—'ഗോൾഫ് സർക്കിൾ വാക്'! ഈ പാത നമ്മെ നയിക്കുന്നതു് സൌന്ദര്യത്തിന്റെ അജ്ഞാതമായ ഒരു ലോകത്തിലേക്കാണു്. കാശ്മീർ താഴ്വര മുഴുവൻ നിങ്ങളുടെ മുമ്പിൽ തുറന്നുകിടക്കുന്നു! പ്രകൃതിയുടെ ശാന്തിരഹസ്യത്തേയും മാഹാത്മ്യത്തേയും കുറിച്ചു നിങ്ങളും ആലോചിക്കുകയാണു്, നിങ്ങളുടെ ഹൃഷ്ക്കമായ ഏതയത്തിൽ മാവന കവിതയുടെ നർത്തനാലുകം കീറകയായി!

ഗുൽമർഗ്ഗിൽ സഞ്ചാരികൾക്കു സ്ഥിരമായി താമസിക്കുവാൻ സൌകര്യമുള്ള ധാരാളം മരക്കുടിലുകളുണ്ടു്. (Wooden huts) ഇവിടെയുള്ള ഒരു ബങ്കളാവിലാണു് ശ്യാമപ്രസാദ് മുക്കർജി തടവുകാരനായി കിടന്നതും മരിച്ചതും.

ഞങ്ങൾ ഉച്ചഭക്ഷണംകൂടെ കഴിയിരുന്നു. ഉടനിന്നുശേഷം കതിരപ്പുറത്തു കയറി ഗുൽമർഗ്ഗ് മുഴുവൻ ചുറ്റിയടിച്ചു. തമാശയ്ക്കു് ധാരാളം ഫോട്ടോകളുണ്ടായിരുന്നു. ഏതാനും രസികന്മാർ കതിരക്കാരെക്കാണ്ടു് കാശ്മീരികളുടെ നാടൻ പാട്ടുകൾ പാടിക്കുകയുണ്ടായി. 'ഖക്ഷിസി'നുള്ള മോഹം നിമിത്തം അവർ തങ്ങളുടെ കഴിവു മുഴുവൻ പ്രദർശിപ്പിച്ചിട്ടുണ്ടായിരിക്കണം. സവാരി നിശ്ചയമുള്ള ചില സ്ഥലങ്ങൾ 'ടെക്സാസി'ലേയും 'മൌണ്ടാന'യിലേയും 'മെക്സോയ്സ്'യായി അഭിനയിക്കുന്നതു് കാണുവാനും രസമുണ്ടായിരുന്നു. ഇടയ്ക്കൊന്നു പറയട്ടെ; അതൊക്കെ കണ്ടപ്പോൾ എനിക്കു് ഇത്തിരി അസൂയ തോന്നാതിരുന്നില്ല! എനിക്കും ഗുൽമർഗ്ഗിലെ ആ പുൽമൈതാനങ്ങളിലൂടെ അതു ലാഘവത്തിൽ കുതിരയോടിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ—!



ഒരു ഇടയ ബാലിക

രാവുകുന്നേരമായി. ഞങ്ങൾക്കു് മടങ്ങണം. അനന്തരന്നു ശ്രീനഗറിലെത്തേണ്ടതാണു്. കുതിരകളെല്ലാം തയ്യാറായി നിൽക്കുന്നുണ്ടു്. ചായകുടിച്ചു കഴിയേണ്ട താമസമേയുള്ളു പുറപ്പെടാൻ.

തണുത്ത കാറ്റു് ശക്തിയായി വീശി. കാർമേഘങ്ങൾ ഒത്തുകൂടി. ഇടയ്ക്കും മിന്നലും ആകാശത്തെ വിറപ്പിക്കുവാൻ തുടങ്ങി.

അപ്പോഴത്തെ മഴത്തുള്ളി ഖീണം. ഞങ്ങൾ മുകളിലേക്കു് നോക്കി. മേഘങ്ങൾ ഘനീഭവിച്ചു നിൽക്കുകയാണു്. നല്ല തണുപ്പുമുണ്ടു്. ഏതു നിമിഷത്തിലും ഭയങ്കരമായ ഒരു വർഷമുണ്ടാകും! എന്താണു് വേണ്ടതു്? അവിടെത്തന്നെ ക്രുടണമോ, അതല്ല വരുന്നതുവരട്ടെ എന്നുകരുതി പുറപ്പെടേണമോ? മഴ പെയ്താൽപിന്നെ വഴിയുടെ സ്ഥിതിയെന്തായിരിക്കും—? കുതിയൊലിക്കുന്ന രവള്ളം, ചെളി, പാഠക്കല്ലുകൾ.....

ഏതായാലും പുറപ്പെട്ടുവാൻ തന്നെ തീർച്ചപ്പെടുത്തി. പകൽ വെളിച്ചം കുറഞ്ഞുവരികയായിരുന്നു. എത്ര തന്നെ അപകടം സംഭവിച്ചാലും എൻറെ 'ടചീഡ്' സുഖിനു് യാതൊരു തകരാറും സംഭവിക്കരുതേ എന്നായിരുന്നു എൻറെ പ്രാർത്ഥന (അതു ഒരു സ്നേഹിതനോടു് വായ്പവാങ്ങിയതായിരുന്നു!) ഞങ്ങളുടെ അതിരു കവിഞ്ഞ വിശ്വാസം നിമിത്തമായിരിക്കാം മഴ ശക്തിയായി പെയ്യുകയുണ്ടായില്ല. വഴിയിലു് യാതൊരു ബുദ്ധിമുട്ടുക്രടാതെ എല്ലാവരും 'തങ്ക് മർഗ്ഗി'ലെത്തിച്ചേർന്നിട്ടും പിന്നേയും ഒരു പതിനഞ്ചു മിനിട്ടു് കഴിഞ്ഞതിനുശേഷം ഞാനതറിഞ്ഞു കുതിര മടിയനായതുകൊണ്ടാണെന്നു് ഞാൻ പറഞ്ഞുവെങ്കിലും അതും അല്പം വിശ്വസിക്കുകയുണ്ടായില്ല. 'സർദാർജി'യുടെ 'വേനി'ൽ ഞങ്ങൾ സന്ധ്യയോടുകൂടി ശ്രീനഗറിലെത്തി.

പത്താൻകോട്ടിൽ നിന്നു് ശ്രീനഗറിലേക്കു് ബസ്സ് കയറുമ്പോൾ ഞങ്ങൾ ഒരു ബംഗാളി ബാരിസ്റ്ററുമായി പരിചയപ്പെടുകയുണ്ടായി. കാശ്മീരിൽ നിന്നുനിൽക്കുന്ന ഒരു സുഖവാസത്തിനു് അദ്ദേഹം കുടുംബസമേതം വന്നിരിക്കയായിരുന്നു. ഞങ്ങളുടെ കൂടെ ശ്രീനഗറിലേക്കില്ലേ എന്നു് ചോദിച്ചപ്പോൾ കഷണ്ടിക്കാരായ ആ ബാരിസ്റ്റർ അല്പം പുച്ഛരസത്തിൽ പറയുകയുണ്ടായി.

"ഓ, ശ്രീനഗർ—മാൽതാടകവും മഠവും, അല്ലേ—? ഞാൻ ഇപ്പോൾ 'പഹൽഗാമി'ലേയ്ക്കാണു്. അവിടെ ഏതാനും മിനുസങ്ങൾ താമസിച്ചിട്ടേ മറ്റുള്ള കിക്കുകളിലേക്കു പോകുന്ന കാര്യം ആലോചിക്കുന്നുള്ളു."

ആ ബാരിസ്റ്റർ ഒരു വലിയ 'പഹൽഗാം' പക്ഷപാതിയായിരിക്കാം എതായാലും ഒരു കാര്യം വാസ്തവമാണു്. കാശ്മീർ സന്ദർശിക്കുന്ന ഏതൊരു സഞ്ചാരിയും തൻറെ പരിപാടിയിൽ നിന്നു് 'പഹൽഗാം' മുഴുവനുമിഷ്ടാറില്ല.

ഞാൻ 'പഹൽഗാമി'ലേയ്ക്കു് പോയതു് കാശ്മീരിൽ നിന്നു് മടങ്ങുന്നതിനു് തലേദിവസമായിരുന്നു. ശ്രീനഗറിൽ നിന്നു് 60 നാഴിക കിഴക്കായി കിടക്കുന്ന ഈ സുഖവാസസ്ഥലത്തേയ്ക്കു് എന്നെ വഹിച്ചുകൊണ്ടുപോയ ബസ്സിനെപ്പറ്റി ആലോചിക്കുമ്പോൾ ഇപ്പോഴും മനസ്സു് വേദനിക്കുന്നു; രൌരവനിപോലെയുള്ള ആ നിരത്തിലെ പൊടി മുക്കിൽകടന്നു് ഇപ്പോഴും എന്നെ ശ്വാസം മുട്ടിക്കുന്നു—!

പക്ഷേ, ആ യാത്ര തീരെ മുഷിപ്പനായിരുന്നുവെന്നു് ഞാൻ പറയുകയില്ല. താടിനരച്ച അപ്പൂപ്പന്മാരായ പീനാഗകളുടേയും 'ഖാനാ നട്ട്'കളുടേയും തണലിലൂടെ, മനപ്പൂർവ്വം ഞങ്ങളുടെ ഭംഗികണ്ടുകൊണ്ടാണു് ഞാൻപോയതു്. കശ്മീരിനെറ ഗ്രാമീണസൌന്ദര്യം അതു പൂർണ്ണമായി ഞാൻ മനസ്സിലാക്കിയും കണ്ടിരുന്നില്ല. തലയിലുടുത്തുണിയിട്ടു്, രചഞ്ഞിപ്പുകപോലെയുള്ള (നിറങ്ങിലില്ല) ആടുകളെങ്ങും മുക്കിലും കാതിയുമണിഞ്ഞു്, വയ



കൊയ്ത്തു് തുടങ്ങുകയായി

ചിലും പാന്പ'ലും വേലചെയ്യുന്ന സുന്ദരികളായ പെൺകിടാങ്ങളേയും പെരിയാറിന്റെ പാറത്തെ മരത്തണലിലണച്ചു് ഉച്ചവെയിലിൽ ഛക്കവലിച്ചു് കിനാവു് കാണുന്ന പഴയ യുദ്ധാന്മാരേയും ഏങ്ങിനെ മറക്കാനാണു്—?

ഇതിനൊക്കെ പുറമെ ചരിത്രപ്രസിദ്ധമായ ചില സ്ഥലങ്ങളും വഴിയിൽ കാണുകയുണ്ടായി. "പാഞ്ചാലി'ക്കു കുങ്കുമം കൃഷിചെയ്യുന്ന വയലുകൾ വിറ്റിട്ട ഉടനെയാണു് അവന്തിപ്പുർ ക്രിസ്തു ജനിക്കുന്നതിനു മുന്പുതന്നെയും മുപ്പതു ശതാബ്ദവനാഗരികതയുടെ അവശിഷ്ടങ്ങൾ അവന്തിപ്പുരിൽ കാണാം. നിർഭാഗ്യവശാൽ ചരിത്രകുതുകികൾക്കു നിലയിലുള്ള വലിയ ഒരു ക്ഷേത്രമുണ്ടു്. വലുതെന്നു് പറഞ്ഞാൽപോരാ; വളരെ വലുതെന്നു് പറയണം. പക്ഷേ ഇപ്പോൾ അതിന്റെ ആദ്യത്തെ നിലമാത്രമേ ശേഷിച്ചിട്ടുള്ളു. അതും ഭൂവിതലത്തിനു കീഴെ! എങ്കിലും രണ്ടായിരം കൊല്ലങ്ങൾക്കപ്പുറമുള്ള ഒരു സംസ്കാരത്തിന്റെ ആ പ്രതിനിധിയെ മണ്ണു് നീക്കംചെയ്തു്, കാലത്തിന്റെ തടവിൽനിന്നു് മോചിപ്പിച്ചിട്ടുണ്ടു്.

ബസ്സിൽനിന്നിറങ്ങി, 'അനന്തനാഗി'ന്റെ ബൃഹത്തായ തെരുവുകളിലൂടെ അല്പദൂരം ചെന്നാൽ മനോഹരമായ ഒരു നിരവും ഏതാനും കളങ്ങളും നാം കാണുന്നതാണു്. ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലമാണു് ഇതു്. ഇതു ശ്രീനഗറായ വെള്ളം വേറെ ഏവിടെയും കാണുകയില്ല. കളംനിറയെ വലിയ, മംഗിയുള്ള മത്സ്യങ്ങളാണു് പക്ഷേ നോക്കിനില്ക്കുന്നേ നിവൃത്തിയുള്ളു, തൊടാൻപാടില്ല. 'ഖീർഭവാനി' യിലെന്നപോലെ ഇവിടെയും കുളത്തിൽനിന്നും അടുത്തുള്ള തോട്ടിൽനിന്നും മത്സ്യംപിടിക്കുവാൻ പാടില്ലെന്നു് നിയമമുണ്ടു്. പക്ഷേ എണ്ണയും സോപ്പുമുപയോഗിച്ചു 'പാന്ഥിനിവാസ'ത്തിൽ കുളത്തിൽനിന്നു് മരിക്കുന്നതിനും ജനിക്കുന്നതിനും യാതൊരു മുടക്കുവുമില്ലെന്നു തോന്നുന്നു!

'ട്രാവിസ്റ്റ് ഡിസ്പ്പാർട്ടുമെൻറി'ലെ മത്തയന്നു ഉദ്യോഗസ്ഥൻ സ്നേഹിതനെന്ന നിലയിൽ ഹൽഗാമിലെ താസിൽദാക്കു് ഒരെഴുത്തു് തന്നിട്ടുണ്ടായിരുന്നു—ഞങ്ങൾക്കു് വേണ്ട സൗകര്യങ്ങൾ ചെയ്തുതരുവാൻ. വഹൽഗാമിലെ ഏറ്റവും വലിയ 'ഫാക്ടറി'യിൽ ഹോട്ടലായ 'പ്ലാസ' യിലാണു് അദ്ദേഹം ഞങ്ങൾക്കു താമസിക്കുവാൻ ഏർപ്പാടു് ചെയ്തതു്. 'പ്ലാസ'യിൽ ചാർജ്ജു് അല്പം കൂടുതലാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല എങ്കിലും താമസം സുഖകരമായിരുന്നു.

ശ്രീനഗറിൽനിന്നുള്ള എപ്പോഴും 'ബ്രാക്കറ്റ്' ചെയ്തു് പായാവുന്ന ഒരു സ്ഥലമാണെങ്കിലും വഹൽഗാമിനു് സ്വന്തമായ ഒരു വ്യക്തിത്വമുണ്ടെന്നു് സമ്മതിക്കുകതന്നെവേണം. വഹൽഗാം കൂടുതൽ വിശേഷമാണു്. ആളുകളും ഇവിടെയാണു് കൂടുതൽ. വലിയ ഒരങ്ങാടിയുമുണ്ടു്. ഗോഹത്യ കളിസ്ഥലങ്ങളും ഇവിടെയില്ല. ഇൽമർഗ്ഗിലെ കൊച്ചു തോട്ടിനുപകരം ഇവിടെയുള്ളതു് കുതിച്ചുപായുന്ന വലിയ മുന്നാലു് മലഞ്ചോലകളാണു്. ഇൽമർഗ്ഗിനേക്കാൾ കലപിലകൂട്ടാണു് തണുപ്പു് ഇവിടെ ബോക്കി എല്ലുകുത്തുകളിലും—മഞ്ഞണിഞ്ഞു നിൽക്കുന്ന പർവ്വതങ്ങളിലും ദൈവം കാട്ടുകളിലുമൊക്കെ— ഇൽമർഗ്ഗും വഹൽഗാമും ഒന്നുതന്നെ.


വഹൽഗാമിലെത്തിയപ്പോൾതന്നേരം സന്ധ്യാവായായിരുന്നു. ചോലയിലെ വെള്ളം കണ്ടപ്പോൾ ഏനിക്കൊരാശ തോന്നി—ഒന്നുമുങ്ങിക്കുളിച്ചാലോ? ഇതു നല്ലവെള്ളത്തിൽ കുളിക്കുവാൻ ഇനി എന്നാണവസരം ലഭിക്കുക—! പക്ഷേ എന്റെ 'ഒഡിയ' കൂട്ടുകാരെഓർത്തപ്പോൾ അവർ ഭയങ്കരമായി എന്നെ ഏതിർക്കുകയുണ്ടായി. ഈ വെള്ളത്തിൽ കുളിച്ചാൽ മരവിച്ചു ചത്തുപോകും എന്നായിരുന്നു അവരുടെ ആവലാതി. അവരെ സമാധാനിപ്പിക്കുവാൻ വേണ്ടി, എനിക്കങ്ങിനെയൊരുദ്ദേശമില്ലെന്നും ഞാൻ ഒരുതരത്തിൽ പറഞ്ഞതാണെന്നും ഒടുവിൽ പറയേണ്ടിവന്നു. പക്ഷേ മനസ്സിൽ ഞാൻ ഉറച്ചു കഴിഞ്ഞിരുന്നു നാളെരാവിലെ ആരും കാണാതെ പുഴക്കരയിലേക്കു് പോകണം.

ഹോട്ടലിൽ സാമാനമൊക്കെ അടുക്കിവെച്ചതിനു ശേഷം ചില 'ടൂറിസ്റ്റന്മാർ' കുതിരപ്പുറത്തു് കയറിപ്പോയ്ക്കൊണ്ടിരുന്നു. ഇൽമർഗ്ഗിൽ നിന്നു ലഭിച്ച 'നട്ടുവേനെ' എന്നെ അപ്പോഴും വിട്ടുമാറിയിരുന്നില്ല. ഞാൻ 'നായഡു'വിന്റെ കുതിരകളിൽ ഒന്നിനെ വിലയ്ക്കു വാങ്ങിയാലോ എന്നുവരെ ആലോചിച്ചു. പക്ഷേ ഒരു കുതിരയുടെ വിലയ്ക്കു് ഒരു മോട്ടോർ വണ്ടി കിട്ടുമെന്നുള്ള കാര്യം ഓർത്തപ്പോൾ ആ ആലോചന ഉപേക്ഷിച്ചു.

രാത്രി ശീതംനിമിത്തം ഞങ്ങൾ നേരത്തെ കിടന്നുറങ്ങി. പിറ്റേന്നു് രാവിലെ ഞാൻ വളരെ നേരത്തെ എഴുന്നേറ്റു്, ജനൽ തുറന്നു് വെളിയിലേയ്ക്കു് നോക്കി. എന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ വേലിയേറ്റമുണ്ടായി. പ്രകൃതി മഞ്ഞിന്റെ വെള്ളപ്പട്ടുടുത്തു ചാഞ്ഞു കിടന്നുറങ്ങുകയായിരുന്നു. ഒരുതരം നവ്യ അങ്ങാടിയും പുഴയും പാലവും മലനിരയുമൊക്കെ ഒരു ചിത്രത്തിലെന്നപോലെ കാണപ്പെട്ടു. നിശ്ചലതയെ ഭഞ്ജിക്കുവാൻ പാറക്കെട്ടുകളിൽതല്ലി ഓടിപ്പോകുന്ന ചോലകൾമാത്രമേയുണ്ടായിരുന്നുള്ളു.

ഞാൻ പതുക്കെ പുറത്തിറങ്ങി. ഹോട്ടലും സുഖസുഷുപ്തിയിലായിരുന്നു.

വേലി കടന്നു് പുറത്തിറങ്ങിയതിൽ പിന്നീടാണു് എനിക്കു് പിണഞ്ഞ അമളിയെനസ്സിലായതു്. ഞാൻ 'ഷൂസു്' ഇടുകയുണ്ടായില്ല. പുൽപരപ്പിൽ കാൽവെച്ചപ്പോൾ ഐസിൻ കട്ടയിൽ വെക്കുന്നതുപോലെ തോന്നി. ഏതാനും അടി നടന്നപ്പോൾ കാൽ അങ്ങിനെതന്നെ മരവിച്ചു. പക്ഷേ മടങ്ങിപ്പോകുവാൻ ഇഷ്ടപ്പെട്ടില്ല. മുന്നോട്ടു് പോ



പോപ്പാർ മരങ്ങളും നിരത്തിന്റെ ഇരുകരയിലും

കവാൻതന്നെ തീർച്ചപ്പെടുത്തിക്കാലിലെ വേദന മറക്കുവാൻ ഞാൻ കിണഞ്ഞു് ശ്രമിക്കുന്നുണ്ടായിരുന്നു. വേറൊ പതതിനെക്കുറിച്ചു് ഞാൻ ആലോചിച്ചു. ചിന്ത ഒരിടത്തുതന്നെ കേന്ദ്രീകരിക്കുവാൻ ശ്രമിച്ചു. അതൊരു സൂത്രമായിരുന്നു അതിൽ ഞാൻ വിജയിക്കുകയും ചെയ്തു.

പുഴക്കരയിലുള്ള കല്ലിൻ ക്ലട്ടത്തിൽചെന്നു് ഞാൻ കുറേ നേരമിരുന്നു. എനിക്കു് കുളിക്കുവാൻ സാധിച്ചില്ല. എങ്കിലും ഞാൻ പല്ലുതേച്ചു് മുഖം കഴുകുകയുണ്ടായി. അതുതന്നെ വലിയൊരു വിജയമായിരുന്നു.


അവിടെ ആ പുഴയിൽ, ഒരു കല്ലിൽനിന്നു് മറെറാരു കല്ലിലേക്കു് പാഞ്ഞുവീണു്, ഏറിച്ചുനിലംതന്ന വാൽ സദാ ചലിപ്പിച്ചു്, വിശ്രമമില്ലാതെ "ഠഠ'വീ, ഠഠ'വീ' എന്നു് പാട്ടുന്ന ഒരു കൊച്ചു പക്ഷിയെ ഞാൻ കാണുകയുണ്ടായി. അതിന്റെ ഉൽസാഹം ക്ഷണം എന്നെ ആകർഷിച്ചു. ഒരു കിലോയേക്കാളും ഇത്തിരി വലുപ്പം കൂടുതലുള്ള ഈ പക്ഷിക്കു് ചാരനിറമാണുള്ളതു്. അടി വയറിൽ മഞ്ഞിയുള്ള ഒരു വെള്ളവരയും. വഹൽഗാമിലെ മനോഹരകളിൽ ഈ പക്ഷി ധാരാളമായുണ്ടു്.

സമയക്കുറവു നിമിത്തം വഹൽഗാമിൽനിന്നു 'കോളഹോയ്' ഗ്ലേസിയറിലേക്കോ 'ശേഷ്നാഗ്' തടാകത്തിലേക്കോ ഒന്നും പോകുവാൻ തരപ്പെടുകയുണ്ടായില്ല പക്ഷെ അതൊന്നുമായിരുന്നില്ല സങ്കടം. വഹൽഗാമിൽനിന്നു് 19 നാഴികയകലെയാണു് പ്രകൃതിരമണീയമായ അമർനാഥ് ഗുഹകൾ. നെഹ്റുവിന്റെ ഏതോ ഒരു പുസ്തകത്തിൽ ഈ ഗുഹകളിലേക്കുള്ള ഒരു യാത്ര വർണ്ണിച്ചിട്ടുണ്ടു് ഏന്റെ ഓർമ്മയിൽ തങ്ങി നിൽപുണ്ടായിരുന്ന പക്ഷെ അമർനാഥ് സാക്ഷാൽക്കരിക്കാൻ കഴിയാത്ത ഒരു സ്വപ്നമായിത്തന്നെ അവശേഷിച്ചു 'സീസൺ' കഴിഞ്ഞിരുന്നു. അല്ലെങ്കിലും, മുന്നുമുതൽ അഞ്ചുവരെ ദിവസങ്ങൾ വേണ്ടിവരുമായിരുന്നു 19 നാഴിക സഞ്ചരിച്ചുവരുവാൻ എവിടെയുണ്ടു സമയം. മടക്കയാത്രയിലേക്കു് മടങ്ങേണ്ടതല്ലേ, കഴിയുന്ന വേഗത്തിൽ ?

അമർനാഥിനെപ്പറ്റി ആലോചിക്കുമ്പോൾ ഇന്നും എന്റെ മനസ്സു് വേദനിക്കുകയാണു്.

കാശ്മീരിലെ കൈവേലക്കാരൻ





കഴിഞ്ഞയാഴ്ച മറുപടി എഴുതാൻ സാധിക്കാഞ്ഞതുകൊണ്ടു് ഇയാഴ്ച കുറേ അധികംപേർക്കു് മറുപടി എഴുതാൻ പോകുകയാണു്. എത്രപേർക്കു എഴുതാൻ സാധിക്കുമെന്നു കണ്ടുതന്നെ അറിയണം. വാശിയോടുകൂടി ഇതെന്നു എഴുതാൻ പോകുകയാണു് എഴുതിതീർന്നിട്ടേ എഴുനേൽക്കുകയുള്ളു. തുടങ്ങുന്നതിനുമുമ്പു ഒന്നൊരണ്ടു കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ.

കാർഡുകളും എല്ലാം അയച്ചിട്ടുണ്ടു്. (2609 മുതൽ 2741 വരെ) കവറിൽ എഴുതിയിട്ടുള്ള അഡ്രസ്സു് ശരിയാണെങ്കിൽ തീർച്ചയായും നിങ്ങൾക്കു കിട്ടും. പിന്നെ കുറേപ്പേർ കവറിനു പകരം 'ഏയർ ലാറർ' അയയ്ക്കുന്നുണ്ടു്. അതിനകത്തു ക്ലപ്പൺവച്ചു അയയ്ക്കുന്നവരുമുണ്ടു്. അതിനകത്തു ഒരു ഇങ്ക്പേപ്പർ കൂടി വച്ചയയ്ക്കാൻ പാടില്ലെന്നു ചട്ടമുണ്ടു്. അതിൽ ചേച്ചി എങ്ങനെയാണു് കാർഡു് അയച്ചതറിയുന്നതു്? എല്ലാവരും ശ്രദ്ധിക്കണേ.

കഴിഞ്ഞ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അടുത്തതിൽ പ്രസിദ്ധപ്പെടുത്തുന്നതാണു് പരീക്ഷ അടുത്ത കാണുമല്ലോ സിക്സ്ത്തുകാർക്കു സെലക്ഷൻ ഉണ്ടെന്നു പറയുന്നതു വാസ്തവമാണോ? എങ്കിൽ കുറേ ഉത്സാഹിച്ചു പഠിക്കണേ. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു. ശേഷം അടുത്തതിൽ.

സ്നേഹപൂർവ്വം
നിങ്ങളുടെ ചേച്ചി.

എം. ലീല, മൺറോത്തുരുത്തു് കവിത വായിച്ചു നോക്കിയിട്ടു് അഭിപ്രായം പറയാം. കാർഡു അയയ്ക്കുന്നതേയുള്ളു. കിട്ടിയിൽ അറിയിക്കണം.

എസ്. കെ. പങ്കജാക്ഷൻ, പട്ടണക്കാടു് എന്താണു് മനസ്സിൽ തിങ്ങി നിൽക്കുന്നതു്. രഹസ്യമായി പറഞ്ഞോളൂ. ചേച്ചി ആരോടും പറയുകയില്ല. ഹോ എന്തൊരു സാഹിത്യം ഇതു ചെറുപ്പത്തിലെ സ്വപ്നലോകത്തിൽ അധികം വിഹരിക്കല്ലേ, അപകടം സംഭവിക്കും.

പാപ്പു, തൈക്കാട്ടു്. ചേച്ചിയുടെ വിവാഹക്കത്തു കിട്ടിയില്ലെങ്കിലും അറിഞ്ഞു കുമുദിനിയിൽ ഫോട്ടോയും കണ്ടു. ഇനി പാപ്പുവിനു് എഴുത്തെഴുതി തരുന്നതാരാണു് സ്വന്തമായിട്ടെഴുതാറായില്ലേ? ഏയർ ലാറർനകത്തു ഒന്നും വച്ചയയ്ക്കാൻ പാടില്ല മറക്കരുതേ.

ഷാഹുൽ ഹമീദ്, കൊടിയം കാർഡു് അയച്ചിട്ടുണ്ടു്. അച്ചടിച്ചു കിട്ടാൻ താമസിച്ചതുകൊണ്ടാണു് ഇതുവൈകിയതു്. ചെറുകഥ എഴുതിവച്ചിട്ടുണ്ടല്ലോ. നല്ല പോലെ പൂട്ടിവച്ചാൽതന്നെ മോഷണം പോകുന്നതിനുമുമ്പു അയച്ചതിനു ഈ കുട്ടുകാരനു എഴുതുക എം. ആർ. സതീശൻ, വേലിയഴികം, വക്കം, കടയ്ക്കാവൂർ. നമ്പർ 26 7 ആണു്.

ലളിതാങ്കുശൽ, നെടുമങ്ങാടു്. 'വിനോദയാത്ര' കിട്ടി മേൽവിലാസം രാധയുടെ എഴുത്തിലും ഇല്ലായിരുന്നോ? പി. രാധാകുമാരി, C/o ശ്രീ. പരമേശ്വരൻനായർ, ഏക്സൈസു് ഇൻസ്പെക്ടർ, പൊന്മുടിയൂർ. രാധ തീർച്ചയായും കാര്യം അറിഞ്ഞു

കാണുകയില്ല ഇനിയതന്നെ ഏഴുത. മോഹനനെ ചേച്ചിയുടെ അ
നേഷണം അറിയിക്കണം.

സി. എം. കെ. നായർ, തിരുവനന്തപുരം. ഫോട്ടോകൾ
സ്കാൻ ചെയ്തുകിട്ടുകയുണ്ടായിരുന്നു. പേര് പരിശോധിച്ചു
നോക്കിയിരിക്കുന്നല്ലോ. ഈ കത്തു് ഇനി വായിച്ചതിൽവച്ചു ഏറവും
ചെറുതാണു്.

എ കെ പങ്കജം, വയലാർ. അയച്ചതിനു നന്ദി. പ്രസിദ്ധീ
കരിക്കാം. കുട്ടിയുടെ പേരും അഡ്രസും അയച്ചുതരിക. ഫോട്ടോ
മണി, ഉച്ചക്കടയിൽ, നീണ്ടകര കൊല്ലം.

ജി. രാധാകൃഷ്ണൻനായർ, കൊട്ടാരക്കര, ഈ ഏഴിനാണു് ചേ
ച്ചി മടപടി എഴുതുന്നതു്. ചെറുകഥ പ്രസിദ്ധീകരിക്കുന്നതാണു്.
അംഗത്വ കാർഡു് അയച്ചിട്ടുണ്ടു്.

ജി. ലളിതാദേവി, പ്രാക്കുളം അമ്മ പറയാറില്ലേ റോഡിലിറങ്ങു
യാൽ നോക്കി നടക്കണമെന്നു്. കുപ്പിച്ചില്ല ചെയ്തപാടുകണ്ടില്ലേ!
ഭേദമായെന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. ഒരു ജോടി കു
പ്പിവളയെങ്കിലും വാങ്ങിത്തരാൻ പറയൂ. കഥയുടെ കുട്ടുകാരിയുടെ അ
ഡ്രസ്സു് തരാം. ബേബി സരോജം, ഫിഫ്ത്തു് ഡിവിഷൻ,
എസ്. ഡി. വി. ശാല, ആലപ്പുഴ.

എസ്, ശശിധരൻ, കല്ലറ. ക്ഷമിക്കണം ശശി മനഃപൂർവ്വമാ
ണോ മടപടി അയയ്ക്കാതിരുന്നതു്? ഭഗവാനോടു കുപ്പുൺ പൂരി
പ്പിച്ചു് ഒരു കവറുമായി അയയ്ക്കാൻ പറയണം. സ്കൂളിൽചേർത്തോ
ശശിയോടു ഇനി പിണങ്ങാൻ പോടിയാണു്. ചേച്ചിയുടെ വീടു്
അറിയാമെന്നറിഞ്ഞിരുന്നെങ്കിൽ മടപടി അയയ്ക്കാൽ താമസം
വരില്ലായിരുന്നു.

കെ. പങ്കജാക്ഷിഅമ്മ, പ്രാക്കുളം സ്കൂൾ വളരെ ദൂരെയാണോ?
ഇടയാണ്ടുകുടിയല്ലേയുള്ളു. ഗാനപ്രിയസാറിനെ നേരിട്ടു പരിചയ
മില്ലെങ്കിലുംകേട്ടിട്ടുണ്ടു്. പടം എവിടെയോ കണ്ടതായി ഓർമ്മി
ക്കുന്നു. ദേവിയെ അന്വേഷണം അറിയിക്കണം. ഈ കുട്ടുകാരി
കൊഴുവ ഠി. കെ. ചന്ദ്രമതി തേങ്ങാത്തുവീട്ടിൽ, നായരമ്പലം.

കെ. ആർ. നാരായണൻനായർ, പൂവത്തൂർ നമ്പർ നോക്കാ
തെ തന്നെ ചേച്ചിക്കു് ആളിനെ അറിയാം പഴയ അംഗങ്ങളുടെ
കാര്യം വിസ്മരിച്ചിട്ടില്ല, വിസ്മരിക്കയുമില്ല. ഫോട്ടോ പ്ര
സിദ്ധപ്പെടുത്താൻ സാധിക്കാത്തതിൽ ഖേദിതരുണ്ടു്. ഫോട്ടോ കൈ
യിൽ കിട്ടുമ്പോൾ

പുതിയ അംഗങ്ങൾ

2701 എൻ. ശാന്തകുമാരി വെട്ടിക്കവല, 702 വി. എം. ശ്രീനി
വാസൻ കല്ലറ, 703 എ അരിഫബീവി ആലപ്പുഴ. 704 എ റംല
ബീവി ആലപ്പുഴ, 705 മാരിയത്തുബീവി ആലപ്പുഴ, 706 ഠി കെ
വൽസ ഏടവനക്കാട്ടു്. 707 ബി വി സതിയമ്മ ക്ലാപ്പന, 708
ടി എൻ പുഷ്പരാജമണി ഇടുക്കി മംഗലം. 709 ജി. വേണുഗോപാ
ലൻനായർ, ശ്രീകാര്യം. 2710 ഡി. സദാനന്ദൻ കണിച്ചുകുളങ്ങര 711
കെ. പി. വനജാക്ഷിഅമ്മ കല്ലറ. 712 പി. ഡി. സലീം വെൺചാല.
713 ഠി ബി. മോഹനകുമാർ കുന്നിയത്തോട്ടു്. 714 ബി രാധാമ
ണി, ആലപ്പുഴ. 715 എസ്. ചന്ദ്രികാദേവി, ചാത്തന്നൂർ, 716 എൽ
മാൽകം, ശക്തികുളങ്ങര 717 സി ജി. ശിവപ്രസാദ്, പുത്തനങ്ങാ
ടി. 718 വെട്ടൂർ ശിവശങ്കരൻനായർ, മുത്തോലി 719 എൻ. ഗോ
പിനാഥപിള്ള ഗോവിന്ദമംഗലം. 2720 ഡി. ബാബുഫോം, കു
പ്പംപടി 721 വി. കെ. സരസമ്മ, വൈക്കം 722 എം കെ. രവീ
ന്ദ്രനാഥൻ, വൈക്കം 723 എൽ. കെ. രമാബായി, വൈക്കം
724 പി. കെ. ശാന്തകുമാരി, വൈക്കം
725 ടി. സി. മായാദേവി, തൃശൂർ, 726 പി. സാവിത്രീദേവി. കാ
യംകുളം 727 ഇ. എൻ. ഷീല, വടക്കേ പറവൂർ. 728 കെ. ഗോപാ
ലകൃഷ്ണൻ, അമ്പലപ്പുഴ 729 ജി. രാജശേഖരൻനായർ, കല്ലൂർ 730
വി. പി. മോഹനദാസ്, എറണാകുളം 731 പി. കെ. മണി, ഉളിയ
ക്കോവിൽ, 732 പി കെ. കാസിം, ആലപ്പുഴ 733 എം. സീമന്തിനി,
പെരിനാട്ടു് 734 വി. പി. തങ്കമ്മ, തത്തംപള്ളി 735 കെ. എസ്. ബാല,
കോട്ടയം, 736 ജി ലീല പെരിനാട്ടു് 737 എസ്. മഹമ്മദുകുഞ്ഞു്,
തിരുമല 738 വി. കെ ശശിധരൻ, ഏനാദി. 739 വി കെ. സരള,
ഏനാദി, 2740 കെ ഇന്ദിര ഏനാദി, 2741 വി കെ മഹേശൻ ഏനാദി

കവിത

കുരുവികളുടെ പാട്ടു്

ഠി. എൻ ഗൈഥിലി, എഴുകോൺ. നമ്പർ 1689.

(അമ്പിളിഅമ്മാവ.....മട്ടു്)

ചോണനിപ്പാടത്തിൽ മരതക
മേനി പരത്തിടുവാൻ
നീറിനീറിപ്പണിയും—സഹോദരി—
നീ തിരഞ്ഞോനു നോക്കു
നീ വിത്തുപാകിടുമ്പോൾ നിനക്കൊരു
സന്ദേശമേകുവാനായു്
ആ വഴി ആഞ്ഞണഞ്ഞു—കുരുവികൾ
പാടിയ പാട്ടുകേൾക്കു
ആശംവിതച്ചുവോ നീ - അതിൻ ഫല
നായുകിളർത്തിടുവാൻ
തുമ്പിയർപ്പിൻ കണങ്ങളും —വയൽ നിന്നെ
യുണർത്തുനനച്ചുവോ നീ.
ഞാറുകൾ കാറ്റിലോളം—ഉള്ളിത്തുള്ളി
യാനന്ദമേകിടുമ്പോൾ
നിൻപേലവാംഗമാകെ—കുളിർപൂടി
നീ മന്ദഹാസമേകി.
കാവുംകോളും നിറഞ്ഞ—വിഹായസ്സി
ലാകെ ഇരുൾ പരന്നു
ഘോരമാരി പൊരിഞ്ഞു....കുമ്പൻറെ
മാറിലിടി മുഴങ്ങി.
ആ മടപൊട്ടിയില്ല പുൽമാടത്തി
ലല്ലനീ നിന്നതപ്പോഠം
നിൻ കണവൻറെയൊപ്പം—നനഞ്ഞു നീ
നിൻറെ തന്ത്രാൻസുഖിച്ചു.
തീക്കനലാതപത്തിൽ—തളർന്ന നീ
ചേർപ്പണി മെയ്യുമായി
ആ കൊച്ചുമാടമാന്നിൽ - വിശപ്പിൻറെ
പാട്ടുപാടി മയങ്ങി.
നിൻതങ്കസപ്നമെല്ലാം—പാടങ്ങളിൽ
പൊൻകതിർ മൂടിനിലപ്പൂ
എൻപൊന്നു സോദരിനീ—അരുകായ്ക
നിൻറെതാക്കാൻ ശ്രമിച്ചു.

ചെറുകഥ

ഉദ്യോഗം

പി. സോമശേഖരൻ നായർ (2275) വട്ടിയൂർക്കാവു്

എൻറെ സ്നേഹിതനപ്പോഠിയാണു് ഞാനെഴുതാൻ തുടങ്ങുന്നതു
എൻറെ ജീവൻറെയും ജീവനായി ഞാൻ സ്നേഹിച്ച ചന്ദ്രനെപ്പോലെ
അവനിന്നു് ഈ ശവപ്രമയമായ ലോകത്തില്ല.

ചന്ദ്രനെ അവന്റെ സ്കൂളിൽ എല്ലാപേർക്കും അറിയാമായിരുന്നു അദ്ധ്യാപകന്മാരുടേയും വിദ്യാർത്ഥികളുടേയും കണ്ണിലുണ്ണിയായിരുന്ന അവൻ സ്കൂളിൽ വാർഷികത്തിന് ഒരു നാടകം നടക്കുന്നെങ്കിൽ, കായികമത്സരം നടക്കുന്നെങ്കിൽ, അതിന്റെയെല്ലാം മുൻപിൽ ചന്ദ്രനെ കാണാൻ കഴിയുമായിരുന്നു.

മനോജ്ഞമായ ഒരു ഗാനത്തിന്റെ ഒഴുക്കുള്ള വരികൾപോലെ ദിവസങ്ങൾ അങ്ങനെ കടന്നുപോയി.

എന്റെ ജീവിതത്തിൽ ഞാൻ ആത്മാർത്ഥമായി സന്തോഷിക്കുന്നതു് അന്നാണു്. ചന്ദ്രൻ സ്കൂൾഫൈനൽ പാസായ ദിവസം—ഒരു മാതാവിന്റെ ആശ സഫലമായ ദിവസം. ചന്ദ്രന്റെ അമ്മ പലപ്പോഴും പറയാറുണ്ടായിരുന്നു "ചന്ദ്രനു് ഒരു കടലാസ്സു കിട്ടിക്കണ്ടാമതിയായിരുന്നു" എന്നു്. അങ്ങനെ ആ അമ്മയുടെ പ്രാർത്ഥന ഫലിച്ചു. അവർ വളരെ സമയം ഇരുന്നു് ഈശ്വരനെ പ്രാർത്ഥിച്ചു. കോവിലിൽ വിളക്കു കത്തിച്ചു.

"ഒരു ഉദ്യോഗം സമ്പാദിക്കുക" അതായിരുന്നു ചന്ദ്രന്റെ അടുത്ത ശ്രമം. പല വാതിലുകളിലും ചന്ദ്രൻ മുട്ടിനോക്കി. പക്ഷേ അവന്റെ അപേക്ഷകൾക്കു് ആരും ചെവികൊണ്ടില്ല. വളരെ ദിവസം ഉറക്കമിളച്ചു—യാതൊരു വിശ്രമവുമില്ലാതെ—വളരെ പാടുപെട്ടു പഠിച്ചു ചന്ദ്രൻ ജോലിയില്ലാതലയുന്നവരുടെ കാലടികളെ പിൻതുടരുകയാണു്. അവൻ സങ്കടപ്പെട്ടു് ദിവസങ്ങൾ തള്ളിനീക്കി. അവന്റെ ജീവിതത്തിനുമുൻപിൽ പ്രതീതം കഷ്ടപ്പാടുകളുടേയും സന്ധ്യ സമാധാനത്തിന്റേയും വാതിൽ തുറക്കുകയാണു്. "ഇനി ഒരിക്കലും നേരംവെളുക്കാതിരുന്നെങ്കിൽ" എന്നു പലപ്പോഴും ചന്ദ്രൻ ഓലകൾക്കിടയിൽക്കൂടി കാണുന്ന നക്ഷത്രങ്ങളെ നോക്കി വിചാരിക്കുമായിരുന്നു.

ഒരു ദിവസം ചന്ദ്രൻ വീട്ടിൽ വന്നപ്പോൾ അമ്മ പറഞ്ഞു "ചന്ദ്രാ ഇന്നു് സ്വാമി വന്നിരുന്നു".

"ഏതു സ്വാമി" ചന്ദ്രൻ അവന്റെ സംശയത്തെ പ്രകടമാക്കി.

"നമ്മുടെ മേലേ ബംഗ്ലാവിലെ പൂജാരിയാണു്. 300 രൂപ കൊടുത്താൽ നിനക്കു് ഒരു ജോലി വാങ്ങിത്തരാമെന്നു് ഏറ്റിട്ടുണ്ടു്.

"മുന്നൂറു രൂപക്കു നമ്മളെന്തു ചെയ്യും"

"രൂപാക്കു പകരം നമ്മുടെ പുരയിടം പാട്ടം കൊടുത്താൽ മതി. നിന്റെ ശമ്പളം കൊണ്ടു് തിരിച്ചെടുക്കയും ചെയ്യാം"

അന്നായിരുന്നു ചന്ദ്രന്റെ ഇൻറർവ്യൂ. ജോലി കിട്ടിയെന്ന സന്തോഷവും കണ്ണുകൊണ്ടു് ഉറക്കമുണർന്നോറ ചന്ദ്രൻ "ഇൻറർവ്യൂ" വിനു പോകുവാൻ തയ്യാറായി. സ്വാമിയും കൂടെയുണ്ടായിരുന്നു. കുറച്ചുദിവസം കഴിഞ്ഞു് ചന്ദ്രനു ജോലികിട്ടി. ട്രാൻസ്പോർട്ടു ബസ്സിൽ കണ്ടക്ടറായിട്ടു് കുറച്ചുപേരുമാത്രമായിട്ടാണു് ജോലിയിൽ പ്രവേശിപ്പിക്കുന്നതു്. ചന്ദ്രന്റെ നമ്പർ നൂറെങ്കിൽ 150 ആണു്. ജോലിക്കു പോകണമെങ്കിൽ ഇനിയും കുറേദിവസം കഴിയണം.

* * * * * *

ഏകദേശം ഒന്നരവർഷം കഴിഞ്ഞു പക്ഷേ ചന്ദ്രൻ ഇന്നും ഉദ്യോഗസ്ഥനായില്ല. അവന്റെ പുരയിടം സ്വാമിയുടെ കൈയ്യിലാണു്. അവനിന്നും ഉദ്യോഗമില്ലാതെ അലയുകയാണു്.

ഒരാഴ്ച തുടർച്ചയായി ഞാൻ ചന്ദ്രനെക്കണ്ടില്ല. വീണ്ടും ഒരാഴ്ച കഴിഞ്ഞു. ഞാൻ ചന്ദ്രന്റെ ഗൃഹത്തിലേക്കു പോയി. അവന്റെ അമ്മ വരാന്തയിൽ ഇരിക്കയായിരുന്നു. ആ കണ്ണുകൾ നിറഞ്ഞിരുന്നു. എന്നെക്കണ്ടയുടൻ അവർ സങ്കടഭാവം മാറ്റാൻ ശ്രമിച്ചു് ഒന്നു ചിരിച്ചു.

"ചന്ദ്രനിവിടെ ഉണ്ടോ" ഞാൻ ചോദിച്ചു.

"ഇല്ല ഗോപി അവൻ ഇവിടെ വന്നിട്ടു് കുറേ ദിവസമായി. അതാരാ" ഞാൻ പുറത്തേക്കു നോക്കി തപാൽ ശിപായി.

"ഒരെഴുത്തുണ്ടു്" അയാൾ ഞങ്ങളുടെ അടുത്തെത്തിക്കഴിഞ്ഞു.

'നിങ്ങളാണോ ഗോപിനാഥൻനായർ"

"അതേ"

"നിങ്ങൾക്കും ഒരെഴുത്തുണ്ടു്" അയാൾ രണ്ടെഴുത്തും എന്റെ കയ്യിൽ തന്നു. ഒന്നു് ചന്ദ്രനു്. ചന്ദ്രന്റെ എഴുത്തു് കണ്ടപ്പോൾത്തന്നെ എനിക്കു് മനസ്സിലായി. അതു ജോലിക്കുള്ള ഓർമ്മോ ആണെന്നു്. ഞാൻ രണ്ടാമത്തെ എഴുത്തു നോക്കി. ഹാ—ഗോപിയുടെ കൈപ്പട. പെട്ടെന്നു ഞാൻ കവർ ചാടിച്ചു് എഴുത്തെടുത്തു വായിച്ചു. ഞാൻ സ്തംഭിച്ചുപോയി. എഴുത്തു ഇതായിരുന്നു:

സ്നേഹിതാ,

ഞാൻ ദാരിദ്ര്യത്തിൽ ജനിച്ചു് ദാരിദ്ര്യത്തിൽക്കൂടെ വളർന്നു് മരിക്കേണ്ടവനാണു്. ആർക്കും ഒരിക്കലും ഇങ്ങനെ ഒരബദ്ധം വരാതിരിക്കട്ടെ. ഉദ്ദേശം കിട്ടുന്നതു് മരിച്ചുകഴിഞ്ഞിട്ടായിരിക്കും. ഈ കത്തു് നിന്റെ കൈയ്യിൽ കിട്ടുമ്പോൾ ഞാൻ മരിച്ചുകാണും. നിനക്കു എന്റെ അവസാനത്തെ നമസ്ക്കാരം.

ചന്ദ്രൻ.

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

രക്ഷ, മരുന്നുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും കൂടാതെ വിധിപ്രകാരം തയ്യാർ ചെയ്തതും പുതിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകൾ എവിടെ കിട്ടുമെന്നുള്ളതാണു് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സ്വർണ്ണമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകൾ വാങ്ങുക.

തിരുവനന്തപുരം ആയുർശാല മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ചു സന്ദർശിക്കുവിൻ

N. B. രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പഠിപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരനുണ്ണി,
(പ്രൊപ്രൈറ്റർ)

KSC

അന്വേഷണം

തകഴി

I

"നീ എന്നെ സ്നേഹിക്കുന്നുണ്ടോ?"

അപ്രതീക്ഷിതമായ ചോദ്യം അവളെ വെമ്പിപ്പോയി. എത്രത്തോളം പഠിയണമെന്നറിഞ്ഞുകൂടാ. സ്നേഹിക്കുന്നു എന്നു പറയാമോ? അതൊരു നുണയായിരിക്കും. അവൾ അയാളെ സ്നേഹിക്കേണ്ട കാര്യമില്ല. സ്നേഹിക്കുന്നില്ല എന്നു പറയുന്നതും അത്രശരിയല്ല. എന്നു വച്ചാൽ ഒരു രാത്രികഴിക്കാമെന്നു സമ്മതിച്ചു വിലപേശി പണംപറഞ്ഞു അവൾ വന്നിരിക്കുകയാണ്. ആ തൊഴിലിന്റെ രീതിക്കു 'സ്നേഹിക്കുന്നില്ല' എന്നു മുഖത്തുനോക്കി തീർത്തു പറയുന്നതിൽ സംഭ്രമം ഒരു ഔചിത്യമില്ലായ്മയുണ്ട്. സ്നേഹത്തെ വിലകൊടുത്തു വാങ്ങുകയാണല്ലോ അപ്പോൾ സ്നേഹം ഭാവിക്കയാണു വേണ്ടതു്.

കുറെ നാളായി പുരുഷന്മാരെ രസിപ്പിച്ചു ജീവിക്കുന്ന അവൾക്കറിയാം, എങ്ങിനെ പെരുമാറണമെന്നു്. ഒന്നു കുണുങ്ങിച്ചിരിച്ചു്, ഒരു കടക്കണ്ണെറിഞ്ഞു്, അയാളുടെ കയ്യിലൊന്നു് അംഗുലീയാഗ്രംകൊണ്ടു പതുക്കെ ഒരു കുത്തു കുത്തി സ്നേഹിക്കുന്നുണ്ടെന്നോ ഇല്ലെന്നോ പറയാതെ "പിന്നല്ലാണ്ടോ" എന്നു പറയണം.

പക്ഷേ അവൾക്കതു വയ്യാതെ പോയി. സ്നേഹിക്കുന്നുണ്ടോ എന്നാണു ചോദ്യം. ആ പെണ്ണിനെ സംബന്ധിച്ചിടത്തോളം സ്നേഹിക്കുക എന്ന വാക്കിനു അവളുടെ ജീവിതത്തിന്റെ നാരായവേരോളം എത്തുന്ന അർത്ഥമുണ്ടു്.

"പറ. നീ എന്നെ സ്നേഹിക്കുന്നുണ്ടോ?"

ഒരു താമരപ്പൂമൊട്ടെന്ന പോലെ അവളുടെ യൗവനം വിടർന്ന ആ പഴയ കാലത്തു് ഇങ്ങിനെ ഒരു ചോദ്യം അവളുടെ ചെവിക്കുള്ളിൽ മന്ത്രിക്കപ്പെട്ടിരുന്നെങ്കിൽ അവനതാസ്യയായിരുന്നു അവൾ മൊഴിഞ്ഞതു:

"ഉണ്ടു്"

ആ ചോദ്യം തന്നെ ഇപ്പോഴും ചോദിക്കപ്പെടുന്നു. ശബ്ദവും അതുതന്നെ. അന്നു് മുട്ടുള്ള നിശ്വാസം ഏറിയും അവളുടെ കപോലം അരുണകാന്തി അണിഞ്ഞു.

ഈ പുരുഷൻ അവളുടെ അന്നത്തെ കാമുകനാണോ?

ആ പ്രോദ്യം വീണ്ടും ആവർത്തിക്കപ്പെട്ടു.

"നീ എന്നെ സ്നേഹിക്കുന്നുണ്ടോ"?

വളരെയേറെ പുരുഷന്മാരുമായി അവൾ ഇടപെട്ടിട്ടുണ്ടു്. പക്ഷേ ഈ പുരുഷനുമായുള്ള വേഴ്ചയ്ക്കു ഒരു പുതുമയുണ്ടു്. ഒരു പുരുഷൻ ഇന്നോളം ചോദിച്ചിട്ടില്ലാത്ത ചോദ്യമാണതു്. മാധവി നിസ്സഹായയായി അയാളെ നോക്കി.

"എന്തിനാ അതു ചോദിക്കുന്നതു്?"

ആ ചോദ്യത്തിൽ ഒരു ചെറിയ അശ്രുകണം തങ്ങിനിന്നിരുന്നു.

അയാൾ പറഞ്ഞു.

"നീ എന്നോടു പറഞ്ഞതുപോലെ എല്ലാവരോടും നീ നിന്റെ ജീവിതകഥ പറയാറുണ്ടോ? കഴിഞ്ഞ ദിവസം നീ ഏതു പുരുഷനോടൊക്കെ കഴിച്ചോ ആ പുരുഷനെക്കുറിച്ചുള്ള വിവരങ്ങളും പറയാറുണ്ടോ?"

അവൾ ആരോടും അങ്ങിനെ പറഞ്ഞിട്ടില്ല. അവളോടുമാത്രം പറഞ്ഞു.

"മാരോ പുരുഷനോടും അവൾ ആരാണെന്നു നീ ചോദിച്ചിട്ടുണ്ടോ?"

"ഇല്ല. എന്തിനു ചോദിക്കണം? അവർ പണം തരുന്നു കാര്യം സാധിക്കുന്നു. പോകുന്നു."

"അവരുടെ മുഖം കാണാനും നീ ആശിച്ചിട്ടില്ല"

'അടുത്ത ദിവസം അവരെ കണ്ടാൽ ഞാൻ അറിയുകയില്ല.'

"നീ എല്ലാ പുരുഷന്മാരുടേയും നെഞ്ചത്തു ശിരസ്സുവച്ചുകൊണ്ടു് ഇങ്ങനെ ദീർഘമായി നിശ്വസിക്കാറുണ്ടോ?"

"അങ്ങിനെ കിടക്കാൻ ആരും സമ്മതിക്കുകയില്ല."

ഒന്നു ചെറുതായി ചിരിച്ചിട്ടു അവൾ തുടർന്നു.

"ദീർഘനിശ്വാസത്തിനല്ല, അവരുടെ ചക്രം തരുന്നതു്."

അയാൾ ചോദിച്ചു

"ഒരു പുരുഷനേയും പുറം നീ തിരിച്ചോടാറുമില്ല"

"ഇല്ല"

"നീ ഇന്നു പറയാത്തതെല്ലാം പറഞ്ഞു ദീർഘനിശ്വാസം ചെയ്തു. ഞാൻ ആരെന്നറിയണമെന്നു പറഞ്ഞു എന്റെമുഖം കാണാൻ ആഗ്രഹിച്ചു. അതെല്ലാം എന്നെ നീ സ്നേഹിച്ചിട്ടല്ലേ?"

പെട്ടെന്നു അവൾക്കു ഉത്തരം പറയുവാനുണ്ടായിരുന്നു:

"എന്നോടു ദയയായിട്ടു സ്നേഹമായിട്ടു അനുകമ്പയായിട്ടു ചോദിച്ചു. എന്നോടു ദയവുള്ള ഒരാളെ കണ്ടു. എന്റെ കഷ്ടത അദ്ദേഹത്തോടു പറയാനില്ലായിരുന്നു. ഞാൻ പറഞ്ഞുപോയി. അവിടെന്നു എന്റെ കൊച്ചിന്റെ കാര്യം ചോദിച്ചു അതു് ഇപ്പം കെടന്നു കരയുകയായിരിക്കും. പനിയും ചൊമയുമാണു്. അതു ശല്യമായിട്ടു ഞാനിനെ തല്ലിയേക്കും. അവിടന്നു എന്നെ ഒമ്പിപ്പിച്ചു പിന്നെ ഞാൻ ഓടിയെത്തുമ്പോൾ ദീർഘശ്വാസംകൊണ്ടല്ലാതെ എങ്ങനെ അകത്തെ തീ പുറത്തുപോകും. അങ്ങു ദയയുള്ള ഒരാളാണെന്നു തോന്നി. അതാണെന്നു ഞാൻ ചോദിച്ചു"

ഒരു ക്ഷണംകഴിഞ്ഞു് അവൾ പറഞ്ഞു:

"എനിക്കു എല്ലാം പറയാൻ ഒരു മടിയുമില്ല. ദയയുള്ള ആളു്. ഞാൻ എല്ലാം പറഞ്ഞിട്ടും 'പാവപ്പെട്ട പെണ്ണു' എന്നല്ലേ പറഞ്ഞതു്"

പിന്നീടും അവൾ തുടർന്നു:

"ആ മുഖം എന്നും ആശ്വാസത്തിനുവേണ്ടി, ലോകത്തിലു് ഒരാളൊണ്ടെന്നു ഓർക്കാൻ വേണ്ടി കണ്ടു മനസ്സിലാക്കാമെന്നു വച്ചു"

ആ പുരുഷൻ നിശ്ശബ്ദനായി. അയാൾ തോറ്റു. എന്തൊരു അർത്ഥശൂന്യമായ ചോദ്യമാണു് അയാൾ ചോദിച്ചതു്! സ്നേഹിക്കുന്നുണ്ടോ എന്നു്. എന്തിനായി അയാൾ ചോദിച്ചു

അവൾ ചോദിച്ചു

"എന്താമിണ്ടത്തേതു്? എന്നോടു പിണക്കമാണോ?"

അയാൾ, ആ ചോദ്യംകേട്ടു പക്ഷേ മിണ്ടിയില്ല. മിണ്ടാൻമാറിപ്പോയി. അവൾ ക്ഷമാപണമായി തുടർന്നു:

"ഞാൻ വേണ്ടാത്തതെല്ലാം പറഞ്ഞു എന്നെത്തന്നെ മറന്നുപറഞ്ഞു ഇതൊന്നും പറയാനല്ലല്ലോ എന്നെകൊണ്ടുവന്നതു്"

അവൾ പേടിക്കുകയാണു്. തൊഴിലിനു നിരക്കാത്തതുചെയ്തു. അവളുടെ കക്ഷിയെ തൃപ്തിപ്പെടുത്തിയില്ല 'ഏയ് മോശം' എന്ന പേരു വരും. വർത്തമാനംകൊണ്ടു സമയം കഴിച്ചു എന്നു പഴിയാകും.

അവൾപറഞ്ഞു:

"തിരിഞ്ഞുകിടക്കണം"

'വേണ്ട"

"അയ്യോ! അതെന്തു്?,'

സ്നേഹപൂർവം അയാൾവിചാരിച്ചു

"ഞാൻ തിരിഞ്ഞുകിടക്കാം. പക്ഷേ –"

നിശ്ശബ്ദമായ കുറച്ചുസമയം പോയി. എന്തോ അവിടെനടക്കുന്നുണ്ടായിരുന്ന അവളുടെ നിസ്സഹായത നിറഞ്ഞ ചോദ്യം കേൾക്കായി:

"എന്നെ വേണ്ടേ?"

"വേണ്ട. പക്ഷേ നീ പേടിക്കണ്ട നീ ആദ്യം പറഞ്ഞതു് എനിക്കു ഓർമ്മയുണ്ടു്. കുറെ സംഖ്യക്കു പുറമേ തൃപ്തിപ്പെടുത്തി നീ കാര്യമേടിക്കുമെന്നല്ല പറഞ്ഞതു. ആ കാര്യം ഞാൻ തരാം"

എന്നിട്ടയാൾ ചോദിച്ചു:

"ഞാൻ ചിലതെല്ലാം പറയട്ടോ? നിന്നെ നോവിക്കാനല്ല"

അവൾ സമ്മതിച്ചു അയാൾ ചോദിച്ചു:

"നീ ഏതു കുടുംബങ്ങളെ നശിപ്പിക്കുന്നുവെന്നറിയാമോ?"

മനസ്സിലാകാഞ്ഞിട്ടാവാം അ

വും മിണ്ടിയില്ല. അയാളുടെ പുറത്തു അവളുടെ കരംതലികയും സഞ്ചരിച്ചുകൊണ്ടിരുന്നു.

"നീ പുരുഷലോകത്തെ നശിപ്പിക്കുകയാണു"

എന്നിട്ടും അവൾ മിണ്ടിയില്ല

"നീ വിഷമമുള്ള സർപ്പമാണു; നിനക്കു ഹൃദയമില്ല; വികാരങ്ങളില്ല. നീ എന്തും ചെയ്യും. നിന്നെ കണ്ടാൽ കളിക്കണം."

അവളുടെ ഹൃദയത്തിൽ ഏവുകൊടുക്കയോ അയ്യാ ചെന്നുകൊണ്ടു അയാൾ ഉഗ്രമായിപറഞ്ഞു:

"സ്ത്രീകളെ നിന്നെ ഓർത്തു നാണിക്കണം"

തീ മൂടിയിട്ടെന്നപോലെ അവൾ മുകൾ എടുത്തു. അയാൾ ചോദിക്കുകയാണു:

"എത്രനാൾകൂടി ഇങ്ങിനെ ജീവിക്കാമെന്നു വിചാരിക്കുന്നു? ഇപ്പോൾതന്നെ ആ രോഗം നിനക്കുണ്ടാം. നീ അതു പരത്തുകാണു. നീ എടപെട്ട പുരുഷന്മാരുടെ ഭാവിമാർ നിന്നെ കണ്ടാൽ—"

അവൾ നടുങ്ങി.

അയാൾ തുടർന്നു:

"ആ ഭയങ്കര രോഗം നിൻറെ മുക്കിലും വായുംതിന്നു, ശരീരമാകെ പിണ്ടുകീറി ചലം ഒലിപ്പിച്ചു് നീ രാത്രിയൊത്തി നടക്കുമ്പോൾ, നിൻറെ പിച്ചച്ചട്ടിയിൽ ഒരു കാശിരുപകരം ഒരു രൂപയ്ക്കിനാണയം വീഴും. അതിട്ടുന്നതു ഞാൻ ആയിരിക്കും. അന്നു നീ എന്നെ മനസ്സിലാകുക."

ഒരു ഏങ്ങലോടെ അവൾ അയാളെ കെട്ടിപ്പിടിച്ചു.

"ഹെ— ഹെന്നെ— രക്ഷിക്കണം"

"നീ ഈ തൊഴിൽ നിർത്തുമോ?"

അവൾ ശബ്ദം വിറച്ചു പറഞ്ഞു:

"നിർത്താം"

"നിൻറെ സ്നേഹം നീ വിൽക്കുമോ?"

"ഇല്ല. എന്നെ രക്ഷിക്കണം"

അയാളും നടുങ്ങി. അവളെ രക്ഷിക്കണമത്രേ! എങ്ങിനെ? ഇപ്പോൾ അയാൾ അവളോടു ചോദിക്കുകയില്ല. "നീ എന്നെ സ്നേഹിക്കുന്നോ?" എന്നു്.

ചോദിച്ചാൽ അവൾ ഉത്തരം പറയും. ആ ഉത്തരം അയാളെ പേടിപ്പിക്കുന്നു.

അവൾ, അമ്പരന്നുപോകുന്നത്ര സംഖ്യ കൊടുത്തിട്ടു് അയാൾ അവളോടു പോകാൻ പറഞ്ഞു. അവൾ പോയി.

അങ്ങിനെ ആകാരംപൂണ്ട അദ്ഭുതം യാഥാർത്ഥ്യത്തിൻറെ ഭീഷണത്തെ നോക്കാൻ ധൈര്യപ്പെടാതെ മുഖം തിരിച്ചു രക്ഷപ്പെട്ടു.

അയാൾ ആരാണു? അയാളിൽ ക്രിസ്തുവും, ബുദ്ധനും, നിഷ്ഠയും ഗാന്ധിയും എല്ലാമില്ലേ? അവരെപ്പോലെയുള്ള വലിയവരെക്കുടിയല്ലേ ഇതുപോലൊക്കെ ചോദിപ്പിച്ചതു്? സന്മാർഗ്ഗത്തിൻറെ പര്യായമാകുന്നു, അവളുടെ ശാന്തമായിരുന്ന ജീവിതത്തിൽ ഒരു കല്ലെറിഞ്ഞു അലകളിളക്കിയിട്ട പിതാവു രൂപകൊടുത്തു. നല്ല ഭാഷയിൽ കൃതകൃത്യതയോടെ രക്ഷപ്പെട്ടു. ലോകത്തിലെവിടെയോ, അല്ലെങ്കിൽ എല്ലായിടത്തും അയാൾ ഞെളിഞ്ഞു നടക്കുകയാണു്.

ii

ഒല്ലാം പാച്ചുപിള്ളയുടെ വീട്ടിൽ ഒരു മൃഗത്തു മലവും മൂത്രവും കൊണ്ടു നാറിഞ്ഞുകുഴഞ്ഞ ഒരു കീറപ്പായിൽ ഒരു വിരൽ വായിലിട്ടു കടിച്ചുകൊണ്ടു അവളുടെ കുഞ്ഞു കിടക്കുന്നു കരഞ്ഞു കരഞ്ഞു അതിനു കരയാൻവയ്യാതായി.

മാധവിയുടെ നെഞ്ചുപൊട്ടിപ്പോയി. അവളെകണ്ടപ്പോൾ അതു നീണ്ടു ഒന്നു ഞരങ്ങി അപ്പോൾ പാച്ചുപിള്ളയുടെ ഭാര്യ പറഞ്ഞു

"രാത്രിമുഴുവൻ കീറലും മുറിവുമായിരുന്നു. എന്നെ ഉറക്കിയിട്ടില്ല ഞാൻ എടുത്തോണ്ടു നടന്നു. ഇപ്പഴാ കൊടുത്തിയതു്. ഇന്നലത്തെ കഷ്ടതയ്ക്കു എനിക്കു ഒന്നല്ല, ഒന്നരത്രപതരണം"

മാധവി കുഞ്ഞിനെ യാരിക്കൂട്ടത്തു മാധവക്ഷസ്സോടു ചേർന്നു് അതു ആശ്വാസത്തിൻറെ ഞരക്കം ഞരങ്ങി. നിറകണ്ണുകളോടെ അവൾ അതിനെ ഉമ്മവച്ചു.

കുഞ്ഞു വേഗം ഉറങ്ങി.

ആ കുഞ്ഞിൻറെ ഉടയിൽ കനത്ത കൈവിരലുകളുടെ പാടു കാണുന്നു. ആ സ്ത്രീ അടിച്ചതാണു്. എന്നല്ല, ഭാഷ്യംവന്നു് എന്തെല്ലാം ചെയ്തുകാണും!

പാച്ചുപിള്ളയുടെ ഭാര്യ ചോദിച്ചു:

"തനി അതു കാശിനുതാ"

മാധവിയുടെ ഉള്ളു തിങ്ങി സഹിക്കാതെ അവൾ പറഞ്ഞു:

"നിങ്ങളു് പെറാം പെണ്ണുമ്പിള്ള യാണല്ലോ"

അവൾ മടിയിൽനിന്നും ഒരെട്ടണ തുട്ടു് വലിച്ചെറിഞ്ഞു കൊടുത്തു.

മാധവി അവളുടെ സ്വന്തമായ ചിന്തകളിലേക്കു കലിച്ചിറങ്ങിപ്പോയി.

തലേന്നാൾ രാത്രിയിലെ അനുഭവങ്ങൾക്കു പുതുമയുണ്ടു് അതു ജീവിതത്തിലെ ഒരു ഘട്ടത്തിൻറെ അവസാനമായി് അവൾക്കു് തോന്നി കാരണമില്ലാതെ ഒരാശ്വാസം അവളിൽ അനുഭവപ്പെട്ടു. അവൾ ഒന്നുതിരിഞ്ഞുനോക്കി. എരിപിരികൊള്ളുന്ന നീണ്ടുനീണ്ട വഴിയാണു കടന്നതു്. അവൾ ഒരു ശാന്തലഘുപ്രദേശത്തെത്തി. അവൾ ഒന്നു ശ്വസിക്കുന്നു!

തലേരാത്രിയിലെ എന്തെല്ലാം കായ്ങ്ങളും ഓർക്കാനിരിക്കുന്നു. അവളുടെ വയർ തപ്പിനോക്കിയിട്ടു് 'നീ ഒന്നും കഴിച്ചില്ലേ' എന്നു ചോദിച്ചു. അന്നോളം ഒരു പുരുഷനും വയർ തപ്പിനോക്കിയിട്ടില്ല; ചോദിച്ചിട്ടുമില്ല.

വയ്യിട്ടു പാച്ചുപിള്ള വന്നു് അവളെ വിളിച്ചു. ഒരു നല്ല കോളു് വന്നിട്ടുണ്ടു്.

മാധവി പറഞ്ഞു:

"എനിക്കിന്നു വയ്യ. എനിക്കു് ഒന്നാറങ്ങണം"

അവളുടെ സ്വരവും ഭാവവും പാച്ചുപിള്ള മനസ്സിലാക്കി അയാൾ പറഞ്ഞു:

"നിനക്കാറങ്ങണം, അല്ലേ? ഉം അയിക്കോ. നീ ഇങ്ങനെ എന്നോടു പറയണം. നല്ല പുരുഷികളെ നിനക്കു കൂട്ടിതന്നിട്ടാ നിനക്കാക്കം വന്നതു്"

അടുത്ത ദിവസവും അയാൾ ചെന്നു. അന്നു അവളുടെ കുഞ്ഞിനു സുഖമില്ല മൂന്നാം ദിവസം അവൾക്കു വയ്യ എന്നു തീർത്തുപറഞ്ഞു. അതിനു കാരണങ്ങളില്ല

നഗരത്തിലെ ചപ്പും ചവറുമെല്ലാം കൂട്ടിയിട്ടുനികത്തിയ ഒരു താഴ്വരയാണു് ആ പ്രദേശം. പലരാടകളിൽകൂടി ഒഴുകുന്ന മലിനജലം അവിടെക്കുടിയുള്ള ഒരു തോട്ടിൽകൂടി എങ്ങോട്ടോ ഒഴുകിപ്പോകുന്നു അവിടെ കുറെ മൺകൂടിലുകളുണ്ടു്. അതിലൊന്നിലാണു് മാധവിതാമസിക്കുന്നതു്. അവളെപ്പോലെയുള്ള നാലഞ്ചുപെണ്ണുങ്ങളും പാച്ചുപിള്ളയുമാണു് അവളുടെ അയൽക്കാർ

മാധവി ആ തൊഴിൽ നിർത്തിപോലും! ആ പെണ്ണുങ്ങൾക്കു അതൊരു വാർത്തയായിരുന്നു.

"അവളു് ഈ തൊഴിലുനിർത്തി പിന്നെന്തു ചെയ്യാൻപോണു?"

ഭാരതി ചോദിച്ചു. ഇശ്വരി പറഞ്ഞു.

"ഒരു പക്ഷേ വല്ലോരും അവളെ കൊണ്ടുപോകുമായിരിക്കും" മാധവി രഥി അല്പം പുച്ഛത്തോടെ അഭിപ്രായപ്പെട്ടു:

"പിന്നല്ലിയോന്നു!

ഭാരതി ഒരു പ്രശ്നം അവരുടെ മുമ്പിൽവച്ചു

"അയൽപക്കത്തു് ഒരു കൊച്ചും തള്ളേം പട്ടിണികിടക്കുമ്പം ഉരിയരിയോ ഒഴക്കോ വല്ലുനത്തിയാലു് എങ്ങനാ കൂടിക്കാൻ തോന്നുന്നു?"

ആ കൂട്ടത്തിൽ സച്ചരിത്രയുള്ള ഭാരതിക്കുട്ടി പറഞ്ഞു:

"കണ്ടെങ്കിലു്, മനസാണ്ടെങ്കിലു് കൊടുക്കണം"

പാച്ചുപിള്ളയോടു 'വയ്യ' എന്നു തീർത്തുപറഞ്ഞെങ്കിലും മാധവി ഒരു തീരുമാനമെടുത്തിരുന്നില്ല. അവളുടെ മനസ്സു് അസ്വസ്ഥമായിരുന്നു

എന്നെന്നും ഭാരതിക്കുട്ടി അവൾക്കു ഒരു അക്കനായിരുന്നു. ഒന്നും മിണ്ടാത്തപ്പോൾ പലപ്പോഴും രണ്ടണ അവൾ കൊടുത്തിട്ടുണ്ടു്. കുഞ്ഞിനു ദണ്ഡംവന്നപ്പോൾ ഭാരതിക്കുട്ടിയാണു അതിനെയുമെടുത്തു് ഉറക്കമിളച്ചിരുന്നതു്. മാധവി ഭാരതിക്കുട്ടിയോടു എല്ലാം പറഞ്ഞു. കേട്ടിരുന്നിട്ടു് ഭാരതിക്കുട്ടി ചോദിച്ചു:

'അതാരെടീ?"

'എന്നെ ഒരുപാടു സ്നേഹിച്ചിരുന്നവൻ. ഒരു താഴ്ന്ന ജാതിക്കാരൻ. കല്യാണം കഴിക്കാനൊക്കാത്ത അളിയൻ പോയി അതളിയനാണെന്നാ തോന്നുന്നതു"

സച്ചരിത്രം കഴിഞ്ഞു മാധവി തുടർന്നു:

"എന്നെ പരീക്ഷിക്കാൻ വേഷം മാറിവന്നതായിരിക്കും എന്നോടു ഒരുപാടു വർത്തമാനം പറഞ്ഞു. എല്ലാം ഞാൻ പണ്ടു കേട്ടിട്ടുള്ളതുപോലെ തോന്നി അവനു്, എനിക്കു് എപ്പഴും അങ്ങിനെ തോന്നികിടക്കാൻ തോന്നി,"

ഭഗവതിക്കുട്ടിക്ക മാധവിയുടെ കാമുകൻ വേഷംമാറി തിരിച്ചുവന്നതായിരിക്കുമെന്നു പറഞ്ഞതു് അതു വിശ്വാസമായില്ല. പക്ഷേ അവളുടെ അനുഭവങ്ങളെക്കുറിച്ചു പറഞ്ഞതു്—അതു ശരിയായിരിക്കും. ഭഗവതിക്കുട്ടിയുടേയും മരവിച്ചുപോയ മാസം തരതരത്തിയിട്ടുള്ള സമയങ്ങളുണ്ടു്.

മാധവി വീണ്ടും തുടർന്നു:

"എന്നോടു ദയയായിട്ടു്, അമ്മയായിട്ടു വത്സലമായി പറഞ്ഞു. അക്കാ, നമ്മുടെ ഈ തൊഴിലു് പീഡനയാണു് അല്ലേ?

ഭഗവതിക്കുട്ടി അതു സമ്മതിച്ചു

"കുടുംബങ്ങളെ നമ്മളു നശിപ്പിക്കുകയല്ലേ?"

"അതെ, അനിയത്തീ"

"രണ്ടുങ്ങടെ കലഹത്തിനു നമ്മളു് അപമാനമാണു്. നമുക്കു അവരോടെങ്കിലും ഇഷ്ടമുണ്ടോ? ആർക്കെങ്കിലും നമ്മളോടു് ഇഷ്ടമുണ്ടോ?"

മാധവി വാചാലയായി:

"ഈ ആണുങ്ങളെ പേക്കൂത്തുകാണുമ്പം ചിരിവരും, അവമ്മാരു് നമ്മളെ നൊമ്പരപ്പെടുത്തുമ്പം സഹിക്കണം. നമുക്കു് ഇഷ്ടമാണോ എന്നു നോട്ടമില്ല. നമുക്കു നാണമേ പാടില്ല എന്നിട്ടും കള്ളനോട്ടം കള്ളത്തുട്ടും തന്നു കാര്യം കണ്ടിട്ടു പോകും. എനിക്കു വയ്യക്കാ ഈ തൊഴിലു്"

ഭഗവതിക്കുട്ടിയുടെ മുണ്ടകം ഒരു മന്ദഹാസം കൊണ്ടു വിടർന്നു.

മാധവി വികാരാധീനയായി തുടർന്നു "ഞാൻ എല്ലാം പറഞ്ഞു. എനിക്കു ഒരു മടിയും തോന്നിയില്ല. എല്ലാം കേട്ടുകൊണ്ടിരുന്ന മറ്റാരാളുടെ എനിക്കു പറയാനുള്ളതു്? എന്റെ പാപങ്ങളെക്കുറിച്ചു എണ്ണിയെണ്ണിപ്പറഞ്ഞു എന്നെ ബോദ്ധ്യപ്പെടുത്തി. മറ്റൊരുത്തൻ പറഞ്ഞിട്ടില്ല. അക്കാ, തിരിഞ്ഞുകിടക്കാൻ ഞാൻ പറഞ്ഞു മറ്റൊരുത്തനോടു ഞാൻ പറഞ്ഞിട്ടില്ല"

ഭഗവതിക്കുട്ടി നിശ്ശബ്ദത ഭഞ്ജിച്ചു:

അനുജത്തീ, എല്ലാവരുടേയും കാര്യങ്ങൾ ഇങ്ങനെയൊക്കെയാ ആയിരിക്കും ഇങ്ങിനെ കഴിയാൻ നിവൃത്തിയുണ്ടാവരുതു. ഒരുത്തന്റെ കൂടെ വീടാതെയിങ്ങനായിരുന്നു അഗ്രഹം. ഒരു ഭർത്താവോ ഇഷ്ടക്കാരനോ എല്ലാർക്കും മുണ്ടായിരുന്നു നമുക്കു ചെല്ലുമ്പോഴൊക്കെ അവരുടെകൂടെ കഴിയുന്നതുപോലെ തോന്നിപ്പോകും. അതൊരു സ്വപ്നമാകുമ്പോൾ!'

ഭഗവതിക്കുട്ടി അവളുടെ ജീവിതത്തിലെ സമാനമായ അനുഭവങ്ങളും വിവരിച്ചു.

മാധവി പറഞ്ഞു:

'അക്കാ, ഞാൻ സത്യം ചെയ്യട്ടെ'

"നീ എങ്ങനെ കഴിയും കുഞ്ഞേ? ഈ കൊച്ചിനെ എങ്ങനെ വളർത്തും? ചാകും വരെ വളർത്തണ്ടേ? ഇങ്ങനൊള്ള കൊച്ചുങ്ങളു് ചാകാൻ മനസ്സുവരുമോ എന്നാലും വളർത്തണ്ടേ?"

അന്നു് ആ വിഭ്രമത്തിനിടയിൽ ആ പ്രധാനപ്പെട്ട ചോദ്യം ചോദിച്ചില്ല.

"എങ്ങിനെ ജീവിക്കും?"

ഭഗവതിക്കുട്ടി ചോദിച്ചു

"അതു ഇഷ്ടമുള്ള ആളാരെന്നെങ്കിലും നിന്നെ അങ്ങുകൊണ്ടുപോയ്ക്കോളാൻ പറയാരുന്നല്ലോ"

"എന്നെ രക്ഷിക്കണമെന്നു് ഞാൻ പറഞ്ഞക്കാ."

"എന്നിട്ടു്?"

"ഒന്നും പറഞ്ഞില്ല"

ഭഗവതിക്കുട്ടി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

"കായ്ക്കും കണ്ടിട്ടു് അയാളുപോയി.'

"ഇല്ലക്കാ. കായ്ക്കും കണ്ടില്ല"

"ചെലക്കു് അതുമൊക്കെമതി'

മാധവിക്കു വിശ്വാസമായില്ല. ആ പുരുഷൻ ഭഗവതിക്കുട്ടി പറയുംപോലെ ഒരുത്തനല്ല.

III

അതവളുടെ കാമുകനല്ലായിരിക്കാം. അതെല്ലാം ഒരു സ്വപ്നമായിരിക്കാം. എന്നാലും അവളെക്കൊണ്ടു് എല്ലാം പറയിച്ചു, അവളുടെ രക്തത്തെ തരതരപ്പിച്ചു, അവളെക്കൊണ്ടു സത്യംചെയ്യിച്ച ആ പുരുഷൻ ആരായിരിക്കും?

രാത്രിയിൽ കാത്തോത്തുകിടന്നു് അവൾ മയങ്ങും. പെട്ടെന്നു് ഓർത്തിരുന്നതിനു ഉത്തരം കിട്ടിയെന്നപോലെ നടുങ്ങിയുണരും. അതിനുത്തരമെന്നപോലെ ഭ്രമർമ്മത്തിൽ ഒരിരമ്പൽ കേൾക്കുന്നു. തറയ്ക്കു താഴെ പൂഴിക്കടിയിൽ നരയ്ക്കുകയാണു്.

ആ പുരുഷനെ ഇനിയും കാണാനൊക്കുമോ? ഒത്തിരുത്തി പിച്ചവച്ചിട്ടുമായി എത്രനാൾ എവിടെയെല്ലാം നടക്കണം? ഇനിയുമൊരാൾ 'നീ എന്നെ സ്നേഹിക്കുന്നുണ്ടോ' എന്നു ചോദിച്ചാൽ ഉണ്ടു് എന്നു് ക്ഷണം ഉത്തരം പറയും. ഈ തൊഴിലുനിർത്തണമെന്നു പറഞ്ഞാൽ, "ഞാൻ എങ്ങിനെ ജീവിക്കണം" എന്നു ചോദിക്കും അവർക്കു് ഈ തൊഴിൽ വയ്യ.

ഇനിയും ആ പുരുഷനെ കണ്ടുമുട്ടുമെന്നു് എന്തുകൊണ്ടോ എന്തോ അവൾക്കു ഒരു ബോദ്ധ്യമുണ്ടു്. ഒരു രാത്രിയിൽ കണ്ടുമുട്ടും. അന്നു് അവൾ മുഖംകാണും; ആരെന്നുചോദിച്ചറിയും. കാലിൽനിന്നും പിടിവിട്ടുകയില്ല. ഇന്നു മുതൽ അന്നുവരെയുള്ള ചരിത്രം മുഴുവൻ താനെപറയും. അവളുടെ അഭിലാഷങ്ങളെല്ലാം അറിയിക്കും.

കഷ്ടം! ഒരവസരം നഷ്ടപ്പെട്ടു. ഇനിയും അതിനെ ശ്രദ്ധാപൂർവം നോക്കിയിരിക്കണം. രോമംനിറഞ്ഞ ആ മാറിൽ ശിരസ്സുചേർത്തു് ആശ്വസിച്ചു് അങ്ങിനെ അവൾ കിടക്കും.

ഭഗവതിക്കുട്ടി അക്കൻ പറയുന്നതുപോലെ ഇതെല്ലാം ഒരു തോന്നലാണെങ്കിലും, ഒരു സ്വപ്നമാണെങ്കിലും ഇനിയും ദയയുള്ള ഒരു പുരുഷനെ കണ്ടുകിട്ടുമെന്നുവരുമോ? അതു അവളുടെ കാമുകനായിരിക്കണ്ട. ആ പുരുഷനും ആയിരിക്കണ്ട. ആരുതന്നെ ആയാലും ദയയുടെ ലോലഭാവം കണ്ടാൽ അവിടെ അവൾ ഒട്ടിച്ചേരും.

അവളുടെ കാമുകനുവേണ്ടി, അന്നു കണ്ടുമുട്ടിയ ആ പുരുഷനുവേണ്ടി, ദയയുള്ള ഒരു പുരുഷനെ കണ്ടെത്താൻവേണ്ടി അവൾ അന്വേഷിക്കുകയാണു്.

വീണ്ടും പാച്ചുപിള്ളയെതന്നെ മാധവിക്കു ശരണം പ്രാപിക്കേണ്ടിവന്നു. മൂന്നുദിവസമായി പട്ടിണിയാണു്. എങ്ങിനെ ജീവിക്കണം? ഭഗവതിക്കുട്ടി പറഞ്ഞപോലെ മരിക്കുംവരെ കുഞ്ഞിനെ വളർത്തേണ്ടേ? പാച്ചുപിള്ളയെ മനസ്സിലാക്കാൻ അവളുടെ മനസ്സനുവദിക്കുന്നുമില്ല. എങ്കിലും നിവർത്തിയുമില്ല.

അങ്ങിനെ അധികനാൾ അയാളെ ആശ്രയിച്ചുകഴിയാൻ അവൾ നിശ്ചയിച്ചിട്ടില്ല ഒരാളിനെ അവൾ കണ്ടുമുട്ടും അങ്ങിനെ അവൾ രക്ഷപ്പെടും എന്നെല്ലാം അചഞ്ചലമായങ്ങനെ അവൾ സഹിച്ചിരിക്കുന്നു?

തല്ക്കാലത്തേയ്ക്കു അതും സഹിക്കുവാൻ അവസാനം മാധവി തീർച്ചപ്പെടുത്തി.

പാച്ചുപിള്ള മുഖത്തുനോക്കിതന്നെ പറഞ്ഞു, അവൾ തിരിച്ചുചെല്ലുമെന്നു അയാൾക്കറിയാമെന്നു്.

"എനിക്കു് നീ പോയപ്പോൾ ഒരൊന്നാന്തരം ചരക്കിനെ കിട്ടി. ഇപ്പോൾ അവശ്യമില്ലാതാ ഇരിക്കുന്നു"

മാധവി ഒരു കൊഞ്ചലോടെ പറഞ്ഞു:

'അണ്ണൻ ഇങ്ങനെ പെണങ്ങിയാലോ? ഞങ്ങക്ക ഇങ്ങനൊക്കെ ചെല തലതിരിച്ചിലുവരും."

പാച്ചുപിള്ള ഒന്നു മൂളി ഉറപ്പിച്ചു. എന്നിട്ടു പറഞ്ഞു.

"ഉം. ശ്രമിക്കാം. പക്ഷേ ഒരു കായ്യമുണ്ടു്. പഴയ റേറു് എനിക്കു കിട്ടിയാൽപോര"

"പിന്നെന്തു വേണം?"

"പഴയതിന്റെ പകുതിക്കുടെ കിട്ടണം"

മാധവി സ്തംഭിച്ചുപോയി.

"പിന്നെനിക്ക എന്തു മിച്ചം കാണുമണ്ണാ? കൊച്ചിനെ കൊടുക്കുന്നവക്കം കൊടുത്തുകഴിഞ്ഞാലു് ഒന്നും മിച്ചം കാണുകില്ല"

പാച്ചുപിള്ള നിർവ്വികാരനായിരുന്നു

"എന്തുചെയ്യാം? സമ്മതമുണ്ടെങ്കിൽ മതി"

മാധവിക്കു സമ്മതിക്കാതെ നിവൃത്തിയാഹമില്ല. അവൾ പല്ലുകടിച്ചു് അമർഷം അടക്കി. 'അധികനാളും ഈ ആദായം എടുക്കാൻ സമ്മതിക്കയില്ല' എന്നവൾ മനസാ പറഞ്ഞു.

അന്നു വയ്യാതിരുന്നിട്ടുകൂടി തന്നെ പാച്ചുപിള്ള ഏല്പിച്ചുചെയ്ത അപ്പോൾ വേറൊരു കഴപ്പും. പതിവായി അവളുടെ കുഞ്ഞിനെ നോക്കിക്കൊണ്ടിരുന്ന പാച്ചുപിള്ളയുടെ മാറ്റിയ്ക്കു കുഞ്ഞിനെ നോക്കാൻ സമ്മതമില്ല അല്ലെങ്കിൽ അരരൂപകൂടി കൂടുതൽ കിട്ടണം. മാധവി പറഞ്ഞു:

"ഇന്നു കുഞ്ഞിനു ദീനമില്ലല്ലോ അക്കാ'

"എനിക്കെന്തെങ്കിലും കിട്ടണം."

ആ സ്ത്രീ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറില്ല. ഒടുവിൽ അതും മാധവി സമ്മതിച്ചു.

അവൾ പാച്ചുപിള്ളയുടെ പിന്നാലെ തിരിച്ചു.

മൂക്കും വായും ഒന്നായി ഒത്തിരുത്തി നടക്കുമ്പോൾ ചട്ടിയിൽ ഒരു രൂപ വീഴുന്നതുകണ്ടു, ആളിനെ കണ്ടുപിടിക്കാനല്ല. അങ്ങിനെയല്ലാതെതന്നെ അവൾ ആ പുരുഷനെ കണ്ടെത്തും. അവൾ പ്രാർത്ഥിച്ചു,

(ശേഷം 22-ാംപേജിൽ)

സോവിയറ്റ് സാഹിത്യം

★

★ എം. കെ. കുമാരൻ ★

ഈ ലോകത്തിൽ കാന്തിയും, മൂല്യവും, മഹത്വവുമുള്ള സകലതിനെയും രൂപപ്പെടുത്തുന്ന മനുഷ്യപ്രയത്നത്തിന്റെ വിപുലമായ പ്രാധാന്യത്തെ റഷ്യൻ സാഹിത്യത്തിൽ ഇരുപ്രധാനമായി മനസ്സിലാക്കിയെന്നുള്ളതാണ് ഗോർക്കിയെ ശോക്കിയാക്കിയതെന്നും, താനൊരു സാഹിത്യവിമർശകനായിരിക്കുകയും, മാക്സിം ഗോർക്കിയെപ്പറ്റി ഒരു പുസ്തകമെഴുതുകയും ചെയ്തിരുന്നെങ്കിൽ അതിൽ ഈ വസ്തുതയ്ക്കു മാത്രമായിരുന്നെന്നും ശോക്കിതന്നെ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. ശോക്കിയെ സംബന്ധിച്ചിടത്തോളം ഏറ്റവും അത്ഥവത്തായ ഒരു പ്രസ്താവനയാണിതു്. മനുഷ്യപ്രയത്നത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു് ഇതു സുന്ദരമായി പ്രതിപാദിച്ചിട്ടുള്ള വേറൊരു സാഹിത്യകാരനെ കാണുക പ്രയാസമാണ് ശോക്കിയുടെ കൃതികളിലെ പ്രധാന വിഷയം മനുഷ്യന്റെ അദ്ധ്വാനശക്തിയായിരുന്നു. മാനസികവും, കായികവുമായ അദ്ധ്വാനങ്ങളെ വേർതിരിച്ചു് മതിൽ കെട്ടി പരസ്പരം ബന്ധപ്പെട്ട ക്രൂരത അറകളിലാക്കി നിറുത്തിയിരുന്ന ഒരു സമുദായത്തിലാണ് ശോക്കി ജനിച്ചു വളർന്നതു്. ഒരു കലാകാരൻ മാനസികമായി അദ്ധ്വാനിക്കുന്നവനും, തൊഴിലാളി കായികമായി അദ്ധ്വാനിക്കുന്നവനുമാണല്ലോ. ഗോർക്കി ജനിച്ച റഷ്യയിൽ കലാകാരനും തൊഴിലാളിയും രണ്ടു വിഭിന്ന ലോകങ്ങളിലാണ് ജീവിച്ചിരുന്നതു്. എന്നാൽ ഗോർക്കിയാകട്ടെ, കായികാദ്ധ്വാനം ചെയ്യുന്ന പാവപ്പെട്ട അടിമകളുടെയിടയിൽ പിറന്നു് അവരോടൊത്തു വളർന്നു് കായികവും മാനസികവുമായ അദ്ധ്വാനം ചെയ്തു് ജീവിതത്തിൽ നിലയുറപ്പിച്ച ഒരാളായിരുന്നു ഈ ലോകത്തെയും മനുഷ്യനെത്തന്നെയും വിപ്ലവകരമായി പരിവർത്തനം ചെയ്യുവാനുള്ള ശക്തി കായികാദ്ധ്വാനത്തിനുണ്ടെന്നും, മനുഷ്യനെ മൃഗപദവിയിൽനിന്നും ഉയർത്തി യഥാർത്ഥത്തിൽ മനുഷ്യനാക്കിയതുതന്നെ അദ്ധ്വാനമാണെന്നുമുള്ള മാർക്സിന്റെയും എംഗൽസിന്റെയും സിദ്ധാന്തം ശോക്കിക്കു പ്രേരണനൽകി. ഈ പ്രേരണയുടെഫലം ഗോർക്കിയുടെ കൃതികളിൽ ഉടനീളം തെളിഞ്ഞു കാണാം.

ഗോർക്കിയുടെ കുൽനഖേന്ദ്രമരീചികളാണ് കാവ്യാദ്ധ്വാവിൽ സഞ്ചരിക്കുന്ന സോവിയറ്റുകലാകാരന്മാർക്ക് വഴികാട്ടിക്കൊണ്ടിരിക്കുന്നതു്. അദ്ദേഹത്തിന്റെ വ്യക്തിത്വം ഉപദേശവും അംഗീകരിച്ചു വളർന്നവരുടെ ഒരു തലമുറയായാണ്, വിപ്ലവത്തിനുശേഷമുള്ള റഷ്യൻ സാഹിത്യത്തെ പുരോഗമിപ്പിച്ചതു്. ഇന്നും ആ പാരമ്പര്യം തുടർന്നുകൊണ്ടിരിക്കുകയാണ്. സോവിയറ്റ് സാഹിത്യകാരന്മാരുടെ കൃതികളിൽ മനുഷ്യപ്രയത്നത്തിന് അതിപ്രധാനമായ സ്ഥാനം നൽകപ്പെട്ടുന്നുണ്ട്. മാനുഷികമൂല്യങ്ങളെ അങ്ങേയറ്റം ബഹുമാനിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയും, ശോഭയും സൗഭാഗ്യവുമുള്ള ഒരു പുതിയ സംസ്കാരവും സോവിയറ്റുയൂണിയനിൽ കെട്ടിപ്പടുത്തുകൊണ്ടിരിക്കുകയാണ്. സോവിയറ്റുജനത നേടിയിട്ടുള്ള ഈ മഹത്തരങ്ങളായ നേട്ടങ്ങളുടെ നിദാനം അവരുടെ വിമോചിതമായ പ്രയത്നശക്തിയാണെന്ന് അവിടത്തെ സാഹിത്യകാരന്മാർ തികച്ചും മനസ്സിലാക്കുന്നുണ്ട്. അതുകൊണ്ടു തന്നെയാണ് ഒരു വാഴ്ത്തുകയും, രാഷ്ട്രനിർമ്മാണ പരിപാടികളിലേർപ്പെട്ടിരിക്കുന്ന സോഷ്യലിസ്റ്റ് പൗരന്മാരുടെ അദ്ധ്വാനങ്ങളെ കവിതാമയമായി ചിത്രീകരിക്കുകയും, അങ്ങനെ സാമൂഹ്യപ്രയത്നത്തിൽ ഉത്തേജനം നൽകുകയുമാണ് സോവിയറ്റു നാട്ടിലെ സാമൂഹ്യബോധമുള്ള കലാകാരന്മാർ ചെയ്തുകൊണ്ടിരിക്കുന്നതു്.

റഷ്യൻ സാഹിത്യകൃതികളിലും സിനിമാചിത്രങ്ങളിലും മാനുഷിക മൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നില്ലെന്നും, രാഷ്ട്രനിർമ്മാണസംരംഭങ്ങളെപ്പറ്റിയുള്ള വെറും പ്രചരണങ്ങളാണവയെന്നും, ഫ്രൂട്ടുകൃഷി സ്ഥലങ്ങളിലും മറ്റും ക്രൂരതൽപണിയെടുക്കുന്ന "വീര"ന്മാരെയാണ് അവിടത്തെ ചെണ്ണങ്ങാം പ്രേമിക്കുന്നതായി ചിത്രീകരിക്കപ്പെടുന്നതെന്നും മറ്റും ചില ആരോപണങ്ങൾ, ഗ്രാമഫോൺ റിക്കാർഡുകളിൽനിന്നെന്നപോലെ, നാം കേൾക്കാറുണ്ടല്ലോ. ഇപ്പൻനായരുടെ ലേഖനത്തിലും ഇങ്ങനെ ചില ആരോപണങ്ങളാണെന്നു തോന്നുന്നു. ഒരു പ്രത്യേകതരത്തിലുള്ള ജീവിതവീക്ഷണഗതിയുടെ സന്താനങ്ങളാണ് ഈ ആരോപണങ്ങളെന്നു അല്പം ആലോചിച്ചാൽ നമുക്കു മനസ്സിലാകുന്നതാണ്. സോവിയറ്റ് സാഹിത്യകൃതികളിലും, സിനിമാകളിലും മറ്റും മനുഷ്യപ്രയത്നത്തിന്റെ മാഹാത്മ്യത്തെ വർണ്ണിക്കാറുണ്ടെന്നു് ഞാൻ പറഞ്ഞുവല്ലോ. അങ്ങിനെ വർണ്ണിക്കുന്നതു തെറ്റാണെന്നും അതു് മാനുഷികമൂല്യങ്ങളെ നിഷേധിക്കലാണെന്നും അതുകൊണ്ട് സോവിയറ്റുസാഹിത്യകൃതികളും സിനിമാകളും ഫ്ലോപ്പുകളും വിരസങ്ങളുമാണെന്നതൊക്കെയാണ് ഇപ്പൻനായരുടെയും കൂട്ടരുടെയും അഭിപ്രായം. സോവിയറ്റു കൃതികളും വായിച്ചിട്ടുള്ളവർക്കാണോ വായിച്ചിട്ടില്ലാത്തവർക്കാണോ, സോവിയറ്റുസിനിമാകളും കണ്ടിട്ടുള്ളവർക്കാണോ കണ്ടിട്ടില്ലാത്തവർക്കാണോ ഇക്കൂട്ടരിൽ ഭൂരിപക്ഷമെന്നു പറയുക സാദ്ധ്യമല്ല. ഏതായാലും മൊത്തത്തിൽ ഇക്കൂട്ടരെ പ്രതിനിധീകരിച്ചുകൊണ്ടാണ് ഇപ്പൻനായർ കുമുദിയിൽ ലേഖനമെഴുതിയതെന്നു തോന്നുന്നു.

ഇപ്പൻനായരുടെ അഭിപ്രായത്തിൽ അദ്ദേഹം കണ്ടിട്ടുള്ള കലാമൂല്യമുള്ള ഏക സോവിയറ്റു ചലച്ചിത്രം "ശിലാകുസുമ"മാണ്. മറ്റുള്ളവയെല്ലാം ട്രാക്ടറുകളെക്കൊണ്ടും, ഫ്രാക്ടറികളെക്കൊണ്ടും, കൃഷിത്തോട്ടങ്ങളെക്കൊണ്ടും മറ്റും അലങ്കോലപ്പെടുത്തി കലാമൂല്യമില്ലാതായിത്തീർന്ന പരുക്കൻ പടങ്ങളാണ്. അതായതു് സോവിയറ്റുയൂണിയനിലെ സാമൂഹ്യജീവിതത്തിന്റെ സത്യസന്ധമായ ചിത്രീകരണം ഇപ്പൻനായർക്കു മറ്റും അസ്വാദ്യമല്ല. "ശിലാകുസുമ"ത്തെപ്പോലെയുള്ള യക്ഷികഥകളാണെങ്കിൽ അവർ പൊതുത്തു് ആസ്വദിക്കുകയും ചെയ്യും. മുമ്പു ഞാൻ സൂചിപ്പിച്ചതുപോലെ ഇപ്പൻനായരുടെയും കൂട്ടരുടെയും ജീവിതവീക്ഷണഗതിയാണ് ഈ ഇഷ്ടാനിഷ്ടങ്ങളുടെ പുറകിലുള്ളതു്.

കായികവും മാനസികവുമായ പ്രയത്നങ്ങളെ അന്യോന്യം ബന്ധപ്പെടുത്താതെ അകറ്റി നിർത്തിയിരിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയാണ് നമുക്കിപ്പോഴുള്ളതു്. ഇവിടത്തെ മിക്ക കലാകാരന്മാരും ബുദ്ധിജീവികളും കായികാദ്ധ്വാനത്തെ ഒരു വിധം അനുകമ്പയോടെ നോക്കിക്കൊണ്ടു് സമുദായത്തിന്റെ ഉയർന്ന മണ്ഡലങ്ങളിൽ നിൽക്കുന്നവരാണ്. ഗോർക്കിയെപ്പോലെയും സോവിയറ്റു സാഹിത്യകാരന്മാരെപ്പോലെയും, കായികാദ്ധ്വാനം ചെയ്യുന്നവരുടെ മദ്ധ്യത്തു നിന്നുകൊണ്ടു് അവരുടെ കർമ്മങ്ങളിൽ സഹകരിച്ചുകൊണ്ടു്, സമുദായത്തിന്റെ ഭൗതികവും സാംസ്കാരികവുമായ പുരോഗതിക്കുവേണ്ടി


യുള്ള പോരാട്ടത്തിൽ കായികാഭ്യാസം വഹിക്കുന്ന സർവപ്രധാനമായ പങ്കിനെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തുകൊണ്ട് കലാസൃഷ്ടിനടത്തുന്ന സാഹിത്യകാരന്മാർ നമ്മുടെ നാട്ടിലുണ്ടെങ്കിലും, ഹൃച്ചൻനായരും സുഹൃത്തുക്കളും "അശ്ലീല"മായ ആ ചേരിയിലില്ലല്ലോ. മനുഷ്യന്റെ പ്രയത്നത്തിനു വേണ്ടിടത്തോളം വിലകല്പിക്കുന്നവരല്ല നമ്മുടെ ബുദ്ധിജീവികളെങ്കിലും സമ്മതിച്ചേ തീരൂ നമ്മുടെ രാജ്യത്തു സാഹിത്യകൃതികളിൽ മനുഷ്യപ്രയത്നത്തെ വാഴ്ത്തുക ദുർല്ലഭമാണ്. സോഷ്യലിസ്റ്റ് ചിന്താഗതിയുള്ള കലാകാരന്മാർപോലും കായികപ്രയത്നത്തിന്റെ മഹത്വം ശരിക്കു മനസ്സിലാക്കുന്നവരല്ലെന്നു തോന്നിപ്പോകുന്നു. ജീവിതം സുഖകരമാക്കുന്നതിനുവേണ്ടി മനുഷ്യൻ നടത്തുന്ന ഉല്പാദനശ്രമങ്ങളാണ് അവന്റെ നാനാമുഖമായ പുരോഗതിയുടെയും അടിസ്ഥാനമെന്നും, ഉല്പാദനരീതിയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റമനുസരിച്ച് സാമൂഹ്യജീവിതവും മാറിക്കൊണ്ടിരിക്കുമെന്നും മറ്റുമുള്ള തത്ത്വങ്ങൾ മാർക്സിസ്റ്റുകളെന്നഭിമാനിക്കുന്ന ചില എഴുത്തുകാർക്കുപോലും ശരിക്കു മനസ്സിലായിട്ടുണ്ടോ എന്നു സംശയമാണ്. മനുഷ്യൻ പ്രകൃതിക്കെതിരായി നടത്തുന്ന സമരത്തെയും സാമൂഹ്യജീവിതത്തെയും ചിത്രീകരിക്കുന്നു എന്ന കാരണത്താൽ റഷ്യൻ സാഹിത്യകൃതികളും റഷ്യൻ സിനിമകളും മൂഷിഷ്പ്പനായിട്ടുണ്ടെന്നും മാനുഷിക മൂല്യങ്ങളെ അവഗണിക്കുന്നവരാണ് റഷ്യൻ കലാകാരന്മാരെന്നും മറ്റും ഹൃച്ചൻനായരെപ്പോലുള്ളവർ അഭിപ്രായപ്പെടുന്നതു മനസ്സിലാക്കാം. എന്നാൽ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരെന്നു വകാശപ്പെടുന്ന ചില പുരോഗമന സാഹിത്യകാരന്മാർക്കുടി ചേരുപ്പോൾ ഈ ആരോപണങ്ങളുടെ പല്ലുവി ഏറുപാട്ടുന്നതു കേൾക്കുമ്പോൾ അത്ഭുതപ്പെടാതിരക്കാൻ നിർവ്വാഹമില്ല. മനുഷ്യന്റെ ഭൗതിക ജീവിതവുമായി ബന്ധമില്ലാത്ത, ബന്ധപ്പെടുത്തിക്കൂടാത്ത ചില "ശാശ്വതമൂല്യ"ങ്ങളിൽ വിശ്വസിക്കുന്നവരാണ് ഹൃച്ചൻനായരും മറ്റും. ഈ "ശാശ്വതമൂല്യ"ങ്ങളെ, അല്ലെങ്കിൽ "മാനുഷിക മൂല്യ"ങ്ങളെ കലയുടെ പളുങ്കുപാത്രങ്ങളിൽ നിറച്ചുകൊടുത്തതുകൊണ്ടുമാത്രമേ അവർ അസ്വദിക്കുകയുള്ളു സാമൂഹ്യജീവിതത്തിന്റെ മണ്ണും ചൊടിയും പുരളാതെ ആ പാനപാത്രവും പാനീയവും അവർക്കു കിട്ടണമെന്നു നിർബന്ധമാണ്. "കല കലയ്ക്കുവേണ്ടി" എന്നു വാദിച്ചിരുന്ന പൂർവ്വികന്മാരുടെ ഇന്നത്തെ അവകാശികളാണ് ഈ "ശാശ്വതമൂല്യ"ങ്ങളുടെ പേരിൽ കോലാഹലം കൂട്ടുന്നതു്.

സോവിയറ്റുകലാകാരന്മാർ വാസ്തവത്തിൽ മാനുഷികമൂല്യങ്ങളെ അവഗണിക്കുന്നു എന്നുള്ളതല്ല കുഴപ്പം. ഞാൻ ഈ പംക്തികളിൽ അവതരിപ്പിച്ച രണ്ടു സോവിയറ്റു നോവലുകളും വായിച്ചുനോക്കുന്ന ഏതൊരു സഹൃദയനും, ആ ഉൽകൃഷ്ടകൃതികളുടെ സൃഷ്ടാക്കൾ മാനുഷികമൂല്യങ്ങളെ എത്രമാത്രം ആദരിക്കുന്നുണ്ടെന്നു മനസ്സിലാകുന്നതാണ്. ഹൃച്ചൻനായർ ഇതു സമ്മതിക്കുകയില്ലായിരിക്കാം. മാനുഷികമൂല്യങ്ങളെന്നു പറയുമ്പോൾ അദ്ദേഹം അർത്ഥമാക്കുന്നതു് ലക്കും ലഗാനുമില്ലാത്ത സ്ത്രീപുരുഷബന്ധങ്ങളെയാണ്. ഒരു സോഷ്യലിസ്റ്റ് സമുദായത്തിൽ അത്തരം ബന്ധങ്ങൾക്കു സ്ഥാനമില്ലെന്നും, അതുകൊണ്ടാണ് സോവിയറ്റു കലാസൃഷ്ടികളിൽ ഡോസ്റ്റയ്സ്കിയുടെയും, ഡി. എച്ച്. ലാറൻസിന്റെയും മറ്റും കൃതികളിൽ കാണുന്നമാതിരിയുള്ള സ്ത്രീ പുരുഷബന്ധങ്ങളുടെ ചിത്രീകരണം കാണാത്തതെന്നും ഓർക്കേണ്ടതുണ്ട്. മനുഷ്യന്റെ ജീവിതത്തിൽ സുപ്രധാനമായ സംഗതി ലൈംഗികാഭിനിവേശമാണെന്നുള്ള സിദ്ധാന്തത്തെ അംഗീകരിക്കുന്നവരല്ല സോവിയറ്റു സാഹിത്യകാരന്മാർ. ഭൗതികജീവിതത്തെ സുഖപ്രദമാക്കുന്നതിനുള്ള പ്രയത്നത്തിനാണ് സോവിയറ്റു് ജനതയും, അവരുടെ സാഹിത്യകാരന്മാരും പ്രാധാന്യം കൊടുക്കുന്നതു്. ലൈംഗികബന്ധം ജീവിതത്തിന്റെ ഒരു ഘടകം മാത്രമാണെന്നേ അവർ കരുതുന്നുള്ളു. രാഷ്ട്രനിർമ്മാണപരിപാടികളിൽ സോവിയറ്റു പുരുഷനും സോവിയറ്റു സ്ത്രീയും ഒരുപോലെ പ്രവർത്തിക്കുന്നുണ്ട്. പുരുഷന്റെ കാമാസക്തി ശമിപ്പിക്കുവാനുള്ള ഒരു സുന്ദരവസ്തുവായി സൃഷ്ടിക്കപ്പെട്ടവളല്ല അവിടത്തെ സ്ത്രീ. ജീവിതത്തിലെ സർവ്വപ്രധാനമായ അദ്ധ്യാനത്തിനാണ് സോവിയറ്റു സാഹിത്യകാരന്മാർ മുൻഗണന കൊടുക്കുന്നതു്. അതിനു വിധേയമായിട്ടുമാത്രമേ അവർ സ്ത്രീ പുരുഷബന്ധമെന്ന പ്രമേയത്തെ കൈകാര്യം ചെയ്യുന്നുള്ളു. ലാറൻസിന്റെയും മറ്റും നോവലുകൾ വായിച്ചാൽ ലൈംഗികബന്ധങ്ങളിലപ്പുറത്തൊരു മനുഷ്യജീവിതമില്ലെന്നു നമുക്കു തോന്നും. ഫാക്ടറിയിലും, വയലിലും, ആഫീസിലും മറ്റും ജോലിചെയ്യുന്ന സ്ത്രീപുരുഷന്മാരെയെല്ലാ ബൂർഷ്വാ സാഹിത്യകാരന്മാരുടെ കൃതികളിൽ നാം കാണുന്നതു്. പ്രേമിക്കുന്നവരേയും പ്രേമവഞ്ചനനടത്തുന്നവരെയും, കാമമോഹം ശമിക്കാത്ത അസാധാരണ ജീവികളെയും മാത്രമേ അവിടെക്കാണുകയുള്ളു. നേരേ മറിച്ചു് സോവിയറ്റു സാഹിത്യകൃതികളിൽ നാം കാണുന്ന സ്ത്രീപുരുഷന്മാർ എന്തെങ്കിലും ജോലിചെയ്തു ജീവിക്കുന്നവരാണ്. അവർ പ്രണയിക്കുകയും, പ്രണയബന്ധങ്ങളിൽ നിന്നു തെറ്റുകയും, ലൈംഗികജീവിതത്തിനു് അതർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ ഒരിക്കലും ലൈംഗികജീവികളായി അവരെ നാം കാണുന്നില്ല ഇതു്. മാനുഷികമൂല്യങ്ങളെ അവഗണിക്കലാകുമെങ്കിൽ, ആ കുറ്റം സോവിയറ്റു ജനതയും, അവരുടെ കലാകാരന്മാരും ഏൽക്കുകയേ നിവൃത്തിയുള്ളു.

സോവിയറ്റുജനതയുടെ സാംസ്കാരികവും ആത്മീയവുമായ ജീവിതത്തിന്റെ അടിത്തറ അവരുടെ ഭൗതികജീവിതമാണെന്നും, ഭൗതികജീവിതം സുഖസമൃദ്ധമാക്കുന്നതിനുവേണ്ടി അവർ ചെയ്യുന്ന പ്രയത്നമാണ് അവരുടെ സംസ്കാരത്തെയും ഞാത്മീയതയുണ്ടോല്ലർഷത്തെയും നിലനിർത്തുന്നതും പുരോഗമിപ്പിക്കുന്നതുമെന്നും അവർ വിശ്വസിക്കുന്നുണ്ട്. അവരുടെ സാഹിത്യകാരന്മാരും ഈ സിദ്ധാന്തക്കാരാണ്. "ഹാർവെസ്റ്റ്" എന്ന നോവലിന്റെ ആദ്യഭാഗം കൊള്ളാമെന്നും, ശേഷം ഭാഗങ്ങൾ കൃത്രിമവും സ്ഥലത്തെപ്പറ്റിയുള്ള വിവരണമായതുകൊണ്ടു ശ്രദ്ധിക്കാമെന്നും ചില വിമർശകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ മെക്കേൽഷോളക്കോവിന്റെ "ഡാൺ നദി ശാന്തമായൊഴുകുന്നു", "ഡാൺ നദി കടലിലേക്കൊഴുകുന്നു" എന്നീ കൃതികളും മനോഹരങ്ങളാണെന്നും "വെർജിൻസോയിൽ അപ്-ടേൺഡ്" (Virgin Soil Upturned) എന്ന നോവൽ മുഷിപ്പനാണെന്നും ചില വിമർശകന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ലൈംഗികബന്ധങ്ങളുടെ കൃത്രിമവ്യാപാരങ്ങളിൽ മാത്രമേ രസം കാണുകയുള്ളു എന്നു കരുതുന്നവരുടെ അഭിപ്രായങ്ങളാണിതു്.

നോവൽസാഹിത്യത്തിന്റെ ക്രമപടഞ്ഞുകൊണ്ടിരിക്കുകയാണെന്നു് പാശ്ചാത്യരാജ്യങ്ങളിലെ പ്രമുഖരായ പല വിമർശകന്മാരും അഭിപ്രായപ്പെടുന്ന ഒരു കാലഘട്ടമാണിതു്. ജോൺ റോളണ്ട്സ് എന്ന ഇംഗ്ലീഷ് സാഹിത്യകാരൻ "ജോൺ ഓ'ലണ്ടൻ" വാരികയിൽ ഈയിടെ എഴുതിയിരുന്ന ഒരു ലേഖനത്തിൽ ചില കണക്കുകളുദ്ധരിച്ചുകൊണ്ട് ഇംഗ്ലീഷ് സാഹിത്യത്തെ സംബന്ധിച്ചിടത്തോളം നോവൽ എന്ന കലാരൂപം മരിച്ചുകൊണ്ടിരിക്കുകയാണെന്നു സ്ഥാപിച്ചിരിക്കുന്നു. റോബർട്ട് ലിഡൻ എഴുതിയതും ഈ അടുത്തകാലത്തു പ്രസിദ്ധീകരിച്ചതുമായ Some Principles of Fiction' എന്ന പുസ്തകത്തിലും ഇതേ അഭിപ്രായം തന്നെ രേഖപ്പെടുത്തിയിരിക്കുന്നു ഇംഗ്ലീഷ് നോവലിന്റെ അധഃപതനത്തെപ്പറ്റി സി. ഈ. എം ജോഡ് തുടങ്ങി മറ്റു പലരും വ്യാകുലത പ്രകടിപ്പിച്ചിട്ടുണ്ട് ബൂർഷ്വാ സാഹിത്യം പൊതുവിൽ ഒരു സ്തംഭനത്തിലെത്തിയിരിക്കുന്നു എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാക്കുവാനുള്ളതു്. നോവൽ എന്ന സാഹിത്യരൂപം ബൂർഷ്വാ സമുദായത്തിന്റെ ഏറ്റവും മികച്ച സംഭാവനയാണ്. ബൂർഷ്വാ സമുദായത്തിന്റെ ഇപ്പോഴത്തെ ബൂർഷ്വാസാഹിത്യവും നശിച്ചുതുടങ്ങിയിരിക്കുന്നു. ബൂർഷ്വാസമുദായവ്യവസ്ഥ നശിച്ചാലും മനുഷ്യസമുദായം നശിക്കുകയില്ല എന്നതുപോലെ ബൂർഷ്വാസാഹിത്യത്തിന്റെ ക്രമപടഞ്ഞുപോയാലും സാഹിത്യം നശിക്കുകയില്ല. മുതലാളിത്തരാജ്യങ്ങളിൽ ഇന്നു് സാഹിത്യത്തെ പുരോഗമിപ്പിച്ചുകൊണ്ടിരിക്കുന്നതു് സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ സാഹിത്യകാരന്മാരാണ്.

സോവിയറ്റുയൂണിയനിൽ സാ



(19-ാംപേജിൽനിന്നും തുടർച്ച)

അനന്തരം ആ പുരുഷനെ കണ്ടെത്തണമെന്ന്. പിറ്റേന്നു രാവിലെ മടങ്ങിപ്പോകുന്നതിനു മുമ്പായി അവൾക്ക് ഒരു തീരുമാനം അറിയിക്കണമെന്നും അവൾ പറഞ്ഞിരുന്നു. അവൾ പോയിക്കഴിഞ്ഞപ്പോൾ അധികം ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. അന്വേഷണം തുടങ്ങുകയേ വേണ്ടൂ. പിറ്റേന്നു രാവിലെ പാച്ചുപിള്ള ഒരു പ്ലാൻ തയ്യാറാക്കി. ചിലതെല്ലാം മനസ്സിൽ നിശ്ചയിച്ചുറപ്പിച്ചുകൊണ്ടാണ് അന്നു മാധവി പുറപ്പെട്ടത്. അവൾക്ക് ഒരു തീരുമാനം തോന്നി. അവൾ സ്ത്രീയാണ്, അയാൾ ആവശ്യക്കാരനുമാണ്. അയാളെ അവൾ തിരിച്ചുവിളിക്കും.

അന്നവൾ ജയിച്ചു. പാച്ചുപിള്ള അറിയാതെ മൂന്നുപ്രാവശ്യം അവൾക്കു കിട്ടി.

അവൾ കൊഞ്ചുന്നുണ്ട്; കുഴയുന്നുണ്ട്; തിരിച്ചുവിളിക്കുന്നുണ്ട്; പക്ഷേ ആ പുരുഷനെ അവൾക്കു കണ്ടെത്താനായില്ല. അവളുടെ ഭ്രമം അതിനാണ്.

നല്ല കഴിവുകളും, അതായത് സമ്പാദ്യത്തിന്റെ മൂല്യങ്ങളും അവളോളം അറിയുന്നതാരുണ്ട്? ആ നല്ല ആശയങ്ങളുടെ വിളി അവളുടെ ആത്മാവിൽ മാറ്റൊലിക്കൊള്ളുകയാണ്.

മാധവി അപ്പോഴും സ്വപ്നം കാണുന്നുണ്ട്. ആ പുരുഷനെ എന്നാണ് കണ്ടുമുട്ടുക.

"അവിടെനിന്നുപോരുകയില്ലേ?"

നിശ്ശബ്ദമായി അവളുടെ ആത്മാവു ചോദിക്കും. എവിടെനിന്നോ 'ഞാൻവരുന്നു' എന്ന് ഒരുത്തരം കേട്ടതായും തോന്നും.

ജീവിക്കുവാൻവേണ്ടി അവൾ കൊഞ്ചുന്നു; കുഴയുന്നു പണമുണ്ടാക്കുന്നു അവളെ ഇഷ്ടപ്പെട്ട ഒരു കുകവൃന്ദംതന്നെ അവൾക്കുണ്ട്. 'മാധവിയെമതി' എന്നുപറയുന്ന പാച്ചുപിള്ളയുടെ ഏർപ്പാടുകാർ.

അവളുടെ സിരാചക്രത്തെ ത്രസിപ്പിച്ച ആ പുരുഷന്റെ വിളിക്ക്, അവളുടെ ഹൃദയം വിളികേൾക്കുന്നുണ്ട്. വ്യഭിചരിക്കരുതെന്ന് അന്തർശം ആജ്ഞാപിച്ചു. അവൾ ഇല്ല എന്നു പ്രതിജ്ഞയും ചെയ്തു. പക്ഷേ അവൾ മിക്കവാറും എന്നും പോവുകയാണ്.

എന്താണ്. ആത്മാർത്ഥമായിചെയ്ത ആ പ്രതിജ്ഞനിറവേറ്റാൻ കഴിയാത്തത്?

അതാണ് ആ തരം പെണ്ണിന്റെ അനന്തമായ അന്വേഷണം.

——

വിത്രിത്തിന്റെ ക്രമടഞ്ഞുപോയി എന്നൊരു മുറവിളി കേൾക്കുവാനില്ല. ഇപ്പൻനായരുടെയും മറ്റും തലയ്ക്കുത്തു മന്ത്രമാണ് സോവിയറ്റ്കലകളും ക്രമടത്തുനിൽക്കുന്നതു്.

ഈ ലേഖനത്തിന്റെമുമ്പുള്ള ഭാഗങ്ങളിൽ ഞാൻ പരാമർശിച്ച രണ്ടു നോവലുകളും സോവിയറ്റുജനതയുടെ സമാധാനകാലജീവിതത്തെ ചിത്രീകരിക്കുന്നവയാണ്. യുദ്ധകാലജീവിതത്തെ ചിത്രണം ചെയ്യുന്ന അതിമനോഹരങ്ങളായ അനവധി നോവലുകളും സോവിയറ്റുസാഹിത്യകാരന്മാർ എഴുതിയിട്ടുണ്ട്. ഇലിയാ എറൻബർഗ്ഗിന്റെ 'സ്റ്റോം' (Storm) വാൻഡാവാസ് ലേവ്സ്കായുടെ 'റൈയിൻബോ' മുതലായ പ്രസിദ്ധകൃതികളും മിക്കവാറും എല്ലാ സാഹിത്യപ്രേമികൾക്കും സുപരിചിതങ്ങളാണ്. ബൂബ് നോവിന്റെ 'വൈറ്റ്ബർച്ചും' (The white Birch), കാസാക്കെവിച്ചിന്റെ 'സ്പ്രിങ്ങ്ഓൺ ദി ഓഡർ' (Spring on the oder) അതുപോലെ സുപരിചിതങ്ങളായിട്ടുണ്ടെന്നു തോന്നുന്നില്ല. ജർമ്മൻ അധിനിവേശത്തിന്റെ ആരംഭത്തിൽ മോസ്കോയെ ലക്ഷ്യമാക്കി പിൻവാങ്ങിക്കൊണ്ടിരിക്കുന്ന ഒരു റഷ്യൻ സേനാവിഭാഗത്തിന്റെ കഥയാണ് വൈറ്റ്ബർച്ചിന്റെ ഒന്നാം വാല്യത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. അൻഡ്രി എന്നൊരു കർഷകയുവാവാണ് കഥയിലെ നായകൻ. അവനെയും അവന്റെ നവോദ്ധയായ മാഷിക്കായെയും ഹൃദയമുള്ളവർക്ക് വിസ്മരിക്കാൻ സാധ്യമല്ല. ആനന്ദത്തിന്റെയും, വെളിച്ചത്തിന്റെയും, ശാന്തിയുടെയും പ്രതികമാണ് റഷ്യൻ ഗ്രാമപ്രദേശങ്ങളിലും വനങ്ങളിലും ധാരാളം കാണപ്പെടുന്ന വെളുത്ത ബർച്ച്മരം. റഷ്യൻ കൃഷിക്കാരൻ ഏറെവുമധികം സ്നേഹിക്കുന്ന ആ മരത്തിന്റെ പേരാണ് ഈ നോവലിനു നൽകിയിരിക്കുന്നതു്. ജർമ്മൻ ആക്രമണമാകുന്ന കൊടുങ്കാറ്റിൽപ്പെട്ട് ഉലഞ്ഞു തകർന്നുകൊണ്ടിരിക്കുന്ന ബർച്ച്മരം, റഷ്യൻ ജനതയുടെ ദേശാഭിമാനരഹിതമായ ആത്മാവിന്റെ ഒരു പ്രതികംകൂടിയാണെന്ന് നോവൽവായിച്ചാൽ നമുക്കുതോന്നും സുന്ദരമായ ഈ നോവലിന്റെ ഭാഷാവല്യം മാത്രമേ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ളൂ.

"ഓഡർ നദീതീരത്തിലെ വസന്തകാലം" (Spring on the Od r) എന്ന നോവൽ ബർലിനിലേയ്ക്കുള്ള ചുവപ്പുസേനയുടെ ധൈര്യാത്രയെ വർണ്ണിക്കുന്ന ഒരു മനോഹരകാവ്യമാണ്. സോവിയറ്റു നോവലിന്റെ മാധുര്യവും കലാമേന്മയും ആസ്വദിക്കണമെന്നുഗ്രഹമുള്ളവർക്ക്, സോവിയറ്റുകൃതികളൊന്നും വായിക്കാതെ അവയെ കുറ്റം പറയണമെന്നുള്ള ഭാഗ്യദോഷം തലയിലെഴുതിയിട്ടില്ലാത്ത സുഹൃദയന്മാർക്ക്, ഈ നോവലിനെ ഞാൻ പ്രത്യേകം ശുപാർശചെയ്യുന്നു. മരണവും നശീകരണവും കരാളനൃത്തം ചെയ്യുന്ന യുദ്ധരംഗങ്ങളെ പശ്ചാത്തലമാക്കി ഹൃദയാപഹാരകമായ ഒരു പ്രണയകഥയാണ് കാസാക്കെവിച്ച് രചിച്ചിരിക്കുന്നതു്. ഒരു പക്ഷേ ടാം സ്റ്റോയിയുടെ 'യുദ്ധവും സമാധാനവും' എന്ന നോവലിലെ നായികയായ നറ്റാഷയേക്കാളും ഈ നോവലിലെ നായികയായ ടാനിയായോടാണ് സഹൃദയന്മാർക്ക് സ്നേഹം തോന്നുകയെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.

യുദ്ധത്തെ പശ്ചാത്തലമാക്കി രചിച്ചിട്ടുള്ള ഈ കൃതികളുടെ ഒരു പ്രത്യേകതയെപ്പറ്റി രണ്ടുവാക്കുകൂടി പറയേണ്ടതുണ്ട്. രാജ്യസ്നേഹം തുളുമ്പുന്ന കഥാപാത്രങ്ങളെയാണ് ഈ നോവലുകളിൽ അവതരിപ്പിച്ചിട്ടുള്ളതു്. സമാധാനപരങ്ങളായ രാഷ്ട്രനിർമ്മാണപരിപാടികളിലേർപ്പെട്ടിരുന്ന റഷ്യയുടെ നേരേ ആക്രമണം നടത്തുകയും, വധിച്ച നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്ത നാസിനേതാക്കന്മാരോടും നാസിയോദ്യോക്കളോടും വിദ്വേഷം ജനിപ്പിക്കണമെന്നുള്ളതു് ഈ നോവൽ കർത്താക്കളുടെ ഒരു പ്രധാന ഉദ്ദേശ്യവുമാണ്. എന്നാൽ അതേ സമയം നാസികളെയും, ജർമ്മൻ ജനതയെയും വേർതിരിച്ചു കാണിക്കുന്നതിനും നാസികളോടുള്ള വിരോധം ജർമ്മൻ വിരോധമായി മാറാതിരിക്കുന്നതിനും ഗ്രന്ഥകാരന്മാർ ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ട്. ഈ നോവലുകളിൽ ഉടനീളം തെളിഞ്ഞുനിൽക്കുന്നതു് മനുഷ്യസ്നേഹത്തിന്റെ പൊൻതേനരുവിയാണ്.

മനുഷ്യരക്തം തടം കെട്ടി നിൽക്കുന്ന യുദ്ധരംഗങ്ങളിൽ മനുഷ്യസ്നേഹത്തിന്റെ മോഹനശാന്തങ്ങളുമുപരിക്കുന്ന റഷ്യൻ കലാകാരന്മാർ ഹൃദയം മുരടിച്ചവരാണെന്നും, അവരുടെ ഹൃദയത്തിൽനിന്നും മഹത്തായ ഒരു കലാസൃഷ്ടിയും ഉണ്ടാകാൻ ഏളുപ്പമല്ലെന്നും, അതിൻനിന്നും ലഡ്, ഡബ് എന്ന യാന്ത്രികശബ്ദം മാത്രമേ പുറപ്പെട്ടുവരികയുള്ളു എന്നും മറുമുള്ള ഇപ്പൻനായരുടെ ആരോപണങ്ങളും സത്യവുമായി യാതൊരു ബന്ധവുമില്ലാത്തവയാണെന്നു് സോവിയറ്റുസാഹിത്യകൃതികളിൽ ചിലതെങ്കിലും വായിച്ചിട്ടുള്ളവർക്ക് പ്രത്യക്ഷത്തിൽ മനസ്സിലാകും. ഒരു വിമർശകൻ, മഹാനായ ഗ്രന്ഥകാരനുമായിരുന്നുവെങ്കിലും, സത്യസന്ധതയും ആത്മാർത്ഥതയുമുള്ളവനായിരിക്കണം. സോവിയറ്റുസാഹിത്യത്തെപ്പറ്റി വിമർശിക്കുമ്പോൾ ഈ പ്രാഥമികഗുണങ്ങളെ മുഴുപ്പിച്ചുനിർത്തുകയാണ് ചെയ്യുന്നതു്. രാഷ്ട്രീയവും, പാർട്ടിലൈനുമൊന്നുമില്ലാത്ത, പട്ടാളച്ചിട്ടയും വിധേയത്വമില്ലാത്ത, ഒരു സ്വതന്ത്രസാഹിത്യകാരനാണ് താനെന്ന് ഇപ്പൻനായർ അവകാശപ്പെടുന്നുണ്ട്. പക്ഷേ പരമാർത്ഥം നേരേ മറിച്ചാണ് വസ്തുവത്തിൽ അദ്ദേഹത്തിനു രാഷ്ട്രീയമുണ്ട്; പാർട്ടിലൈനുണ്ട്; പട്ടാളച്ചിട്ടയും വിധേയത്വമാണ്. അല്ലെങ്കിൽ സത്യസന്ധതയും, ആത്മാർത്ഥതയുമില്ലാത്ത ഈ പുറപ്പാടിനു് അദ്ദേഹം നിർബ്ബന്ധിതനാവുകയില്ലായിരുന്നു.

.....

★ ചരിത്രകാരന്റെ ശംഖനാദം ★

കളങ്കരഹിതൻ കെ. അരവിന്ദൻ

★

പഴയ കാലത്തു് രാജസ്തുതി ഒരു ശബ്ദമായിരുന്നു അതു്. ഈ നാടിന്റെ ഉണർവും ജീവനമായിരുന്നു. ആവേശത്തോടും അഭിമാനത്തോടും വഞ്ചിരാജ്യത്തിൽ അങ്ങോളമിങ്ങോളം അലകളിളക്കിയ ശക്തിമത്തായ ഒരു ശബ്ദമായിരുന്നു. വികാരഭരിതമായ ഒരു കാലഘട്ടത്തിന്റെ സൂചനയായി ആ ശബ്ദം ഈ കൊച്ചു രാജ്യത്തിന്റെ ചരിത്രത്തിൽ അലിഞ്ഞുചേർന്നതാണു്. മായ്ച്ചാലും മായ്ക്കപ്പെടുവാനസാദ്ധ്യമായ ഒരു ചരിത്രസത്യം. പിച്ചുകാലുവച്ച കൊച്ചുകുട്ടികൾ മുതൽ പല്ലുകൊഴിഞ്ഞ പട്ടുവസ്ത്രധാരികളെ അന്നു് ആ ശബ്ദഭ്രാന്തതയിൽ പുളകം പൂശിയിട്ടുണ്ടു്.

ഈ നാട്ടിലെ വിദ്യാർത്ഥികളും, ഇടത്തരക്കാരും കിരാതഭരണത്തിനെതിരായി പടപൊരുതുവാൻ ആ കൂരിരുമ്പുഹൃദയനായ കൊച്ചു മനുഷ്യന്റെ പിന്നിൽ അന്നു് ഉശിരോടെ അണിനിരന്നു. ആ നേതൃത്വം പരിപൂർണ്ണമായി വിജയിക്കുകയും ചെയ്തു. ആ മനുഷ്യൻ ജനങ്ങളുടെ പ്രതീക്ഷകളുടെ മുഖ്യമന്ത്രിപദത്തിലേയ്ക്കു പ്രവേശിച്ചു പക്ഷെ അതു നിർഭാഗ്യകരമായ ഒരു പരീക്ഷണമായിരുന്നു. വാഗ്ദാനങ്ങളും അതേപടി അവശേഷിച്ചു. നിലവിലിരുന്ന ചട്ടക്കൂടിനുള്ളിൽ പ്രവൃത്തികളും പരാജയപ്പെട്ട അതിനോടു കെട്ടുപിണഞ്ഞു് കോൺഗ്രസ്സിനകത്തു അധികാരദുർമോഹത്തിന്റെ വടിവാൾ പ്രയോഗംതുടങ്ങി. മുക്കത്തിൽ സംഘടനയുടെ പ്രധാനപരിപാടികോൺഗ്രാക്ഷരം, കൈക്കുലിയും കടിയിരിക്കുന്ന മന്ത്രിക്കസേരയിലേയ്ക്കായി.

അവസാനം സ്വന്തം പാളയത്തുതന്നെ പടതുടങ്ങി. പട്ടത്തിനെതിരായി അവിശ്വാസപ്രമേയം പാസ്സായി വളർത്തിയ അതേസംഘടന അദ്ദേഹത്തെ വലിച്ചെറിഞ്ഞു. ആത്മാഭിമാനത്തോടെ അദ്ദേഹം വഴിമാറി. ആ കസേരയിൽ തൂങ്ങിക്കിടക്കുവാൻ അഭിമാനബോധമുള്ള അദ്ദേഹം തയ്യാറായില്ല

അതേ സംഭവം. ഇന്നു അവസ്ഥിച്ചിരിക്കുന്നു പക്ഷേ ഇന്നു അതിലും വിപുലമായ ഒരടിസ്ഥാനത്തിൽ ഈ നാടുവാഴിക്കുന്ന ഏതാനും മഹാരഥന്മാരെ ഈ നാട്ടിലെ ജനങ്ങൾക്കു ആവശ്യമില്ലെന്നു നിയമസഭയിലൂടെ അറിയിച്ചുകഴിഞ്ഞു. എന്നാൽ ഇക്കൂട്ടർ ജനങ്ങൾ സിന്റെ അത്ഭുതശൂന്യമായ തണലിൽ മുതലെടുപ്പുകാരും പറഞ്ഞു വാണരുളുകയാണു്. ഒരു കുലുക്കുമില്ലാതെ. അജ്ഞതയോടു വാദപ്രതിവാദം ചെയ്യുന്നതു് അജ്ഞരക്ഷത്തിലധികം ഭാരങ്ങൾ വീണ പഞ്ചായ ഒരു ബുണിൽ കാറുതള്ളിക്കയറുവാൻ ശ്രമിക്കുന്നതുപോലെയാണെന്നു് വഴക്കങ്ങളും പറഞ്ഞു ഓടിനടക്കുന്ന ഇവരോടു വഴക്കുപറയുന്നതിൽ അർത്ഥമില്ല. അന്തസ്സോടും, ആത്മാഭിമാനത്തോടും പെരുമാറുന്നതു് ആണുങ്ങളാണു്.

പഞ്ചായങ്ങളും അനുബന്ധസംഘടനകളും നടത്തിയിട്ടുള്ള ഒരു അലങ്കോലമന്ത്രികുറച്ചുനാളുകൾക്കു മുൻപു് പഴവങ്ങാടിയിൽ പാട്ടകയുണ്ടായി. "ശ്രീകണ്ഠനും, ടി. വി. യും, മത്തായിമാഞ്ഞൂരാനും തന്റെ കൈത്തണ്ടയിൽ ഇട്ടു തിരിക്കുവുന്ന ലോകം പാവകളാണെന്നും" ഇതു കേട്ടപ്പോൾ എനിക്കോർമ്മവന്നതു് റോമിരിച്ചിരുന്ന 'നീറോ' ചക്രവർത്തിയെയാണു്. ഒരു സുഖസുഷുപ്തിയിൽ കഴിഞ്ഞ ആ മനുഷ്യന്റെ ജനങ്ങളുടെ ഹൃദയത്തുടിപ്പു കേൾക്കുവാൻ കെല്പില്ലായിരുന്നു. തന്റെ ഭാവനയിൽ റോമാ അപരിഷ്കൃതമായി തോന്നുകയുണ്ടായി. അതു മനയിൽ മണിമാളികകളും മറ്റും നിറഞ്ഞ ഒരു നവീന റോമായുടെ പ്ലാൻസൃഷ്ടിച്ചു. ആ പ്ലാൻ നോക്കി ഹാലിളകിമദിച്ചുകൊണ്ടുജനങ്ങൾക്കു ഒരു നേരിയിപ്പും നൽകാതെ പഴയ റോമായ്ക്കു തീ കൊളുത്തുവാനാജ്ഞാപിക്കുകയാണുണ്ടായതു്. അതുപോലെ ക്ലിഫ്ഹൗസിന്റെ ഏതോ ഒരു മൂലയിലിരുന്നു ശ്രീകണ്ഠനും, ടി. വി. യുടേയും, മത്തായിമാഞ്ഞൂരാന്റേയും മരപ്പാവകളുണ്ടാക്കി വിസ്തൃതികളുടെ സ്ഥിതിയിലിരുന്നു് പനമ്പിള്ളി പന്താടി മദിക്കുകയാണു്..... എന്തു കൊണ്ടോ തീകൊളുത്തുവാനാജ്ഞാപിക്കുന്നില്ലെന്നുമാത്രം.....

അദ്ദേഹം വീണ്ടും പ്രസ്താവിക്കുകയാണു് "ഒരു ശ്രീകുമാറോ, ഒരു ബാലകൃഷ്ണനോ, ഒരു ടി കെ. ദിവാകരനോ ഇവിടെ കാണ്മാനില്ല". ഈ വ്യക്തികളുടെ പിന്നിൽ അണിനിരന്നുനിൽക്കുന്ന ജനസമുദ്രത്തെകാണുവാനും മനസ്സിലാക്കുവാനും പനമ്പിള്ളിക്കു കഴിഞ്ഞിട്ടില്ല. ഈ വ്യക്തികളിലൂടെ ഈ നാട്ടിലെ ജനങ്ങളുടെ രോഷാകുലമായ ശബ്ദം ശ്രവിക്കുവാൻ സാധിച്ചിട്ടില്ല. ഒരുപക്ഷെ അതായിരിക്കും പനമ്പിള്ളി തോടാമെന്നു് പ്രഖ്യാപിച്ചതു്. അങ്ങനെ പ്രഖ്യാപിച്ചതുതന്നെ സഖാക്കളും ബാലകൃഷ്ണനെയും, മത്തായിമാഞ്ഞൂരാനേയും ഒരു പ്ലാറ്റ്ഫോത്തിൽ പോലും നേരിടുവാൻ കഴിവില്ലാതെ ഇൻഫീരിയറ്റി കോളജിൽനിന്നു വിരണ്ടോടി പഴവങ്ങാടിയിൽ നിലയുറപ്പിച്ചുകൊണ്ടാണു്. നാട്ടുനാളെ ഭരിക്കേണ്ട ആ കാളേജ് വിദ്യാർത്ഥികൾ ഉന്നയിച്ച പ്രശ്നത്തെപ്പറ്റി സംസാരിക്കാതെ പഴവങ്ങാടിയിൽ തടിച്ചുകൂടിയ മഫ്ടിപോലീസുകാരോടാണു് രാഷ്ട്രീയം വിശകലനം ചെയ്യുന്നതു്. പോലീസ് രാജ്യം ഭരിക്കുമ്പോൾ മറ്റാർക്കാണു് ഇവിടെ രാഷ്ട്രീയം മനസ്സിലാക്കേണ്ടതെന്നു ചോദിച്ചേക്കാം.

കോൺഗ്രസ്സിലെ പണ്ഡിതനും ബുദ്ധിമാനുമായ ആ മന്ത്രി മീനച്ചൂൽ ഇയിടെ വോട്ടയാചിച്ചുകൊണ്ടു പറയുകയാണു്: "പഴയനിയമസഭയും ഇന്നത്തെ നിയമസഭയും തമ്മിൽ വ്യത്യാസമുണ്ടു്." ഇതു ഭരിക്കേണ്ടതു് ഓരോ വോട്ടർമാണു്. ഡമോക്രസിയിൽ ഒരു നൂതനാദ്ധ്യായം രചിച്ചുകൊണ്ടു് വിചിത്രതരമായി നിയമസഭയേയും ഈ നാട്ടുകാരുടെ വോട്ടവകാശത്തേയും അവഹേളിച്ചുകൊണ്ടു് അദ്ദേഹംപ്രസ്താവിക്കുകയാണു് ഇന്നു പരമാധികാരം ഓരോ വോട്ടർക്കുമാണെന്നു്. വിജനമായ ഈ പ്രസ്താവന അതിശയോക്തിയുളവാക്കുന്നില്ല. കാരണം ഈ നാട്ടുകാർ ഈ പാട്ടവർത്തമാനം കേട്ടിട്ടുണ്ടു്. ഇതു വിശ്വസിക്കുവാൻ ഇവിടെ ആരംഭത്തന്നെ അത്യാശ്ചര്യത്തിലധികം പഞ്ചസാര വാരിക്കോരിത്തിന്നു മയങ്ങിയിരിപ്പില്ല അഞ്ചരലക്ഷത്തിലധികം തവണ ജനങ്ങളും വിളിച്ചുപറയും ഇതു പൊങ്ങച്ചമാണെന്നു!! ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ അപസ്മാരരാഗികളും രാജ്യത്തിനു അപകടകാരികളാണു്.

ഇവർ ആക്കവണ്ടി ഭരിക്കണം? എന്തിനുവേണ്ടി ഭരിക്കണം? തീർച്ചയായും ജനങ്ങൾക്കുവേണ്ടിയല്ല. ജനങ്ങൾ വലിച്ചെറിഞ്ഞിട്ടും വലിഞ്ഞുകയറി ഭരിക്കുകയാണു്. ജനങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നതു് അഞ്ചു് പൂരാതന കാലത്തായിരുന്ന അധികാരം ലക്ഷ്യത്തിനു മുൻപു്. ഇന്നു ഒരു പ്രശ്നങ്ങളേയും നേരിടുവാൻ പ്രാപ്തിയില്ലാത്ത അധഃപതിച്ചു കഴിഞ്ഞ ഒരു സംഘടനയാണു് കോൺഗ്രസ്സ് ജനങ്ങൾ നേടിയ സ്വാതന്ത്ര്യത്തെ സ്വകാര്യസ്വത്തുടമയാക്കി അധികാരദുർമോഹത്തോടുകൂടി സ്ഥാപിത താല്പര്യങ്ങൾക്കുവേണ്ടി മന്ത്രിപദത്തിനു വടംവലി നടക്കുന്ന ഒരു സംഘടന ജനങ്ങൾക്കു ഇവർ വിതയ്ക്കുന്നതു് തൊഴിലില്ലായ്മയും, പട്ടിണിപിടിക്കുന്ന പകർച്ചവ്യാധികളും, നികുതിഭാരവുമാണു്. ഇതിനോടു

ക്കുന്നവന്റെ വായിൽ വെടിയുണ്ട തള്ളിക്കയറ്റുന്നു. ജോലി ചോദിക്കുന്നവന്റെ വായിൽനിന്നും ചോര തുപ്പിക്കുന്നു. സ്ത്രീകളുടെ ചാരിത്ര്യം പോലീസ് ഗുണ്ടകൾ പിച്ചിച്ചീന്തുന്നു. വിദ്യാർത്ഥികളുടെ ജീവനപോലും വിലയിടിച്ചിരിക്കുന്നു. വിദ്യാലയപരിസരങ്ങളിൽ പിഞ്ചുകുഞ്ഞുങ്ങളുടെ ചോര ഒരുളംവെട്ടുന്നു. കലാലയങ്ങൾ ഭീകരമായ കൊലാലയങ്ങളായി മാറിയിരിക്കുന്നു.

ഇഞ്ചുവിപ്ലവത്തിനുശേഷം ഇന്ദിരയുടെ അധികാരത്തിലെത്തിയ നെപ്പോളിയനെപ്പോലെ ഇവറകെയും അഹങ്കരിക്കുകയാണ്. രക്തപങ്കിലമായ ഈ രാക്ഷസീയഫാസിസ്റ്റ് ഡമോക്രസി തിരു-കൊച്ചിയിൽ ഇന്നു ഒരു പ്രതിസന്ധിഘട്ടത്തിലെത്തിയിരിക്കുന്നു. തിരു-കൊച്ചിയുടെ ചരിത്രത്തിനു ഒരു വ്യതിചലനം സംഭവിക്കുവാൻപോകുകയാണ് ജനങ്ങളുമായോ, ജനകീയ സമരവുമായോ അണുപോലും ബന്ധമില്ലാത്ത ക്രിമിനൽ കുറ്റങ്ങൾക്കു ജയിലുകളിലായിരുന്ന കൊടും ക്രിമിനൽ കുറ്റവാളികളാണ് ഇന്നു ഭരണചക്രം തിരിക്കുന്നതു്. അതുകൊണ്ടു? ജന്മികൾക്കു വേണ്ടി. ഏതിനുവേണ്ടി? ബാങ്കുകളുടേയും ഭൂസ്വത്തുക്കളുടേയും നിലനില്പിനുവേണ്ടി. ഈ ചീട്ടുകളിക്കള്ളക്കളിയാണ്. ഇതിവിടെ ചിലവാകുകയില്ല ഈ നാട്ടിലെ സ്വാതന്ത്ര്യസമരത്തിലെ ധീരദേശാഭിമാനികളായ അക്കാക്കിയും, അനിമസ്ക്വീനും, സി. കേശവനും, പട്ടവും, ശ്രീകണ്ഠൻനായരും, ടി. വി. യും സി. നാരായണപിള്ളയും ഇങ്ങനെവിടാണ്? പ്രവർത്തിയും ആത്മാർത്ഥതയുമുണ്ടായിരുന്ന നേതാക്കന്മാർ ഇന്നു പുറത്താണ്.

തിരു-കൊച്ചി വീണ്ടും ഒരു സ്വാതന്ത്ര്യസമരത്തിലേയ്ക്കു നീങ്ങുവാൻ വെമ്പൽകൊള്ളുന്നു ശ്രീ. പട്ടവും, സി കേശവനും, സി. നാരായണപിള്ളയും ഈ സമരത്തിന്റെ മുന്നണിയിലേയ്ക്കു നീങ്ങേണ്ടിയിരിക്കുന്നു. രാജ്യം കട്ടുമുടിച്ചോറാക്കുമ്പോഴും അത്മാഭിമാനമുള്ളവർ കക്ഷിഭേദങ്ങൾ കാര്യമാക്കാതെ കരളുറപ്പോടുകൂടി രണാങ്കണത്തിലേയ്ക്കിറങ്ങണം. അതു ചരിത്രപരമായ ഒരാവശ്യമാണ്.

പ്രസിദ്ധിയുള്ള ഈ മണ്ണിന്റെ മക്കൾ ഇതുകണ്ടും കേട്ടും നീട്ടി നിങ്ങളെ സ്വാഗതം ചെയ്യുവാൻ വീഥിയുമുട്ടിനിൽക്കുകയാണ്.

ജനങ്ങൾക്കു ഇന്നു ആവശ്യമില്ലാത്തതായ ആ മന്ത്രി പറഞ്ഞതുപോലെ കമ്മ്യൂണിസ്റ്റുകാർക്കു ഇമ്പമുമായി വഴിതെളിക്കുന്ന പട്ടം നല്ലൊരു നാളയിലേയ്ക്കു വഴിതെളിച്ചതാണെന്നു ചരിത്രം രേഖപ്പെടുത്തും. ആ വഴിത്താരയിൽ മൂർഖൻ പതിയിരിക്കുന്ന വേലിലകിയ പാഴ്മരങ്ങളെ വേരോടെ പിഴുതെറിയുവാൻ പോകുകയാണ്. ആവശ്യമില്ലാത്തിടത്തു അനാവശ്യമായി പ്രവേശിച്ചാൽ ആ അനാവശ്യത്തെ തുരത്തിയെറിയുവാൻ കരുത്തുള്ള കൈകളും കാണുമെന്നു തെളിയിക്കണം.

"ചരിത്രിയും, ഭൂമണ്ഡലവും ചരിത്രത്തിൽ മഹത്തായ ജനപ്രവാഹത്തിനെതിരെ നിഷ്പ്രഭങ്ങളാണ്. കമ്മ്യൂണിസം ഒരു നദിയെങ്കിൽ മറുപാർട്ടികളും സ്വതന്ത്രരും അതിൽ ലയിക്കുന്ന നീർച്ചാലുകളാണ്" ആ മന്ത്രി തന്നെ പറഞ്ഞതാണ്. പാവപ്പെട്ട ആ മന്ത്രി അജ്ഞമായ ശക്തിയോടെ പാഞ്ഞുവരുന്ന ആ പ്രവാഹത്തിനെതിരെ ചാലക്കുടിയിൽ തടഞ്ഞ ഒരു പഴമരവുമായിനിന്നുതടഞ്ഞുകൊള്ളട്ടെ!!

ആവേശപൂർവ്വം ഈ മണ്ണിന്റെ സമരചരിത്രം വീണ്ടും ആവർത്തിക്കുകയാണ്. പട്ടാളഭരണങ്ങളും പൊട്ടിത്തകരുകതന്നെ ചെയ്യും. വന്ന പൊലുതിരഞ്ഞെടുപ്പ് കാണ്ഗ്രസ്സിനു ഒരു തിരിച്ചടി ഏല്പിക്കുവാൻ പോകുന്നു.

ചരിത്രകാരൻ ഒരു ചെറിയ മാറ്റത്തോടെ ദിഗന്തം ഭേദിക്കുമാറു് ശംഖനാദം മുഴക്കിക്കൊണ്ടു് കോരിത്തരിപ്പോടെ കാഹളം മുഴക്കുവാൻ പോകുകയാണ്.

കന്യാകുമാരിമുതൽ കാസർകോടുവരെയുള്ള ജനങ്ങൾ രോമാഞ്ചഭരിതരായി മുഷ്ടികൾ ചുരുട്ടി ശക്തിമത്തായി അതേറ്റു മുഴക്കുവാൻ കാത്തിരിക്കയാണ്!! ഘോര കണ്ഠ ചലിക്കാതെ, വെടിയുണ്ടയ്ക്കു നെഞ്ചു വിരിമാറുകാട്ടിയ ഈ നാടിൻറെ ചോരത്തിളപ്പു് വീണ്ടും ധീരതയുടെ ഒരു ചരിത്രം രചിക്കുവാൻപോകുന്നു!.....

★ ചിരിക്കാരി ★

കെ. ആർ. ഡി. പിള്ള

(കേക)

1

വാസരമൊന്നേയുള്ളൂ ജീവിതം പ്രസൂനമേ!
മാസുരം നിനക്കതു നീണ്ടൊരു മന്ദഹാസം.
രാവുതന്നേകാന്തമാം മാർച്ചിടംതന്നിൽതങ്ങി,
ദ്യോവിൻതുണ്ടിലാനന്ദസ്മിതങ്ങളുമുൾനീ,
വാനിൽനിന്നുൻവീഴും പൂനിലാവിൻ കണംപോൽ,
സൂനമേ! പുലരിയിൽ പുഞ്ചിരിച്ചെത്തുന്നു നീ.
വിരാമമില്ലാച്ചിരി,ക്കന്തിയിൽ സവിതാവിൻ
ചരമസ്മേരത്തിൽനീ വിലയിച്ചിടുംവരെ.
ഇഷ്ടിതൻ കോടിരത്നിലാഭ്യന്തം നയിക്കുംനിൻ,
വിഷ്ടപംജീവിതത്തെയാരുതാൻ കൊതിച്ചിടാ?.
കണ്ണുനീർനനക്കാത്ത താവളം ഭൂതലത്തിൽ,
പുണ്യപുഞ്ജമേ! പാർത്താൽ നിനക്കേയുള്ളൂനൂനം.
ആധിയുമാധിയും രോദനമുഖരിതം.
മേദിനീ തലത്തിലേ ജീവിതം ഞങ്ങൾക്കഹോ.
നീണ്ടുനീണ്ടിഴയുന്ന വേദനാസരിത്തതിൽ
നീളുമാറില്ലേ, താനും ഫേനഹാസങ്ങൾ പാലും.

2

ആ ലോകസമ്മോഹനം നിൻതനു നോക്കിനിൽക്കും,
ലോകമോതീടാറുണ്ടു സുനമേ! യീവിധത്തിൽ.
"പൂഴിയെ ഞൊടിക്കുള്ളിൽ പൂൽകുവാനെന്തിനയ്യോ,
പാഴ്ച്ചിരിക്കാരിയേവം പേർത്തു ഇള്ളിടുന്നു."
സഞ്ചിതാനന്ദസന്ദേഹ! ഭാവഭാഷയിൽ നീയും
പുഞ്ചിരിച്ചോതിടിലാമുത്തരമതാദൃശം.
"മണ്ണിലെ പാമരന്മാർ കാണേണ്ടതു കാണുവാൻ
കണ്ണുകൾ കിട്ടാത്തവരെങ്ങിനെ സത്യമോതും."
പുലർദേവി, തൻ കുളിർമാറിൽവച്ചോമനിക്കും
മലരേ! നിന്നെനോക്കി നിൽക്കുമ്പോളെൻ ഭാവന,
എന്തിനോ ചിറകേന്തി ഭൂതകാലാകാശത്തിൽ,
പൊന്തിടുന്നവ്യക്തമാം ലക്ഷ്യങ്ങൾ തേടി തേടി.
അരവിന്ദത്തിനുപക്ഷേ, ഞാനും മാതൃവക്ഷസ്സിൽ,
വാരിളം പൈതലായി, ദേശകാലാതീതമാം
പൊരുളുകണ്ടനന്ത കോടിയിൽ നിന്നെപ്പോലെ
മരുവിയിട്ടുണ്ടാകാ,മെൻ ജന്മവിസ്മൃതിയിൽ,
നഷ്ടപ്പെട്ടതാം, പാരിൻ കരിനിഴൽ കോരിയെൻ
ദൃഷ്ടികൾക്കെന്നേക്കുമായ പ്രഭാമണ്ഡലങ്ങൾ.
സച്ചിദാനന്ദ ശ്രുപൻ ജഗൽശില്പിതന്നുടെ
തൃക്കരം വിരചിച്ച നിന്നെപ്പോലുൾക്കൃശ്ണമീ,
ലാവണ്യകലാശില്പമെപ്പോഴും പ്രപഞ്ചത്തിൻ
കൈവല്യസിദ്ധാന്തങ്ങൾ ബിംബിക്കും ദർപ്പണംതാൻ
ഇതുമേലാരുടേയും മരണത്തോടു പൂവേ!
മൃത്യുവിൻ കൈകോർത്തല്ലീ നൃത്തനം ചെയ്യുന്നു നീ.

ശ്രീ ഗുപ്തൻനായർ സോവിയറ്റ് സാഹിത്യത്തെ നിറമുള്ള കണ്ണടവച്ചുകൊണ്ട് നോക്കുന്നു

★

(ജി. ബി. മോഹനൻ)

നമ്മുടെ സാഹിത്യത്തിൽ യഥാർത്ഥമൂല്യങ്ങളുള്ള കൃതികളും വളരെ കുറച്ചേ ഉണ്ടാകുന്നുള്ളു എന്നും, അതിനു ഒരു കാരണം പുതിയ രാഷ്ട്രീയ വേദാന്തങ്ങളും കലയെ മുരടിപ്പിച്ചു കളഞ്ഞതാണെന്നും, ജീവിതത്തെക്കുറിച്ചുള്ള സങ്കുചിത വീക്ഷണവും പാർട്ടിലൈനിൽ മാത്രമേ എഴുതാവൂ എന്ന നിബന്ധനയും റഷ്യൻ സാഹിത്യത്തെ വിപ്ലവാനന്തരം ഞെരിച്ചുകിപ്പിച്ചു കളഞ്ഞതായും കഴിഞ്ഞൊരുലക്കം കൗമുദി (സെപ്തംബർ ഏഴ്)യിൽ ശ്രീ. ഗുപ്തൻനായർ പ്രതിപാദിച്ചിരുന്നല്ലോ. നമ്മുടെ സാഹിത്യത്തിലെ ഭാവനാരാഹിത്യവും ഗുണശൂന്യതയും ഇല്ലാതാക്കാൻ പുതിയ എഴുത്തുകാർക്ക് സൃഷ്ടിപരമായ നിർദ്ദേശങ്ങളും നൽകുന്നതിനു പകരം, സ്റ്റീഫൻസ്പെൻഡറെയും ക്ലട്ടറെയും വിളിച്ചുകൊണ്ടുവന്നു സോവിയറ്റ് ശവമെമ്മോറിന്റെ 'കലാകുലപാതക'ത്തെ അധിക്ഷേപിക്കാനാണ് അദ്ദേഹം അതിൽ കൂടുതൽ മിനക്കെട്ടിട്ടുള്ളത്. സോവിയറ്റ് കലയെക്കുറിച്ചും സോവിയറ്റ് സാഹിത്യകാരന്മാരുടെ പട്ടാളച്ചിട്ടയെപ്പറ്റിയും അവസാനതീർപ്പുകല്പിക്കേണ്ടതു എന്തായാലും വായനക്കാരാണല്ലോ എന്റെ ഈ ലഘുലേഖനത്തിൽ ശ്രീ. ഗുപ്തൻനായർ ഉന്നയിച്ചിട്ടുള്ള അഭിപ്രായങ്ങളെപ്പറ്റി ഞാൻ അറിഞ്ഞിടത്തോളം കാര്യങ്ങൾ നിങ്ങളുടെ മുമ്പിൽ നിരത്തിവയ്ക്കുകയാണ്. ഏതെങ്കിലും ഒരു തീർപ്പുകല്പിക്കുന്നതു മുമ്പു് ഇതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പറ്റി നിങ്ങൾ കൂടുതൽ ആരായുമെന്നു പ്രതീക്ഷിക്കുന്നു.

കവയുടെ സഭകമായ്യത്തെക്കുറിച്ചു അല്പമെങ്കിലും ശബ്ദമുള്ള മിക്കവരും ശ്രീ. ഗുപ്തൻനായരുടെ ആദ്യത്തെ അഭിപ്രായം സമ്മതിച്ചുകൊടുക്കും പുതിയ കൃതികളിൽ പലതും 'തങ്ങൾക്കുറിയാൻ പാടില്ലാത്ത രാഷ്ട്രീയകാര്യങ്ങളെപ്പറ്റി ചിലർ നടത്തിയ വിരസങ്ങളായ ചർച്ചകൾ'തന്നെയാണ്. നമ്മുടെ നാട്ടിൽ 'സാഹിത്യസേവനം' നടത്തുന്ന ഒട്ടേറെ പത്രങ്ങളുണ്ട്. അവയിൽ എല്ലാപേരും 'സാഹിത്യം'കൊണ്ടു നിറച്ചിട്ടുമുണ്ട്. എങ്കിലും ഹൃദയഹാരികളായ കലാസൃഷ്ടികളും നന്നേ കുറവാണ്. 'യഥാർത്ഥ മാർക്സിസം-റഥം', ഡയലറിക്സ്, മെറ്റീരിയലിസം, സോഷ്യലിസം-റിയലിസം തുടങ്ങിയവ വിരൽത്തുമ്പിലുള്ളയാളായ കെ ബാലകൃഷ്ണനെപ്പോലുള്ള സാഹിത്യകാരന്മാർപോലും തങ്ങളും 'ഏറ്റവും ഇഷ്ടപ്പെട്ടതു'; 'നിറമില്ലാത്ത മാരിവില്ല്' പോലത്തെ കഥയില്ലാത്ത കഥകളും അച്ചടിച്ചുവിടുമ്പോൾ നമ്മുടെ സാഹിത്യത്തിന്റെ വികാസത്തിൽ ആത്മാർത്ഥമായി താല്പര്യമുള്ള ഏതൊരു കേരളീയന്റെയും ഹൃദയം മുരടിച്ചുപോകാതിരിക്കയില്ല.

പക്ഷേ ഈ മുരടിപ്പിന്റെ കാരണം കണ്ടുപിടിക്കുന്നതിനിടയിൽ ശ്രീ. ഗുപ്തൻനായർ ചില 'പ്രത്യേക തത്വസംഹിത'കളുടെനേരേ ചാടിവീഴുകയാണ് ചെയ്യുന്നതു്. അദ്ദേഹം പറയുന്നു: "തങ്ങളും എഴുതുന്നതു് നല്ല കലാസൃഷ്ടികളാകണമെന്നതിലുമധികം, അവ ചില പ്രത്യേക തത്വസംഹിതകളുടെ ഉപാസനങ്ങളാകണമെന്നാണ് അവർക്ക് (പുതിയ എഴുത്തുകാർക്ക്-ലേ) ആഗ്രഹം.....ഇവിടെയാണ് പുതിയ രാഷ്ട്രീയവേദാന്തങ്ങളും കലയെ മുരടിപ്പിച്ചു കളഞ്ഞിരിക്കുന്നതായി നാം കാണുന്നതു്" എന്നിട്ട് അദ്ദേഹം ചോദിക്കുന്നു: "നമുക്കു നല്ലകലാകാരന്മാരെയാണോ അവശ്യം അതോ ഏതെങ്കിലും സിദ്ധാന്തങ്ങളുടെ കുഴലൂത്തുകാരെയാണോ?" മേൽപ്പറഞ്ഞ വാചകങ്ങളിൽ ശ്രീ ഗുപ്തൻനായരുടെ രണ്ടഭിപ്രായങ്ങൾ പ്രതിഫലിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഒന്നു തത്വസംഹിതകളും അല്ലെങ്കിൽ സിദ്ധാന്തങ്ങളും ഉത്തമകലാസൃഷ്ടിയെ സഹായിക്കുകയില്ല. രണ്ടു പുതിയ രാഷ്ട്രീയവേദാന്തങ്ങളും – അദ്ദേഹം മാർക്സിസത്തെയാണ് സൂചിപ്പിക്കുന്നതെന്നു സ്പഷ്ടമാണല്ലോ—കലയെ മുരടിപ്പിച്ചുകളഞ്ഞിരിക്കുന്നു. ആദ്യത്തെ അഭിപ്രായത്തെക്കുറിച്ചു ചർച്ചചെയ്യാൻ നമുക്കു വളരെയധികം പുറകോട്ടു പോകുന്നതെന്നില്ല. ടാഗോറിന്റെ കൃതികളിൽ ഉടനീളം ജീവിതത്തെക്കുറിച്ചും, പ്രപഞ്ചത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ആശയങ്ങളും അവിഷ്കൃതങ്ങളായിട്ടുണ്ട്. ടാഗോറിന്റെ കൃതികളിൽ കാലാപരമായ മേന്മയ്ക്കു വിമർശകന്മാർ എത്ര മഹനീയ സ്ഥാനമാണോ നൽകുന്നതു് അത്രയും പ്രാധാന്യം അദ്ദേഹത്തിന്റെ തത്വസംഹിതയ്ക്കു നൽകാൻ ആരും മടിക്കുന്നില്ലല്ലോ. ഗാന്ധിയൻ ആശയങ്ങൾ പ്രേംചന്ദിന്റെ ആദ്യകാലകൃതികളിൽ എത്രമാത്രം സ്വാധീനംചെലുത്തി! ഗാന്ധിയൻ ആശയങ്ങളുടെ 'കുഴലൂത്തുകാരൻ'മായിപ്പോയതുകൊണ്ട് പ്രേംചന്ദ് ഒരു നല്ല കലാകാരനല്ലാതെ പോയെന്നില്ല. ഇവരിലെന്നല്ലും വിളിനാമമായി മാർക്സിസത്തിന്റെ തത്വസംഹിതയിൽ കാലുറപ്പിച്ചുകൊ

> നിശ്ചയം നീയറിവൂ, യുഗാന്തയുഗങ്ങളായ്
> വിശ്വവിജ്ഞാനം തേടുംമർത്യന്റെ ശ്രുതതത്വം.
> ഭീകരം മരണത്തെയല്ലെങ്കിലെങ്ങിനെ നീ
> സ്വീകരിച്ചിടുന്നൂ പുഞ്ചിരിതൂകിയേവം.
> മരണംതൻ ചിന്തയിൽ മധുരമോ; നാളയും
> കിരണമാലിയൊത്തെത്താമെന്നവിശ്വാസമോ;
> ശോകവുമാനന്ദവും ഭാവനാവിധേയങ്ങ
> ളേകമാണവയെന്ന ധീരധാരണതാനോ;
> എന്തുതാനവിരാമം നിന്നിൽനിന്നൽശ്രുക്കൾ
> പുഞ്ചിരിപ്രവാഹത്തിലന്തർലീനമാം തത്വം.
> പറയുമോ, പുഷ്പമേ! പാരിലെപാരവശ്യം
> കുറയുവാനതുകാരം നിൻ തത്വചിന്താരസം.
> എന്തോതി ഞാൻ, ഭാവനാവഞ്ചിതൻ, ശബ്ദങ്ങളാൽ
> പങ്കിലമാകാത്ത നിൻ ഭാഷയിലജ്ഞനല്ലീ.
> തറവാടാണെങ്കിലുമെത്രയോ വിഭിന്നർ നാം;
> ഉ വിടംവിട്ടുനാംമെത്തുന്നു വേർപെട്ടവർ.
> നാളുകളൊട്ടേറെ നാം ശോളാന്തരാളങ്ങളിൽ
> പൂഴുവേ, മാറി പാടെ ഭാഷയുമാകാരവും;
> പാരിലിപ്പൂതലക്കിൽ കണ്ടെത്തിയുദ്ദിശം
> നീരവം നോക്കി നിൽപൂ കേവലമനുർപോൽനാം

4

> ശത്രുകാമനാം നിന്നെയാശത്രുകം കണ്ടുഞാൻ
> ചിന്തയാർക്കുന്നതൊക്കയോ പുലമ്പിപ്പോയിങ്ങനെ.
> പോകട്ടെ ഞാനും, പൂവേ! ജീവിതം സമ്മാനിച്ച
> ശോകഭാരവും പേറിയേറെ നാളിന്നിയും ഞാൻ,
> ക്രൂരം കണ്ണുമില്ലത്ത ശൂന്യാന്തരീക്ഷങ്ങളിൽ
> പാറണം പട്ടംപോലെ; നിശ്ചിതമായ നാളിൽ
> നിയ്യും ഞാനുമെല്ലാമെന്നായി തന്നിൽ കാണു
> പയ്യനക്കളിക്കാരൻ തുലയ്ക്കുവോളം വരെ.

ണ്ടാണ് കൃതിസൃഷ്ടി ചെയ്യുന്നു. അതുകൊണ്ട് കലാക്ഷേത്രത്തിൽ അതു ടേയും പിന്നിലായിപ്പോയിട്ടില്ലല്ലോ! ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങളും വേണമെങ്കിലും വിശ്വസാഹിത്യത്തിൻറെ ഏടുകളിൽനിന്നും എടുത്തുകാണിക്കാവുന്നതാണ്. പിന്നെയെങ്ങനെയാണ് തത്വസംഹിതകളും ഉത്തമകലയ്ക്കു കെട്ടുതിരയുന്നത്?

ഇനി മാർക്സിസം കലയെ 'മുരടിപ്പിക്കു'ന്നുണ്ടോ എന്നു നോക്കാം. തീർച്ചയായും മാർക്സിസം ഒരു ഭൗതികസിദ്ധാന്തമാണ്. അതു ദർശനം (Idia ത്തെക്കാൾ വസ്തു(mater) വിനെ പ്രാഥമികമായി (Primery) ഗണിക്കുന്ന ഒരു സിദ്ധാന്തമാണ് പക്ഷേ അതുകൊണ്ടുമാത്രം അതിന് ഭാവനാ സാമ്രാജ്യവുമായി യാതൊരു ബന്ധവുമില്ലെന്നു പെട്ടെന്നു പറഞ്ഞുകളയുക ശരിയല്ല. മാർക്സിസം എന്താണെന്ന് ഇന്നു കൂടുതൽ കൂടുതൽ ജനങ്ങളും പഠിക്കുകയും അറിയുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊന്നിച്ചുതന്നെ അതിനെക്കുറിച്ചു പരിഹാസ്യവും പലപ്പോഴും ക്രൂരവുമായ തെറ്റിദ്ധാരണകളും നിലവിലിരിക്കുന്നു. ചിലർ അതു മനഃപൂർവം പരത്താൻ ശ്രമിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചു മാർക്സിസവും കലയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഇന്നു പലരുടെയിടയിലും പരന്നിരിക്കുന്ന അബദ്ധധാരണയാണ്, എല്ലാ കലാസൃഷ്ടികളും സാമ്പത്തികമായ ആവശ്യങ്ങളുടേയും ഗതിവിശേഷങ്ങളുടേയും നേരിട്ടുള്ള പ്രതിഫലനമാണെന്നു' നിഗമനം. ഇതിൻറെ അശാസ്ത്രീയത ഠൽഫ് ഫാക്സ് തൻറെ Novel and People എന്ന പുസ്തകത്തിൽ എംഗൽസിനെ ഉദ്ധരിച്ചു തെളിയിച്ചിട്ടുണ്ട്. എംഗൽസ് പറയുന്നു:

"According to the materialist conception of history, the determining element in history is ultimately the production and reproduction in real life More than this neither Marx nor I have ever asserted If therefore somebody twists this into the statement that the economic element is the only determining one, he transforms it into a meaningless abstract and absurd phrase The economic situation is the basis but the various elements of the Superstructure-Political forms of the class struggle and its consequences, constitutions established by the victorious class after a successful battle etc forms of law and then even the reflexes of all these actual struggles in the brains of the combatants, political, legal philosophical theories religious ideas and their 'further' developments into systems of dogma-also exercise their influence upon the course of the historical struggles and in many cases preponderate in determining their form"

സാമ്പത്തികാടിസ്ഥാനത്തിലുള്ള ഭൗതികജീവിതത്തിൻറെ നേരിട്ടുള്ള പ്രതിഫലനമാണ് കലയെന്നും മനുഷ്യൻറെ ബോധത്തിന് (Consciousness) കലയിൽ സ്ഥാനമില്ലെന്നുമുള്ള വാദങ്ങളും മാർക്സിസത്തിൻറെ തലയിൽവച്ചു കെട്ടുക അതിനെ അവഹേളിക്കലാണെന്നു തെളിയുന്നു. കലയുടെ വൈകാരികവശത്തെ മാർക്സിസം തിരിച്ചും മാനിക്കുന്നുണ്ട്, അപ്പോഴും ഭൗതികസിദ്ധാന്തമായ മാർക്സിസം, ഭാവനാസൃഷ്ടിയായ കൃതിയായി വളരെ ദൂരെയാണെന്നും കലയെ മുരടിപ്പിച്ചുകളയുമെന്നും പറഞ്ഞു പരത്തുക മാർക്സിസത്തെ തെറ്റിദ്ധരിപ്പിക്കാൻമാത്രമേ ഉതകുകയുള്ളൂ. സാഹിത്യത്തിന് ജീവിതയാഥാർത്ഥ്യങ്ങളുമായി അഭേദ്യമായ ബന്ധമുണ്ടെന്നു കാര്യം തർക്കമറ്റ സംഗതിയാണല്ലോ. എന്താണ് യാഥാർത്ഥ്യം? യാഥാർത്ഥ്യത്തെത്തന്നെ പലരും പല വീക്ഷണകോണങ്ങളിൽക്കൂടിയാണ് സമീപിക്കുന്നത്, യാഥാർത്ഥ്യത്തെ അതിൻറെ തനിനിറത്തിൽ കാണാൻ സാഹിത്യകാരന്മാരെ മാർക്സിസം മറേറതൊരു തത്വസംഹിതയെക്കാളും പ്രയോജനകരമായി ഫലപ്രദമായി സഹായിക്കുന്നു സമൂഹത്തിൻറെ ചലനങ്ങളുടെ ചില നിയമങ്ങളും ഉണ്ടെന്നും ആ നിയമങ്ങളെക്കുറിച്ചുള്ള അറിവു ഉപയോഗപ്പെടുത്തി മനുഷ്യൻറെ ഭാവി മോശമാക്കാമെന്നും മാർക്സിസം വിശ്വസിക്കുന്നു. ഫാക്സ് പറയുന്നു:

"Our world is orn by a historical struggle and in that struggle Marxism, the outlook of the class called by history to build a new world on the ruins of the old plays the part that humanism played in the building of the world that replaced feudalism Novel and the people)

ഇന്നത്തെ സമുദായത്തിൽ തൊഴിലാളിവർഗ്ഗമാണ് പുരോഗമനപരമായ സാമൂഹ്യകർമകർത്തൃത്വം നിർവ്വഹിക്കാൻ ഏറ്റവും കഴിവുള്ള വർഗ്ഗമെന്നും, ആ വർഗ്ഗത്തിൻറെ തത്വസംഹിതയായ മാർക്സിസം ഏറ്റവും പുരോഗമനപരവും സത്യനിഷ്ഠവും ആണെന്നും ആ തത്വസംഹിതയെ അംഗീകരിച്ചുകൊണ്ടു സൃഷ്ടിക്കുന്ന കലകളെല്ലാം വെറും സിദ്ധാന്തങ്ങളുടെ 'കഴുത്തുകളായിപ്പോവുകയില്ലെന്നും വിശ്വസിക്കുന്നതിൽ യാതൊരു അപാകതയുമില്ലെന്നതത്രെ ഞാൻ വിചാരിക്കുന്നു

സമൂഹം, വ്യക്തി, അവതമ്മിലുള്ള പരസ്പരബന്ധം ഇവയെക്കുറിച്ചു 'നിസ്സാരനായവ്യക്തി മഹത്തായ സമൂഹത്തിൻറെ ഇച്ഛയെ വിനീതനായി അനുസരിക്കേണ്ടവ'നാണെന്ന ചിന്താഗതിയാണ് മാർക്സിസത്തിനുള്ളതെന്നു പറയുകയും കൂടി ചെയ്താൽ ശ്രീ. ഇഫ്ലൻനായർ സൂചിപ്പിച്ചിട്ടുണ്ടല്ലോ മാർക്സിസത്തേയും സോവിയറ്റ് യൂണിയനെയും അധിക്ഷേപിക്കാൻ പലരും (ചിലർ യാഥാർത്ഥ്യങ്ങളറിയാതെ, മറെറ ചിലർ മനഃപൂർവം) എടുത്തെറിയുന്ന ഒരു ഷണമാണിതു. "സോവിയറ്റ് യൂണിയനിൽ പ്രണയിക്കുന്നതുപോലും പാർട്ടിലൈനിലാണ്. അവിടെ 25 കൊല്ലത്തെ നിരന്തരവും നാനാമുഖവുമായ പ്രവർത്തനംകൊണ്ടു കമ്മ്യൂണിസ്റ്റുകാരുടെ വ്യക്തിത്വം നശിപ്പിച്ചു അവരെ രാഷ്ട്രത്തിൻറെ പട്ടാളച്ചിട്ടയൊപ്പിച്ചെടുത്തുകഴിഞ്ഞിരിക്കുന്നു. ശോഭിക്കേണ്ട 'ചീത്ത'യാക്കിയതു റഷ്യൻവിപ്ലവമാണ്; എന്തെന്നാൽ വിപ്ലവത്തിനുശേഷം അദ്ദേഹത്തിൻറെ കവിത മുരടിച്ചുപോയി. റഷ്യയിൽ ജനങ്ങളുടെ ഭൗതികജീവിതം അസാമാന്യമാംവിധം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട് പക്ഷേ കലാസൃഷ്ടിക്കുള്ള മാനസികമായ ശിഥിലീഭാവസ്ഥ അവിടെയില്ല." ഇതെല്ലാം ശ്രീ ഇഫ്ലൻനായർ യാതൊരു ക്രൂരലും ക്രൂരതയുമില്ലാതെ ഒരു വിമർശനമെന്നവണ്ണം 'ധൈര്യത്തോടെ പറയുന്നുണ്ട്. പക്ഷേ ഇതെല്ലാം പാർട്ടിവിരോധം കൊണ്ടാണ് അദ്ദേഹം പറയുന്നതെന്നു ആരെങ്കിലും ധരിച്ചാൽ അതദ്ദേഹത്തിനു വ്യസനകരമാണതാനും.

മുതലാളിത്തവും സോഷ്യലിസവും വ്യക്തിസ്വാതന്ത്ര്യവും വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചും വിഭിന്നമായ അഭിപ്രായങ്ങളാണ് വച്ചുപുലർത്തുന്നതു. സോഷ്യലിസം സഹകാര്യസ്വാതന്ത്ര്യത്തിനെ നശിപ്പിക്കുന്നതുകൊണ്ട് സഹകാര്യസ്വാതന്ത്ര്യത്തിൻറെ അടിസ്ഥാനത്തിൽ വളർന്നിട്ടുള്ള പ്രവർത്തനസ്വാതന്ത്ര്യങ്ങളെ അതു നിരോധിക്കുകയും അങ്ങനെ വ്യക്തിത്വത്തെ നശിപ്പിക്കുകയും ചെയ്യുന്നു എന്നു പലരും പറഞ്ഞുപരത്തുന്നുണ്ട്. ഇത്തരം അയഥാർത്ഥമായ ആരോപണങ്ങളും കൊണ്ടുവരുന്നതിൽ ബുദ്ധിപൂർവ്വം വ്യക്തിമാഹാത്മ്യത്തിലും വ്യക്തിസ്വാതന്ത്ര്യത്തിലും വിശ്വസിക്കുന്നവരിൽ ഒരു വൻപിച്ച ജനവിഭാഗത്തെ സോഷ്യലിസത്തെക്കുറിച്ചു അനുകൂലമായ ധാരണവച്ചുപുലർത്തുന്നതിൽനിന്നും അകറ്റിനിർത്തുക. നീതിയുക്തമായ ഒരു

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്തം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ് സെക്യൂരിറ്റിയിന്മേൽ"

പുതുതായി വീണ്ടും ഉടനെ ആരംഭിക്കുന്നു

(A)	60 ഉ. 50 മാസം	ഉ. 3000	(D)	30 ഉ. 50 മാസം	ഉ. 1500
(B)	50 ,, ,,	2500	(E)	20 ,, ,,	1000x2
(C)	40 ,,	2000	(F)	10 ,, ,	500x3

ഉടനെ ചിട്ടികൾ ആരംഭിച്ചുവരുന്നു. ആവശ്യപ്പെട്ടാലുടനെ വയ്പോല അയച്ചുതരുന്നതാകുന്നു

കെ. ദാമോദരൻപിള്ള,
മാനേജിംഗ് ഡയറക്ടർ.

സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടിയാ ദിക്കുന്നവരും 'ഇല്ലാത്തവരോട് സഹാനുഭൂതിയുള്ള' പലരും മാർക്സിസത്തെ ഈ മന്നിന്റെ പേരിൽ എതിർക്കുന്നുണ്ട്. ഇവരിൽ പലർക്കും മുൻകൂട്ടിത്തന്നെയുള്ള ഒരു അബദ്ധധാരണയോടുകൂടിയല്ലാതെ മാർക്സിസത്തെ സമീപിക്കാൻ തന്നെ കഴിയുന്നില്ല.

'വ്യക്തിസ്വാതന്ത്ര്യ'ത്തെപ്പറ്റി ഈ പ്രചരണക്കാർ നിലവിളിക്കുമ്പോൾ ഭരിപക്ഷത്തെ പോഷണം ചെയ്തു സ്വന്തംപള്ള വീർപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ മാത്രമാണ് ഇവർ അർത്ഥമാക്കുന്നതെന്നു എളുപ്പം മനസ്സിലാകും.

"ബൂർഷ്വാസമൂഹത്തിൽ മൂലധനം സ്വതന്ത്രമാണ്; അതിന് വ്യക്തിത്വമുണ്ട്, അതേസമയം ജീവനുള്ള മനുഷ്യൻ അസ്വതന്ത്രനാണ്; അവനു വ്യക്തിത്വമില്ല

"ഈ അവസ്ഥയെ നശിപ്പിക്കുന്നതു ബൂർഷ്വാസിയുടെ ഭാഷയിൽ വ്യക്തിത്വത്തേയും സ്വാതന്ത്ര്യത്തേയും നശിപ്പിക്കലാണ്. ശരിതന്നെ. ബൂർഷ്വാ വ്യക്തിത്വവും ബൂർഷ്വാസ്വാതന്ത്ര്യവും നശിപ്പിക്കുകതന്നെയാണ് ലക്ഷ്യം" (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ — മാർക്സ്—ഏംഗൽസ്). സോവിയറ്റ് യൂണിയനിൽ തീർച്ചയായും മുകളിൽപറഞ്ഞമാതിരിയുള്ള 'വ്യക്തിസ്വാതന്ത്ര്യം' ഇല്ലതന്നെ ഭരിപക്ഷത്തിന്റെ പ്രയത്നഫലം പോഷണംചെയ്യാൻ അവിടെ വ്യക്തിക്കു സാദ്ധ്യമല്ല. ഇതിൽ അപകടകരമായിട്ടെന്താണുള്ളത്? നമ്മിൽ ഭരിപക്ഷവും ഇത്തരം വ്യക്തിസ്വാതന്ത്ര്യത്തെ ഏതിർക്കുന്നവരാണ് താനും. അപ്പോൾ പ്രത്യേകിച്ചും 'ഇല്ലാത്തവരോട് സഹാനുഭൂതിയുള്ള' പുരോഗമനക്കാർക്കെന്നും ഇത്തരത്തൊരു 'വ്യക്തിസ്വാതന്ത്ര്യമില്ലായ്മയെപ്പറ്റി പരാതിപ്പെടാൻ ന്യായമായ കാരണങ്ങളൊന്നും ഇല്ലെന്നാണ് എനിക്കു തോന്നുന്നത്.

വ്യക്തികളുടെ ആവശ്യങ്ങളും അഭിരുചികളും ഒരുപോലെയോ അളവിലോ തുല്യമല്ലെന്നും ഒരിക്കലും അവ ഒരുപോലെയാവുകയില്ലെന്നും ഉള്ള ധാരണയിൽനിന്നാണ് മാർക്സിസം ആരംഭിക്കുന്നതുതന്നെയും എന്നു മാർക്സിസ്റ്റ് ആചാര്യന്മാർ പലപ്പോഴും ഉന്നിപ്പറഞ്ഞിട്ടുണ്ട്. എന്നിട്ടും റഷ്യയിൽ എല്ലാവരെയും പട്ടാളച്ചിട്ടയൊപ്പിച്ചു ഏതിതാൻ സമജരാക്കിത്തീർത്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടിരിക്കുന്നതു് ആരുടെ നന്മയ്ക്കുവേണ്ടിയാണ്? എല്ലാ വ്യക്തികളെയും പോലെതന്നെ, സാഹിത്യകാരനെയും സമൂഹത്തിൽനിന്നും ഒഴിച്ചുനിർത്താൻ സാദ്ധ്യമല്ല. അയാളും ഏതു പ്രത്യേക സാമൂഹ്യവ്യവസ്ഥിതിയിലെ ഏതു പ്രത്യേക കാലഘട്ടത്തിലെ വ്യക്തിയാണെന്നു നിശ്ചയിച്ചാൽമാത്രമേ അയാളെപ്പറ്റി ശരിക്കൊരുപഠനം നടത്താൻ നമുക്കുകഴിയുകയുള്ളു. സമൂഹത്തിൽ വ്യക്തികൾക്കുള്ള പരസ്പരബന്ധം നിശ്ചയിക്കുന്നതു ഉല്പാദനോപകരണങ്ങളുടെമേൽ അവർക്കും തമ്മിലുള്ള ബന്ധമാണെന്നു മാർക്സിസം ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട്. സമൂഹമാണോ വ്യക്തിയാണോ കൂടുതൽ പ്രധാനം എന്ന ചോദ്യം ഒരു നാണയത്തിന്റെ ഏതു വശമാണ് പ്രധാനം എന്ന ചോദ്യംപോലെയാണ്. കാരണം ഏതൊരു വ്യക്തികളുടേയും പരസ്പരബന്ധങ്ങളുടെ അടുക്കെത്തുകയാണല്ലോ സമൂഹം സോവിയറ്റ് യൂണിയനിൽ സാഹിത്യകാരന്മാർക്കു സ്വാതന്ത്ര്യമില്ലെന്നു പറയുന്നവർ ഒരു കാര്യം മനസ്സിലാക്കിയിരിക്കണം. നമ്മുടെ നാട്ടിൽ എത്രയോ എഴുത്തുകാർ പട്ടിണികിടന്നു പൊരിഞ്ഞുപോകാതിരിക്കാൻ വേണ്ടി മനസ്സില്ലാമനസ്സോടെ മുതലാളിത്തത്തിന്റെ കുതന്ത്രങ്ങൾക്കുള്ള ലകപ്പെട്ടുപോകുന്നുണ്ട്. മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട് ചില ക്വാറൻപണക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ തൂലിക ചലിപ്പിക്കേണ്ടി നിർഭാഗ്യം നമ്മുടെ എഴുത്തുകാരെ നേരിട്ടിട്ടുണ്ട്. എന്നാൽ സോവിയറ്റ് യൂണിയനിൽ ഈ ശോചനീയമായ അവസ്ഥയില്ല അവിടെ സാഹിത്യത്തിനും കലയ്ക്കും ഏറ്റവും ഉന്നതമായ ഒരു സ്ഥാനം നൽകിയിട്ടുണ്ട്. കാശ്നവേണ്ടി സാഹിത്യവാദികളുടെയും മുതലാളിവർഗ്ഗത്തിന്റെയും ചേരിപിടിക്കേണ്ട ദുർഭാഗ്യകരമായ സ്ഥിതി അവിടത്തെ സാഹിത്യകാരന്മാരെ നേരിടുന്നില്ല. അങ്ങനെ വ്യക്തി യഥാർത്ഥത്തിൽ സ്വതന്ത്രനാക്കപ്പെട്ടിട്ടുള്ളതു അവിടെയാണ്. തങ്ങളുടെ പോഷണം നിലനിർത്തിക്കൊണ്ടുപോകാനും പണമുണ്ടാക്കാനും സഹായിക്കാത്ത ഏതുകലയെയാണ് ഏതു ശാസ്ത്രഗവേഷണത്തെയാണ് ബൂർഷ്വാസി പ്രോൽസാഹിപ്പിക്കുന്നതു്? സോവിയറ്റ് ഗവർമ്മെൻറ് അവിടത്തെ കലയെയും സാഹിത്യത്തിൽ ജനകീയമാക്കാനും വികസിപ്പിക്കാനും ഇന്നു ലോകത്തിലെ ഏതൊരു ഗവർമ്മെൻറിനെക്കാളും കൂടുതൽ ആത്മാർത്ഥതയോടെ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നുണ്ട്. തീർച്ചയായും സോവിയറ്റ് സാഹിത്യകാരന്മാർക്കു സോവിയറ്റ് ജനതയോടു് ചിലകടമകളുണ്ട്. ജനകീയകലയെപ്പറ്റി ലെനിൻ പറയുന്നു:

Art belongs to the People It must have its roots in the very thick of the working masses It must be such that these masses will understand and love it It must voice the feelings thoughts and will of the masses and serve to develop them"

സോവിയറ്റ് സാഹിത്യകാരന്മാർ ലെനിന്റെ ഈ ആദർശത്തെ മുൻനിർത്തിയാണ് കലാവ്യഷ്ടി ചെയ്യുന്നതു്.

ശ്രീ ഇഫ്ലൻനായർതന്നെ പറയുന്നു: "റഷ്യയിലെ ജലസേചനപദ്ധതികൾ കേമമാണ്, അണക്കെട്ടുകൾ ഗംഭീരമാണ്, സർ

കൗമുദിവാരിക

	ഉ.	ണ.
ഏജൻറന്മാർക്കുള്ള കമ്മീഷൻ	0	8
വാർഷിക വരിസംഖ്യ പോസ്റ്റേജ്	10	8
,, ഫോറിൻപോസ്റ്റേജ്	13	0

കൂടുതൽ വിവരങ്ങൾക്കെഴുതുക:

മാനേജർ, കൗമുദി വാരിക
പേട്ട തിരുവനന്തപുരം

യറി അത്ഭുതാവഹമാണ്, എല്ലാം സമ്മതിക്കാം.' സോവിയറ്റ് ജനത അവരുടെ ഇത്തരം പുതിയപുതിയ സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് നേട്ടങ്ങളിൽ ആഹ്ലാദിക്കുകയും അഭിമാനിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. ഇതെല്ലാം സമ്മതിക്കാമെങ്കിൽ, തീർച്ചയായും അവിടത്തെ ജനങ്ങൾക്കു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയോടുള്ള അനുകൂലമനോഭാവം സാഹിത്യത്തിൽ പകർത്തുക അപരാധമല്ലെന്നും സമ്മതിക്കേണ്ടിവരും. എന്തെന്നാൽ ജനങ്ങളെയാണല്ലോ സാഹിത്യത്തിൽ പ്രതിഫലിപ്പിക്കേണ്ടതു്. സോഷ്യലിസ്റ്റ് വ്യവസ്ഥയെ വാഴ്ത്തുന്നതോടെ പ്ലാതന്നെ അതിന്റെ വളർച്ചയ്ക്കും വികാസത്തിനും വിഘാതം വരുത്തുന്ന ദുർഗുണങ്ങളെയും സാഹിത്യകാരന്മാർ സൃഷ്ടികളിൽ പ്രതിഫലിപ്പിക്കുന്നുണ്ടു്. ജനങ്ങൾ കമ്മ്യൂണിസ്റ്റ് സമൂഹത്തെ വാഴ്ത്തുമ്പോൾ ജനങ്ങളുടെ വികാരവിചാരങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യം കമ്മ്യൂണിസ്റ്റ് സമൂഹത്തെ വാഴ്ത്തുന്നതു സ്വാഭാവികം മാത്രമല്ലേ? അതിൽ പരാതിപ്പെടാൻ എന്തിരിക്കുന്നു? അതുകൊണ്ടു് മാർക്സിസ്റ്റ് വീക്ഷണഗതി സ്വീകരിച്ചതുമുതൽ സോവിയറ്റ് കൃതികൾ മുരടിച്ചുപോയി എന്നും, അവിടത്തെ സാഹിത്യം ഒരുമാതിരി യാന്ത്രികമാണെന്നും മറ്റും അഭിപ്രായപ്പെടുമ്പോൾ ശ്രീ. ഉള്ളൂർനായർ സോവിയറ്റ് സാഹിത്യത്തെ നിർമുക്തകണ്ണടയുകൊണ്ടല്ലേ നോക്കുന്നതു എന്നു ഞാൻ സംശയിച്ചുപോകുന്നു.

"വിപ്ലവത്തിനുശേഷം റഷ്യയിൽ നല്ല നോവലുകൾ ഉണ്ടായിട്ടില്ല; ശോക്കിപോലും 'ചീത്തയായി'പ്പോയി" എന്നു ഉള്ളൂർനായർ പറയുന്നുണ്ടല്ലോ. ഗോക്കിയെപ്പറ്റിയുള്ള പരാതിയുടെ ഫാക്സ്തന്നെ മറുപടി പറഞ്ഞിട്ടുണ്ടു്: "Gorkys' creative work since 1917, both in quality and in quantity would compare favourably with anyother European writers His work in the social sense was a work which did greater honour to a name already certain of immortality than anything he did before. Gorky Paved the way for a new culture whieh was bound to come with the establishment of socialism. His social work was essentially creative and not merely protective, again the work he has done since he finally returned to Soviet Union in 1928, the tremendous task he undertook of reorganising the whole of Russian literature and forming the Soviet writers into one great union of writers was Something which must make him remembered with gratitude by every single writer in the country Novel the people" വിപ്ലവത്തിനുശേഷം അദ്ദേഹം എഴുതിയിട്ടുള്ള ഓരോവേഖനവും ലോകമൊട്ടാകെയുള്ള പുരോഗമനസാഹിത്യകാരന്മാർക്കു പുതിയ വെളിച്ചം വീശുന്നതാണു്. അതുലേഖനങ്ങളുടെ സൃഷ്ടിപരമായ മേന്മയെ മറച്ചുവയ്ക്കാൻചെയ്യുന്ന ശ്രമം ശോക്കിയോടു നീതികേടു കാണിക്കുകയാണെന്നു പറയാതെ തരമില്ല

സോവിയറ്റ് ജനതയുടെ ബഹുമുഖമായ ആഗ്രഹങ്ങളും അഭിലാഷങ്ങളും, പ്രതീക്ഷകളും, ഭീതി, ഖേദങ്ങളുടെ ജീവിതങ്ങളിലെ പ്രകാശവും നിഴലും ഇവയുടെയെല്ലാം പ്രതിഫലനമാണു് നാം ഇന്നു സോവിയറ്റ് സാഹിത്യത്തിൽ കാണുന്നതു്. 'ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ മനുഷ്യൻ പരിവർത്തനം പ്രാപിക്കുന്നതിന്റെ കലാപരമായ ആവിഷ്കരണമാണു് സോവിയറ്റ് നോവൽ' എല്ലാസ്ഥലത്തും എല്ലാക്കാലത്തും ഡിക്കൻസിന്റെയോ ബൽസാക്കിന്റെയോ ടാൾസ്റ്റോയിയുടേയോ 'വലിപ്പ'മുള്ള സാഹിത്യകാരന്മാർ ഉണ്ടാവുക സാധാരണമല്ലെന്നകാര്യം സർവസമ്മതമാണു്. തീർച്ചയായും റഷ്യൻ വിപ്ലവത്തിനുശേഷം ഒരു ടാൾസ്റ്റോയിയോ ഒരു ഡസ്റ്റോവ്സ്കിയോ ശ്രുപംകൊണ്ടിട്ടില്ല. പക്ഷേ അതിന്റെ അർത്ഥം അവിടെ എഴുതുന്ന നോവലുകളെല്ലാം ശ്രുഷ്കങ്ങളാണെന്നു ധരിക്കുമ്പോഴാണു് കുഴപ്പമുണ്ടാവുക. എല്ലാക്കാലങ്ങളിലും എല്ലാ സ്ഥലത്തും നോവൽശാഖ സൂക്ഷ്മമായെന്നു വരികയില്ല. ഇന്നത്തെ ഇംഗ്ലീഷ് സാഹിത്യത്തിന്റെ കഥതന്നെയെടുക്കുക. ഡിക്കൽസിന്റെയും തക്കറെയുടേയും ഒന്നാംനിരയിൽ എത്താൻ തക്ക യോഗ്യതയുള്ള ഒരൊറ്റ ഇംഗ്ലീഷ് നോവലിസ്റ്റ് ഇന്നുണ്ടോ? ഒരു ഇരുന്നൂറു കൊല്ലത്തിനിടയ്ക്കു യൂറോപ്പൻ സാഹിത്യത്തിനു ജന്മം കൊടുത്തിട്ടുള്ള മഹാന്മാരായ നോവലിസ്റ്റുകളെ നമുക്കു കൈവിരലിൽ എണ്ണിത്തീർക്കാം. അപ്പോഴാണു് ഇരുപതിയഞ്ചുകൊല്ലംമാത്രം പ്രായമുള്ള സോവിയറ്റ് നോവൽ സാഹിത്യത്തിൽ ടോൾസ്റ്റോയിയും ഡസ്റ്റോവ്സ്കിയും ഇല്ലാത്തതുകൊണ്ടു സോവിയറ്റ് നോവലുകളെല്ലാം ഒരുതരം രാഷ്ട്രീയപ്രചരണങ്ങൾമാത്രമാണെന്നു ധരിക്കുക കഷ്ടമാണു്. നല്ല പുസ്തകങ്ങളും നല്ലതല്ലാത്ത പുസ്തകങ്ങളും എപ്പോഴും എവിടെയും കാണും. പക്ഷേ അടക്കിപ്പിടിച്ച സോവിയറ്റ് സാഹിത്യം രസവിഹീനമാണെന്നു പറയുമ്പോൾ പറയുന്നയാളിന്റെ പക്ഷപാതബുദ്ധിമാത്രമാണു് വെളിപ്പെടുന്നതു്.

മൈക്കേൽ ഷോലക്കോവിന്റെ വിശ്വവിഖ്യാതമായ ഡോൺ നോവലുകൾ, Harvest Nikolaveya, A story about a real man (polevori) How the steel was tempered (ostrovsky) Happiness (pavlenko), young gaurd (Fedeyev', storm (Ehrenburg) തുടങ്ങിയ നോവലുകൾ സോവിയറ്റ് സാഹിത്യത്തെ പ്രതിനിധാനം ചെയ്യുന്ന അമൂല്യമായ രത്നങ്ങളാണെന്നു്, സോവിയറ്റ്രാഷ്ട്രത്തോടു Prejudice ഒന്നും ഇല്ലെങ്കിൽ ശ്രീ. ഉള്ളൂർനായർപോലും സമ്മതിക്കുമെന്നു എനിക്കു വിശ്വാസമുണ്ടു്.

റഷ്യൻ ജനതയുടെ സാഹിത്യത്തിന്റെ ക്ഷേത്രത്തിന്റെ മഹത്തായൊരു പാരമ്പര്യമുണ്ടു്. അവരുടെ സാഹിത്യം ഡൂവ്സ്കിയുടേയും ഗോഗോളിന്റെയും പുഷ്കിന്റെയും സാഹിത്യമാണു്, ബെലിൻസ്കിയുടേയും ടോൾസ്റ്റോയിയുടേയും ഗോർക്കിയുടെയും സാഹിത്യമാണു്. ഈ മഹാന്മാരായ കലാകാരന്മാരുടെ പാരമ്പര്യം റഷ്യാക്കാർ അഭിമാനപൂർവം ഇന്നും പിന്തുടരുന്നുണ്ടു്. സോവിയറ്റ് സാഹിത്യത്തിൽ അവരുടെ മഹത്തായ പാരമ്പര്യത്തിന്റെ വിജയപതാക പറത്തുന്ന കലാസൃഷ്ടികളും കലാകാരന്മാരും ഉടലെടുക്കയും അങ്ങനെ വിശ്വസാഹിത്യത്തിനു വിലമതിക്കാൻ പാടില്ലാത്ത സംഭാവനകൾ അർപ്പിക്കയും ചെയ്തുവെന്നതിൽ യാതൊരാശങ്കയ്ക്കും വഴിയില്ല.

.....

★ കലാലയസ്വപ്നം ★

ജി. എൻ. കെ.

എങ്ങനെ എന്നു നിശ്ചയമില്ല. ഞാൻ ഒരു നൂതനലോകത്തിൽ എത്തിച്ചേർന്നു. തികച്ചും അപരിചിതമായ ഒരു സുന്ദരലോകം. ഞാൻ ജനിച്ചുവളർന്ന മൺപുരയും വേദനതങ്ങി നിൽക്കുന്ന അവിടത്തെ പരിസരങ്ങളും എല്ലാം എവിടെയോ പോയ് മറഞ്ഞു. ഞാൻ കണ്ണു തിരുമ്മി ഒന്നുകൂടി നോക്കി. അതെ! ഒരു പുതിയ ലോകത്തിൽതന്നെയാണു നിൽക്കുന്നതു്.

പച്ചപിടിച്ച പുൽത്തകിടികളും വടിവൊത്തു തയ്യാറാക്കിയിട്ടുള്ള വെൺമണൽവിരിച്ച പാതകളും, അവയുടെ ഇരുവശങ്ങളിലായി വരിവരിയായി നിൽക്കുന്ന പൂച്ചെടികളും, അങ്ങിങ്ങായി പടർന്നു പന്തലിച്ചുനിൽക്കുന്ന മനോഹരവൃക്ഷങ്ങളും, ഉദിച്ചുയരുന്ന പൂർണ്ണചന്ദ്രൻ, നക്ഷത്രങ്ങളും മിന്നിത്തിളങ്ങുന്ന നീലാകാശം, കുളിർമ്മയേറിയ പൂന്തെന്നൽ, നിലാവിൽകുളിച്ച പ്രകൃതി, ഏവിടെയുമെവിടെയും ഒരു നൂതന ചൈതന്യം

ഞാൻ തലപുകഞ്ഞു ചിന്തിച്ചു നോക്കി; ആ മനോഹരമായ പൂന്തോട്ടത്തിൽ എങ്ങനെ എത്തിച്ചേർന്നെന്നു്. പക്ഷേ, ഒന്നും വ്യക്തമായില്ല. എന്തൊരുത്തുതം അതിശയം തുളുമ്പുന്ന മുഖഭാവത്തോടെ അനേകംപേർ എന്റെ ചുറ്റും നിൽക്കുന്നു. യുവത്വം കഴിഞ്ഞിട്ടില്ലാത്ത പ്രസന്നമായ അനേകം മുഖങ്ങൾ. അവ അന്യോന്യം തുറിച്ചുനോക്കുകയാണു്. അത്ഭുതകരമായ എന്തോ സംഭവിച്ചതുപോലെ.

പ്രകാശം സ്ഫുരിക്കുന്ന ആ പുതുമുഖങ്ങളിൽ ഞാൻ സൂക്ഷിച്ചു നോക്കി. സൂര്യന്റെ പ്രതിരൂപങ്ങൾപോലെ അവ അത്യന്തം മനോഹരമായിരുന്നു. നക്ഷത്രങ്ങളെവെല്ലുന്ന അവരുടെ നയനങ്ങൾ സുന്ദരമായ ആ അന്തരീക്ഷത്തിൽ സ്വപ്നങ്ങൾ നെയ്യുകയാണു് എന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ കൊടുങ്കാറ്റുകൾ ശ്വാസംമുട്ടിച്ചു. ഞാൻ ചുറ്റും നോക്കി എല്ലാവരും അന്യോന്യം നോക്കുകയാണു്. ചുണ്ടിൽ ഹൃദയം കവരുന്ന പുഞ്ചിരിയുമായി ഞാൻ ഒരു നിമിഷത്തേയ്ക്കു സ്തബ്ധയായി നിന്നുപോയി.

ചന്ദ്രന്റെ കരങ്ങളിലമർന്ന നഗ്നയായ പ്രകൃതി മൂർച്ഛിച്ചുനിന്നു. അതുവഴികടന്നുവന്ന ആ പൂന്തെന്നൽ അതുകണ്ടു ലജ്ജിച്ചു എങ്ങോ ഓടിമറഞ്ഞു. വെൺമേഘങ്ങളും നിശ്ചലമായിനിന്നു. കൗസ്തുഭക്കല്ലുകളായ നക്ഷത്രങ്ങളും മാത്രം കൂട്ടുകൂടെ ചിരിച്ചുകൊണ്ടിരുന്നു.

അവർണ്ണ്യമായ ആ ആനന്ദാനുഭൂതിയിൽ ഹൃദയം വീർപ്പുമുട്ടുന്ന ഒരനുഭവം. അകാരണമായി ഉറക്കെപൊട്ടിച്ചിരിക്കണമെന്നെനിക്കു തോന്നി. ഞാൻ ചുറ്റും നോക്കി. അടക്കിപ്പിടിച്ച ചിരിയുമായി അനേകം പേർ സ്വപ്നത്തിലെന്നപോലെ നിൽക്കുന്നു.

ഞങ്ങളെല്ലാവരും പൊട്ടിച്ചിരിച്ചു. ആഞ്ഞുവിളിച്ചു തോളോടുതോൾ ചേർന്നു ആ ഉദ്യാനമാകെ ഓടിനടന്നു. ജീവനുള്ള ഒരായിരം കഥകളും ഉണ്ടായിരുന്നു ഞങ്ങൾക്കന്യോന്യം പറയുവാൻ.

എവിടെയുമെവിടെയും ജ്യോത്സ്നയുടെ തിരത്തള്ളൽ. ഞങ്ങളും കൈകോർത്തു നടന്നു ഹൃദയത്തിന്റെ ഭാഷയിൽ സംസാരിച്ചുകൊണ്ടു്. അവിടത്തെ വെറുമൊരു മണൽത്തരിപോലും ആനന്ദത്തിന്റെ ഓരോ മഹാകാവ്യമായിട്ടാണു ഞങ്ങൾക്കനുഭവപ്പെട്ടതു്. അവിടെ വിരിഞ്ഞ ഓരോ പൂവിനുമുണ്ടായിരുന്നു ഞങ്ങൾക്കു നൽകുവാൻ ഓരോ മധുരസന്ദേശം. ആ നക്ഷത്രികളുടെ ആ പുതിയ ലോകത്തിൽ മതിമറന്നു ഞങ്ങളുറക്കെപാടി. ആ ഗാനധാരയിൽ മുഴുകി നക്ഷത്രങ്ങൾപോലും കോരിത്തരിക്കുന്നുണ്ടു.

മാധുര്യമൂറുന്ന ആ അന്തരീക്ഷത്തിൽ പിരിയുവാൻ കഴിയാത്തവിധം ഞങ്ങളുടെ ഹൃദയങ്ങൾ ഒന്നു ചേർന്നു. ഓരോ നിമിഷവും ഞങ്ങൾ പരസ്പരം ചെവിയിൽ മന്ത്രിക്കും "മരിക്കല്ലു, നമുക്കു പിരിയരുതു്."

കാലം അതിവേഗം മുന്നോട്ടുനീങ്ങി. എന്തൊരത്ഭുതം! ചന്ദ്രൻ അസ്തമിച്ചില്ല. നക്ഷത്രങ്ങൾ മങ്ങിയില്ല. ഇരുളിന്റെ നിഴൽപോലും എത്തിനോക്കിയില്ല. എങ്കിലും വെൺമയേറിയ പൂനിലാവു്.


ഞാൻ മുമ്പെങ്ങുമില്ലാത്തവിധം ഉറക്കെച്ചിരിച്ചു. എന്റെ ശോകാത്മകമായ ജീവിതകഥ എവിടെയോ ഓടിമറഞ്ഞു. എങ്ങും ജീവിതം മാദകമായി പുഞ്ചിരിതൂകുന്നു. സ്നേഹത്തിന്റെ കാലൊച്ചയല്ലാതെയാതൊന്നും കേൾക്കാനില്ല. എല്ലാം മറന്നു ഞാൻ ഓടിനടന്നു എന്നോടൊത്തു സ്നേഹത്തിന്റെ പ്രതിരൂപങ്ങളായ അനേകം പേരും

ഏതുസമയം കഴിഞ്ഞെന്നു നിശ്ചയമില്ല. ഞാൻ തലചുറ്റി നിപതിച്ചു. എനിക്കു് ഒന്നും മനസ്സിലായില്ല. ഹൃദയവേദനയോടെ പിടഞ്ഞുണർന്നു. ദേഹമാകെ വിയർപ്പു പൊടിഞ്ഞിരിക്കുന്നു.

ഞാൻ കൈകാൽകുടഞ്ഞെഴുന്നേറ്റു ചുറ്റും കരിപുരണ്ട മൺഭിത്തികൾ! ഏതൊ ഒരോർമ്മ ഞാൻ ഒന്നുകൂടി സൂക്ഷിച്ചു നോക്കി. അച്ഛൻ, അമ്മ, സഹോദരങ്ങൾ, വേദനയുടെ നഗ്നമായ ചിത്രങ്ങൾപോലെ അവർ ചുറ്റും കൂടിനിൽക്കുന്നു. അപ്പോഴാണെനിക്കോർമ്മവന്നതു് ഞാൻ എന്റെ മൺപുരയ്ക്കുള്ളിലാണെന്നു്.

അവർ ഒരായിരം കഥകളും എന്നെ പറഞ്ഞുകേൾപ്പിച്ചു, നീറുന്ന അനുഭവങ്ങളുടെ നീണ്ട കഥകൾ. ഞാൻ കണ്ട. ചുറ്റുപാടും കത്തിയുയരുന്ന മൂർഖൻപാമ്പുകളെപ്പോലെ പത്തി ഉയർത്തി നിൽക്കുന്നതു്. എന്റെ തലയ്ക്കു ഭാരംകൂടി. കണ്ണുകളിൽ ഇരുട്ടു വ്യാപിച്ചു. എനിക്കു തോന്നി ഒരു നിമിഷത്തിനുള്ളിൽ പ്രപഞ്ചമാകെ ഞാൻ നിലംപതിക്കുമെന്നു്. പക്ഷേ, അപ്പോഴേ- ഞാൻ ഓർത്തുപോയി. തകർന്നുപോയ ആ മധുരസ്വപ്നത്തെപ്പറ്റി. എന്റെ ഹൃദയം നിസ്സഹായതയോടെ കേഴുവാൻ തുടങ്ങി. മധുരമധുരമായ ആ ഉദ്യാനാന്തരീക്ഷത്തിലെ ഒരു വെറുമൊരു നിമിഷത്തിനുവേണ്ടി.

——



ചൈനയിലെ റെയിൽവേകൾ

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

അദ്ധ്യായം പന്ത്രണ്ട്

സാധാരണയുള്ള ടെയിനിൽ ഘടിപ്പിക്കപ്പെട്ട ഒരു പ്രത്യേക ഡിലക്സ് വാനിലാണ് ഞങ്ങൾ ഷൻചിനിൽനിന്ന് ക്യാൻറണിലേയ്ക്ക് യാത്രചെയ്തത്. അങ്ങനെ പുത്തൻചൈനയിലെ തീവണ്ടിയാത്രയുടെ സകേയ്ങ്ങളെപ്പറ്റി നേരിട്ടറിയാൻ ഞങ്ങൾക്ക് ഒരവസരം ലഭിക്കുകയുണ്ടായി യാത്രക്കാരുടെ ഗതാഗതത്തിലേർപ്പെടുത്തിയിട്ടുള്ള കർശനമായ നിയന്ത്രണമാണ് എന്റെ ശ്രദ്ധയെ ആകർഷിച്ച ഏറ്റവും പ്രധാനപ്പെട്ട വസ്തുത. വിനോദത്തിനു വേണ്ടിയുള്ള യാത്രയും, പ്രത്യേകിച്ച് എന്തെങ്കിലും പ്രാധാന്യമുള്ള കാര്യത്തിനു അല്ലാതെയുള്ള യാത്രയും നിരുത്സാഹപ്പെടുത്തിയിരുന്നു. സിറ്റികളുടെ എണ്ണമനുസരിച്ച് ടിക്കറ്റുവിതരണം ക്രമപ്പെടുത്തിക്കൊണ്ടു തീവണ്ടികളിലെ തിരക്കും കർശനമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. സാധാരണയായി അവിടെ രണ്ടു ക്ലാസുകളാണുള്ളത്. 'സോഫ്റ്റ്ക്ലാസ്സും', 'ഹാർഡ്' ക്ലാസ്സും. രണ്ടുപേർക്ക് ഇരിക്കാവുന്ന രണ്ടു ബെർത്തുകൾവീതം അഭിമുഖമായും ഇടയ്ക്ക് ചെറിയ ടൈഡ്രമേശകളും ഘടിപ്പിച്ച് ഉള്ളതാണ് ഹാർഡ്ക്ലാസ്സ് കമ്പാർട്ടുമെൻറുകൾ. അങ്ങനെ ഒരു ഹാർഡ്ക്ലാസ്സ് യാത്രക്കാരനപോലും മിതമായ സുഖസകേയ്ങ്ങൾക്കുള്ള വിഭവങ്ങൾ അവിടെയുണ്ട്. സോഫ്റ്റ്ക്ലാസ്സ് യാത്രക്കാർക്കും ഇരിപ്പിടങ്ങൾ അപ്രകാരംതന്നെയാണ് ഒരുക്കപ്പെട്ടിട്ടുള്ളത്. സീറ്റുകളിൽ കുഷൻ ഇട്ടിട്ടുണ്ടെന്നു മാത്രം വ്യത്യാസമേയുള്ളൂ ഏതു ക്ലാസ്സിലായാലും 'ക്യാരിയ്ജ്'കളും മിക്കവാറും ഒഴിഞ്ഞിരുന്നാൽപോലും യാത്രക്കാർക്ക് ഒരേകാലുകൾ നിവർത്തിവയ്ക്കാനോ സീറ്റിൽ കിടക്കുവാനോ സാധ്യമല്ല. ദൂരെയാത്രക്കാരണങ്കിൽ ഉറങ്ങുന്നതിനുള്ള സകേയ്ത്തിനു യാത്രക്കാർ കൂട്ടത്തൽ ചാർജ്ജുകൊടുക്കണം. ഒരു ബെർത്തിനു വാടകയ്ക്ക് കിട്ടും. എക്സ്പ്രസ്സ് ടെയിനുകളിൽ ക്രമീയ ചാർജ്ജാണ്. ഗർഭിണികൾക്കും കുഞ്ഞുങ്ങളും ഉള്ള അമ്മമാർക്കും എക്സ്പ്രസ്സ് ടെയിനുകളിൽ സ്പെഷ്യൽ കമ്പാർട്ടുമെൻറുകളും ഉണ്ട്. കുഞ്ഞുങ്ങളെ ശുശ്രൂഷിക്കാൻ സുശിക്ഷിതയായ ഒരു നെഴ്സും ഉണ്ടായിരിക്കും. ഞങ്ങളും സഞ്ചരിച്ചുകൊണ്ടിരുന്ന സ്പെഷ്യൽ ക്ലാസ്സ് കോച്ചുകളും ഡിലക്സ് ക്ലാസ്സ് റ്റോറിലെ ഉന്നത സ്ഥാനമലങ്കരിക്കുന്നവർക്കും സംസ്ഥാനാധികാരികൾക്കും വേണ്ടി പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഹാർഡ്ക്ലാസ്സിൽ സഞ്ചരിക്കുന്നവരുടെ യാത്രാചിലവും ഇൻഡ്യയിലെ തേഡ് ക്ലാസ്സിനുള്ള ചിലവിനെ ഉലുമാണ്. സോഫ്റ്റ് ക്ലാസ്സ് നമ്മുടെ സെക്കൻഡ് ക്ലാസ്സിനോടും ഡിലക്സ് ക്ലാസ്സ് നമ്മുടെ ഫസ്റ്റ് ക്ലാസ്സിനോടും തുല്യപ്പെടുത്താം.

ഇവിടെ ഇൻഡ്യയിലുള്ളതിനേക്കാളും സുഖസകേയ്ങ്ങൾ അവിടെ സാമാന്യജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നു. എങ്കിലും ഡിലക്സ് കമ്പാർട്ടുമെൻറുകളും ഒഴിച്ചാൽ അതികേമമായ സുഖസകേയ്ങ്ങളൊന്നും അവിടെ കണ്ടതായി പറയാൻ വയ്യ. ക്രമീയ ക്ലാസ്സിൽപോലും 'ബെർത്തു'കൾ വളരെ ഇട്ടിട്ടുണ്ടായിരിക്കും. നാലുറിയുള്ള ഒരു കമ്പാർട്ടുമെൻറിൽ നിറഞ്ഞു കഴിയുമ്പോൾ യാത്ര വളരെ സുഖമായിരിക്കുകയില്ല. സയിഡുമേശയിൽ അടിയിലായി ഒരു വാഷ്ബെയിസിനും ഒരു കണ്ണാടിയും ഘടിപ്പിച്ചിട്ടുണ്ട്. മുഖം കഴുകുന്നതിനോ ഷേവുചെയ്യുന്നതിനോ മുൻപ് മേശപ്പുറത്തുനിന്നു സാധനങ്ങളെല്ലാം എടുത്തു മാറ്റണം. മേശയുടെ തൊട്ടുതാഴെയായി ഒരു കോളാമ്പി വച്ചിട്ടുണ്ട്. പക്ഷേ ഓരോ കമ്പാർട്ടുമെൻറിലും മൂത്രപ്പുരയോ അടച്ചുകെട്ടോ ഇല്ല. കമ്പാർട്ടുമെൻറിന്റെ അറ്റം മൂത്രപ്പുരയായി ഉപയോഗിക്കുന്നു, സാമാന്യമായി പറഞ്ഞാൽ ക്ലാസ്സുകളും അവയുടെ സുഖസകേയ്ങ്ങളും തമ്മിലുള്ള വൻ പിച്ച വ്യത്യാസം വെട്ടിച്ചുരുക്കിയിട്ടുണ്ട്. യാത്രചിലവും വളരെ ഉയർന്നതല്ല.

1952-ൽ ചൈനയിൽ 23785 കിലോമീറ്റർ തീവണ്ടിപ്പാതയുണ്ടായിരുന്നു. ഇക്കൊല്ലം അറുനൂറോ എഴുനൂറോ കിലോമീറ്ററോളം പുതുതായി പണിചെയ്യുന്നുണ്ട് അതുകൂടി അതോടുകൂടി ലക്ഷം റെയിൽവേ തൊഴിലാളികളാണ് ചൈനയിലുള്ളത്. റെയിൽവേകൾ വിപ്ലവഗവൺമെൻറിന്റെ നിയന്ത്രണത്തിലായതു താരതമ്യേന താമസിച്ചിട്ടായതുകൊണ്ട് തൊഴിലാളികളുടെ രാഷ്ട്രീയബോധം അഭികാമ്യമായ ഒരു നിലയിൽ എത്തിയിട്ടില്ല. പുത്തൻ ഭരണക്രമത്തിനോടു സംപൂർണ്ണമായും ശത്രുതയുള്ളവരും ഉണ്ടായിരുന്നിട്ടുള്ളതോ അല്ലാത്ത എല്ലാ വിഭാഗങ്ങളുമായി ചങ്ങാത്തം പിടിക്കാനുള്ള അനാരോഗ്യകരസമ്പ്രദായങ്ങളും റെയിൽവേകളെസംബന്ധിച്ച് പ്രായോഗികമാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ചൈനയിലെ റെയിൽവേകളും സംഘടനയുടെയോ സാമർത്ഥ്യത്തിന്റെയോ മാതൃകകളാണെന്നു പറഞ്ഞുകൂടാ.

1923 ഫെബ്രുവരി ഏഴാംതീയതി ആരംഭിച്ച പൊതുപണിമുടക്കിന്റെ പരാജയത്തിനുശേഷം സംഘടനാപരമായ ഒരു വമ്പിച്ച തിരിച്ചടിയാണുണ്ടായിട്ടുള്ളത്. പക്ഷേ റെയിൽവേകളിലെ സമരധീരരായ സഖാക്കൾ ഭൂഗർഭപ്രവർത്തനം തുടർന്നുകൊണ്ടിരുന്നു. എവിടെയെല്ലാം എപ്പോഴെല്ലാം സാധ്യമായിരുന്നോ അവിടെയെല്ലാം അപ്പോഴെല്ലാം തൊഴിലാളികൾ വിമോചനപ്രസ്ഥാനവുമായി സഹകരി

ക്കാരണമായിരുന്നു. വിമോചിത മേഖലകളിൽ ശതാശതം കേടും തട്ടാതെ സംരക്ഷിച്ചുപോന്നതിനു മുള്ള ഉത്തരവാദിത്വം മുഖ്യമായും അവർക്കുതന്നെയാണ്.

രാജ്യത്തിന്റെ പൊതുവായ സാമ്പത്തിക സംവിധാനത്തിലുള്ള മർമ്മസ്ഥാനംകൊണ്ടും സംഖ്യാബലംകൊണ്ടും റെയിൽവേയൂണിയൻ അഖിലചൈനാ ലേബർ ഫെഡറേഷനിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. ചൈനീസ് റെയിൽവേ മെൻസ്യൂണിയൻ നാഷണൽകമ്മിറ്റിയുടെ ചെയർമാനായ സു: ലീചിപോ ഒരു അസാധാരണ വ്യക്തിത്വമുള്ള ഒരാളാണ്. നല്ലൊരു വയസ്സു പ്രായമുള്ള സു: ലീചിപോ ഉഗ്രശത്രുവാണ്. ഉഗ്രമെങ്കിലും സുന്ദരമായ ആ മുഖംകണ്ടാൽ ഒരാളും അംഗുലവും ഒരു ജനനേതാവാണെന്നു് നമുക്കു് തോന്നും. അദ്ദേഹം മിതഭാഷിയാണ്. പക്ഷേ സംഭാഷണം വ്യക്തവും അപഗ്രഥനാത്മകവും സൂക്ഷ്മസ്പർശിയും ഫലിതമയവുമായിരിക്കും. കഴമ്പുരത്തിൽതന്നെ ഒരു വിദ്യാർത്ഥിപ്രവർത്തകനായി അദ്ദേഹം രാഷ്ട്രീയജീവിതം ആരംഭിച്ചു കുറെക്കഴിഞ്ഞു് ഖനിത്തൊഴിലാളികളെയും റെയിൽവേ തൊഴിലാളികളെയും സംഘടിപ്പിക്കാനായി അദ്ദേഹം നിയോഗിതനായി. ജപ്പാൻ വിരുദ്ധയുദ്ധകാലത്തു 1940-ൽ ചെമ്പടയിൽ ചേരാനായി നിയോഗിക്കപ്പെട്ടവരെ ദുർഘടങ്ങളായ സാഹചര്യങ്ങളിൽക്കൂടി അദ്ദേഹം ആ സംഘടനാ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. 1946-ൽ ചിയാങ്കൈഷക്ക് ചെമ്പടയുമായി യുദ്ധമാരംഭിച്ചു. ക്രമിനാങ്കാരെ സംബന്ധിച്ചിടത്തോളം അതൊരാത്മഹത്യാപരമായ സംരംഭമായിരുന്നു മുന്നൊരുക്കാലകൊണ്ടു് ജനങ്ങളുടെ സഹായസഹകരണങ്ങളോടുകൂടി ക്രമിനാങ്കിനെ ചീനവൻകരയിൽനിന്നു് ചെമ്പടയുരുത്തിയോടിച്ച 1946-ൽ വിപ്ലവകാരികളുടെ ശവമെമ്പർ ഒരു റെയിൽവേ ബ്യൂറോ സ്ഥാപിച്ചു റെയിൽവേകൾ ഒട്ടുമുക്കാലും ക്രമിനാങ്കിന്റെ നിയന്ത്രണത്തിലായിരുന്നു. അവർ പിൻതിരിഞ്ഞു ഓടിയപ്പോൾ 'റോളിംഗ് സ്റ്റോക്ക്' കൂടി കൊണ്ടുപോകുകയും റെയിൽ പാലങ്ങളും പാളങ്ങളും നശിപ്പിക്കുകയും ചെയ്തു. അതുകൊണ്ടു് റെയിൽവേ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ചിയാങ്കിഴക്കൻ ചൈനയുടെ വിമോചനത്തിനുശേഷം 1949 ഫെബ്രുവരി പിപ്പിംഗ് രക്ഷപ്പെടുന്നറിമിലിട്ടറി കൗൺസിലിന്റെ കീഴിൽ ഒരു റെയിൽവേ ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചു. ആ ഡിപ്പാർട്ടുമെന്റിന്റെ മുഖ്യതല സ്ഥാനങ്ങൾ ടായി യുവാനായിരുന്നു. 1949 സെപ്തംബറിൽ ജനകീയ ജനാധിപത്യ റിപ്പബ്ലിക്ക സ്ഥാപിക്കപ്പെട്ടപ്പോൾ അദ്ദേഹം റെയിൽവേ മന്ത്രിയായി. ജനകീയ വിമോചന സൈന്യത്തിന്റെ റെയിൽവേ വകുപ്പിന്റെ സാഹസിക ശ്രമങ്ങളുടെ ഫലമായി 1950 മദ്ധ്യത്തോടുകൂടി അതായതു് വിമോചനം കഴിഞ്ഞു് പത്തുമാസങ്ങൾക്കകം 21742 കിലോമീറ്റർ റെയിൽവേ പാതകളുടെ 88 ശതമാനം പ്രവർത്തനം പുനരാരംഭിച്ചു ശത്രുക്കളുടെ ആക്രമണകാലത്തു് കഴിച്ചുമൂടപ്പെട്ട റെയിൽ പാളങ്ങളും വീണ്ടെടുക്കുന്നതിനും, ആറ്റിൽ വലിച്ചെറിഞ്ഞ പാളങ്ങളും യന്ത്രങ്ങളും മുങ്ങിത്തപ്പിയെടുക്കുന്നതിനും രാജ്യമാകമാനം ജനങ്ങളും സംഘം ചേർന്നു് പ്രവർത്തിച്ചു വന്നിരുന്നു. 1953 അവസാനത്തോടുകൂടി ചൈനയ്ക്കു് മുപ്പതിനായിരം കിലോമീറ്റർ റെയിൽവേയുണ്ടായിരിക്കും. ഒട്ടേറെ പുതിയ തീവണ്ടിപ്പാതകളും വളരെ നീളത്തിലുള്ള പാലങ്ങളും പഞ്ചവൽസര പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടു്. ഞെങ്നദിയിലെ പാലത്തിനു് 2941 മീറ്റർ നീളമുണ്ടു്. 'യാങ്ങ്ടിസ്സ്' നദിയിലെ പാലം അതിനെക്കാളും നീളം കൂടിയതാണു്. യാങ്ങ്ടീസ് നദിയിലുള്ള പാലത്തിന്റെ വമ്പിച്ച എഞ്ചിനിയറിങ്ങ് പണിയുടെ പ്രാരംഭ ജോലികളും പൂർത്തിയായി കഴിഞ്ഞു ഈ വർഷം അവസാനത്തോടുകൂടി നിർമ്മിതി തുടങ്ങും റെയിൽവേപ്പാളത്തെ പുനർനിർമ്മിതിയിലുണ്ടായിരുന്നു. 1949 സെപ്റ്റംബറിനു ശേഷം സോവിയറ്റ് യൂണിയനിൽ നിന്നും ജനാധിപത്യചൈനയ്ക്കു കയ്യുമായ സഹായം ലഭിച്ചിട്ടുണ്ടു് ചൈനയും റഷ്യയും തമ്മിലുള്ള വാണിജ്യകരാറുപ്രകാരം മുപ്പതു് വച്ചു് രണ്ടു മാസം കഴിഞ്ഞപ്പോഴേക്കും വളരെയധികം കിലോമീറ്റർ റെയിൽപ്പാളങ്ങളും അതിസമർത്ഥന്മാരായ വിദഗ്ദ്ധന്മാരും ചൈനയ്ക്കു റഷ്യയിൽനിന്നും ലഭിക്കുകയുണ്ടായി യുദ്ധംകൊണ്ടുനശിച്ച തങ്ങളുടെ റെയിൽവേകളെ നന്നാക്കി എടുക്കുന്നതിലുള്ള പാഠങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടു് റഷ്യൻ എഞ്ചിനിയന്മാർ ചൈനയിലെ പഴയ റെയിൽവേകളുടെ അവശിഷ്ടങ്ങളും ഉപയോഗിച്ചു പുതിയ പാലങ്ങളും പാളങ്ങളും പണിചെയ്തു അങ്ങനെ സമയവും ധനവും ലാഭപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞു ഡെയിറൻ എന്ന സ്ഥലത്തു് ചൈനീസ് റെയിൽവേകൾക്കുവേണ്ടി വിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കുന്നതിനായി ലെനിൻ എന്ന സോവ്യറ്റ് വിദഗ്ദ്ധൻ ഒരു സാങ്കേതിക വിദ്യാലയം നടത്തുന്നുണ്ടു്. 1950 മാർച്ചു് എട്ടാംതീയതി സാർവദേശീയ വനിതാദിനത്തിൽ ഈ വിദ്യാലയത്തിൽനിന്നും ബിരുദം നേടിയ രണ്ടു സ്ത്രീകൾ ഡയിറൻ പോർട്ടർതർ ചൈനാലോട്ടുള്ള തീവണ്ടിയുടെ ചാർജ്ജു് ഏറ്റെടുക്കുകയുണ്ടായി ചൈനയിൽ ആദ്യമായി തീവണ്ടിയോടിക്കുന്ന സ്ത്രീകളാണവർ.

വിദേശസാമ്രാജ്യത്വകാർക്കും നിന്നിച്ചതാ വിദേശ വായ്പകൊണ്ടു് നിന്നിച്ചതോ അല്ല ആദ്യത്തെ ചൈനീസ് റെയിൽവേകൾ അതുകൊണ്ടു് റെയിൽവേയിലെ പ്രമുഖസ്ഥാനങ്ങൾപോലും വളരെ ഉയർന്ന ശമ്പളത്തിൽ വിദേശികൾതന്നെയാണു് വഹിച്ചിരുന്നതും. ചീനക്കാരായ തൊഴിലാളികൾ മിക്കവാറും പ്രത്യേക പരിശീലനം നേടാത്തവരായിരുന്നു അവരുടെ കഠിനമായ അധ്വാനത്തിനു് തുച്ഛമായ പ്രതിഫലമാണു് അവർക്കു് ലഭിച്ചിരുന്നതു്. വിമോചനത്തിനുമുൻപു് ഗോൾഡൻ ഡാളർ കറൻസിയിലാണു് അവർക്കു് കൂലികൊടുത്തുവന്നിരുന്നതു്. പക്ഷേ ആ കറൻസി ഒരിക്കലും സുസ്ഥിരമല്ലാതിരുന്നതിനാൽ കൂലി ധാന്യങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ഒരു ചാക്കു് ധാന്യം 44 കാറ്റിയും 22 സ്യറ്റിയുമാണു്. വിമോചനത്തിനുമുൻപു് ഒരു എഞ്ചിൻഡ്രൈവർക്കു് രണ്ടു ചാക്കു് ധാന്യത്തിന്റെ വിലക്രമത്തിലായിരുന്നു കൂലി ലഭിക്കുമായിരുന്നു. വിമോചനത്തിനുശേഷം കൂലിസമ്പ്രദായം വ്യത്യാസപ്പെടുത്തിയില്ല പക്ഷേ കൂലിനിരക്കു് കറൻസിക്കു പകരം ധാന്യമായി ഉയർത്തുകയുണ്ടായി. ഇപ്പോൾ ഓരോ തൊഴിലാളിയുടേയും അദ്ധ്വാനത്തിന്റെ അളവനുസരിച്ചാണു് കൂലി നൽകപ്പെടുന്നതു്.

ക്രൂനിരക്കു്

1. ഡ്രൈവർ—ഏറ്റവും കുറഞ്ഞ അടിസ്ഥാനശമ്പളം; ഏറ്റവും കുറഞ്ഞതു്—225 കാറ്റി വെള്ളത്തിനു മീതെ—444755 യുവാൻ (ഉദ്ദേശം 89 രൂപാ)

ഏറ്റവും കൂടിയതു് 425 കാറ്റി വെള്ളത്തിനുമീതെ 776375 യുവാൻ (156 രൂപാ)

ഒരു തൊഴിലാളി അയാളുടെ കോട്ടയിൽ കൂടുതൽ ചെയ്യുമ്പോൾ മെക്സ്യാ കൂലികൊടുക്കും. ആ കൂലി പത്തുലക്ഷം യുവാൻ (200 രൂപാ)വരെ പോകും.

2. ഫയർമെൻ—ഏറ്റവും കുറഞ്ഞതു് 228610 യുവാൻ (46 രൂപാ)

ഏറ്റവും കൂടിയതു് 905311 യുവാൻ (190 രൂപാ)

3. ഡെസ്പാച്ചർ—ഏറ്റവുംകുറഞ്ഞതു 463,400 യുവാൻ (94രൂപാ)

ഏറ്റവും കൂടിയതു് 508050 യുവാൻ (102 രൂപാ).

4 മെയിന്റനൻസ് ഏറ്റവും കുറഞ്ഞതു് 379,410 യുവാൻ (76 രൂപാ.

ഏറ്റവും കൂടിയതു് 653,835 യുവാൻ (131 രൂപാ)


5 ക്ലാർക്ക് ഏറ്റവും കുറഞ്ഞതു് 345,100 യുവാൻ (70 രൂപാ).

ഏറ്റവും കൂടിയതു് 543,490 യുവാൻ 109 രൂപാ)

6. പീർ സ്റ്റർ ഏറ്റവും കുറഞ്ഞതു് 378,410 യുവാൻ (76 രൂപാ).

ഏറ്റവും കൂടിയതു് 714,300 യുവാൻ (143 രൂപാ.

(ശേഷം 33-ാംപേജിൽ)



ഞാൻ അങ്ങനെ ആളുകളുടെ ദൃഷ്ടിയിൽ ആത്മാർത്ഥതയുള്ള ഒരു കൊച്ചുപ്രക്ഷോഭകനെന്ന നിലയിൽ ഉയർന്നുവരികയാണ്. അക്ഷരവിദ്യ അറിയാത്ത എന്റെ മൂത്ത കൊച്ചുമ്മ ഓണക്കാലത്ത് "കമ്മലുമില്ല, ചതിയുമില്ല, എള്ളോളമില്ല, പൊളിവചനം" എന്ന് ഉറഞ്ഞോലിൽ പാടാറുണ്ടായിരുന്നു. ആ പാട്ട് പുട്ടപഴിപ്പിച്ച ഇരുമുടിക്കെട്ടെന്നപോലെ എന്റെ ഹൃദയത്തിൽ പതിഞ്ഞു് ഇന്നും എഴുതപ്പെട്ട കിടക്കുകയാണ്. ആ മാവേലിക്കാലം ഇനിയുമാണ് വന്നിരുന്നെങ്കിൽ എന്ന് ഇപ്പോഴും ഞാൻ ആശിച്ചുകൊണ്ടിരിക്കുകയുമാണ്. എന്നെ ദുർബലനാക്കുന്നതും എനിക്കു ബലം നൽകുന്നതും പാവപ്പെട്ട ആ കൊച്ചുമ്മയിൽ നിന്നു ഞാൻ പഠിച്ച ഈ രണ്ടടികളും ആണെന്നുള്ളതിനു് എനിക്കു സംശയമില്ല.

ഇഴവസമുദായത്തിന്റെയും ദൃഷ്ടി എന്റെ മേൽ പതിഞ്ഞിട്ടുണ്ട്. ഇഴവന്റെ ഹോ സംഘടനയാണ് എസ്. എൻ. ഡി. പി. യോഗം ആ സംഘടനവഴിവേണം അക്കാലങ്ങളിൽ പ്രാമാണികനാകാൻ. പക്ഷെ അങ്ങനെ പ്രമാണിയാകാൻ ഞാൻ കൊതിച്ചില്ല. പ്രാമാണികത്വത്തിനു് ഇഴവേതരമായ മാർഗ്ഗങ്ങളും ഞാൻ പലതും തെളിഞ്ഞു കാണാതിരുന്നില്ല എങ്കിലും പുലിക്കു് അതിന്റെ പുള്ളികളും മാറാൻ കഴിയില്ലെന്നു് പറയുംപോലെ, എനിക്കു് എന്റെ ഇഴവത്വം വെടിയാൻ സാധ്യമല്ലെന്നു് എളിപ്പം ബോദ്ധ്യപ്പെട്ട താമരഭൂലയിലെ ജലബിന്ദുപോലെ അയിരുന്നു യോഗവും ഞാനുമായി അനുബന്ധം. യോഗം ഉണ്ടായകാലത്തു് എനിക്കു് പത്തോ പന്ത്രണ്ടോ വയസ്സു് പ്രായമായിട്ടുണ്ടു്. കൊല്ലത്തുവച്ചു് ഒരു പ്രദർശനത്തോടുകൂടി നടന്ന രണ്ടാമത്തെ യോഗം മുതൽ ഞാൻ യോഗകാര്യങ്ങളിൽ തൽപ്പരനായിയെന്നും പറയേണ്ടിയിരിക്കുന്നു. ആ യോഗത്തിന്റെ കാർമ്മികത്വം ഇന്നും എനിക്കു് വിശദമായുണ്ടു്. ഡാക്ടർ പൽപ്പു അന്നു് മഹാരാഷ്ട്രാസ്ഥാനപ്പോലെ സമുദായത്തിൽനിന്നു ജ്വലിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഒരു ഉപഗ്രഹമായി കുമാരനാശാൻ നിന്നുകറങ്ങിയിരുന്നു. താമരക്കുളത്തു് കുഞ്ഞുരാമൻതെറ്റയുടെ വക വിശാലമായ ഒരു പുരയിടത്തിൽ നിന്നിരുന്ന ഒരു വലിയ കെട്ടിടത്തിന്റെ നാലുവശവും വരാന്തയിറക്കി അതിലാണു് പ്രദർശനത്തിനു് ഏർപ്പാടു ചെയ്തിരുന്നതു്. എൻ. കുമാരൻ അന്നു് ബി. എ. ജയിച്ചിട്ടില്ല. അതിസുമുഖനായ ടി. കെ നാരായണൻ യോഗസംബന്ധമായ വലിയ കർത്തവ്യങ്ങളും എൻ കുമാരനൊപ്പം നിർവ്വഹിച്ചിരുന്നു എന്നു ഞാൻ ഓർമ്മിക്കുന്നു. സി. വി. അന്നും പ്രമാണിപ്പട്ടം ഏറക്കുറെ ഏറുകഴിഞ്ഞിട്ടുണ്ടു്. "മയ്യനാട്ടെ ക്രൂരൻ ചിരന്തി" എന്നു് സി. വി. യെ. കൊല്ലത്തെ മുസ്ലീങ്ങൾ പരിഹസിച്ചതു് തമാശക്കു് അന്നു് ഇടനൽകിയ സംഭവമായിരുന്ന ഇഴവൻ കൊല്ലം പട്ടണത്തിന്റെ മദ്ധ്യത്തു് അവന്റെ പ്രതാപം കാട്ടുന്നതിൽ അസൂയാലുക്കളായ അന്യസമുദായക്കാർ അന്നുണ്ടായിരുന്നതു് സത്യമാണു്. സമുദായത്തിന്റെ നട്ടനായകമായിരുന്ന ഡാക്ടറെ കൊല്ലത്തേക്കു് വരുന്ന വഴിക്കു് അധിക്ഷേപിക്കുവാൻ നായന്മാരിൽ ചില കുബുദ്ധികൾ ഉദ്ദേശിക്കുന്നുണ്ടെന്ന ഒരു വാർത്ത കൊല്ലത്തു് പ്രചരിച്ചു ഇഴവരുടെ ഇടയിൽ അലയുണ്ടാക്കിയ ഇളക്കം വല്ലാത്തതായിരുന്നു സഹോദരയുദ്ധകാലമായാണു്. സ്വാതന്ത്ര്യബോധം അവക്കു് ഉണ്ടാവുകയാണു്. ഏതിനോടോ എന്തിനോടോ ഒരു വെല്ലുവിളി അവർ നടത്തുകയാണു് അവർ "തിരിഞ്ഞുനിന്നും ചോദ്യങ്ങൾ തുടങ്ങുകയാണു് അവ്യക്തമായി ഈ വിവരങ്ങൾ ഞാനും ഗ്രഹിച്ചുതുടങ്ങിയിട്ടുണ്ടു്.

പ്രദർശനം ഉദ്ഘാടനം ചെയ്തതു് ദിവാൻ വി. പി മാധവരായരായിരുന്നുമെന്നു് എല്ലാവരും കരുതിയിരുന്നു. മൈസൂരിൽ ഡി. എസ്. പി. യായോ മറ്റോ വലിയ ഉദ്യോഗത്തിൽ ഇരിക്കുന്ന കാലമാണു് അദ്ദേഹം തിരുവിതാംകൂറിൽ ദിവാനായി നിയമിക്കപ്പെട്ടതു്. ഡാക്ടർ പൽപ്പുവും മാധവരായരും മൈസൂരിൽ വച്ചുതന്നെ സ്നേഹിതന്മാരായിരുന്നു. ആ സ്നേഹബന്ധം തിരുവിതാംകൂറിലും അറിയപ്പെടാതിരുന്നില്ല. ഡാക്ടർ തിരുവനന്തപുരത്തു അവധിയിൽ താമസിക്കുന്ന കാലത്തു" ദിവാനെ കാണുവാൻ ചെന്നിരുന്നവരിലും ഭക്തിവിലാസത്തുനിന്നും കടൽപ്പാത്തേയ്ക്കോ മറ്റോ അവർ രണ്ടുപേരും ഒരേവണ്ടിയിൽ സഞ്ചരിച്ചുവരുന്നും മറ്റുമുള്ള കഥകളും ഞങ്ങളൊക്കെ കേട്ടിരുന്ന ഒരു യക്ഷികഥയുടെ മോഹനത അതു സംഭവം സംജാതമാക്കാതെയുമിരുന്നില്ല. ഡാക്ടറുടെ ചോൽപ്പാടിക്കു് ദിവാൻ നില്ക്കുമെന്ന ഒരു നാണയവും അന്നു് സർവ്വത്ര പ്രചരിച്ചിരുന്നു. പക്ഷെ. എന്തോ അസൂയകർമ്മംമൂലം മാധവരായർക്കു് വന്നു ചേരാൻ സാദ്ധ്യമായില്ല. വനം കൺസർവേറ്റർ ബോർഡിലൻ ബ്രഹ്മാണു് പ്രദർശനം പകരത്തിനു് തുറന്നതു് ഈ ബോർഡിലൻ ബ്രഹ്മ മറക്കപ്പെടേണ്ട ഒരു വ്യക്തിയല്ല ഈ സംസ്ഥാനത്തെ വനം ഡിപ്പാർട്ടുമെന്റ് അദ്ദേഹമാണു സംഘടിപ്പിച്ചതു്. തിരുവിതാംകൂറിലെ പല ജാതിവൃക്ഷങ്ങളെ ശാസ്ത്രീയമായി വകതിരിച്ചു് അത്യന്തമായി ഒരു ഗ്രന്ഥം നിർമ്മിച്ചതു് അദ്ദേഹമാണു്. ഈ സത്യം പിന്നു് വകതിരിവില്ലാത്ത ഒരു ശിപായി കബളിപ്പിച്ചു് ഏതോ ഒരു ജാതി മരത്തിനു് "കണ്ടത്തിൽ കുറുവൻ" എന്നു് പേരുകണ്ടുപിടിക്കുവാൻ ഇടവന്നതായ കഥകേട്ടിട്ടുണ്ടു് തിരുവിതാംകൂറിലെ വനങ്ങളെക്കുറിച്ചു് ഇദ്ദേഹം ശവമെൻറിലേക്കു് പത്രപത്രകൊല്ലം മുൻപേ സമർപ്പിച്ച ഒരു റിപ്പോർട്ടു് ഇന്നും വിജ്ഞാനപ്രദവും കുശുകരവുമായ ഒരു രചയായി ശേഷിക്കുന്നുണ്ടു്. സായ്പിന്റെ അന്നത്തെ വരവും ഉൽഘാടനവുമെല്ലാം ഇന്നലത്തെപ്പോലെ ഞാൻ ഓർമ്മിക്കുന്നു. കൊല്ലം സെൻറലോഷ്യസ് സ്കൂളിൽ കീഴ്ക്ലാസ്സിലെ ഒരു വിദ്യാർത്ഥിയാണ് അന്നു് ഞാൻ കൊടിപ്പാളപോലെ മുടിയും കെട്ടിവച്ചു് ഒറ്റമുണ്ടും ഉടുത്തു് ഞാൻ അന്നത്തെ കാഴ്ചകളും അങ്ങനെ കണ്ടുനിന്നു വിലസി. പ്രദർശനത്തേയും എന്നെയും അട്ടിപ്പിടിക്കുന്നതിനു് ഒരു ഹേതു ഉണ്ടായി അതു് എന്റെ കല്ല്യാണിക്കൊച്ചുമ്മയുടെ ഭർത്താവു്, എന്റെ അളിയൻ ആയിരുന്നു. ഇഴവരുടെ കരകൗശലവേലയും കലാകൗശലതയേയും വ്യക്തമാക്കുന്ന സാധനങ്ങളാണു് പ്രദർശനത്തിനു് പ്രധാനമായും ക്ഷണിക്കപ്പെട്ടിരുന്നതു്. ഇഴവരുടെ ഒരു പ്രധാന കുടിൽ വ്യവസായമാണു നെയ്ത്തു് എന്റെ ഈ അളിയൻ നെയ്ത്തിനു് അത്യന്താപേക്ഷിതമായ നിടാൽ (ഓടം) ഉണ്ടാക്കാൻ വിദഗ്ദ്ധനായിരുന്നു. നിടാലിനു് പുളിംകാതലാണു് ഉപയോഗിക്കാറു്. അളിയൻ പുളിംകാതലു കൊണ്ടുണ്ടാക്കിയ നിടാൽ പ്രദർശനത്തിനു വച്ചിരുന്നു. അതിനാൽ എനിക്കു് അളിയന്റെ തണലിൽ പ്രദർശനപ്പന്തലിൽ പ്രവേശനസ്വാ

(31-ാംപേജിൽനിന്നും തുടർച്ച)

(7) ക്ലിനേഴ്സും തുപ്പുകാരും:- ഏറ്റവും കുറഞ്ഞും ക്രൂടിയതും 282,610 യുവാൻ (57രൂപാ)

റെയിൽവേ ഡയറക്ടർക്ക് 1890400 യുവാൻ (379 രൂപാ) ശമ്പളമുണ്ട്. ചില എഞ്ചിനിയറന്മാരുടെ ശമ്പളം അതിലും കൂടുതലാണ്. ചൈനയിൽ റെയിൽവേ സംബന്ധിച്ചിടത്തോളം വർഷംതോറുമുള്ള ശമ്പളക്കയറ്റം (increment) ഇന്നു വ്യവസ്ഥകളിൽ ഒന്നുമില്ല. പക്ഷെ, പരിശീലനം ആവശ്യമായ ജോലികളിൽ അഭ്യസിക്കുവാൻ പരിശീലനം നേടിയിട്ടില്ലാത്ത തൊഴിലാളികൾക്ക് എല്ലാ സാഹചര്യങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നുണ്ട്. അതുകൊണ്ടുള്ള ക്ലേശിയിൽ മൂന്നു ശതമാനം ഇൻഷ്വറൻസ് ഫണ്ടിലേയ്ക്കായി റെയിൽവേ ട്രെയിഡ് യൂണിയനുകൾക്ക് നൽകുന്നു. പന്ത്രണ്ടുശതമാനം ക്ഷേമപ്രവർത്തനങ്ങൾക്കും അതുപരിശ്രുഷ്യൂ മറ്റു കാര്യങ്ങൾക്കുമായി ചിലവിടുന്നു.

ചൈനയിലെ റെയിൽവേ തൊഴിലാളികളുടെ ക്ലേശിനിരക്ക് അത്ര ഉയർന്നതൊന്നുമല്ല. പക്ഷെ വളരെ ഉയർന്ന ശമ്പളങ്ങളും വെട്ടിച്ചുരുക്കിയിട്ടുണ്ട് വിമോചനത്തിനു മുൻപുള്ള സ്ഥിതിഗതികളുമായി താരതമ്യപ്പെടുത്തുമ്പോൾ കീഴ്ക്കിടയിലുള്ള ജീവനക്കാരുടെ ക്രയശക്തി രണ്ടോ മൂന്നോ ഇരട്ടി വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് തൊഴിലാളികൾ ഏറെക്കുറെ സംതൃപ്തരാണ്. അവർക്ക് വികസിക്കാനുള്ള സീമാതീതമായ സാഹചര്യങ്ങളുണ്ട്. ഭാവിയെപ്പറ്റി ഭയാശങ്കകളുമില്ല.

എങ്കിലും പൊതുവെയുള്ള ക്ലേശി നിരക്ക് ഉയർന്നതല്ല. ജീവിതസാഹചര്യങ്ങൾ തികച്ചും തൃപ്തികരവുമല്ല. തൊഴിലാളികൾക്ക് താമസിക്കുവാനുള്ള ഭവനങ്ങളും ഒരു മുറിയും ഒരു പെറിയ കുശിനിയും മാത്രമുള്ളതാണ്. കുളിക്കുന്നതിനും, മലമൂത്രവിസർജ്ജനം ചെയ്യുന്നതിനും പ്രത്യേകം പ്രത്യേകം മുറികളില്ല അവർ ശ്രമപ്രയത്നത്തിൽനിന്നാണ് കെട്ടിപ്പടുക്കുന്നത്. അതുകൊണ്ട് എല്ലാവർക്കും താമസസൗകര്യം ഏർപ്പെടുത്തുക എന്നതാണ് പ്രഥമവും, പ്രധാനവുമായ ലക്ഷ്യമെന്ന് സഖാവ് ലീ-ചീ-പോ പറഞ്ഞു. മെച്ചപ്പെട്ട താമസസൗകര്യങ്ങളുടെ പ്രശ്നം രണ്ടാമതായി മാത്രം പരിഗണിക്കപ്പെടേണ്ടതാണ്. ആ പ്രശ്നത്തിന് തല്ലിട കഴിഞ്ഞു പരിഹാരമുണ്ടാക്കിയാൽ മതി. 30000 കി.മീറ്ററിൽ 16800 മൈൽ)നു ചൈനയിൽ ആരംലക്ഷം തൊഴിലാളികളാണ് പണിയെടുക്കുന്നത്. ഒരു മൈലിനു ഏകദേശം 35 തൊഴിലാളികൾ വരും. ഇൻഡ്യയിൽ 36000 മൈലും 10 ലക്ഷം തൊഴിലാളികളുമാണുള്ളത്. ഒരു മൈലിന് 30 പേരിൽ കുറഞ്ഞേ ആകുന്നുള്ളൂ. അങ്ങനെ ഇൻഡ്യൻ റെയിൽവേയെക്കാളും ചൈനയിലെ റെയിൽവേയിൽ സഖ്യാപ്പെരുപ്പം ഉണ്ട്. അശ്രദ്ധാനമസരത്തെപ്പറ്റിയും Labour Emulation) വ്യവസായത്തിലെ യുക്തി പ്രയോഗത്തെപ്പറ്റിയും (Rationalisation of work) അശ്രദ്ധാന വിക്രമന്മാരെപ്പറ്റിയും (Labour heroes) വളരെ അധികം കേട്ടിരുന്നതുകൊണ്ട് എന്തുകൊണ്ടാണ് അത്രയധികം ആളുകളെ ജോലിയിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് റെയിൽവേ തൊഴിലാളി യൂണിയനിലെ ചെയർമാനായ സഖാവ് ലീ-ചീ-പോയോട് ഞാൻ ചോദിക്കുകയുണ്ടായി. ചൈനയിലെ നിയമപ്രവർത്തനങ്ങൾ ഇൻഡ്യയിലേതിനെക്കാളും വ്യാപകമാണെന്ന് അദ്ദേഹം മറുപടി പറഞ്ഞു. മാത്രമല്ല എൻജിനും, കോച്ചുകളും, വാഗണുകളും വളരെ പഴയതാകകൊണ്ട് വളരെ ശ്രദ്ധയോടെ അവയെല്ലാം സൂക്ഷിക്കുകയും വേണം. എല്ലാറ്റിനും പുറമേ ജനങ്ങളുടേയും എല്ലാ ജനാധിപത്യവിഭാഗങ്ങളുടെയും ഒരു ഐക്യമുന്നണിയാണ് അധികാരത്തിലിരിക്കുന്നത് എന്നുള്ളതുകൊണ്ട് ഉദ്യോഗത്തിൽനിന്നും പിരിഞ്ഞുപോകുവാൻ ഇഷ്ടമില്ലാത്ത കഴിവില്ലാത്ത ഉദ്യോഗസ്ഥന്മാരെയും, പ്രായംചെന്നവരെയും സാധാരണയുള്ള അവരുടെ തൊഴിൽകേടുകൾ ചെയ്യുന്നതിൽനിന്നും തടഞ്ഞുകൊള്ളുവാൻ അനുവദിക്കാറുണ്ട്. പ്രഥമ പഞ്ചവത്സര പദ്ധതിയിൽ വിഭാവനംചെയ്യപ്പെട്ടിട്ടുള്ള അതിദ്രുതമായ വികസനപരിപാടികൾക്കുവേണ്ടി പുതിയ റിക്രൂട്ടുകളെ അവർ പരിശീലിപ്പിച്ചുവരുന്നുണ്ട്.

ചൈനയിലെ റെയിൽവേയിൽ ഉള്ള ശമ്പളസമ്പ്രദായം ഇങ്ങനെ കുത്തഴിഞ്ഞതാണെങ്കിലും 1950 മുതൽക്കേ ബാലൻസ് ചെയ്യുന്ന ഒരു റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ ചൈനയ്ക്കു കഴിഞ്ഞിട്ടുണ്ട്. അക്കൊല്ലം വടക്കുകിഴക്കൻ റെയിൽവേയുടെ ആദായത്തിൽ 13 ശതമാനവും പുനർനിക്ഷേപത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെടുകയുണ്ടായി. വേഗതയും, കാര്യക്ഷമതയും കൂട്ടാനും, പാഴ്ച്ചിലവു കുറയ്ക്കുവാനും ഉള്ള ഒരു പദ്ധതിക്ക് ഇയ്യടെ ജനസമ്മതി ലഭിച്ചിട്ടുണ്ട്. 500 മൈൽ പ്രസ്ഥാനവും അയൺബൂം പ്രസ്ഥാനവും റെയിൽവേ തൊഴിലാളികൾ അത്യുൽസാഹത്തോടെ ഏറ്റെടുത്തിട്ടുണ്ട്.

രസകരമായ ഒരു പരിക്ഷണമാണ് അയൺബൂം പ്രസ്ഥാനം. ഉരുക്കി ഉപയോഗപ്പെടുത്താൻ വേണ്ടി ശേഖരിക്കപ്പെട്ടതും പഴകിയ ഇരുമ്പുസാധനങ്ങളുടെ കൂട്ടത്തിൽ ജപ്പാൻകാർ അള്ളിക്കളഞ്ഞിരുന്ന ഒരയൺബൂം എഞ്ചിൻ സിൻഹുവായ്ഷേനിലെ തൊഴിലാളികൾ റിപ്പയർചെയ്തു പുത്തൻ കൊല്ലത്തെ സർവ്വീസുള്ള ട്ടു-സിയൻ-യാങ് എന്ന തൊഴിലാളി ഒരു സാങ്കേതികവിദ്യാലയത്തിലെ പഠനം പൂർത്തിയാക്കിക്കഴിഞ്ഞു ഈ എഞ്ചിനിൽ പരീക്ഷണങ്ങൾ നടത്തിനോക്കി. വലിയ കേടുപാടുകൾ തീർത്തുകഴിഞ്ഞപ്പോൾ ഈ എഞ്ചിൻ ഓടിച്ചുനോക്കുവാൻ ഒരു പരീക്ഷണയാത്ര നടത്തുകയുണ്ടായി. ഈ പരീക്ഷണയാത്രയിൽ ഈ എഞ്ചിൻ ഓടിച്ചിരുന്നത് ട്ടു-സിയൻ-യാങ് തന്നെയായിരുന്നു

സ്ഖലനനിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു സ്വാതന്ത്ര്യം

മൂത്രത്തിനുമുമ്പോ പിമ്പോ തുള്ളിതുള്ളിയായോ ഇന്ദ്രിയംപോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ഇളകും വാൻപോകുക, സ്വപ്നംകണ്ടോ കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലർന്ന് ഇന്ദ്രിയംപോവുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ രണ്ടു ആഴ്ചകൊണ്ടു പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു് ഞങ്ങളുടെ **സ്ഖലനനിവാരണി** തികച്ചും ഫലപ്രദമെന്നു ഞങ്ങളും ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചക്കാലത്തേയ്ക്കുള്ള ഡപ്പി I-ക്കു് 5 ക. 8 ണ. വി. പി. ചാർജ്ജു് പുറമേ

വി. പി. യായി ആവശ്യപ്പെടുക. മാനേജർ, **S.D. ഫാർമസി**, നാഗമഹാൾ, H O. ആലപ്പുഴ.

ബ്രാഞ്ചു്:—9/94 LUZ, മൈലാപ്പൂർ, മദ്രാസു്.

ടുകൾക്കുപുറമെ 160000 കിലോമീറ്റർ ദൂരം ഓടിച്ചു് അയാൾ ഒറക്കാർ സൂസ്ഥിച്ച അതൊഴിലാളി ഒരു ദേശീയ അദ്ധ്യാപനവിക്രമനായി വാഴ്ത്തപ്പെട്ടു. എഞ്ചിൻഡ്രൈവറാകും മുമ്പു് അതൊഴിലാളിയോടു് കിടനില്ക്കാനുള്ള സംരംഭങ്ങളാരംഭിച്ചു. അയിരത്തിതൊള്ളായിരത്തി അൻപതോടുകൂടി 150000 തൊഴിലാളികളും അയ്യൻബുമ്പു സ്ഥാനത്തിൽ ചേരുകയുണ്ടായി. പഴയ ഇരുമ്പുസാധനങ്ങളും കൂട്ടിയിട്ടിരിക്കുന്ന ഡിപ്പോകളിൽനിന്നും എല്ലാ അയൺബുമ്പും എഞ്ചിനുകളും തോണ്ടി എടുത്തു് റിപ്പയർ ചെയ്തു് ഓടിച്ചുനോക്കി. മാവോ-സെ-തുങ്ങ് എന്ന നാമകരണം ചെയ്യപ്പെട്ട ഒരു എഞ്ചിൻ യാതൊരു കേടുപാടുകൂടാതെ 130000 കിലോമീറ്ററിലധികം ഓടുകയുണ്ടായി. മിതവ്യത്തിനുള്ള പരിതികളിലേയ്ക്കു് ഈ പ്രസ്ഥാനത്തെ വ്യാപിപ്പിച്ചിട്ടു് ആദ്യത്തെ അഞ്ചുമാസംകൊണ്ടുതന്നെ 120000 ടൺ കല്ലരി ലാഭിക്കുവാൻ കഴിഞ്ഞു.

മുകളിൽ കൊടുത്തിരിക്കുന്ന സമിതിവിവരങ്ങളിൽനിന്നും ചൈനയിലെ റെയിൽവേകൾ ഒരു പ്രത്യേകതത്തരത്തിലുള്ളതാണെന്നു് വ്യക്തമാകും. എഞ്ചിനും കോച്ചും വാഗണും, പാളവും അതിനോടു് ബന്ധപ്പെട്ട എല്ലാ സാമഗ്രികളും ഒട്ടുമുക്കാലും പഴഞ്ചനാണു്—കാലഹരണപ്പെട്ടതാണു്. ഉപേക്ഷിക്കപ്പെട്ട യന്ത്രശകലങ്ങളും തട്ടിക്കൂട്ടി ഒപ്പിച്ചു് ചൈനയിലെ തൊഴിലാളികളുടെ ഉത്സാഹവും നിശ്ചയദാർഢ്യവും കൊണ്ടു് രൂപം വരുത്തി ഓടിക്കുന്നതാണു്. പെക്കിംഗിനു് സമീപത്തുള്ള ഒരു റെയിൽവേ വർക്ക്ഷാപ്പിൽ ഉരുമ്പു് പിടിച്ച എഞ്ചിനുകളും തട്ടിക്കൂട്ടി ശരിപ്പെടുത്തുന്നതു് ഞാൻ കാണുകയുണ്ടായി. അങ്ങനെ യന്ത്രസാമഗ്രികൾക്കു് വേണ്ടി വ്യയം ചെയ്യുന്ന ധനവും അദ്ധ്വാനവും പാഴായിപ്പോയിട്ടില്ലെന്നുള്ള പരമാർത്ഥം ജനകീയ ശവമെൻറിൻറെ അതിശക്തമായ പ്രചരണവേലയുടെ കഴിവുകൊണ്ടു് തൊഴിലാളിവർഗ്ഗത്തിൽ നിന്നും ശവമെൻറിനു് ലഭിക്കുന്ന ആത്മാർത്ഥമായ സഹകരണങ്ങൾകൊണ്ടും സാക്ഷ്യം വഹിക്കുന്നുണ്ടു്.

പക്ഷേ, അത്തരം കൂട്ടിപ്പണികൾകൊണ്ടു് ജനകീയ ചൈന തൃപ്തിപ്പെടുന്നില്ല അവർ സ്വന്തം നിർമ്മാണശാലകളും പണിയുയർത്തുന്നുണ്ടു് സാങ്കു-കു-ടങ്കു് വർക്ക്ഷാപ്പിൽനിന്നും 182 ഫ്രയിറ്റ് വാഗണുകളും (സാമാനവണ്ടികളും) പ്രതിമാസം പുറത്തിറങ്ങുന്നുണ്ടു്. മൻകാലങ്ങളിൽ വിദേശത്തുനിന്നും ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന പല അത്യാവശ്യസാധനങ്ങളും ഇന്നു് ചൈനയിൽതന്നെ നിർമ്മിച്ചുവരുന്നുണ്ടു് പെക്കിംഗിലെ ജനകീയ സർവ്വകലാശാലയിൽ പ്രദർശിപ്പിച്ചിട്ടുള്ള 1953-ലെ ബഡ്ജറ്റിൻറെ സചിത്രവിശദീകരണത്തിൽ ഇക്കൊല്ലത്തെ ഉല്പാദനത്തിൽ ഒരു മുഖ്യഇനമായി റെയിൽവേ എഞ്ചിനെ മൂന്നിക്കാണിച്ചിട്ടുണ്ടു് കൊറിയയിൽ ഐക്യരാഷ്ട്രസേനയുമായി ചൈന ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുന്നുകൊണ്ടു് ആ എഞ്ചിൻ നിർമ്മാണശാല എവിടെയാണെന്നും മറ്റുമുള്ള വിവരങ്ങൾ ഞങ്ങൾ ക്രൂതലനേപക്ഷിച്ചില്ല.

ഗതാഗതത്തിനുള്ള സാമാനങ്ങളെ ചൈനയിലെ റെയിൽവേ മിനിസ്ട്രി 30 ആയി തരംതിരിച്ചിട്ടുണ്ടു്. സുഖസാമഗ്രികൾക്കു് നിത്യോപയോഗസാധനങ്ങളെക്കാൾ 12 ഇരട്ടി ഗതാഗതച്ചിലവു് ചുമത്തിയിട്ടുണ്ടു്. വടക്കു കിഴക്കൻ വ്യാവസായിക പ്രദേശത്തു് യഥാർത്ഥത്തിലുള്ള ഗതാഗതച്ചിലവിൻറെ മൂന്നിലൊന്നു് മാത്രമേ കൽക്കരിക്കു് ചുമത്തിയിട്ടുള്ളു. സാധനങ്ങളുടെ ഗതാഗതത്തെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട വസ്തുതകൾ ചുവടേചേർക്കുന്നു.

1 സാധനം എത്തിക്കുന്നതിനുള്ള നിർദ്ദിഷ്ടസമയം റെയിൽവേ കർശനമായും പാലിക്കേണ്ടതാണു്. റെയിൽവേ അതു പാലിക്കാതെ ഇരുന്നാൽ സാധനങ്ങളുടെ ഉടമസ്ഥനു് റെയിൽവേ ഭരണാധികാരികൾക്കു പിഴകൊടുക്കേണ്ടതാണു്. മറിച്ചു് ഉടമസ്ഥന്മാർ അവരുടെ സാധനങ്ങൾ സമയത്തിനു് ഏറെറടുത്തില്ലെങ്കിൽ അവർ ഡമറേജു് കൊടുക്കേണ്ടിവരും.

2. സാധനങ്ങളുടെ സുരക്ഷിതത്വത്തിനു് റെയിൽവേ ഭരണാധികാരികളും ഉത്തരവാദിത്വം വഹിക്കേണ്ടതാണു്. നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ അവർ ഒരിക്കലും കഴപ്പു വരുത്താറില്ല.

3. റെയിൽവേയിൽ അഴിമതിയില്ല. മുമ്പിവെത്തുന്നതു് ആദ്യം പോകണമെന്നുള്ള സമ്പ്രദായം കർശനമായി പാലിക്കപ്പെടുന്നു.

4. തീവണ്ടിയാത്ര സാമാന്യം സുഖകരമുള്ളതാണു് റെയിൽവേ ജോലിക്കാർ യാത്രക്കാരോടു് സൗഹാർദ്ദത്തോടും സേവനതൽപ്പരതയോടുംതന്നെ വർത്തിക്കുന്നുണ്ടു്.

5. തൊഴിൽസമയം 12 മണിക്കൂറിൽനിന്നും 8 മണിക്കൂറായി കുറച്ച 8 മണിക്കൂർ ഷിഫ്റ്റ്സമ്പ്രദായം അനുസരിച്ചു് ഒന്നിടവിട്ടു് മൂന്നുപേർ ജോലിനോക്കണമെന്നുള്ള അടിസ്ഥാനത്തിൽ ഉദയാസ്തമയങ്ങളുള്ള തീവണ്ടികളിൽ 3 എഞ്ചിൻ ഡ്രൈവറന്മാരും ആറു് ഫയർമാനുമുണ്ടു്.

6. തീവണ്ടികളിൽ ഞെരുക്കമുണ്ടായിരിക്കുകയില്ല 3 ക്ലാസ്സുകൾക്കും പ്രത്യേകിച്ചു് ജനറലുകളുണ്ടു്. ചുവപ്പു് യൂണിഫോം ക്ലാസ്സിനും, മഞ്ഞജനറൽ സാഫ്റ്റ് ക്ലാസ്സിനും നീലജനറൽ ഹാർഡ് ക്ലാസ്സിനും. യാത്രക്കാർ ടിക്കറ്റു് വാങ്ങിക്കുന്നതിനായി നീണ്ടു നീണ്ടു കൂവായി നിൽക്കുന്നു. സീറ്റുകളുടെ എണ്ണത്തിൽ കൂടുതൽ ടിക്കറ്റു് കൊടുക്കാറില്ല നിർമ്മാണത്തിനു് വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതിയിൽ ചൈന അതികമാനം വ്യാപൃതമായിരിക്കുന്നതുകൊണ്ടു് അത്യാവശ്യമില്ലാത്തയാത്രകളും പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

യാത്രച്ചിലവു്: ക്യാൻറൺ-യൂച്ചിംഗ്, പെക്കിംഗ്, ഏകദേശം 2332 കിലോമീറ്ററാണു്. ഏതാണ്ടു് 1480 മൈൽവരും. സാഫ്റ്റ് ക്ലാസ്സിലേക്കുള്ള യാത്രച്ചിലവു് താഴെ ചേർക്കുന്നു.

ടിക്കറ്റുചിലവു് 374200 യുവാൻ

ഉറങ്ങുന്നതിനുള്ള

സൗകര്യം 105700 ,,

കിടക്ക 10000 ,,

എക്സ്പ്രസ്സു് 24000 ,,

ആകെ 5140 0 യുവാൻ

ഏതാണ്ടു് 128 രൂപയാകും.

മൈലൊന്നിനു് 17 പൈസ ചിലവുണ്ടു്. ഇൻഡ്യയിലാണെങ്കിൽ സെക്കൻഡ് ക്ലാസ്സു് യാത്രയ്ക്കു മൈലൊന്നിനു് 16 പൈസയാകും. കിടക്കയും മറ്റുമുള്ളതുകൊണ്ടു് ഈ നിരക്കു് അതിശയകരമായതല്ല സാഫ്റ്റ് ക്ലാസ്സിനുള്ള ചിലവിൻറെ പകുതിയോളംവരും ഹാർഡ് ക്ലാസ്സിൻറെ ചിലവു്. കുഞ്ഞുങ്ങളുള്ള അമ്മമാർക്കു് ഹാർഡ് ക്ലാസ്സിനുള്ള ചാർജ്ജു് കൊടുത്താൽ സാഫ്റ്റ് ക്ലാസ്സിൻറെ സൗകര്യങ്ങളും ലഭിക്കുന്നു. മറ്റൊരു ദോഷമായി പറഞ്ഞാൽ സാഫ്റ്റ് ക്ലാസ്സു് യാത്രക്കു് അവർ

വേദനകളുടെ കഥ

എം കെ ദാസി

കണ്ണുനീരിൻ നനവുപുരണ്ട നിൻ
കണ്ണു പൂനിലാവുമ്മ വച്ചീടവേ,
നീറിനീറിദഹിക്കുന്ന നിന്നിളം
കരളിലുറയുന്ന വേദനയൊപ്പുവാൻ
ദേവഭൂതനല്ലെങ്കിലും വീണതൻ
തന്ത്രിമീട്ടുമൻ കൈകളും നീളുന്നിതാ.
നീലമാമലത്താഴ്വരത്തോപ്പുകൾ
നീളെയും പൂവണിഞ്ഞൊരീ വേളയിൽ
ദുഃഖസത്യങ്ങളോർത്തുനീ പിന്നെയും
വിങ്ങിവിങ്ങിക്കരയാതിരിക്കുമോ?

ക്രൂരനാം മറുകൈയ്യാൽ ജനിച്ചു നീ
യീവിശാലമാം ലോകത്തിലെന്തിനോ
നിന്റെ കുഞ്ഞിക്കഴുത്തു ഞെരിക്കുവാ-
നന്നു നീണ്ടതാണക്കൈകളെങ്കിലും
അമ്മയല്ലേ കഴിയുമോ മാംസവും
രക്തവും തന്നോരമ്മയല്ലേ യവർ!
ലോകനീതിതൻ മുന്നിലവളൊരു
മാന്യതയുമില്ലാത്തവളെങ്കിലും
ഉണ്ടവർക്കൊരു സ്നേഹദാഹാപ്തമാം
കണ്ണുനീരിൻ കഥ പറഞ്ഞീടുവാൻ-
നീണ്ടു നീണ്ടുഗുണങ്ങൾക്ക മപ്പുറം
നീണ്ടുനിൽക്കുന്ന വേദനതൻ കഥ.

ആ വയൽ വരമ്പിലൂടങ്ങനെ
കാട്ടുപൂക്കളിറുത്തു കൈക്കുമ്പിളിൽ
അന്നൊരുജ്വല ഭാവംപോലൊരു
ഗ്രാമഭംഗിയൊഴുകിയണഞ്ഞുപോൽ.
മഞ്ഞണിഞ്ഞ മലകളും മാമര-
ത്തണലുമീക്കാട്ടു പൊയ്കയും, തിരവും,
ചിത്രരേഖനം ചെയ്യുവാനെത്തിയ
സുപ്രസിദ്ധനാമക്കലോ പാസകൻ
വീർപ്പടക്കിയന്നാവന കുഞ്ഞക-
ഭംഗിനോക്കി ഹാ! നിശ്ചലം നിന്നുപോയ്
നീല നീരം മിഴിത്തുമ്പിലൂടക്കിയാ-
നോട്ടമാഹാ! കുനിഞ്ഞുപോയോമലാൾ
എന്നുമാവഴിത്താരയിലൂടെയു
പൊൻകിനാവുപോൽ വന്നവൾപിന്നെയും.
സ്വപ്നസാമ്രാജ്യവാടിയിലുജ്വല-
കല്പനകളും വിരിയിച്ചുയവനം.
രത്നചന്ദ്രികനത്തുന്ന ലോലയാം
പിന്നെയും വന്നുപോയീ നിശീഥിനി.

കൊച്ചുകുനുനച്ചേലുകൾ മുങ്ങിയി-
ട്ടീറനായ് നിൽക്കുമീ രൂപമുരിയ
ശംഖളസുന്ദര രേഖയിലാവിരൽ-
ത്തുമ്പുമന്ദമായ് ലേഖനംചെയ്യവേ,
വിസ്മയങ്ങളാൽ സാന്ദ്രിത രങ്ങളാം പേ ൽ
മിന്നിമിന്നിത്തിളങ്ങിയക്കണ്ണുകളും.
അക്കലാസിലിരുന്നിലവളൊരു
മുഗ്ദ്ധലാവണ്യപൂർണ്ണിമതന്നിരി
ലുൾപ്രചോദനമേകിയലക്ഷിക-
സൃഷ്ടികളവനാവിഷ്കരിക്കവേ.
പാതിരാപ്പൂക്കളും പാതിവിടർന്നൊരു
രാവിലെങ്ങോ പിരിഞ്ഞവൻ പോയിപോൽ.
പൂവണിഞ്ഞു കുളിക്കുന്നിമില്ലുകൾ
പൂവിരുന്നില്ലയോമലാളെങ്കിലും.
മന്ദഹാസങ്ങളും മാധുരി ചേർത്തൊരാ
ച്ചുണ്ടിണകളനോത്തില്ലയല്പവും,
കണ്ണുനീരിനാലുപ്പുചേർന്നിടുമീ-
ജീവിതത്തിന്നഗാധഗർത്തങ്ങളെ

താരകങ്ങളുറങ്ങുന്ന മൂകമാം
രാവിലൊന്നിൽ നിന്നമ്മതൻ വേദന
രൂപമാർന്നെന്റെ കൊച്ചനുജത്തി! നീ
യാഗമിച്ചുപോയ് ലോകത്തിലെന്തിനോ
എണ്ണതീർന്ന കഴിഞ്ഞൊരു കൈവിള
ക്കെന്നപോലെയന്നമ്മതൻ ജീവിതം
മിന്നിമിന്നിപ്പൊലിയവേ കൺകളിൽ
കണ്ടുവോനീയാത്തീവ്രമാം വേദന!
പൂഴിമണ്ണിലുലഞ്ഞ തലമുടി
ക്കെട്ടുമായ് മരവിച്ചുകിടക്കവേ,
അമ്മതൻ മുലപ്പാലിനു വേണ്ടി നീ
യേങ്ങി യേങ്ങിക്കരഞ്ഞുവോ പിന്നെയും,
വേദനകളും തൻ ലോകത്തിൽ വരുന്നൊ
സ്നേഹദുഃഖിതയാണവളമ്മിണി!
നിന്നെയോർത്തോർത്തു വിങ്ങിക്കരയുമാ-
സ്വർഗ്ഗസീമയിൽനിന്നവളിന്നിയും.
കണ്ണുനീരിൻ നനവുപുരണ്ടനിൻ
പൂങ്കവിളിൽത്തലോടിയുറക്കുവാൻ
നിഷ്ഫലങ്കരേ! ശക്തമല്ലെങ്കിലും
നീളുകയാണെൻ കൈവിരൽത്തുമ്പുകൾ.

പകരിച്ചാർജ്ജ് കൊടുത്തൽ മതി. ഡീലക്സ് ക്ലാസ്സിന്റെ ചാർജ്ജ് സെക്കന്റ് ക്ലാസിന്റെ ചാർജ്ജിന്റെ ഇരട്ടിയാണ്

ആകെക്കൂടിനോക്കിയൽ രചന അത്യുത്കരമായ ഫലങ്ങളുളവാക്കിയിരിക്കുന്നു. ശൂന്യതയിൽനിന്ന് ശക്തമായ ഒരു ഗ്രന്ഥയിൽവേസ സ്വന്തമായ അവർ സൃഷ്ടിച്ചു. ജനങ്ങളുടെ ആവശ്യത്തിനാണ് അതു ഉപകരിക്കുന്നത്. ഭാവിയിലെ വികസനങ്ങൾക്കും അവർ ഭീമമായ തോതിലാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. കൊറിയയിലെ സംഘട്ടനം പെട്ടെന്ന് തീർന്നാലുമില്ലെങ്കിലും പഞ്ചവൽസരപദ്ധതിയുടെ പരിസമാപ്തിയോടുകൂടി ചൈന യിലെ റെയിൽവേ സ്വയം പര്യാപ്തമാകും. രണ്ടിനുമിടയ്ക്ക് വേറെയും ഒരു അനുകൂലസാഹചര്യം ഉണ്ട്. എല്ലാം ഏറ്റവും നൂതനമായ സങ്കേതങ്ങളുടെ അടിസ്ഥാനത്തിൽ അവർ സൃഷ്ടിക്കുകയും ചെയ്യും



കോളേജ് കുമാരി അടുക്കളയിൽ

★

രേവതികുമാരി

കോളേജ് കുമാരിയും അടുക്കളയും തമ്മിലുള്ള ബന്ധത്തിലെ അലങ്കാരം 'വിഷമം' ആണെന്നു് ഉപരിപ്ലവബുദ്ധികളും ശഠിച്ചേക്കുമെങ്കിലും വാസ്തവത്തിൽ അവ'ടെ വിരോധാഭാസം മാത്രമേയുള്ളു. ഒറ്റനോട്ടത്തിൽ വൈരൂപ്യം തോന്നുമെങ്കിലും ഒടുവിൽ അതില്ലാതായിത്തീരുമെന്നു ചുരുക്കം.

ഞാനൊരു കോളേജു കുമാരി ആയിരുന്നു; ഇന്നു തനി അടുക്കളക്കാരിയായി! രൂപാന്തരപ്പെട്ടിരിക്കുന്ന ഒരു കോളേജുകുമാരി. പരമാർത്ഥം പറഞ്ഞാൽ എനിക്കും ഭയമായിരുന്ന അടുക്കളക്കാരിപ്പാത്തിയെ അടുക്കളയിൽ കയറി സൂരിക്കാൻ തന്നെ. ഭിന്നരുചിർഹി ലോകഃ : നാലഞ്ചു പുരുഷന്മാർക്കും പുറമോലക്കാർക്കും വച്ചു വിളമ്പുക; യാതൊരു മുന്നറിയിപ്പും കൂടാതെ വന്നും പോയുമിരിക്കുന്ന വിരുന്നുകാർ; ഇതിനൊക്കെപ്പുറമെ ശനിയാഴ്ചതോറും ധർമ്മക്കഞ്ഞിക്കൊരുക്കലും പ്രായപൂർത്തിവന്ന ഒരുത്തനു് ഒരസിസ്റ്റൻറിൻറെ പിൻഗണയോടെ പിടിപ്പതു പണിയുള്ളൊരടുക്കളയാണു വീട്ടിലേതു്. ഇങ്ങനെയൊക്കെയുള്ള ചുറുപാടിൽ ഞാൻ അടുക്കളയെ ഭയപ്പെട്ടതു് അടുക്കളക്കാരെത്തരാട്ടുതങ്ങളോടെ വീക്ഷിച്ചതു് സ്വാഭാവികമല്ലേ?

എന്നിട്ടോ? എന്നിട്ടു് ഒരു ദിവസം ഞാൻ തനിയെ അയി അടുക്കളയിൽ! മുന്നറിയിപ്പു കൂടാതെ അടുക്കളക്കാർ പഠിപ്പിച്ചു കളഞ്ഞു.

ഒരു ദിവസം വൈകിട്ടാണതു സംഭവിച്ചതു്. ഓണത്തിനു വീട്ടിൽപോയ ശങ്കരൻ തിരിച്ചുവന്നില്ല. പിന്നെ ശേഷിച്ച ശേഖരൻ അയാളുടെ അമ്മയ്ക്കു സുഖമില്ലെന്നറിഞ്ഞു് ഒരു ഭയങ്കര മുഹൂർത്തത്തിൽ, ഗംഭീരവും കഴപ്പും പിടിച്ചതുമായ ഞങ്ങളുടെ ''അടുക്കള ശകട''ത്തിൻറെ സാരഥ്യം എൻറെ അശിക്ഷിതഹസ്തങ്ങളിലർപ്പിച്ചിട്ടു് കടന്നുകളഞ്ഞു! എനിക്കന്നേരം എന്തൊക്കെയാണു തോന്നിയതെന്നു് ഊഹിക്കയാണു ഭേദം. ആത്തിരമ്പിയടുക്കുന്ന അലയാഴിയുടെ നടുവിലയ്ക്കു് ഒരു കൊച്ചുവള്ളത്തിൽ കയറി തനിയെ എന്നെന്നേക്കുമായി വിട്ടുപോകലെ—

അസിസ്റ്റൻറിൻറെ അഭാവത്തിൽ കുറച്ചു തേങ്ങാ തിരുമ്മുകയോ വെള്ളം കോരുകയോ ചെയ്യുന്നതിൽ കവിഞ്ഞു് അടുക്കളയുമായി അടുത്ത ബന്ധമൊന്നുമില്ലാത്ത ഞാൻ! അന്നു ഞാനെൻറെ വിദ്യാഭ്യാസത്തെ ശപിച്ചു. വെറുതെ അതിനായി വല്ലയിടത്തുമൊക്കെ പോയി താമസിച്ചതിനു പകരം ശേഷിയുള്ളപ്പോൾ മുതൽ അടുക്കളപ്പണി അഭ്യസിച്ചിരുന്നെങ്കിൽ—എന്നു ഞാനാശിച്ചു. കിംഫലം? പറഞ്ഞിട്ടെന്തിനു്? അമ്മയ്ക്കാണെങ്കിൽ തീരെ സുഖമില്ല. വിദ്യാസമ്പന്നയല്ലേ ഞാൻ; തന്നിലും തോൽക്കാൻ പാടില്ല—ഉഡുനിശ്ചയത്തോടെയാണു് അടുക്കളയിലേയ്ക്കു് കാലുന്നിയതു്. കയറിക്കഴിഞ്ഞതോർമ്മയുണ്ടു്; പിന്നെ അതുകൊണ്ടു വെപ്രാളമായിത്തന്നു. അച്ഛനെ പൊടിയരിക്കഞ്ഞി, അണ്ണന്മാർക്കു ചോറു്; പിന്നെ പത്തുവിനെ കറന്നില്ല; അതിനിടയ്ക്കു വിളക്കുകാൻ തുടച്ചു കത്തിക്കണം, പൂജയ്ക്കു് ഒരുക്കണം - ഹോ, അതുകൊണ്ടു ഞാനെന്നു്! പത്തുവിനെ കറക്കാൻ ചെന്നിട്ടു് അതൊരു തൊഴി—. എൻറെ കൈ വേദനിച്ചതോ പോകട്ടെ, കറന്ന പാൽ മുഴുവൻ എരുത്തിലിൽ. തീയൊട്ടു് അടുക്കുമ്പോൾ കണ്ണും മൂക്കും നിറയുകയാണു്. കരയാനറിയാത്തവളെന്നു് പരിചയക്കാരെല്ലാം ബഹുമതിതന്നിട്ടുള്ള എൻറെ കണ്ണിൽനിന്നു വെള്ളംപായിക്കാൻ പുകയ്ക്കു കഴിഞ്ഞു. കൈപലയിടത്തുംപൊള്ളി. മിണ്ടാമോ? കാച്ചിലല്ലേ? നിറവലുപ്പമുള്ളതു്. ഒരുവിധം ഒരു കമൻറും—''ഇങ്ങനൊക്കെ വരും പടിഞ്ഞാറ്റക്കാരുപെണ്ണുങ്ങളു് അടുക്കളഭരിച്ചാൽ—'' ചുരുക്കത്തിൽ കിടക്കയിൽത്തന്നെ കിടന്നുകൊണ്ടു് കാപ്പികൂടി കഴിഞ്ഞിട്ടാണു് നേരത്തെ എട്ടേമുക്കാലിനു് അണ്ണന്മാർ എഴുന്നേറ്റതു്—

അങ്ങനെയിങ്ങനെ കാപ്പികൂടി കഴിഞ്ഞു ഇനി ഉച്ചയൂണിലത്തെ കാര്യമാണു വിഷമം. മുറമടിക്കാരിയുടേയും സർവ്വാണി കൃഷ്ണപിള്ളയുടേയും അഭിപ്രായമാരാഞ്ഞു് ഓരോന്നായി അടുപ്പത്താക്കി കനിയുക നിവൃത്തി, എടുക്കുക വയ്ക്കുക, എൻറെ പുറവും കാലും ഭയങ്കരമായി വേദനിച്ചു ഒരൻപതുമൈൽ നടന്ന മട്ടുണ്ടു് കാലിൻറെ കഴപ്പു് കണ്ടിട്ടു്—അതിനിടയ്ക്കു് ഒരണ്ണൻറെ ആജ്ഞ—''അടുക്കളക്കാരീ മൂന്നു കാപ്പി വേഗം—'' ഞാൻ കാപ്പിയുണ്ടാക്കുന്നതിനിടയിൽ അണ്ണൻ സുപ്രണ്ടിൻറെഡ് ചെയ്യാൻ കയറി കൈപൊള്ളിച്ചു ഹോ. കൈ സ്വല്പമൊന്നു പൊള്ളിയപ്പോഴേക്കും അണ്ണൻറെ ചാട്ടം! ഉപ്പുഴിക്കുന്നു. മണ്ണണ്ണപുരട്ടുന്നു. ഊതുന്നു, ചാട്ടം—ഈ അൻപിലേക്കുടെ സഹനശക്തി! എനിക്കു ചിരിവന്നു. ഈ അണ്ണനിയൻവയ്യേ, നീരാവിയുടെ 'ലീന

താപം (Latent heat) നമ്മുടെ ദേഹത്തിനതുപകാരിയായതല്ലെന്നോ?

അധികം താമസിയാതെ കൊച്ചണ്ണൻ പതിവില്ലാത്തതുപോലെ വാത്സല്യപൂർണമായി എന്നെ വിളിച്ചു. എന്താ കാര്യം കാണാനാണെന്നു് അപ്പോഴേ ഞാൻ ഊഹിച്ചു. ഊഹം തെറ്റിയില്ല. അണ്ണന്റെ പേക്ഷവേണ്ടി ഒരു അപേക്ഷാഫാറം ഞാൻ പൂരിപ്പിച്ചു കൊടുക്കണമത്രെ—Typ-writer കേടായിക്കിടക്കയാണെന്നു് വാസ്തവമതൊന്നുമല്ല. അണ്ണന്റെ കൈയ്പടയും ശ്രദ്ധേയ ലേശവും ഇല്ലെന്നുള്ളതാണു്.

കട്ടകവർക്കുവാൻ അടുപ്പുത്തു വച്ചപ്പോൾ അമ്മ എന്നെ വിളിച്ചു. പത്രത്തിൽ ശബരിമലക്കാര്യം "വല്ലോം ഉണ്ടോന്നു്" അമ്മയ്ക്കൊന്നറിയണം; അതുയേവേണ്ടൂ. പത്രമൊന്നു് ഓടിച്ചു നോക്കിയിട്ടു് അധികാരസ്ഥാനങ്ങളും ആ കഥയെല്ലാം മറന്നെന്നു് ഞാൻ പറഞ്ഞു. അമ്മയ്ക്കു അതു വിശ്വാസമായില്ല.

"നീയാ കണ്ണാടിയിങ്ങോട്ടെട്ത്തേ; ഞാൻ ഒന്നു നോക്കട്ടെ—"

ശ്ശോ—. എന്തു പുകഞ്ഞകാലം—. ഞാൻ അടുക്കളയിലേയ്ക്കോടി. ഞാനോത്തുപോയി, പഴയകാലത്തെ അടുക്കളക്കാരിക്കു് ഈ ശില്പവൈദഗ്ധ്യമുണ്ടോ? അപേക്ഷയെഴുതാനും പോകേണ്ടതു; പത്രം വായിച്ചുകൊടുക്കുകയും വേണ്ട—

എല്ലാം കാലമാക്കിയശേഷം ഞാൻ സ്വയം നോക്കി. ഒരു മണിയാകാൻ പോകുന്നു—എനിക്കു വെപ്രാളം കയറി. വിളമ്പാൻ സഹായിക്കാൻ അമ്മ ക്ഷണിച്ചതും. അമ്മ ഓരോന്നെടുക്കുമ്പോഴും ഭീതി പൂണ്ട എന്റെ കണ്ണുകൾ ആ ബലഹീനമായ ഹസ്തങ്ങളെ പിൻതുടർന്നു. ആ വെള്ളമെങ്ങാൻ അവിടെ വീണെങ്കിലോ? ആ കറിയെങ്ങാൻ അവിടെ തുവിയാൽ? അങ്ങനെ പേടിച്ചു പേടിച്ചിരുന്നപ്പോൾ അമ്മ ഒരു പാത്രം അവിയൽ നിലത്തു തുവി. ഞാൻ തേച്ചു മിനുക്കിയിട്ടിരുന്ന അടുക്കള—!

അന്നു് എന്റെ പാചകം മൂന്നാന്തരമായിരുന്നില്ല. എന്നാലും ഇളയസഹോദരൻ എനിക്കതിനു "കാപ്പിമെൻറ്—" "പർപ്പടകം അസ്സലായിട്ടുണ്ടു്" എന്നായിരുന്നു.

എല്ലാവർക്കും പോരംകൊടുത്തു് ഞാനും ഉണ്ടുകഴിഞ്ഞപ്പോഴേയ്ക്കും മണി രണ്ടരയായി. ഓ, ഇനി കാപ്പിയിടണം, കപ്പ പുഴുങ്ങണം—മൂന്നരയ്ക്കുമുമ്പു പണിക്കാർക്കു് കാപ്പികൊടുക്കണം.... ....നിശ്ചയിച്ചതുപോലെ നാലുമണിക്കകം എല്ലാവർക്കും കാപ്പികൊടുത്തു കഴിഞ്ഞപ്പോൾ ഞാനൊരു ദീർഘശ്വാസം വിട്ടു. ഹാവു! അമ്മ പറയുന്നതുപോലെ ഞാൻ അതു "വകയ്ക്കു കൊള്ളാത്തവളും" മറ്റുമല്ല. ഇനി എനിക്കിത്തിരി വിശ്രമിക്കാം.

രണ്ടുദിവസമായി കാണാതിരുന്ന സായാഹ്നരവിയോടു് അല്പം സല്ലപിക്കാമെന്നുവച്ചു് തൊപ്പിലേക്കിറങ്ങി. പ്രകൃതിക്കൊരു മാറ്റവുമില്ല. തെങ്ങും കവുങ്ങും, മാവും പ്ലാവും, ആഞ്ഞിലിയും ഇവഞ്ഞിയും, ഇടകലർന്നു നിൽക്കുന്ന ഞങ്ങളുടെ ഗൃഹപരിസരം അന്നും പതിവുപോലെ സുന്ദരമായിരുന്നു. ചുറ്റുപ്പുനിന്നും പകൻ മാസ്ക്കരൻ വൃക്ഷശിഖരങ്ങൾക്കിടക്കൂടെ എത്തിനോക്കുന്നു—

"ഓ; ഒരടുക്കളക്കാരി! ഒരു വേഷം കണ്ടില്ലേ?" മൂന്നാമ്പ്രൈസ്സുകാരൻ കളിയാക്കി. അപ്പോഴാണു് ഞാൻ എന്നെത്തന്നെ നോക്കിയതു്. സാരിയിൽ കരിപുരണ്ടിരിക്കുന്നു. ദേഹത്തും അവിടവിടെ കൃഷ്ണവർണ്ണം. പൊള്ളിവീങ്ങിയ കൈപ്പത്തി ഞാൻ ഒളിച്ചുവച്ചു അണ്ണൻ കണ്ടാൽ കളിയാക്കുമെന്നു തീർച്ചയാണു്.

"അങ്ങനാ അടുക്കളയിൽ കയറിയാല്. അല്ലാതെ അണ്ണനപ്പോലെ റ്റൈലുകളിച്ചു് ഈസി ച്ചെയറിലിരുന്നാലോയ്—; വയറച്ചിണിയാകും—"

"വിശേഷംപറയാതെ പോയൊന്നു കളിക്കു്" അമ്മ വാത്സല്യപൂർവ്വം ആജ്ഞാപിച്ചു.

മുറിക്കിച്ചുവപ്പിച്ച മോണകാട്ടി വയസ്സൻസൂര്യൻ എന്നെ കളിയാക്കി ചിരിക്കയാണോ?



നമ്മുടെ പതിനൊന്നു ടെൻസിംഗുകൾ

★

[ശ്യാമകൃഷ്ണൻ]

ഒരു ശുഭദിനമായി നമ്മുടെ സ്പോർട്ട്സുപ്രേമികളും മാറ്റിക്കുത്തി തുലോലിക്കുമെന്നു നമുക്കു വിശ്വസിക്കാവുന്ന ഇക്കഴിഞ്ഞ നവംബർ 28-ാംതീയതി ഹൈദ്രാബാദ്-തിരുവിതാംകൂർ കൊച്ചി രഞ്ജിട്രോഫി ക്രിക്കറ്റു മത്സരം ഈ പക്ഷിയിൽ റിപ്പോർട്ടു ചെയ്യാൻ വലിയൊരു കൈലേസുസഹിതം (ധാരമുറിയാത്ത കണ്ണുനീർ തുടക്കുവാൻ) സന്നിഹിതനായിരുന്ന ഏന്റെ മൻപിൽ ഏവിടെനിന്നോ ജീർണ്ണിച്ചു തുടങ്ങിയ ഒരു 'സ്കോർകാർഡു്' വന്നു വീഴുകയുണ്ടായി. പൂരിപ്പിക്കപ്പെട്ടിരുന്ന കാളങ്ങൾ കണ്ടപ്പോളാണു് കഴിഞ്ഞവർഷത്തെ സ്കോർകാർഡാണതെന്നു എനിക്കു ബോധ്യപ്പെട്ടതു്. മൈസൂരും തിരുവിതാംകൂർ കൊച്ചിയുംതമ്മിൽ 1952 ൽ നടന്ന ആ മൽസരത്തിന്റെ പ്രസക്തഭാഗങ്ങളും ഞാൻ വേഗം വായിച്ചു തീർത്തു ഒന്നാം ഇന്നിങ്ങ്സ്സിൽ മൈസൂർ 220 റൺസ് പ്രയാസരഹിതമായി കരസ്ഥമാക്കിയിട്ടു കളമൊഴിഞ്ഞു കൊടുത്തു. 86 റൺസായിരുന്ന തിരുവിതാംകൂർ കൊച്ചി ടീമിന്റെ ഒന്നാം ഇന്നിങ്ങ്സ്സിലെ സന്ധ്യാദൃശ്യം തുടർന്നു വണ്ടും, ബാറ്റു ചെയ്ത നമ്മുടെ ടീമിന്റെ രണ്ടാം ഇന്നിംഗ്സ്സ് ക്രിക്കൽക്രടി 86 റൺസിനു പര്യവസാനിച്ചെന്നു വായിച്ചതോടെ വിറപൂണ്ടു കഴിഞ്ഞിരുന്ന എന്റെകൈകളിൽ നിന്നു ഭൂതകാല പരാജയത്തിന്റെ ആ ഓർമ്മക്കുറിപ്പു് നിലംപതിച്ചു കളമൊഴിക്കപ്പെട്ടിരുന്ന ഹൈദ്രാബാദ് തിരു-കൊച്ചി മത്സരത്തെപ്പറ്റിയായി എന്റെ ചിന്തകൾ. ക്യാപ്റ്റൻ ഗുലാം അഹമ്മദിന്റെ കോമളവിഗ്രഹം പന്തലിൽ ദൃശ്യമായതോടെ 1952 ലെ അദ്ദേഹത്തിന്റെ ഇംഗ്ലണ്ടു പര്യടനത്തെപ്പറ്റിയും ഡൽഹിടെസ്റ്റിലെ ചരിത്രസൃഷ്ടിയുടെ അദ്ദേഹത്തിന്റെ ബോളിംഗ് ഇന്ദ്രജാലത്തെപ്പറ്റിയും സ്വാഭാവികമായി ഞാൻ ചിന്തിച്ചു രംഗ്രാവു, പട്ടേൽ, മുരളീധർ, നവനീതം എന്നിവരെക്കൂടി പന്തലിൽക്കണ്ടതോടെ തിരു-കൊച്ചി ക്രിക്കറ്റിനുവേണ്ടിയുള്ള ഒരു വിലാപകാവ്യത്തിന്റെ ഈരടികൾ നിശ്ശബ്ദമായി ഞാൻ മൂളിപ്പോയി

പക്ഷേ അധികനേരം കഴിയുന്നതിനുമുൻപു് എന്റെ വിലാപകാവ്യം അപ്രതിരോധ്യമായ ഒരു ജൈത്രയാത്രയുടെ മാർച്ചിങ്ഗാനമായി രൂപാന്തരപ്പെട്ടു വിജയലഹരിയുടെ ശൈലിയുമായി വിടപറഞ്ഞിട്ടു കാര്യമാത്രപ്രസക്തമായി ഞാനാക്രിക്കറ്റുമൽസരം സംഗ്രഹിക്കാം.

നവംബർ 18

'ട്ടാസ്സ്' ജയിച്ച ക്യാപ്റ്റൻ രാമ്പവൻ നമ്മുടെ ക്രിക്കറ്റിന്റെ അഭിമാനഭാജനങ്ങളായ കെ. എൻ എൻ. മേനോൻ, കെ. ടി. ജോർ. വർമ്മ എന്നിവരെ കരഘോഷങ്ങൾക്കിടയ്ക്കു ബാറ്റിംഗ് ഉൽഘാടനം ചെയ്യാൻ നിയോഗിച്ചു ഒരു പ്രദർശനവസ്തുവിനെപ്പോലെ പ്രേക്ഷകരുടെ കണ്ണുകൾ കേന്ദ്രീകരിച്ചിരുന്ന ക്യാപ്റ്റൻ ഗുലാം അഹമ്മദ് ബാറ്റും രാമകൃഷ്ണനെ ഏല്പിച്ചു. ദേവദാസ്

കഴമദി അഴ് ചപ്പതിപ്പ്

രണ്ടാം ദിവസം

മഴയുടെ ഇടപെടലായിരുന്നു രണ്ടാം ദിവസത്തെ ഏറ്റവും വലിയ സംഭവവികാസം. കളിസ്ഥലമല്ലെന്ന വിധിക്കപ്പെട്ടതോടെ മൂന്നാംദിവസം പൂർണ്ണമായോ പ്രാധാന്യവും തുപമില്ലാത്ത മത്സരങ്ങളായോ ആഞ്ഞിച്ചു.

മൂന്നാംദിവസം

ഇബ്രാമിന്റെ നേതൃത്വത്തിലുള്ള സുശക്തമായ ഒരു ഠീമിനെ ദേശീയ ക്രിക്കറ്റ് മത്സരത്തിൽ വിനീതമായ തിരു-കൊച്ചി നിശ്ശേഷം പരാജയപ്പെടുത്തി നമ്മുടെ ക്രിക്കറ്റ് ഉജ്ജ്വലമായ ഒരു നൂതനാദ്ധ്യായം രചിച്ചു മഹത്തായ ദിവസമാണത്. എങ്ങിനെ ആ സപ്തംബർ പൂവിട്ടുവെന്നോ?

മഹാരഥനായ ഐബ്രാഹിമും ചാന്ദ്രിയും ബാറ്റിങ്ങു പുനരാരംഭിച്ചതോടെ മൂന്നാംദിവസത്തെ കളി ആരംഭിച്ചു. ഹൈദ്രബാദിന്റെ ചാർമിനാറിനെപ്പോലെ ഉറച്ചുനിന്ന ഐബ്രാഹിമിനെ സംഹരിച്ചൊഴിക്കാൻ തിരു-കൊച്ചി ബൗളർമാർ കുന്നിനു പുറകെയായി അണഞ്ഞു. പട്ടേൽ, നവനീതം, ഡിറോയ, ക്യാപ്റ്റൻ ഇലാം തുടങ്ങിയവരുടെ നഷ്ടത്തെ നിശ്ശേഷം വിശ്വസിച്ചു ബൗളർമാരെ നിഷ്ക്കരുണം ശിക്ഷിച്ച് പ്രേക്ഷകരുടെ സ്നേഹാദരങ്ങൾ സമാർജ്ജിച്ചു കഴിഞ്ഞിരുന്ന ഐബ്രാഹിമിനെ അനന്യസാധാരണമായ പാടവത്തോടെ പാളയം പള്ളി, തോപ്പുരത്താളം ഉയർന്ന പന്തു പിടിച്ചെടുത്തു യു. പി. കമ്മത്തു് തേജോവധം ചെയ്തിരുന്നു. പരാജയത്തിന്റെ വഴിത്തിരിവായിരുന്ന ആ 'ക്യാച്ചു്' 12-25 ആയതോടെ ഐബ്രാഹിമിന്റെ 59 റൺസുമുൾപ്പെടെ 125 റൺസിനു് ആ ഇന്നിങ്സ്സ് സമാപിച്ചു.

പ്രസാദാത്മകമായ അന്തരീക്ഷത്തിൽ ബാറ്റിങ്ങു ആരംഭിച്ച തിരു-കൊച്ചി ഠീം 4 വിക്കറ്റിന് 171 റൺസു് ആയപ്പോൾ ബാറ്റിങ്ങു അവസാനിപ്പിച്ചുകൊണ്ടു് ക്യാപ്റ്റൻ രാഘവൻ ഇന്നിങ്സ് പ്രഖ്യാപിച്ചു 147 റൺസ് ലഭ്യമായ ഏബ്രഹാം കെ. എൻ എൻ. മേനോൻ സഖ്യം ഔയിരുന്നു പ്രസ്തുത ഇന്നിങ്സ്സിലെ ഏറ്റവും വിലപ്പെട്ട നേട്ടവും നിവ്രഹണവും പ്രഖ്യാപനത്തോടെ ഹൈദ്രബാദ് പ്രതികുലമായി ഭാഗധേയം നിർണ്ണയിക്കപ്പെട്ട ഒരു മൽസരത്തിലെ രണ്ടാം ഇന്നിങ്സ്സ്. ആരംഭിച്ചു. 4 വിക്കറ്റിനു 104 റൺസു സ്കോർബോർഡിൽ പ്രത്യക്ഷപ്പെട്ടതോടെ ഇരംപ്പാദമായി തിരു-കൊച്ചിയെ ദേശീയ ക്രിക്കറ്റ് മത്സരത്തിലെ പ്രാരംഭഘട്ടങ്ങളിൽ വിജയശ്രീലാളിതമാക്കിക്കൊണ്ടു മത്സരം സമാപിച്ചു.

ക്രിക്കറ്റുമുതൽ അജന്താഗുഹകൾവരെയുള്ള വിവിധവിഷയങ്ങളെപ്പറ്റി ഞാൻ ദീർഘനേരം ഇബ്രാഹിമുമായി സംസാരിക്കുകയുണ്ടായി. നമ്മുടെ ക്രിക്കറ്റിനെപ്പറ്റി അദ്ദേഹത്തിൻ പ്രശംസമാത്രമേയുള്ളു. എല്ലാ കുറവുകളും നമുക്കുണ്ടു്. 'ഏകാഗ്രതയോടെ സമചിത്തതയോടെ കളിക്കുക, ഭാവിശോഭനമാണു്." എന്നായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം, വിജയഹരിയിൽ മതിമയങ്ങാതെ ഇബ്രാഹിം കാണിച്ച വഴിത്താരയിലൂടെ അദ്ദേഹം ആശംസിച്ച ലക്ഷ്യത്തിൽ നമ്മുടെ ക്രിക്കറ്റിന്റെ കാവൽഭടന്മാർ എത്തിച്ചേരുമെന്നതന്നെ നമുക്കുപ്രത്യാശിക്കാം.

ക്യാപ്റ്റൻ രാഘവൻ, ബാലൻപണ്ഡിറ്റ്, അനന്തൻ, രണ്ടു മേനോന്മാർ, കമ്മത്തു്, ഏബ്രഹാം, വമ്പൻ വന്നിവർക്കു കുമുദിയുടെ ഹാർദ്ദമായ അഭിനന്ദനങ്ങൾ. പക്ഷേ തിരു-കൊച്ചിയിലെ ഇന്നത്തെ ഏറ്റവും സന്തുഷ്ടനായ വ്യക്തി ക്രിക്കറ്റ് സമിതി സെക്രട്ടറി ശ്രീ. എൻ. കൃഷ്ണൻനായരാണ് കാരക്കാവം അദ്ദേഹം ചാരിതാർത്ഥ്യത്തിൽ മുങ്ങിത്തന്നെകിടക്കട്ടെ.

* * * *

ഇപ്പോൾ തുപീകൃതമായ നമ്മുടെ അകാഡമിക്കസമിതിയുടെ അഭിമുഖ്യത്തിൽ നടത്തപ്പെട്ട ജലവ്യായാമമത്സരത്തിലെ 200, 400, 800, 1500 മീറ്റർ നീന്തൽമത്സരങ്ങളിൽ ഗോൾഡൻ ഇൻസിഗ്നിസ് ക്ലബ്ബിലെ അംഗങ്ങളും സഹോദരന്മാരുമായ എൻ. പി. നടയർ, എൻ. രാമകൃഷ്ണൻനായർ, എൻ കേശവൻനായർ, എൻ. രാജൻ എന്നിവർ പ്രഥമസ്ഥാനങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു. മത്സ്യത്തിന്റെ പാടവം ഇപ്പോൾ തന്നെ ജലവ്യായാമങ്ങളിൽ അർജ്ജിച്ചിട്ടുള്ള എൻ. പി. സഹോദരന്മാർക്കു സ്പോർട്ട്സ് പ്രേമികളുടെ സഹായസഹകരണങ്ങൾ ലഭിക്കാനിടവരട്ടെ

ആയതോടെ ബോധപൂർവ്വം മേനോനും വമ്പയും പ്രതിരോധത്തിൽ നിന്നും "സ്മാഷ് സേവിങ്ങു്സ് പരീതി" യിലേക്കു കാൽവച്ചുതുടങ്ങി. ഇബ്രാമിനുവേണ്ടി ഇതിനിടക്കു പ്രേക്ഷകർ ആർത്തുവിളി ആരംഭിച്ചുകഴിഞ്ഞിരുന്നു. ആരാധകരെ നിരാശപ്പെടുത്തുക തന്റെ പാരമ്പര്യമല്ലെന്ന മട്ടിൽ ലോകപ്രസിദ്ധനായ ഇബ്രാം ബാറ്റു കയ്യിലെടുത്തു. കവിത തുളുമ്പുന്ന ചലനങ്ങളിലൂടെ ഇബ്രാം നൊടിയിടയിൽ പ്രേക്ഷകരുടെ ഹൃദയത്തെപ്പുൽകി. ദീർഘമായ ഹസ്തതാഡനങ്ങൾക്കിടക്കു കെ. റാ. ആർ വർമ്മ പ്രഥമ ബൗണ്ടറി സചായത്തമാക്കി. നൂതനമായ ഒരാത്മവിശ്വാസത്തിന്റെ തുടക്കമായിരുന്ന ആ ബൗണ്ടറി, അവർക്കു വഴിയൊരുത്തേജനം പ്രദാനംചെയ്തു. വിക്കറ്റു നിലപതിക്കുന്നതു കാണാൻ സന്നദ്ധരായിരുന്നവർ നിരുത്സാഹരായി ബാറ്റു ബൗണ്ടറിയിലേയ്ക്കു ഇരമ്പിപ്പായുന്നതും ഇബ്രാം പുതിയ അടവുകൾ വിഫലമായി സ്വീകരിക്കുന്നതും കണ്ടു സശ്രദ്ധം പരസ്പരം നോക്കി 58 റൺസ് സ്കോർ ബോർഡിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അമൂല്യമായ കൈമിട്ടുക്കോടെ സ്വന്തം കൈകളിൽനിന്നു യാത്ര ആരംഭിച്ച ബാറ്റു പിടിച്ചെടുത്തു ഇബ്രാം വമ്പയെ കളത്തിലെ കത്തുന്ന വെയിലിൽനിന്നു് സുശീതളമായ പന്തലിലേയ്ക്കു തിരിച്ചയച്ചു. മാക്കോസ്സു രംഗപ്രവേശം ചെയ്തു. അധികനേരം അരങ്ങു കൊഴിപ്പിക്കാൻ അനുവദിക്കാതെ ഐബ്രാഹിം പന്തുപിടിച്ചു വലിയ കഴിവുകളുള്ള അദ്ദേഹത്തെ നിഷ്ക്കാസനം ചെയ്തു. കാഴ്ചബംഗ്ലാവിലെ സിംഹങ്ങൾപോലും ഭയവിഹ്വലരായിരിക്കാനിടയുള്ള വിജയാരവങ്ങൾക്കിടക്കു ഇഴയുടെ നടന്ന ഇന്റർ സോണൽ മൽസരത്തിന്റെ വിക്കറ്റു നഷ്ടപ്പെടാതെ രണ്ടു സെഞ്ചുറികളും കരസ്ഥമാക്കി സംസ്ഥാനക്രിക്കറ്റിന്റെ ശക്തി കേന്ദ്രമെന്ന ബഹുമതി ആഞ്ജിച്ചിട്ടുള്ള ബാലൻപണ്ഡിറ്റു കളത്തിൽ പ്രവേശിച്ചു. വിവിധരീതിയിലും സങ്കേതത്തിലുമുള്ള ബൗളിങ്ങിലേക്കു ഉൾക്കാഴ്ച ലഭിച്ചുതോടെ ക്രിക്കറ്റുമണ്ഡപത്തിലെ ബാലൻ പ്രസംഗമണ്ഡപത്തിലെ ബാലകൃഷ്ണൻ വാക്കുകൾ കണ്ടെത്തുന്ന ലാഘവത്തോടെ റൺസു കരസ്ഥമാക്കിത്തുടങ്ങി. മാക്കോസ്സിന്റെ നിഷ്ക്കാസനത്തെത്തുടർന്നു ബാറ്റു ചെയ്ത ജർജ്ജു് ഏബ്രഹാം 3 റൺസിനും രവിങ്ങ്സ്റ്റൺ 14 റൺസിനും ക്യാപ്റ്റൻ രാഘവൻ 16 റൺസിനും ജി എം മേനോൻ 9 റൺസിനും യു പി. കമ്മത്തു് 2 റൺസിനും ബഹിഷ്ക്കരിക്കപ്പെട്ടതോടെ പ്രേക്ഷകരുടെ ശ്രദ്ധയും പ്രാർത്ഥനാനിർഭരമായ ആശംസകളും ബാലൻ-അനന്തൻ സഖ്യത്തിലും ബാലന്റെ സെഞ്ചുറിയിലും കേന്ദ്രീകൃതമായി 74 റൺസ് കുശതമായ പ്രസ്തുത സഖ്യം മൽസരത്തിന്റെ വിവിധ ശങ്ങളെ ഒന്നാംതരം ക്രിക്കറ്റായി ഉയർത്തി, ബാറ്റിങ്ങു ആരംഭിച്ച 3 മണിക്കൂറും 55 മിനിട്ടും ആയതോടെ സെഞ്ചുറി ആഘോഷിച്ച കളത്തിൽ വിരാജിച്ചിരുന്ന ബാലൻ 106 വിലപിടിച്ച റൺസിനു് പന്തലിലേക്കു തിരിച്ചയക്കപ്പെട്ട താല്പര്യം ഒടുങ്ങിക്കഴിഞ്ഞിരുന്ന തിരു-കൊച്ചിറ്റീമിന്റെ പ്രഥമ ഇന്നിങ്സ്സ് വെകുന്നേരം 3-36-നു് 241 റൺസ് സ്കോർ ബോർഡിൽ പ്രത്യക്ഷപ്പെട്ടതോടെ പര്യവസാനിച്ചു

പ്രസ്തുത ഇന്നിങ്സ്സിൽ 3 വിക്കറ്റുകളും വീതം കരസ്ഥമാക്കി ബൗളിങ്പ്രശസ്തി തുല്യമായി പങ്കിട്ട മുരളീധർ, നവനീതം, പട്ടേൽ എന്നിവരെ നാമിനി സ്മരിക്കുക. സമചിത്തതയോടും വിജയദാർഢ്യത്തോടും പ്രഥമ ഇന്നിങ്സ്സു സമാരംഭിച്ചഹൈദ്രബാദിനു ആരംഭശൂരതയിൽത്തന്നെ ദുരിതാനുഭവങ്ങളുടെ ഒരു വേലിയേറ്റം അഭിമുഖീകരിക്കേണ്ടിവന്നു. ബാറ്റിങ്ങു ഉൽഘാടനം ചെയ്ത ഖുറേഷി 5 റൺസ്നും നാസിറുദ്ദിൻ 3 റൺസിനും ആലീഹുസൈൻ 18 റൺസിനും ബൗളിങ്ങു രംഗത്തെ പ്രഗൽഭമതിയായ പട്ടേൽ റൺസു രഹിതനായും തേജോവധം ചെയ്യപ്പെട്ടതോടെ അനുകമ്പാസുന്ദരമായ ശ്രുന്യത ഹൈദ്രബാദ് ടീമിനെ ഗ്രസിച്ചു ഏറ്റവും പ്രബുദ്ധനായ ഹൈബാറ തിരു-കൊച്ചി ബൗളർമാരുടെ ശരവ്യമായപ്പോൾ 35 റൺസിനു് ഒന്നാംദിവസത്തെ കളിയുടെ മുൻപിൽ യവനിക നിലംപതിച്ചു,

കഴിഞ്ഞലക്കം

ണങ്ങിച്ചേരാൻവേണ്ടി

കഴിഞ്ഞലക്കത്തിലെ കുറിപ്പുകൾ വായിച്ചു. നാടിന്റെ നന്മക്കുതകുന്നവിധം പ്രവർത്തിക്കുവാൻ ശക്തിയും സന്മനസ്സുമുള്ള ഒരൈക്യമുന്നണിയാണു പത്രാധിപർ വിഭാവനചെയ്യുന്നതെന്നു വ്യക്തമാണ്. എന്നാൽ ഈ തൊഴുത്തിൽകുത്തു് ഐക്യാന്യം പഴിപറച്ചിൽ—അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനിയും തുടരുന്നതു് അത്ര പന്തിയല്ല. നമ്മുടെ കഴിഞ്ഞ അനുഭവങ്ങളെ പാഠമാക്കി കൂട്ടുതൽ സുശക്തമായ ഒരു വാദപക്ഷത്തിനുവേണ്ടി, അവിശ്വാസം രേഖപ്പെടുത്തിയിട്ടും അധികാരത്തിൽ ചടഞ്ഞുകൂടിയിരിക്കുന്നവരെ നാട്ടിൽനിന്നു തുരത്തുവാൻ, നാടിന്റെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിവില്ലാതെ സ്വാർത്ഥപ്രിയരായി വർത്തിക്കുന്ന രാഷ്ട്രീയപ്രതികളെ തുരത്തിയോടിക്കാൻവേണ്ടി, അഭിപ്രായഭിന്നതകളും അവസാനിപ്പിച്ചുകൊണ്ടു് അതെത്രയും വേഗത്തിൽ ശ്രമിക്കേണ്ടതിയിരിക്കുന്നു. പിണങ്ങിനിൽക്കാൻ വേണ്ടിയല്ല. ഇണങ്ങിച്ചേരാൻ പ്രവർത്തിക്കാൻ മാത്രമായി.

ജോൺ വർഗ്ഗീസ്
തൃശ്ശൂർ.

ഐക്യമുന്നണി

ഈ അടുത്തകാലത്തു വന്നിട്ടുള്ള മുഖക്കുറിപ്പുകളിൽ വച്ചു ഏറ്റവും ശ്രദ്ധേയവും ഗഹനവുമായിട്ടുള്ളതു "ഐക്യമുന്നണി". "ബഹിയാ സംഭവം" എഴുതിയ ആ തൂലിക അതിനു് ശേഷം എഴുതിയ ഏറ്റവും പക്വമായ ലേഖനമായി ഞാനിതിനെ കാണുന്നു. ഇതു നിഷ്പക്ഷമതിയായി യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടയ്ക്കാതെ ഇന്നത്തെ രാഷ്ട്രീയ നിലപാടു് യുക്തമായി വിശകലനം ചെയ്ത ശ്രീ. ബാലകൃഷ്ണൻ അഭിനന്ദനാർഹനാണു്. പാർട്ടിനേതാവിന്റെ അഭിപ്രായങ്ങൾ അബദ്ധമായാലും സുബദ്ധമായാലും അതേപടി ശരിവയ്ക്കുന്ന ചില കമ്മ്യൂണിസ്റ്റുകാരുടെ കണ്ണാടിക്കുമുന്നിൽ ഈ ലേഖനം വയറിളക്കമുണ്ടാക്കിയേക്കാം.

കെ. വിശ്വനാഥൻ
നാഗർകോവിൽ.

യോഗക്ഷേമരാഷ്ട്രം

കഴിഞ്ഞ ലക്കത്തിൽ എന്നെ ഏറ്റവും ആകർഷിച്ചതു ശ്രീ. ശശാങ്കന്റെ 'യോഗക്ഷേമരാഷ്ട്രം' എന്ന ലേഖനമാണു്. കോൺഗ്രസ്സുകാരും ചില ലണ്ടൻ സ്റ്റൂഡന്റുകാരും നടത്തുന്ന പ്രചരണത്തിനു നല്ല മറുപടിയാണു് ശ്രീ. ശശാങ്കന്റെ ലേഖനം. ചിന്തോദ്ദീപകവും അപഗ്രഥനാത്മകവുമായ ഇത്തരം ലേഖനങ്ങളും ഒന്നുകിൽ ഉണ്ടെങ്കിൽ കൂടുതലിക്കു് 6 ണ തരാനും ഞാൻ ഒരുക്കമാണു്.

കെ. ശ്രീദേവി, ബി. ഏ.
തിരുവനന്തപുരം.

തിരുനല്ലൂരിന്റെ കവിത

ചില തല്പരകക്ഷികളും തങ്ങളുടെ ചീഞ്ഞളിഞ്ഞ മഞ്ഞക്കണ്ണാടിയിൽക്കൂടി കൈരളിയെ എങ്ങിനെയെല്ലാം വീക്ഷിച്ചാലും, പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി നമുക്കു ചില അനർഘങ്ങളായ രത്നങ്ങൾ ലഭിച്ചിട്ടുണ്ടു്. മസ്തിഷ്കത്തിലുടലെടുക്കുന്ന വികാരങ്ങളെ സുന്ദരമായ ശൈലിയിൽ ആവിഷ്കരിച്ചു കണ്ടതു് പു. സ. പ്രസ്ഥാനത്തിനുശേഷമാണു്.

സുചരിതമായ മലയാളവൃത്തങ്ങളിൽ കലാഭംഗിയോടുകൂടി വികാരോദ്ദീപകങ്ങളായ വിഷയങ്ങളും കൈകാര്യം ചെയ്തു് സഹൃദയാഹ്ലാദകമാക്കിയ ഒരു യുവകവിയാണു തിരുനല്ലൂർ കരുണാകരൻ. അദ്ദേഹത്തെ പുണർന്നിൽക്കുന്ന ഭാവനാസമ്പന്നയായ കവിതാദേവി കൈരളിയെ ഇനിയും കടാക്ഷിക്കുമെന്നു നമുക്കു് ആശിക്കാം.

ബാബു, കെ. രാജു,
നെട്ടുങ്കണ്ടം.

താരാപഥം

പ്രസിദ്ധീകരണത്തീയതി
ഡിസംബർ
10

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിൽ സെക്യൂറിറ്റി വയ്ക്കുവാൻ തയ്യാറുള്ള വർക്കു് ഏജൻസി നൽകുന്നതാണു്.

മലബാറിൽ

മലബാർ പ്രദേശങ്ങളിൽ താരാപഥം വിതരണം നടത്തുന്നതിനു് സോൾ ഏജൻസി എടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക:



മാനേജർ,
താരാപഥം,
(സിനിമാ മാസിക)
പേട്ട—തിരുവനന്തപുരം.

Printed and Published by K. Balakrishnan at the indira Printing Works, Pettah, Trivandrum.

Phone No. 2128

PRICE As. 3

REG. M. 5661


THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL: IV
7th MONDAY
DECEMBER 1953
No. 37

FOR
ANYTHING AUTOMOTIVE

SUCH US

SERVICING, RUNNING REPAIRS, OVER HAULS,
PAINTINGS, BODY BUILDINGS ETC. ETC.



Contact PHONE: 2834.

THE CITY MOTORS

DEALERS OF PONTIAC CARS, G. M. C. & BEDFORD TRUCKS
TRIVANDRUM

Prop: S. V. & Dharan.
KOTTAKKAKAM.